281

# ആധുനികരചന

10603
H678

എം. സാമുവൽ

PRESENTED BY:
SRI M. K. VASUDEVAN NAIR
MANJYARA VEEDU
MALAYINKIL

വില ക. 1¾

For kind consideration by the Board of Studies at its forthcoming meeting.

# ആധുനികചൈന

10603
H698

PRESENTED BY:
SRI M. K. VASUDEVAN NAIR
MA... KA VEEDU
MALAYINKIL

SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL

എം. സാമുവൽ

First Edition—1121.
Second Edition—1123.

Copy right Reserved

Price Re. 1—As. 12.

PRESENTED BY:
SRI M. K. V... DEVAN NAIR
10/663
... VEEDU

## അവതാരിക

മി. എം. സാമുവലിന്റെ 'ആധുനികചൈന' എന്ന ചെറിയ പുസ്തകം സഹൃദയസമക്ഷം അവതരിപ്പിക്കുന്നതിൽ എനിക്കു പ്രത്യേകിച്ചും സന്തോഷമുണ്ടു്. സംസ്കാരസമ്പന്നനും സാഹിതീഭക്തനും ആയ ഈ യുവാവിന്റെ വിനയവും വിജ്ഞാനസമ്പത്തും അടുത്തു പരിചയിക്കുന്ന ആരെയും ആകർഷിക്കാതിരിക്കുന്നതല്ല. ഇതിൽ ആദ്യത്തേതു് പിതൃസ്വമാണെങ്കിൽ മറ്റേതു് സ്വന്തവുമാണു്. 'ആശാനികേതനം' 'കഥാചന്ദ്രിക' എന്നീ ഗ്രന്ഥങ്ങൾ കൊണ്ടു് സാഹിത്യലോകത്തിന്റെ ശ്രദ്ധയെ ഇതിനുമുമ്പു തന്നെ മി. സാമുവൽ സ്വായത്തമാക്കിയിരിക്കുന്നു. അവയിലെ ലളിതവും ശക്തിയുള്ളതുമായ ഭാഷയും വായനക്കാരെ ആഹ്ളാദിപ്പിക്കയും ചെയ്തിട്ടുണ്ടു്—ഭാഷാസാഹിത്യലോകത്തിൽ ഇപ്പോൾ പല രീതികളും പ്രചരിക്കുന്നുണ്ടു്. നവീനത്വത്തിന്നു വേണ്ടി എന്തു ഗോഷ്ടിയും കാണിക്കാമെന്ന നിലയെത്തിയിരിക്കുന്നു. അതുകൊണ്ടു് ഒരു പ്രസ്ഥാനക്കാരെഴുതുന്ന ഭാഷയും ഒരേമാതിരിയായി വ്യക്തിവൈപരീത്യമില്ലാതെയുമാണു് കാണാറുള്ളതു്. മി. സാമുവലിന്റെ നിസ്സർഗ്ഗസുന്ദരമായ ശൈലി ഇതിൽ നിന്നെല്ലാം വ്യത്യസ്തമായി കാണുന്നതിൽ അദ്ദേഹത്തെ അനുമോദിക്കേണ്ടിയിരിക്കുന്നു. വളച്ചുകെട്ടും അർത്ഥഗ്രഹണക്ലേശവും ഇല്ലാതെയും എന്നാൽ ജീവനും മിഴിവും ആദ്യ

വസാനം തുളുമ്പുന്നതിനാൽ ആസ്വാദ്യത കൂടിയുമിരിക്കുന്നു മി. സാമുവലിന്റെ ഗദ്യരചന പ്രത്യേകം പ്രശംസയെ അർഹിക്കുന്നുണ്ടു്. 'കലയെ മറച്ചുവെയ്ക്കുന്നതിലാണു കല'യെന്ന മഹദ്വചനം ഈ യുവസാഹിത്യകാരൻ അക്ഷരംപ്രതി അനുഷ്ഠിക്കുന്നതായി കാണുന്നു.

കഥാഘടനാചാതുര്യവും ആഖ്യാനസൗകുമാര്യവും മി. സാമുവലിന്റെ മുൻപറഞ്ഞ ഗ്രന്ഥങ്ങളിൽ മുന്നിട്ടുനില്ക്കുന്നുണ്ടെങ്കിൽ ഗഹനമായ ഒരു വിഷയം ഹൃദ്യമായ രീതിയിൽ പ്രതിപാദിക്കാനുള്ള സാമർത്ഥ്യമാണു് 'ആധുനിക ചൈന'യിൽ എല്ലായിടത്തും വിളയാടിക്കൊണ്ടിരിന്നതു്. വിഷയസ്വീകരണത്തിലും ഗ്രന്ഥകാരൻ ഔചിത്യം ദീക്ഷിച്ചിട്ടുണ്ടു്. ചൈനയ്ക്കും ഇന്ത്യക്കും പല കാര്യങ്ങളിലും സാമ്യമുണ്ടു്. പുരാതനമായ ഒരു സംസ്കാരം രണ്ടിനുമുണ്ടു്. മററു രാജ്യങ്ങളെ ആക്രമിക്കുകയെന്ന സാഹസത്തിന് രണ്ടും ഒരുകാലത്തും ഒരുങ്ങീട്ടില്ല—സ്വന്തം സമ്പത്തു് അന്യരാജ്യങ്ങളിൽ വൈമനസ്യം കൂടാതെ വിതരണം രണ്ടും ചെയ്തിട്ടുണ്ടു്. ചൈനയും ഇന്ത്യയുമായുള്ള സമ്പർക്കം അനുസ്മരിപ്പിക്കുന്ന സാധനങ്ങൾ ചീനാംശുകം ചീനച്ചട്ടി മുതലായവ ഏതു രാജ്യത്തും കാണാം. സാമഗ്രികൾ ചൈനയിൽനിന്നു ഭാരതീയർ വാങ്ങീട്ടുണ്ടെങ്കിൽ സംസ്കാരം ഭാരതീയർ അങ്ങോട്ടും ദാനം ചെയ്തിട്ടുണ്ടു്. ഒന്നേ വ്യത്യാസമുള്ളൂ. ആറു കൊല്ലം മുമ്പെയുണ്ടായ ജപ്പാനാക്രമണംവരെ ചൈന തന്റെ സ്വാതന്ത്ര്യം പരിപാലിച്ചുപോന്നു. ഇന്ത്യയാകട്ടെ ഏതാനും നൂററാണ്ടുകൾ മുമ്പെതന്നെ പാരതന്ത്ര്യത്തിലാണ്ടു കഴിഞ്ഞു. മോചനത്തിനുള്ള പരിശ്രമം ഇപ്പോൾ ചെയ്തുകൊണ്ടിരിക്കയാണു്. ആധുനികാവസ്ഥയിലും രണ്ടും സമാധാനമായിട്ടുതന്നെയാ

ണിരിക്കുന്നതു്. ഇങ്ങനെ പല ബന്ധങ്ങളും പരസ്പരമുണ്ടെ ന്നവരികിലും ചൈനയെപ്പററിയൊ അതിലെ നിവാസി കളെപ്പററിയൊ എല്ലാ വിവരങ്ങളുമടങ്ങിയ ഒരു ഗ്രന്ഥം മലയാളഭാഷയിലുണ്ടായിട്ടുണ്ടെന്നു നമുക്കു് ഇതുവരെ അഭിമാനിക്കാനിടവന്നിട്ടില്ല. ആ ന്യൂനത ഈ ചെറിയ ഗ്രന്ഥംകൊണ്ടു പരിഹരിച്ച ഗ്രന്ഥകാരനോടു മലയാളി കൾ എത്രയും കടപ്പെട്ടിട്ടുണ്ടു്. ചൈനയുടെ ദേശചരിത്ര ത്തിൻെറയും സംസ്കാരചരിത്രത്തിൻെറയും എല്ലാ വശങ്ങ ളെയും സ്പർശിച്ചുകൊണ്ടുള്ള ചുരുങ്ങിയതും എന്നാൽ രസക രവും ആയ ഒരു വിവരണമാണു് ഇതിലടങ്ങിട്ടുള്ളതു്. ജപ്പാനാക്രമണത്തിനു ശേഷമുള്ള കഥ ഇതിലുൾപ്പെട്ടി ട്ടില്ല. അടുത്ത പതിപ്പിൽ അതിനെപ്പററി ഒരദ്ധ്യായം ചേക്കുമെന്നു പ്രതീക്ഷിക്കാം. ഒരേ ഇരിപ്പിൽ ഒരു മണി ക്കൂറുകൊണ്ടു് ഈ ഗ്രന്ഥം എനിക്കു വായിച്ചുതീക്കാൻ സാധിച്ചുവെന്നുള്ളതു് മലയാളത്തിൽ ഇപ്പോൾ അനു ദിനം മുളച്ചുപൊങ്ങിക്കാണുന്ന പല പുസ്തകങ്ങൾക്കും ഇല്ലാത്ത ഒരു മെച്ചമാണു്. ഈ വിഷയത്തിൽ ഗ്രന്ഥക ത്താവിനെ അനുമോദിക്കുന്നതോടുകൂടി അദ്ദേഹത്തിനു് സുശോഭനവും ശ്രേയസ്കരവും ആയ ഒരു സാഹിത്യ ജീവിതം ആശംസിക്കുകയും ചെയ്തുകൊള്ളട്ടെ.

എന്നു്

സഹൃദയവിധേയൻ

സവ്കലാശാല — ഡാക്ടർ ചേലനാട്ടു് അച്യുതമേനോൻ
മദിരാശി — ബി. എ. പി. എച്ചു്. ഡി. (ലണ്ടൻ)
5-1-1946 — (Head of the Department of Malayalam, Etc.)

# മുഖവുര

ഇന്ത്യക്കും, ചൈനയ്ക്കും പരസഹസ്രാബ്ദങ്ങൾക്കുമുമ്പുതന്നെ പരസ്പരം പല ബന്ധങ്ങളുമുണ്ട്. വ്യക്തിത്വവും, സംസ്കാരവും ഇന്ത്യയെപ്പോലെ ചൈനയും ഇന്നുവരെ സൂക്ഷിച്ചിരിക്കുന്നു. അങ്ങനെ ചൈനയ്ക്ക് ഇന്ത്യയുമായി പലതിലും സുദൃഢമായ ബന്ധങ്ങളുമുണ്ടെങ്കിലും, ആ മഹാരാഷ്ട്രത്തെപ്പററിയോ, അതിലെ ജനങ്ങളെപ്പററിയോ സംസ്കാരപരമായും, ചരിത്രപരമായും കാര്യങ്ങളെ പ്രതിപാദിപ്പിക്കുന്ന ഗ്രന്ഥങ്ങൾ മലയാളഭാഷയിൽ ഇതുവരെ ആവിർഭവിച്ചിട്ടില്ലെന്നുതന്നെ പറയാം. ആ ന്യൂനത ഏറെക്കുറെ പരിഹരിക്കണമെന്ന ഉദ്ദേശമാണ് ഈ ഗ്രന്ഥനിർമ്മിതിക്കു എന്നെ പ്രേരിപ്പിച്ചതു്. ചൈനയെപ്പററി നാം അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ കഴിവുള്ളിടത്തോളം സമഗ്രമായും ലളിതഭാഷയിലും ഈ ലഘുഗ്രന്ഥത്തിൽ ചേർക്കാൻ ഞാൻ ഉദ്യമിച്ചിട്ടുണ്ട്. പ്രതികൂലപരിതഃസ്ഥിതികളുടെ മദ്ധ്യെയാണ് ഈ ഗ്രന്ഥം രചിച്ചതു്. എൻെറ ശ്രമം സഫലമായിട്ടുണ്ടെങ്കിൽ ഞാൻ അതീവ ചരിതാർത്ഥനാണ്.

അവതാരികാകർത്താവു പ്രസ്താവിക്കുംപോലെ കഴിഞ്ഞ ജപ്പാനാക്രമണത്തെപ്പററി കൂടുതലായിട്ടൊന്നും ഈ ഗ്രന്ഥത്തിൽ ചേർത്തിട്ടില്ല. യുദ്ധത്തിൻെറ പരിണതഫലങ്ങൾക്കു ഒരു പൂർണ്ണരൂപം ഇപ്പോൾതന്നെ കിട്ടിക്കഴിഞ്ഞിട്ടില്ലല്ലോ.

അടുത്ത പതിപ്പിൽ ആവശ്യമായ പരിഷ്കാരങ്ങൾ ചെയ്തു കൊള്ളാം.

ഈ ഗ്രന്ഥം സശ്രദ്ധം പരിശോധിച്ചു വേണ്ട നിർദ്ദേശങ്ങൾ നല്കി പ്രസിദ്ധീകരണത്തിനു പ്രോത്സാഹിപ്പിച്ചു എന്റെ വന്ദ്യഗുരുഭൂതനും, വിജ്ഞാനവാരാന്നിധിയും, പ്രസിദ്ധഗ്രന്ഥകർത്താവുമായ ശ്രീ എം. ആർ. ബാലകൃഷ്ണവാര്യർ അവർകൾ എം. ഏ-യോടും, കൃത്യാന്തരബാഹുല്യങ്ങൾക്കിടയിൽ ഈ കൃതി മുഴുവനും മനസ്സിരുത്തിവായിച്ചു സാരഗർഭമായ ഒരു അവതാരികകൊണ്ടു അനുഗ്രഹിച്ച പണ്ഡിതസാർവ്വഭൗമനും, സുപ്രസിദ്ധസാഹിത്യകാരനും, മദിരാശി സർവ്വകലാശാലയിലെ മലയാളഭാഷയുടെ മേധാവിയുമായ ഡാക്ടർ ചേലനാട്ട് അച്യുതമേനോൻ ബി. എ പി.എച്ച്. ഡി (ലണ്ടൻ) യോടും എന്റെ ആത്മാർത്ഥമായ കൃതജ്ഞത വാചാമഗോചരമാണു്.

ഈ സാഹിത്യസംരംഭത്തിൽ എന്നെ അകമഴിഞ്ഞു സഹായിച്ചിട്ടുള്ള എല്ലാ സുഹൃത്തുക്കളോടും എന്റെ നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്താൻ ഈ അവസരം വിനിയോഗിച്ചുകൊള്ളട്ടെ.

സഹൃദയലോകത്തിന്റെ പ്രീതിക്കു പാത്രീഭവിച്ച എന്റെ ഇതരകൃതികളെപ്പോലെ 'ആധുനികചൈന'യും സഹൃദയലോകത്തിനു കാഴ്ചവച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
9-1-1946. എം. സാമുവൽ.

# പ്രസ്താവന

'ആധുനികചൈന'യുടെ പുനഃപ്രസിദ്ധീകരണം അപ്രതീക്ഷിതമായ ഒന്നാണ്. സഹൃദയലോകം എന്നിൽ ചൊരിഞ്ഞ സ്നേഹാശിസ്സുകളാണ് ഈ പുതിയ പതിപ്പിന്റെ ആവിർഭാവം. ലളിതവും സമഗ്രവുമായ രീതിയിൽ ഒരു പരിഷ്കൃതപുരാതനസാമ്രാജ്യത്തിന്റെ ചരിത്രം രചിക്കുക ക്ഷിപ്രസാദ്ധ്യമല്ലല്ലോ. എന്റെ ഏതാനും കൊല്ലത്തെ നിരന്തരമായ പ്രയത്നഫലമാണ് പ്രസ്തുത ഗ്രന്ഥം. അടുത്തകാലം വരെയുള്ള സംഭവങ്ങൾ ഇതിൽ കൂട്ടിച്ചേർത്ത് ഒരു പുതുമ വരുത്തുന്നതിനു ഞാൻ യത്നിക്കാതിരുന്നിട്ടില്ല. ചൈനയെപ്പററി പ്രതിപാദിക്കുന്ന ഉൽകൃഷ്ടങ്ങളായ നൂറോളം ഗ്രന്ഥങ്ങൾ ഈ കൃതിയുടെ രചനയിൽ എനിക്കു മാർഗ്ഗദർശകമായിരുന്നിട്ടുണ്ട്. ഈ സാഹിത്യോദ്യമത്തിൽ എന്നെ അകമഴിഞ്ഞു സഹായിച്ച എല്ലാ സുഹൃത്തുക്കളോടും ആത്മാർത്ഥമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.

തിരുവനന്തപുരം
2—9—1123.

എന്നു്,
എം. സാമുവൽ.

H.698
SREE KRISHNA VILASOM GRANDHASALA
TRIVANDRUM
MALAYINKIL

DEDICATED

To

My Father

On His 72nd Birthday

In Token of Love and Affection.

# ആധുനികചൈന


I പേരും ദേശവും

II വർഗ്ഗവും മതവും

III പൂർവ്വചരിത്രം

IV രാജവാഴ്ചയുടെ അവസാനം

V ഡാക്ടർ സൻയാത് സെന്നും ചീനാവിപ്ലവവും

VI പ്രജായത്തഭരണ പ്രതിഷ്ഠാപനം

VII ഭാഷയും വിദ്യാഭ്യാസവും

VIII കൃഷി, കൈത്തൊഴിൽ, ഗതാഗതം

IX സാമ്പത്തികനില

X ജനങ്ങളും ആചാരങ്ങളും

XI നവജീവപ്രസ്ഥാനം

XII ജപ്പാനാക്രമണങ്ങളും അനന്തരഫലങ്ങളും

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

# ആധുനികചൈന

10603
H698

## I

## പേരും ദേശവും

ആധുനികപരിഷ്കൃതരാഷ്ട്രങ്ങളിൽ ചൈന അതിപ്രശംസനീയ സ്ഥാനമർഹിക്കുന്നു. ചൈനയുടെ നാഗരികത്വം മഹനീയവും, പുരാതനവുമാണ്. ഇന്ത്യ, ഈജിപ്ത്, ബാബിലോണിയ മുതലായ രാജ്യങ്ങളോടൊപ്പം അയ്യായിരത്തിൽപരം സംവത്സരത്തെ പ്രാചീനത അതിനുണ്ടെന്നു അനുമാനിക്കാം. ഇന്നു പരിഷ്കാരത്തിന്റെ അത്യുന്നത സോപാനത്തിൽ എത്തിച്ചേർന്നിട്ടുള്ള പാശ്ചാത്യരാജ്യങ്ങൾ വെറും അപരിഷ്കൃതങ്ങളായിരുന്ന കാലത്തു ചൈന സംസ്കാരസമ്പന്നയായിരുന്നു. അതിനു വിശ്വസനീയമായ പല തെളിവുകളും ഉണ്ടു്.

പുരാതനകാലത്തു ചൈന പല പേരുകളാൽ അറിയപ്പെട്ടിരുന്നു. ചൈന എന്ന പദം തന്നെ ആ സാമ്രാജ്യത്തിന്റെ അർത്ഥവ്യാപ്തിക്കു് അനുയോജിക്കുന്നില്ലെന്നു് അഭിപ്രായപ്പെടുന്നവർ ഇല്ലാതില്ല. 'ചങ്ഹ്വവ' 'ചങ്ഹ്വ'

എന്നിങ്ങനെ ചീനർ അവരുടെ സാമ്രാജ്യത്തെ അഭി സംബോധന ചെയ്തിരുന്നു. ഹൃദയാഭിരാമമായി അനേക സഹസ്രം അബ്ദങ്ങൾകൊണ്ടു അനശ്വരമായി ഏഷ്യയുടെ മദ്ധ്യസ്ഥാനത്തു സ്ഥിതിചെയ്യുന്നതിനാലാണു് പ്രസ്തുത നാമങ്ങൾക്കു് ചൈന അർഹയായതു്. ചിൻ, ഹാൻ, ഈ രാജവംശങ്ങളുടെ വാഴ്ചക്കാലത്തു് ചൈന സാമന്ത രീതി യിലുള്ള ഒരു ഏകീകൃത രാജ്യമായിരുന്നു. ജനസംഖ്യ ക്രമേണ വർദ്ധനവു പ്രാപിച്ചപ്പോൾ സാമ്രാജ്യാതിർത്തി വിപുലപ്പെടുത്തേണ്ടതു് ആവശ്യമായി. സമീപരാജ്യ ങ്ങളെ ആക്രമിച്ചു കീഴടക്കിയും, പുതിയ അധീനരാജ്യ ങ്ങൾ സൃഷ്ടിച്ചും, അതിർത്തി വിപുലപ്പെടുത്തി. സാമ്രാജ്യ ത്തിനു് ഒരു ഏകീകരണം ഉണ്ടായശേഷം, 'ചങ്ങ്ഹ്വ' 'ചങ്ങ്ഹ്വ' എന്നീ പദങ്ങൾ പ്രയോഗലുപ്തങ്ങളായി. ചിൻ ഹാൻ, ടാങ്ങ്, ചിങ്ങ് എന്നീ ഭരണവംശങ്ങളുടെ നാമധേ യങ്ങൾ തൽസ്ഥാനം പ്രാപിച്ചു.

'ചിൻ' എന്ന പേരിൽനിന്നും ഉത്ഭവിച്ചതാണു ചൈന. ക്രി. മു. 1122 മുതൽ 249 വരെ നീണ്ടുനിന്ന 'ചൗ' രാജവംശത്തിന്റെ വാഴ്ചക്കാലത്തു് 'ചിൻ, ആധുനിക ചൈനയുടെ വടക്കുപടിഞ്ഞാറെ പ്രാന്തങ്ങളിൽ 'കൻസു' 'ഷെൻസി' എന്നു രണ്ടു പ്രദേശങ്ങളെ ഉൾക്കൊള്ളുന്ന ഒരു സാമന്ത പ്രവിശ്യയായിരുന്നു. 'ചിൻകു' എന്നനാമത്താൽ അറിയപ്പെട്ടിരുന്ന ആ രാജ്യം എല്ലാ സമീപ രാജ്യങ്ങ ളെയും കീഴടക്കി സ്വതന്ത്രമായിത്തീർന്നു. 'ചിൻ' എന്ന നാമം അപ്പോൾ രാജവംശത്തോടു ഘടിപ്പിച്ചു. അക്കാ ലത്തു അപ്രസിദ്ധങ്ങളായ അനേകം പ്രവിശ്യകൾ മദ്ധ്യ ഏഷ്യയിലുണ്ടായിരുന്നു. ഈ പ്രവിശ്യകൾക്കു 'ചിൻ' രാജ്യവുമായി മാത്രമേ സമ്പർക്കമുണ്ടായിരുന്നുള്ളു. അതി നാൽ അതിവിസ്തൃതമായ ചൈന ഒന്നാകെ 'ചിൻ,

ആണെന്നായിരുന്നു തദ്ദേശീയരുടെ അയഥാർത്ഥ ധാരണ. 'ചിൻ' രാജവംശത്തിന്റെ പ്രകൃഷ്ടഭരണം പശ്ചിമപൂർവ്വദേശങ്ങളിലും 'ചിൻ' നാമത്തിന്റെ വ്യാപ്തിക്കു കാരണമാക്കി. കാലാന്തരത്തിൽ 'ചിൻ' ചൈനയായി രൂപാന്തരപ്പെട്ടു. ഈവിധമാണു് ചൈന എന്ന പേരിന്റെ ആവിർഭാവം.

10603

എന്നാൽ ഇതിൽ നിന്നും വിഭിന്നരീതിയിലാണു് ജപ്പാൻ ചൈനയെ സംബോധനചെയ്യുന്നതു്. ക്രിസ്ത്വബ്ദം 618 മുതൽ 907 വരെ നീണ്ടുനിന്ന ടാങ്ങ്‌വംശത്തിന്റെ വാഴ്ചക്കാലത്തു് ചൈന നാഗരികത്വത്തിന്റെ സുവർണ്ണദശയിലെത്തിയിരുന്നു. ഈ നാഗരികത്വത്തിന്റെ പ്രഭാവത്താൽ ജപ്പാനിൽനിന്നും വിജ്ഞാനാർത്ഥം പലരും ചൈനയിലെത്തി. സാംസ്കാരികമായും ബുദ്ധമതപരമായും അനേകം മഹത്തായ കാര്യങ്ങൾ അവർ ഗ്രഹിച്ചു. അതുകൊണ്ടു ചൈനയെ അവർ 'മഹത്തായ ടാങ്ങ്' എന്നു വിളിച്ചുവന്നു. ക്രിസ്ത്വബ്ദം 1911-ൽ ചൈനയിലെ മഹാവിപ്ലവം മാഞ്ചുരാജവംശം വിച്ഛേദിപ്പിച്ചു് രാജവാഴ്ചയ്ക്കു ഒരു പൂർണ്ണവിരാമം ഉണ്ടാക്കി. റിപ്പബ്ലിക്കിന്റെ പ്രതിഷ്ഠാപനത്തിനുശേഷം 'ചങ്ങ്ഹ്വ റിപ്പബ്ലിക്ക്' എന്ന നാമത്തിലാണു് ചൈന അറിയപ്പെടുന്നതു്.

H698

വിസ്തൃതിയും ജനബാഹുല്യവും കൊണ്ടു ലോകത്തിൽ മൂന്നാമത്തെ സ്ഥാനമാണു് ചൈനയ്ക്കു്. ബ്രിട്ടീഷ് സാമ്രാജ്യത്തിനും സോവിയററു റഷ്യയ്ക്കുമാണു് ഒന്നും, രണ്ടും, സ്ഥാനം; യൂറോപ്പുഖണ്ഡത്തെക്കാൾ ആകൃതിയിൽ വലുതാണു ചൈന. ഏഷ്യാ ഭൂഖണ്ഡത്തിന്റെ നാലിൽ ഒരു ഭാഗമോ, ലോകത്തിന്റെ പതിനഞ്ചിൽ ഒരു ഭാഗമോ, ഇൻഡ്യയുടെ മൂന്നിരട്ടിയോ അതിനു

വിസ്തൃതിയുണ്ട്. ബ്രിട്ടീഷുസാമ്രാജ്യം പുത്രികാരാജ്യങ്ങളും പ്രാദേശികരാജ്യങ്ങളും ഉൾപ്പെട്ടതാണല്ലോ. ഗ്രേററബ്രിട്ടന് ചൈനയുടെ ഏററവും ചെറിയ ഒരു പ്രവിശ്യയോളമേ വലിപ്പമുള്ളു. ഒരു അതിവിസ്തൃത സാമ്രാജ്യമാണു് റഷ്യ എങ്കിലും ആർട്ടിക്ക് സമുദ്രത്തിനോടടുത്ത പ്രദേശങ്ങൾ എപ്പോഴും മഞ്ഞു നിറഞ്ഞു കിടക്കുന്നതിനാൽ ചൈനയെപ്പോലെ ജനവാസയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. സമശീതോഷ്ണവും പ്രകൃതിവിഭവസമൃദ്ധവുമായ ഒരു മഹാസാമ്രാജ്യമാണു ചൈന.

ഏഷ്യാമഹാഖണ്ഡത്തിന്റെ തെക്കുകിഴക്കു ഭാഗത്താണു് ചൈന സ്ഥിതി ചെയ്യുന്നതു്. കിഴക്കുഭാഗം മുഴുവനും, തെക്കുകിഴക്കു ഭാഗത്തിന്റെ ഒരംശവും, പസഫിക്കു മഹാസമുദ്രത്തോടു തൊട്ടുകിടക്കുന്നു. കിഴക്കേ അതിരിൽചേർന്ന ഒരു ഉൾക്കടലാണു ചീനസമുദ്രം. വടക്കേ അതിർത്തി മംഗോളിയ, മഞ്ചൂറിയാ എന്ന രാജ്യങ്ങളാണ്. പടിഞ്ഞാറു് തിബററും ടർക്കിസ്ഥാനും കിടക്കുന്നു. പരമാധിപത്യത്തിന്റെ ആരംഭകാലത്തു കൊറിയ, ഫർമോസാ, സയാം, ബർമ്മ, ബൂട്ടാൻ, നീപ്പാൾ തുടങ്ങിയ രാജ്യങ്ങൾ ചൈനയ്ക്കു് ഉപരാജ്യങ്ങളോ അധീനരാജ്യങ്ങളോ ആയിരുന്നു. ഏതാനും കാലം ജപ്പാനും ചൈനയുടെ ആധിപത്യത്തിലിരുന്നു. ചീനാചക്രവർത്തിയിൽ നിന്നും ജപ്പാനിലെ ഒരു ഭരണാധിപതിക്കു ബഹുമതിബിരുദം ലഭിച്ചിട്ടുണ്ട്. മാഞ്ചുകാലഘട്ടത്തിന്റെ അന്ത്യദശയിൽ ഭരണം ദുർബലപ്പെട്ടുതുടങ്ങിയപ്പോൾ പടിഞ്ഞാറെ പ്രവിശ്യകൾ സ്വാതന്ത്ര്യങ്ങളായി. അങ്ങനെ പല ഉപരാജ്യങ്ങളും നഷ്ടപ്പെട്ടു. ഇപ്പോൾ ചൈനക്കു 4,314,097 ചതുരശ്ര മൈൽ വിസ്താരമുണ്ടു്.

ഭൂമിശാസ്ത്രപരമായി ചൈനയെ അഞ്ചായി വിഭജിക്കാം. ഒന്നാമത്തു് സെച്വാൻ, ഹൊനൻ, ഹുപെ, നാൻ ഹ്വൈ, ക്യാങ്സു്, പെച്ചിലി, ഷാൻസി, ഷാൻതുങ്, കാൻസു്, ഷെൻസി, ക്വീച്ചൌ, യുന്നാൻ ഇങ്ങനെ പതിനെട്ടു പ്രവിശ്യകൾ അടങ്ങിയ യഥാർത്ഥചൈന; രണ്ടാമത്തു ഔട്ടർമംഗോളിയ ഇന്നർമംഗോളിയ, എന്നിവ ഉൾപ്പെട്ട മംഗോളിയ; മൂന്നാമത്തു് മഞ്ചൂറിയ; നാലാമത്തു് സിങ്കിയാങ് അല്ലെങ്കിൽ ചീനാടർക്കിസ്ഥാൻ; അഞ്ചാമത്തു് തിബെററു് ഇവയാണു്. 1927-ൽ നാങ്കിങിൽ ദേശീയ ഗവൺമെൻറിൻെറ പ്രതിഷ്ഠാപനത്തിനുശേഷം പ്രദേശങ്ങൾക്കു പല വ്യതിയാനങ്ങൾ സംഭവിച്ചു. പല ഉപരാജ്യങ്ങൾ, സാമ്രാജ്യത്തിൽ നിന്നകലുകയും ചിലതു ചേരുകയും ഉണ്ടായി. ഇന്നു ചൈന 28 പ്രവിശ്യകളുള്ള ഒരു സ്വതന്ത്രസാമ്രാജ്യമാണു്. തിബെററു്, ഔട്ടർമംഗോളിയ എന്നിവ രണ്ടു സ്വയംഭരണരാഷ്ട്രങ്ങളായി പരിണമിച്ചിരിക്കുന്നു. ഇതരരാജ്യങ്ങൾ തമ്മിലുള്ള സംസർഗ്ഗംകൊണ്ടു വ്യാവസായികമായും, വാണിജ്യപരമായും ചൈന ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു. ജനസംഖ്യയും സീമാതീതമായി വർദ്ധിച്ചു. പ്രത്യേക ഭരണഘടനകളും ഏർപ്പെട്ടു.

ഹൊയങ്ഹൊ, യാങ്ററിസിക്യാങ് ഇവയാണു് ചൈനയിലെ രണ്ടു മഹാനദികൾ. യാങ്ററിസിക്യാങിനു നീലനദി എന്നും, ഹൊയങ്ഹൊയ്ക്കു്, മഞ്ഞനദി എന്നും പേരുകൾ ഉണ്ടു്. അനവധി ഉപനദികളും, 3,400 നാഴിക നീളവുമുള്ളതിനാൽ യാങ്ററിസിക്യാങ് ലോകമഹാനദികളിൽ ഒന്നായി ഗണിക്കപ്പെടുന്നു. നൈൽ, മിസിസിപ്പി, ആമസാൺ എന്നിവയാണല്ലോ മററു മൂന്നു മഹാനദികൾ. യാങ്ററിസിക്യാങ് തിബെററിൽനിന്നും ഒഴുകി വരുന്നു എന്നല്ലാതെ ഉത്ഭവസ്ഥാനം ഇന്നും കണ്ടുപിടി

ച്ചിട്ടില്ല. പതനം പെച്ചിലി ഉൾക്കടലിലാണ്. ചൈനയിലെ ഏററവും വലിയ നഗരമായ ഷാങ്ഹായ് ഈ നദീമുഖത്തു സ്ഥിതിചെയ്യുന്നു. സംഗമസ്ഥലത്തുനിന്നും അധികദൂരം സമുദ്രത്തിനുള്ളിൽ നിറഭേദം പ്രത്യക്ഷപ്പെടുന്നു. ഈ മഹാനദി ആഴിയിലേയ്ക്കു തള്ളുന്ന ജലത്തിൻെറ പരിമാണക്കൂടുതലാണ് അതിനു കാരണം. പതനസ്ഥലം മുതൽ ഏകദേശം ആയിരം മൈൽ മുകളിലുള്ള ചുംകിങിനു സമീപംവരെ നദിക്ക് ഒരു മൈൽ വിസ്തീർണ്ണമുണ്ട്. നാൻകിങിൽനിന്നും നദീമുഖത്തേയ്ക്കു പതിനായിരം ടൺ ഭാരമുള്ള കപ്പലുകൾക്ക് നിർബാധം സഞ്ചരിക്കാം. ഈ മഹാനദിയുടെ തീരപ്രദേശങ്ങളിൽ ജനവാസം വളരെ കൂടുതലാണു്. പഴയരീതി വിടാത്ത പല പട്ടണങ്ങളും യാങ്ററിസി നദീതീരങ്ങളിൽ സ്ഥിതിചെയ്യുന്നുണ്ട്. അവിടെയുള്ള ഗൃഹങ്ങളിൽ പ്രവേശിക്കുന്നതിനു വലിയ വാതിലുകൾ കാണാം. പക്ഷെ അതിനുള്ളിൽ വളഞ്ഞു കടക്കുന്നതിനു നേർമാർഗ്ഗം മതിൽ കെട്ടി അടച്ചിരിക്കും. അതു ദുർഭൂതങ്ങളിൽനിന്നു രക്ഷനേടുന്നതിനാണ്. ദുർഭൂതങ്ങൾ നേരെ കാണുന്ന വഴിയിൽക്കൂടിയല്ലാതെ സഞ്ചരിക്കുകയില്ലെന്നു് ചീനക്കു് ഒരു അന്ധവിശ്വാസമുണ്ടു്.

മീൻപിടിത്തം, ചൈനയിലെ ഒരു ജനവിഭാഗത്തിൻെറ ഉപജീവനമാർഗ്ഗമാണെങ്കിലും, യാങ്ററിസി നദിയിൽ മീൻപിടിത്തക്കാരെ തീരെ കാണാറില്ല. എന്നാൽ അവിടവിടെ നദിയിലേയ്ക്കു നീണ്ട കാലുകൾ സ്ഥാപിച്ച് അതിൻെറ അററത്തു വലിയ വലകെട്ടി നമ്മുടെ നാട്ടിൽ കാണുന്നവിധം മീൻപിടിക്കാറുണ്ടു്. ഏകദേശം രണ്ടായിരം മൈൽ കഴിയുമ്പോൾ അഞ്ഞൂറു മൈൽ ദൂരം അത്യന്തം ദുർഗ്ഗമങ്ങളും; അംബരചുംബികളുമായ പാറക്കെട്ടുകളുടെ ഇടുക്കുകളിൽക്കൂടിയാണു് നദി

യുടെ ഗതി. ജലപ്പരപ്പിൽനിന്നും ആയിരം അടിയോളം പൊക്കമുള്ള പ്രസ്തുത പാറക്കെട്ടുകൾക്കു 'ഇച്ചാങ്ങ്' ഇടുക്കുകൾ എന്നു പറയുന്നു. അവിടെനിന്ന മുകളിലേയ്ക്കു നോക്കുമ്പോൾ ആകാശം ഒരു ചെറിയ വെള്ളിരേഖപോലെ മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ഒരു ദിവസം അര മണിക്കൂറിൽ കൂടുതൽ സമയം, ആ നദീഭാഗങ്ങളിൽ സൂര്യരശ്മികൾ പതിക്കാറില്ല. 'കെങ്ങ്ലിങ്ങ്' എന്ന പ്രദേശത്തു് നദീപ്രവാഹം ഏററവും ശക്തിയേറിയതാണു്.

വേനൽക്കാലത്താണു് നദിയിൽവെള്ളപ്പൊക്കമുണ്ടാകുന്നതു്. ആ കാഴ്ച അതിഭയാനകമായിരിക്കും. പല നാശങ്ങളും സംഭവിക്കാറുണ്ടു്. മാർച്ചു്, ഏപ്രിൽ മാസങ്ങളിൽ പെട്ടെന്നു നദീജലം കുറയുന്നു. ഏററവും അപകടമേറിയ സമയം അപ്പോഴാണു്. യാത്രചെയ്യുന്ന കപ്പലുകളും, ആവിബോട്ടുകളും നദിയിൽ ഉറച്ചിരുന്നുപോകാറുണ്ടു്. വീണ്ടും വെള്ളം പൊങ്ങുമ്പോഴേ അവ മാറുന്നതിനു സാദ്ധ്യമാകൂ.

നദീതീരങ്ങളിൽ ധാരാളമായി കൃഷിചെയ്യുന്ന റേപ്പു് ചെടിയിൽനിന്നും എടുക്കുന്ന എണ്ണയാണു് ആ ദിഗ്വാസികൾ വിളക്കു കത്തിക്കുന്നതിനും മററും ഉപയോഗിക്കുന്നതു്.

ഉദ്ഭവസ്ഥാനത്തുനിന്നും വളഞ്ഞുംതിരിഞ്ഞും, വളരെ ഊക്കോടുകൂടി ഒഴുകി ഹൊയങ്ങ്ഹൊ നദി ധാരാളം എക്കലും വണ്ടലും കൊണ്ടുചെന്നു് പരിസരപ്രദേശങ്ങൾ കൃഷിക്കു ഉപയുക്തമാക്കുന്നു. ഈ നദിയിൽ കൂടക്കൂടെ വെള്ളപ്പൊക്കമുണ്ടായി തീരപ്രദേശങ്ങൾക്കു വലിയനാശം നേരിടാറുണ്ടു്. അതുകൊണ്ടു് 'ചീനാദുഃഖം' എന്നും ഇതി

നെ വിളിക്കുന്നു. വെള്ളപ്പൊക്കമുണ്ടാകുന്നത്ു് അതിഘോരമായ ഇരമ്പലിനു ശേഷമാണു്. വഞ്ചിക്കാൎക്കു് അങ്ങനെ മുന്നറിവു ലഭിക്കുന്നതുകൊണ്ടു് വഞ്ചികൾ കരയ്ക്കുടുപ്പിച്ചു ബന്ധിക്കാൻ തരപ്പെടും. അതിനു സാധിക്കാത്തവ ഒഴുക്കിൽപ്പെട്ടു നശിക്കുന്നു. വെള്ളത്തിൽ ചീനൎക്കു അസാധാരണമായ പരിചയമുണ്ടു്. ചുഴികളിൽ അകപ്പെടാതെയും, പാറക്കെട്ടുകളിൽ തട്ടിത്തകരാതെയും ഓളങ്ങളും ഒഴുക്കുകളും ഭേദിച്ചു വഞ്ചി നയിക്കുന്നതിനു പ്രത്യേകം വിദഗ്ദ്ധന്മാരുണ്ടു്. നദികളിൽ വെള്ളംപൊങ്ങുന്നതു് എപ്പോഴെന്നു നിശ്ചയമില്ലാത്തതിനാൽ ജീവനാശവും പല കഷ്ടനഷ്ടങ്ങളും സംഭവിക്കുന്നു. അതുകൊണ്ടു വഞ്ചി ഗൃഹമായി ഉപയോഗിക്കുന്നവരും അനവധിയുണ്ടു്. ചൈനയിൽ നദി കടക്കുന്നതിനു പാലങ്ങൾ അധികമില്ല. അനവരതം ഉണ്ടാകുന്ന വെള്ളപ്പൊക്കവും ശക്തിയായ ഒഴുക്കും പാലം നിൎമ്മിക്കുന്നതിനു പ്രതികൂലമാണു്. കടത്തുവഞ്ചികൾ പാലങ്ങളുടെ കൃത്യം നിവൎത്തിക്കുന്നു. ഗവൎമ്മെൻറുവക കൂടാതെ പൊതുജനങ്ങളും കടത്തുവഞ്ചികൾ വയ്ക്കാറുണ്ടു്. അതു ഒരു ഉദാരകൃത്യമായി ചീനർ കരുതുന്നു. ഹൊയങ്ങ് ഹൊ നദിയിൽക്കൂടി പാഞ്ഞെത്തുന്ന കലങ്ങിമറിഞ്ഞജലം സംഗമുഖത്തുനിന്നും അഞ്ഞൂറുമൈൽ അകലെ വരെ ആഴിയെ മഞ്ഞനിറമാക്കിത്തീൎക്കുന്നു. ചീനാ നാഗരികതത്തിന്റെ ആരംഭം ഹൊയങ്ങ്ഹൊ നദീപരിസരങ്ങളിൽവച്ചാണെന്നും അനുമാനിക്കപ്പെടുന്നു. സിക്യാങ്ങ്, പീഹൊ, മെക്കാങ്ങ് എന്നിങ്ങനെ ഏതാനും ചെറിയ നദികളും ചൈനയിലുണ്ടു്. അവയും ആ ദേശത്തിനു പലപ്രകാരത്തിൽ ഉപയുക്തങ്ങളാണു്. കാൻറൻ, ഹാങ്ങ്കാങ്ങ് എന്ന രണ്ടു സുപ്രസിദ്ധ നഗരങ്ങൾ സിക്യാങ്ങ്നദീമുഖത്തു സ്ഥിതിചെയ്യുന്നു.

അക്ഷാംശം ഇരുപതു ഡിഗ്രി വിസ്തൃതിയുള്ളതിനാൽ ചൈനയിൽ തെക്കൻപ്രദേശങ്ങളെ അപേക്ഷിച്ചു വടക്കൻപ്രദേശങ്ങൾ സമശീതോഷ്ണമല്ല. ചൂടും തണുപ്പും പെട്ടെന്നുണ്ടാകുന്നു. തെക്കൻപ്രദേശങ്ങളിൽ മഴ ധാരാളമാണു്. അവിടെ വർഷത്തിൽ ശരാശരി നാല്പത്തിഅഞ്ചു ഇഞ്ചുമഴ പെയ്യുന്നു. വടക്കൻപ്രദേശങ്ങളിൽ തണുപ്പു കൂടുതലാണു്. പൊതുവെ മഴക്കാലത്തു് ശീതം അതിദുസ്സഹമായിരിക്കും. മൂടൽമഞ്ഞും സാധാരണമാണു്.. ധ്രുവപ്രദേശത്തോടു ബന്ധിച്ചുകിടക്കുന്ന സൈബീരിയയിൽനിന്നുണ്ടാകുന്ന ശീതവാതമേററു് നദികളിൽ മഞ്ഞുറഞ്ഞു് പോകാറുണ്ടു്. കൂടക്കൂടെ ശീതോഷ്ണഗതി മാറുമ്പോൾ കൊടുങ്കാററും കടൽക്കോളുകളുമുണ്ടാകുന്നു. ചിലപ്പോൾ ക്ഷാമവും ജലദുർഭിക്ഷവും ജനങ്ങൾ അഭിമുഖീകരിക്കണം. ചൈന വിഭവസമൃദ്ധമായ ഒരു രാഷ്ട്രമാണെങ്കിലും ക്ഷാമബാധയാൽ ധാരാളം ആളുകൾ അവിടെ മരിക്കുന്നു. എന്നാലും ജനസംഖ്യയുടെ വർദ്ധനവുകൊണ്ടു് ആകെത്തുകയിൽ വലിയകുറവു സംഭവിക്കുന്നില്ല. നദികൾക്കൂടാതെ അസംഖ്യം മൈൽ നീളത്തിൽ തോടുകളുമുണ്ടു്. ചില തോടുകൾക്കു 3,000 മൈലോളം നീളമുണ്ടാവും. കൃഷിക്കും ഗതാഗതത്തിനും അവ അവിടെ ഉപകരിക്കുന്നു.

ചൈനയിൽ മലകളും, പർവ്വതങ്ങളും ഒട്ടും കുറവല്ല. കൂൻലൻ പർവ്വതപംക്തികൾ, തിബററിലും ടർക്കിസ്ഥാനിലും; തിയാൻഷാൻ പർവ്വതനിരകൾ ടർക്കിസ്ഥാനിലും വ്യാപിച്ചുകിടക്കുന്നു. ഏററവും ഉയന്ന കൂൻലൻ പർവ്വതപംക്തികളുടെ ശൃംഗത്തിനു 20,000 അടിയും തിയാൻഷാൻ പർവ്വതശൃംഗത്തിനു 26,000 അടിയും പൊക്കമുണ്ടു്. ആൾട്ടായി പർവ്വതനിര മംഗോളിയയിലാണു്. മംഗോളിയയുടെ മദ്ധ്യഭാഗത്താണു്, ആയിരത്തിൽപരം മൈൽ

നീളവും മുന്നൂറിൽപരം മൈൽ വീതിയുമുള്ള ഗോബിമണലരണ്യം. ചുവപ്പുനിറമുള്ള മണലും, പാറക്കഷണങ്ങളും ചില സ്ഥലങ്ങളിൽ മിന്നിത്തിളങ്ങുന്ന ഉപ്പുരസമുള്ളജലാശയങ്ങളും യാത്രക്കാരെ വഴിതെററിക്കുന്നു. അവിടെ കാണുന്ന ചില മണൽ കുന്നുകൾക്കു നാലായിരത്തോളം അടി പൊക്കമുണ്ടു്. ഒരു കാലത്തു ആ പ്രദേശം ഒരു ഉൾക്കടലായിരുന്നു എന്നു ഭൂഗർഭശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ചെന്നായ്ക്കൾ തുടങ്ങിയ ദുഷ്ടമൃഗങ്ങളും അങ്ങിങ്ങു ചില മുൾക്കാടുകളുമല്ലാതെ മറെറാന്നും അവിടെ കാണാനില്ല. പൂത്തെ, താപഷാൻ, യങ ലിങ്, ഷിഷാൻഎന്നിവയാണു ചൈനയിലെ മററു ചില പ്രധാന പർവതങ്ങൾ. കൃഷിക്കുപകരിക്കുന്നതു കൂടാതെ അനേകം നദികൾക്കു് അവ ഉൽഭവസ്ഥാനങ്ങളുമാണു്. സ്വർണ്ണം, വെള്ളി, ഇരുമ്പുമുതലായ ലോഹങ്ങളും സുലഭമായി ലഭിക്കുന്നുണ്ടു്.

ബാബിലോണിയാ, ഇന്ത്യാ, ഈജിപ്തു് മുതലായ രാജ്യങ്ങളെപ്പോലെ ചൈനയുടെ നാഗരികത്വവും അതിപ്രാചീനമാണെന്നു പറയാം. അതിനു ആധാരമായി ചരിത്രപരമായ പല തെളിവുകളുമുണ്ടു്. പ്രാചീനകാലത്തു് 'യൂട്സാ' എന്ന മഹാൻ ജനങ്ങൾക്കു സുഖമായി പാക്കുന്നതിനു വീടുകൾ നിമ്മിക്കുന്നതിനും, 'സ്യൂജെൻ' അഗ്നിയിൽ ആഹാരസാധനങ്ങൾ പാകപ്പെടുത്തി ഭക്ഷിക്കുന്നതിനും, വലവീശി മത്സ്യം പിടിക്കുന്നതിനും അഭ്യസിപ്പിച്ചു. 'ഫൂഹിസി' വിവാഹത്തിനുള്ള ചില ആചാരമുറകളും, അനുയോജ്യമായ ഉപകരണങ്ങളോടുകൂടി സംഗീതവും പഠിപ്പിച്ചു. അദ്ദേഹം എഴുതിയ ഏതാനും ചിത്രങ്ങളാണു് ചീനലിപികളുടെ അസ്ഥിവാരമായിത്തീന്നതു്. സമയം അളക്കുന്ന സമ്പ്രദായവും തദനുസരണം പഞ്ചാംഗവും ആ മഹാൻ സൃഷ്ടിച്ചു. 'ഷെൻനങ്' ക്രയവിക്രയങ്ങൾ നടത്തു

ന്നതിനും ആവശ്യമായ ആയുധോപകരണങ്ങൾകൊണ്ടു കൃഷിചെയ്യുന്നതിനും ജനങ്ങളെ ധരിപ്പിച്ചു. തരുലതാദികളുടെ വേരു്, ഇല, പട്ട, കായ്‍ ഇവയിൽനിന്നു് വിവിധതരം ഔഷധങ്ങൾ ഉണ്ടാക്കി ഉപയോഗിക്കാമെന്നും ഗ്രഹിപ്പിച്ചു. പരസ്സഹസ്രം അബ്ദങ്ങൾക്കു മുമ്പാണു് ഈ കണ്ടുപിടിത്തങ്ങളെല്ലാം എന്നറിയുമ്പോൾ നമുക്കു് അല്‍ഭുതം തോന്നിയേക്കാം. ക്രി. മു. 2700-ലാണു് പീതചക്രവർത്തി എന്ന പേരിലറിയപ്പെടുന്ന 'ഹ്വാങ്തി' ചൈന ഭരിച്ചിരുന്നതു്. ഒരു പരിഷ്കൃതജീവിതത്തിനു ആവശ്യമായ പലതും അദ്ദേഹം കണ്ടുപിടിച്ചു. ലോഹനാണയങ്ങൾ, തൊപ്പി, വസ്ത്രങ്ങൾ, അമ്പു്, വില്ലു്, വാഹനങ്ങൾ മുതലായവ അവയിൽ പ്രസ്താവയോഗ്യങ്ങളാണു്.

മാനവസമുദായത്തിന്റെ പരിഷ്കാരം ആവശ്യാനുസരണം ഉണ്ടായിട്ടുള്ളതാണു്. ആദ്യം മനുഷ്യനു് ആഹാരസാധനങ്ങളും, പാർക്കുന്നതിനു വീടും, അതിനുശേഷം വസ്ത്രങ്ങളും, ഔഷധങ്ങളും അത്യന്താപേക്ഷിതങ്ങളായിരുന്നു. ഈ നില വന്നുചേർന്നപ്പോൾ ഭാഷയുടെയും, സാഹിത്യത്തിന്റേയും ഉദ്ഭവമായി. അവയിൽനിന്നു് സാമുദായികാചാരങ്ങൾ, മതം, നിയമം എന്നിവ രൂപമെടുത്തു. വിവിധ ശാസ്ത്രഗ്രന്ഥങ്ങളും ആവിർഭവിച്ചു. പരിഷ്കൃതമായ ചീനസമുദായത്തിന്റെ നിലനില്പിനു് ഇതെല്ലാം ആവശ്യവുമായിരുന്നു. അച്ചടിക്കടലാസ്സു്, വെടിമരുന്നു്, വടക്കുനോക്കി എന്നീ കണ്ടുപിടിത്തങ്ങൾക്കു ചൈന ഇന്നും അഭിമാനംകൊള്ളുന്നു. 'ഹിസ്യ', 'ഷ്യാങ്' 'ചൌ' മുതലായ രാജവംശങ്ങളുടെ കാലത്തു് അതായതു് ക്രി. മു. 2000-നും 1000-നും ഇടയ്ക്കാണു് മേൽപറഞ്ഞ പരിഷ്കാരങ്ങളുടെ വളർച്ച. ചൈനയുടെ ചരിത്രത്തിൽ അതു ഒരു സുവർണ്ണകാലഘട്ടമായിരുന്നു. ബുദ്ധമതപ്രചരണത്തോടു

കൂടി ഇന്ത്യയിൽനിന്നും പല ഗ്രന്ഥങ്ങളും ചൈനയിൽ കൊണ്ടുപോയി പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. സിറിയാനാട്ടുകളുമായി പല പ്രകാരത്തിൽ ചൈന ബന്ധപ്പെട്ടിരുന്നു. അങ്ങനെ ഭാരതത്തിലെ പ്രാചീന നാഗരികതയും, സിറിയാനാട്ടുകളിലെ സിറിയൻപരിഷ്കാരവും ചൈനയ്ക്കു ലഭിച്ചു.

II

## വർഗ്ഗവും മതവും

ചൈനയിലെ ആദിമനിവാസികളുടെ ഉദ്ഭവം ഇന്നും വിവാദവിഷയമാണു്. പടിഞ്ഞാറൻപ്രദേശങ്ങളിൽനിന്നു വന്നുചേൎന്നവരാണു് അവർ എന്നു് ഒരുകൂട്ടരും; സ്വദേശീയരാണെന്നു് മറെറാരുകൂട്ടരും അഭിപ്രായപ്പെടുന്നു. എന്നാൽ അവർ വടക്കേഏഷ്യയിലോ, മദ്ധ്യഏഷ്യയിലോ വസിച്ചിരുന്ന ഒരു സംഘം സഞ്ചാരപ്രിയരായ ആളുകൾ ആയിരുന്നു എന്നാണു പരക്കെ സ്വീകൃതമായ അഭിപ്രായം. മഞ്ഞനദിയുടെ തീരപ്രദേശങ്ങൾ അധിവാസയോഗ്യമായി അവർ തെരഞ്ഞെടുത്തു സ്വതന്ത്രമായ ഒരു പരിഷ്കൃതജീവിതം ആരംഭിച്ചു.

പ്രധാനമായി ചൈനയിലെ ജനങ്ങൾ ആറു വർഗ്ഗക്കാരാണു്. അവ ഹാൻവർഗ്ഗം, മയോവർഗ്ഗം, മാഞ്ചുവർഗ്ഗം, മംഗോൾവർഗ്ഗം, മുസ്ലീംവർഗ്ഗം, ററിബെററൻവർഗ്ഗം എന്നിവയാണു്. സാക്ഷാൽ ചൈനയിൽ വാസമുറപ്പിച്ചിരുന്ന ഹാൻവർഗ്ഗക്കാരാണു് പ്രധാനമായി സാമ്രാജ്യത്തിലെ അതിപുരാതന ജനങ്ങൾ. ചൈനയുടെ ചരിത്രത്തിൻെറയും നാഗരികതച്ചത്തിൻെറയും പ്രാതിനിധ്യം വഹിക്കുന്നതു് ഈ വർഗ്ഗക്കാരാണെന്നു പറയാം.

മയോവർഗ്ഗത്തിൽ പല ഉപശാഖകളുണ്ടു്. എണ്ണത്തിൽ വളരെ കുറഞ്ഞ ഒരു പുരാതനവർഗ്ഗമാണെങ്കിലും

അവർ പുരോഗമനന്തല്പരരല്ല. ഒരുകാലത്തു് അവർ സാമ്രാജ്യം മുഴുവനും വ്യാപിച്ചിരുന്നു. കാലാന്തരത്തിൽ കിഴക്കുപടിഞ്ഞാറുള്ള പർവ്വതപ്രദേശങ്ങളിൽ സ്ഥിരവാസമുറപ്പിച്ചു. ചിലർ ഹാൻവർഗ്ഗവുമായി സങ്കരപ്പെട്ടു. മാഞ്ചുവർഗ്ഗക്കാർ മഞ്ചൂറിയാനിവാസികളും ഒരു പുതിയ വർഗ്ഗക്കാരുമാണു്. ഭൂരിഭാഗവും ഹാൻവർഗ്ഗവുമായി ഇടകലന്നിട്ടുണ്ടു്.

മംഗോൾ വർഗ്ഗക്കാർ മംഗോളിയ ദേശക്കാരാണെന്നു് അവരുടെ സംജ്ഞകൊണ്ടുതന്നെ ഗ്രഹിക്കാം. അവർ എണ്ണത്തിൽ വളരെ കുറഞ്ഞ ഒരു വർഗ്ഗമാണു്. ഇക്കൂട്ടരിലും അധികം പേർ ഹാൻവർഗ്ഗത്തിൽ ചേർന്നിട്ടുണ്ടു്.

ചീനടർക്കിസ്ഥാനിലും, സിൻകിയാങ്ങിലും നിവസിക്കുന്നവരാണു് മുസ്ലീംവർഗ്ഗം. അവർ പ്രാരംഭകാലത്തു് കുടിയേറിപ്പാർത്ത വിദേശീയരായിരുന്നു. ക്രമേണ അവർ ഹാൻവർഗ്ഗവുമായി കലർന്നു എങ്കിലും ഇപ്പോഴും ഒരു പുരാതന വർഗ്ഗമായി കരുതുന്നു.

ററിബററിൽ വസിക്കുന്ന വർഗ്ഗക്കാരാണു് ററിബററൻ വർഗ്ഗം. അവരുടെ സംഖ്യ പരിമിതമാണു്. പല വർഗ്ഗങ്ങളായി ചൈനയിലെ ജനതതിയെ വേർതിരിക്കാം. എന്നാൽ അവക്കു തമ്മിൽ വ്യത്യാസങ്ങളോ, പ്രത്യേകതകളോ അധികമൊന്നുമില്ല. സാമ്രാജ്യത്തിന്റെ അഭിവൃദ്ധിക്കും, പ്രതിഷ്ഠാപനത്തിനും ഈ വർഗ്ഗക്കാരെല്ലാവരും ഒന്നുപോലെ കാരണഭൂതരുമാണു്.

താവോമതം, കൺഫ്യൂഷിയസ്സ്മതം, ബുദ്ധമതം ഇവയാണു് ചൈനയിൽ പ്രാധാന്യമർഹിക്കുന്ന പ്രാചീന മതങ്ങൾ.

ചൈനയിലെ ഒരു വിഭാഗം ആളുകൾ താവോമതാനുയായികളാണ്. ക്രി. മു. ആറാം ശതകത്തിൽ ജീവിച്ചിരുന്ന ലവോതസ് ആയിരുന്നു അവരുടെ നേതാവ്. സൂര്യചന്ദ്രാദികൾ തുടങ്ങിയവയാണ് അക്കൂട്ടരുടെ ആരാധനാമൂർത്തികൾ. ചക്രവർത്തി ആരാധനാമൂർത്തികളുടെ പ്രതിനിധിയും, അമ്പലം സ്വർഗ്ഗവുമായി അവർ കരുതുന്നു. അതാണു ചീനർ സ്വർഗ്ഗഭൂമിയെന്നു അവരുടെ നാടിനെ വിളിക്കുന്നതു്. താവോമതം കർമ്മമാർഗ്ഗമാണു് ഉപദേശിക്കുന്നതു്. സ്വമതത്തെപ്പററി പല ഗ്രന്ഥങ്ങളും ലാവോതസ് രചിച്ചിട്ടുണ്ടു്.

10603

ക്രി. മു 5-ാംശതകത്തിലാണു് കൺഫ്യൂഷിയസ്സ് മതത്തിൻെറ ഉദ്ഭവം. മനുഷ്യസമുദായത്തിൻെറ സംസ്കാരങ്ങളുടെ യൌവനാരംഭമായിരുന്നു ആ കാലഘട്ടം. കലങ്ങിമറിഞ്ഞ ആ അന്തരീക്ഷത്തിൽ തത്വജ്ഞാനികളും ആചാര്യന്മാരും ചൈനയിൽ ആവശ്യമായിരുന്നു. ഷാൻടുങ്ങിൽ, കിൻഫോ പട്ടണത്തിലെ ഒരു പ്രഭുകുടുംബത്തിലാണു മഹാനായ കൺഫ്യൂഷിയസ്സിൻെറ ജനനം. അദ്ദേഹത്തിൻെറ പിതാവു് 'ലു' രാജ്യത്തെ ഒരു ഉദ്യോഗസ്ഥനായിരുന്നു. കൺഫ്യൂഷിയസ്സിനു് മൂന്നു വയസ്സു പ്രായമായപ്പോൾ പിതാവു ചരമമടഞ്ഞു. വിദ്യാഭ്യാസം സ്വയം നിർവ്വഹിച്ചു് ആ ബാലൻ പത്തൊൻപതാമത്തെ വയസ്സിൽ ഒരു ചെറിയ ഉദ്യോഗത്തിൽ പ്രവേശിച്ചു. അക്കാലത്തുതന്നെ വിവാഹിതനുമായി. ഒരു ആദർശവാദിയായിരുന്ന കൺഫ്യൂഷിയസ്സിൻെറ ഗുണഗണങ്ങൾ ഗ്രഹിച്ചു് 'ലു'വിലെ നാടുവാഴി അദ്ദേഹത്തിനു ഉയർന്ന ഉദ്യോഗങ്ങൾ നല്കി. ചില പ്രഭുജനങ്ങൾക്കു അതിൽ കൺഫ്യൂഷിയസ്സിനോടു കാലുഷ്യം ജനിച്ചു. അദ്ദേഹത്തിൻെറ ആദർശവാദങ്ങളിൽ അവർ അസംതൃപ്തരായി. താമസം വിനാ അവരുടെ ദുഷ്പ്രേരണയാൽ കൺഫ്യൂഷിയസ്സ്

ഉദ്യോഗത്തിൽനിന്നും വിരമിക്കാൻ നിർബന്ധിതനായി. അനന്തരം പല രാജ്യങ്ങളിലും അദ്ദേഹം ഉദ്യോഗാർത്ഥം ചുററിത്തിരിഞ്ഞു. എങ്കിലും ആ ആദർശവാദിയുടെ സേവനങ്ങൾ മററു നാട്ടുവാഴികളാരും ആവശ്യപ്പെട്ടില്ല. സ്വഭവനത്തിലേക്ക് മടങ്ങി അദ്ദേഹം ആദർശങ്ങളും തത്വങ്ങളും പ്രചരിപ്പിച്ചു എഴുപത്തിനാലു വയസ്സുവരെ ജീവിച്ചിരുന്നു. കൺഫ്യൂഷിയസ്സിൻെറ കുടുംബാംഗങ്ങളായി പലരും ഇന്നും അവിടെ ജീവിച്ചിരിപ്പുണ്ട്. ആ മഹാൻെറ ശവകുടീരത്തിൽ സ്ഥാപിച്ചിട്ടുള്ള വിഹാരത്തിൽ അച്ചനകളപ്പിക്കാൻ ധാരാളം തീർത്ഥയാത്രക്കാർ എത്താറുണ്ട്. ആ വിഹാരത്തിനുള്ളിൽ സുമനോഹരമായ അസംഖ്യം വിശിഷ്ടസാധനങ്ങൾ കാണാം. കൺഫ്യൂഷിയസ്സ് മതം ജ്ഞാനമാർഗ്ഗത്തെ ഉപദേശിക്കുന്നു. കൺഫ്യൂഷിയസ്സ് നിരാശാഭരിതനായിട്ടാണ് മരിച്ചതെങ്കിലും അദ്ദേഹത്തിൻെറ ഉപദേശങ്ങൾക്ക് ഒരു പ്രഭാവമുണ്ടായിരുന്നു. അതു ചൈനയുടെ പ്രതിഷ്ഠാപനത്തിനു പ്രേരകമായ തത്വസംഹിതകളിൽ ഒന്നായി ഭവിച്ചു. ഒരു മഹനീയ ലോകസൃഷ്ടിക്ക മനുഷ്യരെ ഉൽകൃഷ്ടരാക്കിത്തീക്കണമെന്നുദ്ദേശിച്ചു അവരുടെ നടപടി നിയന്ത്രിക്കാൻ ഉചിതമായ ആചാരനിഷ്ഠകൾ അദ്ദേഹം ഉണ്ടാക്കി. ആത്മസംയമനത്താൽ സുരക്ഷിതനായ ഒരു പുരുഷൻെറ മാതൃക അദ്ദേഹം വ്യക്തമാക്കി. സവ്വരും ലൌകികകാര്യങ്ങളിൽ ഇടപെടണമെന്ന് അദ്ദേഹം ഉൽബോധിപ്പിച്ചു. എന്തെങ്കിലും അമാനുഷികശക്തി തനിക്കുണ്ടെന്നു അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നില്ല. ദൈവത്തെക്കുറിച്ചോ മരണാനന്തരമുള്ള ജീവിതത്തെക്കുറിച്ചോ പ്രസംഗിക്കാൻ അദ്ദേഹം വിമുഖനായിരുന്നു. അദ്ദേഹം രചിച്ച ഗ്രന്ഥങ്ങൾ വളരെ വിശുദ്ധങ്ങളായി ചീനർ കരുതുന്നു.

ക്രി. മു. 202-ാം ക്രിസ്ത്വബ്ദം 220-നും മദ്ധ്യേ ഹാൻ രാജവംശത്തിൻെറ ഭരണകാലത്താണു് ബുദ്ധശിഷ്യഗണങ്ങൾ മതതത്വങ്ങളും വഹിച്ചുകൊണ്ടു് ചൈനയിൽ എത്തിയതു്. ബുദ്ധമതതത്വങ്ങളും മാർഗ്ഗങ്ങളും നവവും, ലളിതവും സുഗമവുമായിരുന്നതിനാൽ അതു അതിവേഗം ചൈനയിൽ പ്രചരിച്ചു മനോഹരമായ ബുദ്ധവിഹാരങ്ങളും, അമ്പലങ്ങളും, സന്യാസിമഠങ്ങളും, ആതുരാലയങ്ങളും നിരവധി അവിടെയെങ്ങും വ്യാപിച്ചു. ബുദ്ധവിഹാരങ്ങളും അമ്പലങ്ങളും പണികഴിപ്പിച്ചിട്ടുള്ളതു പ്രകൃതിസുഭഗങ്ങളായ കുന്നുകളിലായിരിക്കും. മഞ്ഞിയവെള്ളതേച്ച കെട്ടിടങ്ങളിൽ ധാരാളം വിചിത്രപ്പണികൾ ചെയ്തിരിക്കും. മേൽക്കൂര സാധാരണമായി വളഞ്ഞതാണു്. അതിൽ പല രൂപങ്ങളും കൊത്തിയിട്ടുണ്ടു്. അമ്പലത്തിനുള്ളിൽ പ്രധാന പ്രവേശനദ്വാരത്തു പലവിനോദങ്ങളും കാണാം. സൂര്യരശ്മികൾ പതിക്കുമ്പോൾ വിഗ്രഹങ്ങളുടെ കണ്ണുകളിൽ പതിച്ചിട്ടുള്ള രത്നങ്ങൾ പ്രതിഫലിക്കുന്നതു ഭക്തരെ ആകർഷിക്കുന്നതിനാണെന്നു ചീനർ വിശ്വസിക്കുന്നു. കുഞ്ഞുങ്ങളും സ്ത്രീകളും സായാഹ്നസമയം അമ്പലത്തിനുള്ളിൽ തിങ്ങിക്കൂടും. ചീനക്കു വ്രതാനുഷ്ഠാനങ്ങളും ഒട്ടും കുറവല്ല. ചില ആളുകൾ ഘോരവ്രതങ്ങൾ അനുഷ്ഠിക്കും. അതിൻെറ പരിപൂർത്തിയ്ക്കു പല കഠിനപ്രവൃത്തികൾ ചെയ്യുവാനുമുണ്ടു്. ബുദ്ധമതത്തിൻെറ ക്രമാതീതമായ വളർച്ച, ചില ചക്രവർത്തിമാരുടെ കാലത്തുണ്ടായ പീഡനങ്ങൾ എന്നിവയെക്കുറിച്ചു വിശദമായി അടുത്ത അദ്ധ്യായത്തിൽ നിന്നും ഗ്രഹിക്കാം.

ചൈനയിൽ ക്രിസ്തുമതത്തിനും പ്രചാരം സിദ്ധിച്ചിട്ടുണ്ടു്. ക്രിസ്തുമതം ചൈനയിൽ പ്രചരിപ്പിച്ചതു നെസ്തോറിയൻപാതിരിമാർ മുഖാന്തരം ക്രിസ്ത്വബ്ദം ആറാംശത

കത്തിൽ ആയിരുന്നു. വളരെക്കാലം കഴിഞ്ഞു പോർട്ടു ഗീസുകാരുടെ വരവോടുകൂടിയാണ് അഭിവൃദ്ധി ഉണ്ടായത്. ആകെ നാല്പതു ലക്ഷത്തിൽപരം ക്രിസ്ത്യാനികൾ ഇന്നു ചൈനയിൽ ഉണ്ട്. റാബാൻ എന്നു പേരായ ഒരു നെസ്തോറിയൻ പുരോഹിതനാണ് ക്രിസ്തുമതവുമായി ആദ്യം ചൈനയിലെത്തിയത്. ടാങ് വംശജനായ തായ് ടസങ് ചക്രവർത്തി അദ്ദേഹത്തെ ഉപചരിക്കുകയും, ഇരുപത്തൊന്നു പുരോഹിതന്മാർക്കു പാർക്കുന്നതിനു സന്യാസിമഠവും ആരാധനക്കു പള്ളിയും നിർമ്മിച്ചു കൊടുക്കുകയും ചെയ്തു. തായ് ടസങിന്റെ അനന്തരഗാമിയുടെ വാഴ്ചക്കാലത്തും ക്രിസ്തുമതത്തിനു വേണ്ട പ്രോത്സാഹനം ലഭിച്ചു. റാബാനെ സാമ്രാജ്യത്തിലെ മതസംരക്ഷകനായി നിയമിച്ചു. ഏതാനും പള്ളികൾ നിർമ്മിച്ചുകൊള്ളുന്നതിനും ചക്രവർത്തി അദ്ദേഹത്തിന് അനുമതി നല്കി. ക്രിസ്ത്വബ്ദം 1625-ൽ ഷെൻസിജില്ലയിൽ ഗൃഹനിർമ്മാണത്തിന് അസ്ഥിവാരം കഴിച്ചപ്പോൾ പ്രസ്തുത സംഭവങ്ങളെ രേഖപ്പെടുത്തുന്ന ഒരു രാജശാസനം കണ്ടെടുക്കപ്പെട്ടുവത്രെ.

ഒരു മിഷനറിയായ റാബർട്ടു മോറിസനാണ് ചൈനയിലെ തീരപ്രദേശങ്ങളിൽ ക്രിസ്തുമതം പ്രചരിപ്പിച്ചതു. അതിനുശേഷം ഹട്സൻ ടയിലറും മററു മിഷനറിമാരും അദ്ദേഹത്തെ പിന്തുടർന്നു. ആരംഭകാലത്ത് ബുദ്ധമതാനുയായികളായ ചീനക്കു ക്രിസ്ത്യാനികളോട് വൈരസ്യം ജനിച്ചു. അവർ പല വിഷമതകൾക്കും വിധേയരായി. മതപ്രചരണാർത്ഥം ചെന്നുചേർന്ന മിഷനറിമാർ രാഷ്ട്രീയ കാര്യങ്ങളിലും പങ്കെടുക്കാതിരുന്നില്ല. അതു അവരുടെ മതപ്രവർത്തനങ്ങൾക്കു പലപരാജയങ്ങളും സംജാതമാക്കി.

15-ാം ശതകത്തിൽ ഭരിച്ചിരുന്ന ടാങ് ചക്രവർത്തിമാരും ക്രിസ്തുമതത്തിനു ഗണ്യമായ പ്രോത്സാഹനം നല്കി.

ക്രിസ്ത്വബ്ദം 16-ാംശതകത്തിന്റെ അന്ത്യഘട്ടത്തിലെത്തിയ ക്രിസ്ത്യൻമിഷനറിമാർ ബുദ്ധമതപ്രചരണം ശക്തിയുക്തം എതിർത്തു. മിഷനറിമാരിൽ പ്രധാനിയായിരുന്ന മാത്യു റിക്കി പ്രശസ്തനായ ഒരു ബൌദ്ധപുരോഹിതനുമായി തത്സംബന്ധം പല വാദപ്രതിവാദങ്ങളിലുമേർപ്പെട്ടു. മതപരിവർത്തനം ചെയ്തവരിൽ ഗണനീയനായ സൂകപാങ്ങ്കി, റിക്കിയുടെ ഒരു വാത്സല്യഭാജനമായിരുന്നു. അദ്ദേഹം ബുദ്ധമതത്തെയും പൂർവ്വികന്മാരെ ആരാധിക്കുന്ന ചീനരുടെ പതിവിനെയും പരാമർശിച്ചു പല രേഖകൾ പ്രസിദ്ധപ്പെടുത്തി ജനതാമദ്ധ്യേ ഒരിളക്കമുണ്ടാക്കി.

ക്രിസ്ത്വബ്ദം 19-ാംശതകമായപ്പോൾ ഈ അവശതകൾ പരിഹരിക്കപ്പെട്ടു. ക്രിസ്തുമതവും ഇപ്പോൾ ചൈനയിൽ ഒരു പ്രധാനമതമായിത്തീർന്നിട്ടുണ്ട്. അതു അവർക്കു ജീവശക്തി നല്കുന്ന ഒന്നാണെന്നു ചിലർ അഭിപ്രായപ്പെടുന്നു.

ചൈനയിലെ ക്രിസ്ത്യാനികളിൽ പല വിഭാഗക്കാരുണ്ട്. എങ്കിലും അവർ യോജിച്ചു വിദ്യാഭ്യാസത്തിനും സാമുദായികപുരോഗമനത്തിനുമായിപ്രവർത്തിക്കുന്നു. കലാലയങ്ങൾ, ആതുരാലയങ്ങൾ, അനാഥശിശുക്കൾക്കു സംരക്ഷണാലയങ്ങൾ തുടങ്ങി പല സ്ഥാപനങ്ങളും അവർ നടത്തുന്നു. ഭരണക്രമത്തിന്റെ ഇന്നത്തെ മേധാവി ജനറാലിസിമോ ച്യാങ്ങ് കയ്ഷയ്ക്കും അദ്ദേഹത്തിന്റെ പത്നി മാഡം ച്യാങ്ങ് കയ്ഷയ്ക്കും ക്രിസ്തുമതാവലംബികളാണ്.

ക്രിസ്ത്വബ്ദം 7-ാംനൂററാണ്ടിനോടടുത്തു മഹമ്മദുമതം ചൈനയിൽ പ്രചരിച്ചുതുടങ്ങി. ചീനരിൽ മഹമ്മദീയർ അസംഖ്യമുണ്ട്. ചീന ടർക്കിസ്ഥാനിലും, സിൻകിയാങ്ങിലും

അവർ തിങ്ങിപ്പാർക്കുന്നു. ടാങ്ങ്‌വംശജനായ തായ്ടസങ്ങിന്റെ വാഴ്ചക്കാലത്തു് കാൻറൻ നഗരത്തിൽ മനോഹരമായ ഒരു മുസ്ലീംപള്ളി പണിയിച്ചു. അതു ഇന്നു് വളരെ പഴക്കമേറിയ ഒരു പള്ളിയാണു്. തായ്ടസങ്ങിനു ശേഷം ഭരിച്ച താവോമതാനുയായി വുട്സങ്ങ് ചക്രവത്തിയിൽ നിന്നു മഹമ്മദീയർക്കു് പല പീഡനങ്ങളും അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്.

ചീനക്കു മതസഹിഷ്ണുത അത്യധികമാണു്. ഒരു വീട്ടിൽ തന്നെ ഭിന്നമതങ്ങളിൽപ്പെട്ട ആളുകളുണ്ടാകും. അവർ തമ്മിൽ അഭിപ്രായഭിന്നതകളോ വഴക്കുകളോ ഇല്ലാതെ സൗഹാർദ്ദത്തിൽ കഴിയുന്നു. ചൈനയിൽ നിരീശ്വരന്മാരും ധാരാളം ഉണ്ടു്.

ചൈനയിലെ ശരിയായ ജനസംഖ്യ തിട്ടപ്പെടുത്താൻ പ്രയാസമാണു്. വ്യവസ്ഥാപിത ഏർപ്പാടുകളില്ല ജനസംഖ്യ എടുക്കുന്നതിനുള്ള അപ്രാപ്തി അല്ല അതിനു കാരണം. പ്രത്യുത, ജനങ്ങളുടെ അനിശ്ചിതവും നിയന്ത്രണാതീതവുമായ സംഖ്യയാണു്. ജനസംഖ്യ എടുക്കുന്നതു ഒരു അശുഭലക്ഷണമായിട്ടാണു ചീനർ കരുതുക. ക്രി. മു. ഒൻപതാം ശതവർഷത്തിലെ ജനസംഖ്യ 220 ലക്ഷമായിരുന്നു. ക്രിസ്ത്വബ്ദം ഒന്നാം ശതവർഷമായപ്പോഴേക്കും അതു 800 ലക്ഷമായി. നിർബന്ധസൈന്യസേവനത്തിൽ നിന്നും കരം കൊടുക്കുന്നതിൽനിന്നും രക്ഷനേടാൻ കുടുംബാംഗങ്ങളുടെ കണക്കുസംഖ്യ വെളിപ്പെടുത്തുന്നതിനു ചീനർ വിരസത കാണിച്ചു. പോസ്റ്റാഫീസ്സു്, ചുങ്കസ്ഥലങ്ങൾ എന്നിവ വഴി ഒരു ഏകദേശജനസംഖ്യ എടുക്കാനുള്ള സംരംഭം നടന്നിട്ടുണ്ടു്. എങ്കിലും ആഭ്യന്തരഭരണസമിതിയുടെ കണക്കനുസരിച്ചു് 1928-ലെ ജനസംഖ്യ 474, 787, 386, (4750 ലക്ഷം) ആണെന്നു തിട്ടപ്പെടുത്തിയിരിക്കുന്നു.

III

# പൂർവ്വചരിതം

ചൈനയുടെ ദുർജ്ഞേയമായ ആദിമചരിതം മഹത്തായ ഐതിഹ്യങ്ങൾകൊണ്ടു നിറഞ്ഞതാണ്. അതനുസരിച്ച് 'പൻകു' എന്ന ഒരു ദിവ്യപുരുഷനാണ് ലോകം സൃഷ്ടിച്ചതും ഭരിച്ചതും എന്നു ചീനർ വിശ്വസിക്കുന്നു. അദ്ദേഹത്തിന് അസംഖ്യം കാലുകളും കൈകളും ഉണ്ടായിരുന്നു എന്നും, അദ്ദേഹത്തിനുശേഷം പുരാണപ്രസിദ്ധരായ പതിനെട്ടു ചക്രവർത്തിമാർ ഭരിച്ചു എന്നും, പറയപ്പെടുന്നു. ക്രി. മു. 2697-നു മുമ്പാണ് ഈ സംഭവങ്ങൾ എന്നല്ലാതെ ഓരോരുത്തരുടേയും ജീവിതകാലം നിർണ്ണയിക്കാൻ തെളിവുകളില്ല. പക്ഷേ ഈ കഥകളെല്ലാം വെറും അനുമാനങ്ങളിൽ അധിഷ്ഠിതങ്ങളായിരിക്കാം. ഏതായാലും ഹ്വാങ്തിയുടെ ഭരണകാലമായ ക്രി. മു. 2697 മുതല്ക്കാണ് ചൈനയുടെ സംഭവബഹുലമായ ചരിതം ആരംഭിക്കുന്നത്. ചീനരുടെ നിറവും, അവർ ഇഷ്ടപ്പെടുന്ന നിറവും മഞ്ഞയാണ്. ചക്രവർത്തിയും പീതാംബരങ്ങളാണ് ധരിച്ചിരുന്നത്. അതാണ് ഹ്വാങ്തിയെ പീതചക്രവർത്തി എന്നു വിളിക്കാൻ കാരണം. പീതചക്രവർത്തിക്കുമുമ്പ് ചൈന പല വർഗ്ഗക്കാരടങ്ങിയ ഒരു രാജ്യമായിരുന്നു. സ്വേച്ഛാധിപത്യത്തിനു അവർ തമ്മിൽ കലഹിക്കും. പരിഷ്കൃതരോ സാമുദായികാചാരങ്ങൾ അനുസരിക്കുന്നവരോ ആയിരുന്നില്ല അവർ. പീതചക്രവർത്തി

ഈ വർഗ്ഗക്കാരെ ഏകോപിപ്പിച്ച് രാജ്യാക്രമണത്തിനെ ത്തിയ വിദേശീയരെ പലായനം ചെയ്യിക്കുകയും അതി ർത്തി വിസ്തൃതമാക്കി ഒരു നവീനസാമ്രാജ്യം സൃഷ്ടിക്കു കയും ചെയ്തു. പഞ്ചാംഗം കൃഷിയുടെ ആവശ്യമനുസരിച്ച് ഭേദപ്പെടുത്തി. അതു ചക്രവർത്തിയുടെ അധികാരസീമ യിൽ ഉൾപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിൻെറ കാലം മുതലാണു് ചീനവർഷത്തിൻെറ ആരംഭം. ചീനവർഷം 1-മുതൽ 100-വരെ അദ്ദേഹം സാമ്രാജ്യം ഭരിച്ചു. അതിനു ശേഷം നാടുവാണ ചക്രവർത്തിമാരുടെ വാഴ്ച പിന്നീടു തുടൎന്നു കണക്കാക്കിവന്നു. പീതചക്രവർത്തിയുടെ രാജ്ഞി യാണ് പട്ടുനൂൽ പുഴുക്കളെ വളർത്തി നൂലെടുത്തു പട്ടു നെയ്യുന്നതിനു് ആരംഭിച്ചതു്. സാംസ്കാരികവും, ഭരണ പരവുമായ നിയമങ്ങൾകൊണ്ടു് സാമ്രാജ്യം പുരോഗമനോ ന്മുഖമായി. പീതചക്രവർത്തിയാണു് ചൈനയുടെ സം സ്ഥാപകൻ. ചീനർ ഈ ചക്രവർത്തിയുടെ വംശജരെന്നു് അഭിമാനിക്കുന്നു.

ബാഹുവീര്യംകൊണ്ടാണു് സാമ്രാജ്യം സൃഷ്ടിച്ചതെ ങ്കിലും, കർമ്മകുശലതയും ധർമ്മനിരതത്വവും കൊണ്ടാണു് അദ്ദേഹം ഭരണം നടത്തിയതു്. അദ്ദേഹത്തിൻെറ പിൻ ഗാമികളും ഈ ആദർശങ്ങൾക്കു വിധേയരായി ക്രി. മു. 2597-മുതൽ 2358-വരെ നാടുവാണു. പീതചക്രവർത്തി യുടെ അവസാനവംശജൻ 'ററിച്ചിച' എന്ന ചക്രവർത്തി യായിരുന്നു. അദ്ദേഹത്തിൻെറ ദുർഭരണത്തിൽ കലുഷിത രായ ജനങ്ങൾ 'യാഒവാ'യെ ചക്രവർത്തിയാക്കി. അദ്ദേഹം വളരെക്കാലം അതിപ്രശസ്തമായി സാമ്രാജ്യംഭരിച്ചു് സ്ഥാ നത്യാഗംചെയ്തു. അനന്തരം അദ്ദേഹത്തിൻെറ അനന്തര ഗാമിയായി 'ഷൺ' സിംഹാസനാരൂഢനായി. രണ്ടു ചക്രവർത്തിമാരും തുടൎന്നു ക്രി. മു. 2357-മുതൽ 2206-വരെ

ഭരിച്ചു. അവരുടെ ഭരണം സാമ്രാജ്യചരിത്രത്തിൽ ശോഭനവും, സുസ്മരണീയവുമായ ഒരു കാലഘട്ടം കുറിക്കുന്നു. അവർ അജയ്യമായ വ്യക്തിവിലാസവും ധർമ്മനിഷ്ഠയുമുള്ളവരായിരുന്നു. കൺഫ്യൂഷിയസ്സും, മെൻസിയസ്സും അവരെപ്പററി കീർത്തിക്കുകയും ഭരണം ഏററവും ആദർശപരമായിരുന്നു എന്നു രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

'ഷൺ' സ്ഥാനത്യാഗം ചെയ്തു സാമ്രാജ്യം 'യു' വിനെ ഏല്പിച്ചു. അദ്ദേഹം യാവോ, ഷൺ, എന്നീ ചക്രവർത്തിമാരുടെ ഒരു മന്ത്രിയായിരുന്നു. ചക്രവർത്തിപദം അലങ്കരിച്ചശേഷം കാലോചിതമായ പലപരിഷ്കാരങ്ങൾ അദ്ദേഹം നടപ്പിൽ വരുത്തി. പ്രധാനപ്പെട്ട നദികളുടെ പതനസ്ഥലം വിസ്തീർണ്ണപ്പെടുത്തിയും പല തോടുകൾ വെട്ടിച്ചും അസാധാരണമായുണ്ടാകുന്ന വെള്ളപ്പൊക്കം തടയാനുദ്യമിച്ചു. നീതിപൂർവ്വം ന്യായം നടത്തി. ജനങ്ങൾക്കു ചക്രവർത്തിസന്നിധിയിൽ സങ്കടമുണർത്തിക്കുന്നതിനു, കൊട്ടാരവാതിലിൽ ഒരു മണി കെട്ടിത്തൂക്കി. അതിന്റെ നാദശ്രവണമാത്രയിൽ അദ്ദേഹം ആവലാതി കേൾക്കാൻ സന്നിഹിതനായി സങ്കടപരിഹാരം വരുത്തുമായിരുന്നു. പ്രായാധിക്യത്താൽ എട്ടുവർഷത്തെ ഭരണം കഴിഞ്ഞപ്പോൾ അദ്ദേഹം 'പൊയി' എന്ന മന്ത്രിയെ രാജ്യം ഏല്പിക്കാനൊരുമ്പെട്ടു. എന്നാൽ ജനങ്ങളുടെ ഇഷ്ടാനുസരണം ചക്രവർത്തിയുടെ 'ചി' എന്ന പുത്രനെ അനന്തരഗാമിയാക്കി അവരോധിച്ചു. അന്നുമുതൽ സിംഹാസനം പരമ്പരാഗതമായിത്തീർന്നു.

'സ്യു' ചക്രവർത്തിയാണ് ചൈനയിലെ ആദ്യത്തെ രാജവംശസ്ഥാപകൻ. ആ രാജവംശത്തിന്റെ പേർ 'ഹിസ്യാ' എന്നായിരുന്നു. ക്രി. മു. 2205-മുതൽ 1766-

വരെ ആ വംശത്തിൽ 12 തലമുറകളായി, 17 ചക്രവർത്തിമാർ സാമ്രാജ്യം ഭരിച്ചു. കൃഷി, കന്നുകാലിവളർത്തൽ കൈത്തൊഴിൽ മുതലായവ അഭിവൃദ്ധി പ്രാപിച്ചു. പിതൃശ്രാദ്ധം നടത്തുക, പ്രകൃതിയെ ആരാധിക്കുക തുടങ്ങിചില പ്രധാന അനുഷ്ഠാനങ്ങൾ അന്നു നിലവിലിരുന്നു. ഹിസ്യാ രാജവംശത്തിലെ അവസാന ചക്രവർത്തി 'ഷി'യുടെ ദുർഭരണത്താൽ സുഖാനുഭോഗപ്രിയനായിരുന്ന അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കി 'ചെൻതങ് പ്രഭു' രാജ്യം കൈവശപ്പെടുത്തി. അദ്ദേഹം 'ഷാങ്' രാജവംശം സ്ഥാപിച്ചു. ക്രി. മു 1766-മുതൽ 1122-വരെ 644 വർഷം ഷാങ് വംശത്തിൽ പല തലമുറകളിലായി ഇരുപത്തെട്ടു ചക്രവർത്തിമാർ നാടുവാണു. ആക്കാലത്തു സാമ്രാജ്യം കുറേക്കൂടി വിസ്തൃതമാക്കി. 'ഷാങ്' വംശത്തിലെ ഒടുവിലത്തെ ചക്രവർത്തി 'ഷൗ' ദുർവൃത്തനും, വിടനുമായിരുന്നു. 'ഫാ' പ്രഭു അദ്ദേഹത്തെ അമർച്ചചെയ്തു ചക്രവർത്തിയായി 'ചൗ' രാജവംശം സ്ഥാപിച്ചു. ക്രി. മു 1122 മുതൽ 246 വരെ 876 വർഷം 33 തലമുറകളായി 37 ചക്രവർത്തിമാർ ഭരണം നടത്തി. ലോകചരിത്രത്തിൽ ഇത്ര ദീർഘകാലം രാജ്യം ഭരിച്ച മറെറാരു രാജവംശവുമില്ലെന്നു പറയപ്പെടുന്നു

ചീനസംസ്കാരത്തിന്റെ നവദശയായിരുന്നു 'ചൗ' രാജവാഴ്ചക്കാലം. അതു സ്വാതന്ത്ര്യചിന്തയുടെയും ജ്ഞാനത്തിന്റെയും കാലമായിരുന്നു. ക്രി. മു. ആറാംശതകത്തിലാണു് ഷാൻറുങ്ങിൽ ചൈനയിലെ മതസ്ഥാപകനായ കൺഫ്യൂഷിയസ്സിന്റെ ജനനം. വ്യക്തികളെക്കാൾ സമുദായമാണു പ്രധാനമെന്നും ചക്രവർത്തി ദേവാംശജനാണെന്നും അദ്ദേഹം ധരിപ്പിച്ചു. ജനങ്ങളിൽ ചക്രവർത്തിയോടുള്ള ഭക്തി വർദ്ധിപ്പിച്ചതും ഈ മഹാനായിരുന്നു. കൺഫ്യൂഷിയസ്സ് തെരഞ്ഞെടുത്ത 311 ഗാനങ്ങളാണു്

ചീനരുടെ വിശുദ്ധഗ്രന്ഥമായിത്തീന്നു. 'മെൻസിയസ്' 'മോത്സു' 'ച്വൂങ്ങ്ത്സു' തുടങ്ങി ഗണനീയരായ പല മഹാപുരുഷന്മാരും ഈ കാലഘട്ടത്തു ജീവിച്ചിരുന്നു.

അക്കാലത്തെ പ്രധാനസംഭവം ചില വ്യവസ്ഥാപിത പദ്ധതികളനുസരിച്ച് ഭൂമി വിഭജനം ചെയ്തതാണ്. ചിതചക്രവത്തിയുടെ കാലം മുതൽ നടപ്പിൽ വരുത്തിയ ആ സാമന്തപദ്ധതി 'ഹിസ്യാ' 'ഷാങ്' മുതലായ രാജവംശങ്ങളുടെ കാലത്തു വികസനം പ്രാപിച്ചു. എന്നാൽ പൂണ്ണവളച്ച് പ്രാപിച്ചതു 'ചൌ' രാജവാഴ്ചയുടെ കാലത്താണ്. സാമ്രാജ്യം അഞ്ചു പ്രവിശ്യകളായും അതിനെ വീണ്ടും ചെറിയ രാജ്യങ്ങളായും വിഭജിച്ചതാണ് ഒരു പദ്ധതി. ഭൂമിയുടെ പൂണ്ണാവകാശം രാഷ്ട്രത്തിനായിരുന്നു. കേന്ദ്രഭരണസമിതിയുടെ നിയന്ത്രണത്തിൽ ഓരോ ഭാഗവും, ഭരണം നടത്തുന്നതിനു ഇടപ്രഭുക്കന്മാരെ നിയോഗിച്ചു. ചെറിയ സമഭാഗങ്ങളായി ഭൂമി വിഭജിച്ചു കൃഷി ചെയ്യുന്നതിനു ജനങ്ങളെ ഏല്പിച്ചതാണ് മറ്റൊരു പദ്ധതി. ഇവ രണ്ടും ഒന്നിനു പുറകെ ഒന്നായി വളരെക്കാലം പ്രയോഗത്തിലിരുന്നു. കാലക്രമേണ ഭരണാധികാരികളും സ്വേച്ഛാധികാരപ്രമത്തരായി. 'ചൌ' രാജവംശത്തിന്റെ അന്ത്യദശയിൽ പ്രാധാന്യമർഹിക്കുന്ന ഏഴു പ്രവിശ്യകളിൽ 'ചിൻ' സുശക്തമായിരുന്നു. 'ചിൻ' രാജ്യാധിപതിയായിരുന്ന 'ചെൻ' മററു രാജ്യങ്ങളെ കീഴടക്കി. ക്രി. മു. 246-ൽ ചിൻ രാജവംശം സ്ഥാപിച്ചു. ഈ വംശത്തിൽനിന്നാണ് സാമ്രാജ്യത്തിനു ചൈന എന്നു പേർ സിദ്ധിച്ചതു്. ക്രി. മു. 207-വരെ ഈ രാജവംശം നിലനിന്നു. സാമ്രാജ്യത്തുനിന്നും സാമന്തപദ്ധതി നിഷ്കാസനം ചെയ്തു ചക്രവത്തിയിൽ സവ്വാധിപത്യം ഉറപ്പിച്ചു. ഏകീകൃതമായ അളവുംതൂക്കവും സാമ്രാജ്യത്തുനടപ്പിൽ വരുത്തി.

ഒരു ചീനാലിപി സൃഷ്ടിച്ചു. അനന്തരം ജനങ്ങളെ ഏകോപിപ്പിച്ച് 'അന്നാം' തുടങ്ങിയ രാജ്യങ്ങളെ കീഴടക്കി സാമ്രാജ്യം വിസ്തൃതമാക്കി. മഹാനായ അലക്സാണ്ടർ ചക്രവർത്തിയെപ്പോലെ അദ്ദേഹവും പല രാജ്യങ്ങൾ കീഴടക്കണമെന്നു മോഹിച്ചു. ആ അഭിലാഷം ഫലപ്രാപ്തിയിലെത്തിയില്ല. അതിവിസ്തൃതമായ സാമ്രാജ്യം അദ്ദേഹം പല ഉപരാജ്യങ്ങളായി ഭാഗിച്ചു. ശത്രുക്കളുടെ പ്രത്യേകിച്ചു രാക്ഷസപ്രകൃതരായ 'ടാർട്ടർ' വർഗ്ഗക്കാരുടെ ആക്രമണം പ്രതിരോധിക്കുന്നതിന്നു 1500 മൈൽ നീളമുള്ള ഒരു വലിയ മതിൽ നിർമ്മിച്ചു അതിൻെറ പൂർത്തീകരണത്തിന്നു ഏഴുലക്ഷം ആളുകളുടെ ജീവൻ ബലികഴിച്ചുവത്രേ. ക്രി. മു. 214-ലാണു് ഈ വലിയ മതിലിൻെറ പണി ആരംഭിച്ചതു്. പസഫിക സമുദ്രതീരം മുതൽ പടിഞ്ഞാറു് ഏഷ്യാഖണ്ഡത്തിൻെറ മദ്ധ്യംവരെ 1500 മൈൽ നീണ്ടു കിടക്കുന്ന ഈ വലിയ മതിൽ ലോകമഹാത്ഭുതങ്ങളിൽ ഒന്നായികരുതുന്നു. ചില ഭാഗം മലകളുടെ മുകളിൽക്കൂടിയാണു് കെട്ടിയിട്ടുള്ളതു്. 15 അടി മുതൽ 30 അടിവരെ സാധാരണ ഈ മതിലിന്നു പൊക്കമുണ്ടു്. ഒരാൾക്കു ഒരററം മുതൽ മറേറഅററംവരെ നടന്നെത്തുന്നതിന്നു രണ്ടുമാസത്തിൽ കൂടുതൽ സമയം ആവശ്യമാണു്. ഭൂമദ്ധ്യരേഖയെ ചുററി രണ്ടടി വീതി, ആറടി പൊക്കത്തിൽ ഒരു മതിൽ കെട്ടുന്നതിന്നു ആവശ്യമുള്ള കല്ലും, മണ്ണും, ഇതിന്നു ഉപയോഗിച്ചിട്ടുണ്ടെന്നു പറയപ്പെടുന്നു. സേച്ഛാധിപതിയായിരുന്ന ഈ ചക്രവർത്തിയുടെ വംശം വളരെ വേഗം സമാപിക്കുകയാണുണ്ടായതു്.

അദ്ദേഹത്തിൻെറ പുത്രനും ചിൻ'രാജവംശത്തിലെ രണ്ടാമത്തെ ചക്രവർത്തിയുമായ 'എഷ്ഷി'യുടെ ഭരണം അതിനിർദ്ദയമായിരുന്നു. സംസ്കാരപരമായകാര്യങ്ങളിൽ

അദ്ദേഹം അല്പവും താല്പര്യം പ്രദർശിപ്പിച്ചില്ല. ദാക്ഷിണ്യലേശമെന്യേ വിദ്വാന്മാരെ ജീവനോടെ സംസ്കരിച്ചു. കൺഫ്യൂഷിയസ്സിന്റെ കൃതികളുൾപ്പടെ പല അമൂല്യഗ്രന്ഥങ്ങളും കലാപരമായ ചില സുന്ദരവസ്തുക്കളും അദ്ദേഹം ചുട്ടുകരിച്ചു. അതു അദ്ദേഹത്തിന്റെ നാമധേയത്തിന് ഒരു തീരാക്കളങ്കമായിത്തീൎന്നു. പിശാചുക്കളെ ഭയന്നു ഓരോ രാത്രിയും മാറി മാറി കിടക്കുന്നതിനു് അസംഖ്യം മുറികളോടുകൂടിയ ഒരു വലിയ മന്ദിരം പണികഴിപ്പിച്ചു. പല ദ്രോഹകൃത്യങ്ങളും ചക്രവൎത്തി പ്രവൎത്തിച്ചതുകൊണ്ടു് ജനങ്ങൾ ക്ഷുഭിതരായി. ഒരു വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. വിപ്ലവകക്ഷി നേതാവായിരുന്ന 'ഹാൻകൗ' എന്നു അറിയപ്പെടുന്ന 'ലചൂ പാങ്' ഋഷിയെ സ്ഥാനഭ്രഷ്ടനാക്കി,'ഹാൻ' വംശം സ്ഥാപിച്ചു. ക്രി. മു. 206-ൽ ആരംഭിച്ചു 403 വർഷത്തോളം നീണ്ടുനിന്ന ആ വംശത്തിന്റെ ഭരണം ക്രിസ്ത്വബ്ദം 219-ൽ അവസാനിച്ചു. ഹാൻ വംശജരോടു ജനങ്ങൾക്കു സീമാതീതമായ പ്രതിപത്തിയുണ്ടായിരുന്നു. അതിധീരനും നീതിജ്ഞനുമായിരുന്ന 'ലചൂ പാങ്', 'കോ' എന്ന പേർ കൈക്കൊണ്ടു. ജനസമ്മതി നേടിയ അദ്ദേഹത്തിന്റെ ഭരണം ഒരു വ്യാഴവട്ടം നിലനിന്നു. അന്നു പല അപരിഷ്കൃതവിദേശീയവൎഗ്ഗങ്ങളും സാമ്രാജ്യത്തെ തുടരെത്തുടരെ ആക്രമിക്കാൻ തുടങ്ങി. ടാർട്ടർ വംശജരായിരുന്നു പ്രധാനികൾ. ശത്രുക്കളിൽ നിന്നും രക്ഷനേടാൻ വളരെ ശ്രമപ്പെടേണ്ടിവന്നു. അവരുമായുള്ള പോരാട്ടത്തിൽ ചക്രവൎത്തി ക്ഷതമേററു മരണമടഞ്ഞു. പൂൎവവംശജർ നശിപ്പിച്ചതിൽ ശേഷിച്ച പല പ്രാചീനഗ്രന്ഥങ്ങളും ഈ ചക്രവൎത്തി ശേഖരിച്ചു സൂക്ഷിച്ചു. പ്രജാക്ഷേമതല്പരനായിരുന്ന അദ്ദേഹത്തിന്റെ നാമധേയം ഇന്നും ചീനർ കൃതജ്ഞതാപൂൎവ്വം സ്മരിക്കുന്നു. അദ്ദേഹ

ത്തിന്റെ വാഴ്ചക്കശേഷം 'ഹാൻസന്തതികൾ' എന്ന ചീന ക്ക് ഒരഭിധാനമുണ്ടായി. അനന്തരം അദ്ദേഹത്തിന്റെ പുത്രൻ ചക്രവത്തിപദം അലങ്കരിച്ചു. എങ്കിലും പ്രായ പൂത്തിയാകാത്തതിനാൽ അതിക്രൂരയായിരുന്ന സ്വമാതാവാണു ഭരണം നടത്തിയതു്. അധികാരം നിലനിത്തുന്ന തിന്നു അവൾക്കു നിരവധി നിഷ്ഠൂരകൃത്യങ്ങളും കൊലപാതകങ്ങളും ചെയ്യേണ്ടിവന്നു. ചക്രവത്തി നേരിട്ടു ഭരണം തുടങ്ങിയപ്പോൾ ഇതിനെല്ലാം വളരെ മാററംസംഭവിച്ചു. പല കഠിനശിക്ഷകളും അദ്ദേഹം നിറുത്തുകയും, അമൂല്യങ്ങളായ പുരാതനകലാസമ്പത്തുകൾ ശേഖരിച്ചു സൂക്ഷിക്കുകയും പൂവ്വവംശജന്മാർ നശിപ്പിച്ചുകളഞ്ഞ ചില ഗ്രന്ഥങ്ങളെ പഴമക്കാരുടെ ഓമ്മയിൽനിന്നു പകത്തി എടുക്കുകയും ചെയ്തു.

അടുത്ത ചക്രവത്തിമാരിൽ പ്രധാനി 'വൂ' ക്രി. മു. 140-മുതൽ 80 വരെ ഭരണം നടത്തി പല ആഭിചാരവൃത്തികളും ചെയ്തിട്ടുള്ള ഒരു ഭയങ്കരനായിരുന്നു അദ്ദേഹം. അക്കാലത്തു് ബൊക്കാറാ, മെസപ്പൊട്ടേമിയ എന്ന രാജ്യങ്ങൾ ചൈനയുടെ അധീനരാജ്യങ്ങൾ ആയിരുന്നു വെന്നും കാണുന്നു. ലൂപാങിനുശേഷം ക്രിസ്ത്വബ്ദാരംഭം വരെ അഞ്ചു ചക്രവത്തിമാർ ഭരിച്ചു. ക്രിസ്ത്വബ്ദം 25 മുതൽ 58 വരെ 'വപാങ മങ്' എന്ന ചക്രവത്തിയാണു നാടു വാണതു്. അക്കാലത്തു കച്ചവടത്തിനായി ജൂതന്മാർ ചൈനയിൽ കുടിയേറിപ്പാത്തു. അവരുടെ അനന്തരഗാമികൾ ഇന്നും ചൈനയിലുണ്ടു്. ചക്രവത്തിയുടെ കാലശേഷം അദ്ദേഹത്തിന്റെ പുത്രൻ 'മിങ്ററി' ചക്രവത്തിയായി. അദ്ദേഹം ബുദ്ധമതം സാമ്രാജ്യത്തു പ്രചരിപ്പിച്ചു. സംസ്കൃതത്തിലുള്ള ഗ്രന്ഥങ്ങൾ ചീനഭാഷയിൽ പരിഭാഷപ്പെടുത്തുന്നതിന്നു പണ്ഡിതന്മാരെ നിയോഗിച്ചു. കൺഫ്യൂഷ്യ

യസ്സിന്റെ ഉപദേശങ്ങൾ ശിലയിൽ കൊത്തി സ്ഥാപിക്കുകയും ചില ഗ്രന്ഥങ്ങൾ വിദ്യാലയങ്ങളിൽ പാഠപുസ്തകങ്ങളായി ഉപയോഗിക്കുകയും ചെയ്തു. ബുദ്ധമതത്തിനു സാമ്രാജ്യത്തു അംഗീകരണം നല്കി. ചീനപ്പാത്രങ്ങളും മനോഹരമായ ചിത്രങ്ങളും 'ഹാൻ' വംശകാലത്തുണ്ടായ പ്രത്യേക നേട്ടങ്ങളാണ്. ക്രിസ്ത്വബ്ദം 105-ൽ ആദ്യമായി കടലാസുണ്ടാക്കി. റോമൻ ചക്രവർത്തിയായിരുന്ന 'മാർക്കസ്സ് ഒറീലിയസ്സ്' ക്രിസ്ത്വബ്ദം 196-ൽ ഒരു സ്ഥാനപതിയെ ചൈനയിലേക്കയച്ചു. ക്രിസ്ത്വബ്ദം 219-വരെ അപ്രശക്തരായ പല ചക്രവർത്തിമാരും ചൈനയുടെ ഭാഗധേയം നിയന്ത്രിച്ചുകൊണ്ടിരുന്നു. അതിൻശേഷം സാമ്രാജ്യം മൂന്നായി പിരിഞ്ഞു മൂന്നു രാജവംശങ്ങളുടെ കൈവശമായി. ആ രാജ്യങ്ങൾ തമ്മിലു അടിക്കടി കലഹങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. പ്രസ്തുത രാജവംശങ്ങൾ നിലച്ചപ്പോൾ 265-മുതൽ 419-വരെ 'റ്സിൻ' എന്നപേരായ രണ്ടു രാജവംശങ്ങൾ പൊങ്ങിവന്നു. ബുദ്ധമതം അന്നു പ്രധാനമതമായിത്തീർന്നു. ചില ഉൽകൃഷ്ടബുദ്ധമതഗ്രന്ഥങ്ങളുടെ കുറവു പരിഹരിക്കാൻ ചക്രവർത്തി ഇൻഡ്യയിൽ നിന്നു പണ്ഡിതനും മഹാനുമായ കുമാരജീവനെ കൂട്ടിക്കൊണ്ടുവരാൻ ഒരുസംഘത്തെ നിയോഗിച്ചിരുന്നു. അന്നുവരെ ഇന്ത്യയിൽ ഉണ്ടായിരുന്ന പ്രധാന ഗ്രന്ഥങ്ങൾ ഏതെല്ലാമെന്നു അദ്ദേഹത്തിൽനിന്നും ധരിച്ചു. ഇന്ത്യയിൽ നിന്നും കൊണ്ടുപോയ പല സംസ്കൃതഗ്രന്ഥങ്ങളും ബുദ്ധമതഗ്രന്ഥങ്ങളും, കുമാരജീവനും അനുചരന്മാരുംകൂടി ചീനഭാഷയിൽ വിവർത്തനം ചെയ്തു. അക്കാലത്തു ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു സംഭവമാണു ഫാഹിയന്റെ ഇന്ത്യാസന്ദർശനം.

ബുദ്ധമതം ചൈനയിൽ പ്രചരിച്ചതോടുകൂടി ഇന്ത്യ ചീനരുടെയും പുണ്യഭൂമിയായി പരിണമിച്ചു. ശ്രീ ബുദ്ധ

നാൽ പരിപൂതയാക്കപ്പെട്ട ഇന്ത്യയിലെ പല പുണ്യസ്ഥലങ്ങൾ സന്ദശിച്ച ജന്മസാഫല്യം നേടുന്നതിന്ന ചൈനയിൽനിന്നും പലരും അന്നമുതൽ ഇങ്ങോട്ടു പുറപ്പെട്ടു തുടങ്ങി. ഇങ്ങനെ ഉണ്ടായ വിദേശീയസമ്പക്കത്താൽ പല നവിനാശയങ്ങളും ആദർശങ്ങളും ബുദ്ധമതാനുയായികൾക്കു സ്വീകരിക്കേണ്ടിവന്നു. ക്രമേണ ബുദ്ധമതം രൂപാന്തരപ്പെട്ടു. ശ്രീബുദ്ധനെ ഒരു അവതാരപുരുഷനായി കരുതുകയും അദ്ദേഹത്തിൻെറ പ്രതിമകളും സ്തൂപികകളും പലയിടത്തും സ്ഥാപിക്കുകയും ചെയ്തു. ബുദ്ധവിഗ്രഹത്തെ ആരാധിക്കുന്ന ഏപ്പാടു സവ്വപ്രധാനമായിഭവിച്ചു എന്നാൽ ഒരു വിഭാഗം പൂവ്വാചാരങ്ങളിൽനിന്നും വ്യതിചലിച്ചില്ല. കാലക്രമത്തിൽ നവീനവിഭാഗം "മഹായാനം" എന്നും, പൂവ്വാചാരവിഭാഗം "ഹീനയാനം" എന്നും രണ്ടായിപിരിഞ്ഞു. ഈ നവീകരണകാലത്താണു് ഒരു ബൌദ്ധഭിക്ഷുവായിരുന്ന ഫാ് ഹിൻ സ്വദേശമായ ചൈനയിൽ നിന്നും തീത്ഥയാത്രയ്ക്കും ബുദ്ധമതം സംബന്ധിച്ച പല മൂലഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിനും ചക്രവത്തിയുടെ നിർദ്ദേശാനുസരണം ഇന്ത്യയിലേക്കു പുറപ്പെട്ടതു്.

പ്രശസ്തനായ ഈ സഞ്ചാരി ക്രിസ്താബ്ദം 405-ൽ ഇൻഡ്യയിൽ പ്രവേശിച്ചതു് പാമിയർ, ഹിന്ദുകുഷ, എന്നീ പവ്വതങ്ങളുടെ അപകടം നിറഞ്ഞ പാതകളിൽ കൂടിയാണു്. ഗംഗാസമതലമായിരുന്നു അദ്ദേഹത്തിൻെറ പ്രധാന സന്ദർശനഭൂമി, അന്ന് ഇന്ത്യാമഹാരാജ്യത്തിലെ പ്രബലനായ രാജാവു ചന്ദ്രഗുപ്തൻ രണ്ടാമനായിരുന്നു. ഭരണതന്ത്രജ്ഞനും ബുദ്ധിമാനുമായിരുന്ന ആ രാജോത്തമൻെറ കാലത്തു് ഇന്ത്യയിലെങ്ങും കളിയാടിയിരുന്ന സുഖസമാധാനങ്ങളുടെയും ഐശ്വര്യത്തിൻെറയും യഥാത്ഥവിവരണം ഫാ് ഹിൻ സംഗ്രഹിച്ചിട്ടുണ്ടു്. അതിനും

പുറമേ അദ്ദേഹം ആ സാമ്രാജ്യത്തിൽ ആറു സംവത്സരം താമസിച്ച് അനേകം ബുദ്ധമതഗ്രന്ഥങ്ങൾ ശേഖരിക്കുകയും, ബുദ്ധമതത്തെപ്പററി ഗവേഷണം നടത്തുകയും ചെയ്യുന്നതിൽ അത്യധികം ഔൽസുക്യം പ്രദർശിപ്പിച്ചു.

ഈ ജോലികൾക്കിടയിൽ അന്നത്തെ സാമൂഹ്യവും മതപരവുമായ പല കാര്യങ്ങളെക്കുറിച്ചും, ഗുപ്തചക്രവത്തിമാരുടെ സമർത്ഥമായ ഭരണത്തെ പ്രതിപാദിച്ചും, വിജ്ഞേയങ്ങളായ പലതും ഫാഹിൻ രേഖപ്പെടുത്തിക്കാണുന്നതു സ്തുത്യർഹമത്രെ. ഗുപ്തരാജാക്കന്മാരുടെ ഭരണകാലം ഇന്ത്യയുടെ സുവർണ്ണദശയായിരുന്നു. പരിഷ്കൃതങ്ങളും നയനമോഹനങ്ങളുമായ രമ്യഹർമ്മങ്ങളാലും, ഉദ്യാനങ്ങളാലും അലംകൃതമായിരുന്നു അന്നു നഗരങ്ങൾ. പ്രാചീനഭാരതീയനാഗരികത്വം എങ്ങും തെളിഞ്ഞു കാണാമായിരുന്നു

ഗുപ്തരാജാക്കന്മാരുടെ തലസ്ഥാനനഗരിയായിരുന്ന പാടലീപുത്രത്തിൽ മൂന്നു വർഷം താമസിച്ച് ഫാഹിൻ സംസ്കൃതപഠനത്തിൽ ഏർപ്പെട്ടു. അക്കാലത്താണ് അദ്ദേഹം അനേകം ബുദ്ധമതഗ്രന്ഥങ്ങൾ സംസ്കൃതത്തിൽ പകത്തി എടുത്തതു്. അശോകവർദ്ധനൻ സ്ഥാപിച്ച സ്തൂപികയെക്കുറിച്ചു പലപ്പോഴും ഫാഹിൻ വളരെ പ്രശംസിച്ചുകാണുന്നു. ആ മഹാസ്തംഭത്തിനു സമീപം 'മഹായാന'ക്കും 'ഹീനയാന'ക്കും ഉണ്ടായിരുന്ന രണ്ടു വലിയ ബുദ്ധവിഹാരങ്ങളിൽ എഴുനൂറോളം സന്യാസിമാർ ഓരോന്നിലും വസിച്ചിരുന്നു. ആ ബുദ്ധവിഹാരങ്ങൾ ഉദാരമതികളായ രാജാക്കന്മാരുടെയും പൊതുജനങ്ങളുടേയും സഹായസഹകരണം കൊണ്ടാണ് വിജയപ്രദമായി നടത്തിവന്നതു്. അവിടത്തെ സന്യാസജീവിതം അതി

പ്രധാനങ്ങളും കർശനവുമായ നിയമാവലികളാൽ ബന്ധിച്ചിരുന്നു. സൽക്കാരപ്രിയരും സൽസ്വഭാവികളുമായിരുന്നു ആ ബുദ്ധവിഹാരാദ്ധ്യക്ഷന്മാർ. ആവശ്യമറിഞ്ഞു് അതിഥി ശുശ്രൂഷ ചെയ്യുന്നതിൽ അവർ എപ്പോഴും ശ്രദ്ധാലുക്കളായിരുന്നു.

ഗുപ്തരാജാക്കന്മാരുടെ കാലത്തു് ഉത്തരഇന്ത്യയിൽ പ്രധാനമായി ബുദ്ധമതത്തിനും ബ്രാഹ്മണമതത്തിനും പ്രചുരപ്രചാരമുണ്ടായിരുന്നു എന്നു തെളിയുന്നുണ്ടു്. ഗുപ്തരാജാക്കന്മാർ ബ്രാഹ്മണമതാനുയായികളായിരുന്നു. എന്നാൽ ബ്രാഹ്മണമതം ബുദ്ധമതപ്രചരണത്തിനു വിഘാതമായിരുന്നില്ല. അന്നത്തെ മതസഹിഷ്ണുത അത്യന്തം ശ്ലാഘനീയമായിരുന്നു. സർവ്വമതങ്ങളോടും ജനങ്ങൾ പൊതുവെ ബഹുമാനവും ആദരവും പ്രദർശിപ്പിച്ചിരുന്നു. ഒരു കുടുംബാംഗങ്ങൾ വിവിധ മതാവലംബികളായിരുന്നെങ്കിലും സാമുദായികവും ഗാർഹികവുമായ വഴക്കുകൾക്കു അധീനരായിരുന്നില്ല. അക്കാലത്തു് കേരളത്തിലും നിലവിലിരുന്ന മതസഹിഷ്ണുത മഹത്തരമായിരുന്നു.

സാധാരണ വൈശ്യകുടുംബങ്ങളിലെ തലവന്മാർ ആതുരാലയങ്ങളും ധർമ്മാശുപത്രികളും ഏർപ്പെടുത്തിയിരുന്നു. വിധവകൾ, അനാഥശിശുക്കൾ, അംഗഹീനർ, വൃദ്ധർ എന്നീ വിവിധതരം ആളുകൾക്കു വേണ്ട സഹായങ്ങളും ശുശ്രൂഷകളും എപ്പോഴും ചെയ്യാൻ അവർ സന്നദ്ധത പ്രകടിപ്പിച്ചു.

പാടലീപുത്രത്തിൽനിന്നും ഫാഹിയൻ മദ്ധ്യദേശത്തു ചെന്നെത്തി. ജനനിബിഡമായിരുന്ന ആ ദേശം വിശ്രമമന്ദിരങ്ങളാലും ആതുരാലയങ്ങളാലും നയനമോഹനമാ

യിരുന്നു. മദ്ധ്യദേശത്തു ബുദ്ധമതം സമൃദ്ധവും സുസ്ഥിര വുമായ അവസ്ഥ പ്രാപിച്ചിരുന്നു. മാൾവയിലേക്കാണു പിന്നീടു ഫാ ഹീൻ പ്രയാണം ചെയ്തതു്. സന്ദർശിച്ച ദേശങ്ങളിലെല്ലാം പ്രത്യക്ഷമായ പ്രകൃതിദത്തമായ സൌന്ദര്യവും ജനങ്ങളുടെ ലളിതവും മഹനീയവുമായ ജീവിതരീതിയും സ്വാതന്ത്ര്യവും ഉത്തരവാദിത്വമുള്ളതും പ്രശസ്തവുമായ ഭരണസമ്പ്രദായവും ആ ജ്ഞാനതൃഷ്ണനായ സഞ്ചാരിയുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിച്ചു. പൊതുജനങ്ങളുടെ ന്യായമായ പ്രവൎത്തനങ്ങൾ ഗവൺമെൻറു നിരോധിച്ചിരുന്നില്ല. അന്നു നിലവിലിരുന്ന ശിക്ഷാനിയമങ്ങൾ പലതും ദയാർദ്രമായിരുന്നു. തസ്കരന്മാരുടെ ഉപദ്രവം ഇന്ത്യയിലെ സഞ്ചാരത്തിനിടയ്ക്കു ഒരിക്കൽപോലും അദ്ദേഹത്തിന്നു അനുഭവിക്കേണ്ടിവന്നില്ല.

ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പുണ്യസ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ അവ ക്ഷയോന്മുഖങ്ങളായിട്ടാണു് ഫാ ഹീൻ തോന്നിയതു്. ഗയ, ബുദ്ധഗയ, മുതലായ സ്ഥലങ്ങൾ ജീൎണ്ണീഭവിച്ചും, ശ്രാവസ്തി, കപിലവസ്തു, കുശിനഎന്നീ നഗരങ്ങൾ വിജനങ്ങളായും, അദ്ദേഹം കണ്ടു. എന്നാൽ അതിന്റെ കാരണങ്ങളെപ്പററി അദ്ദേഹം മൌനം അവലംബിക്കുകയാണു ചെയ്യുന്നതു്. ഇന്ത്യയിലെ അന്നത്തെ ഭരണരീതി പരിഷ്കൃതസാമ്രാജ്യമായിരുന്ന ചൈനയ്ക്കും മാൎഗ്ഗദർശകമായിരുന്നു എന്നു് സസന്തോഷം പ്രസ്താവിച്ചിട്ടുണ്ടു്.

യാത്രയിൽ പലതരം ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നു എങ്കിലും അവയൊന്നും സുസ്ഥിരഹൃദയനായ ഫാ ഹീനെ ക്ഷീണചിത്തനാക്കിയില്ല. മുപ്പതു വിവിധ രാജ്യങ്ങൾ ഫാ ഹീൻ സന്ദർശിച്ചു. കൃതകൃത്യനായിട്ടു

ക്രിസ്തുവബ്ദം 411-ൽ അദ്ദേഹം സിലോൺ, ജാവാ എന്നീ സ്ഥലങ്ങളിൽക്കൂടി കപ്പൽമാർഗ്ഗം സ്വന്തനാട്ടിലേയ്ക്കു മടങ്ങി. ആ യാത്രയിൽ പല വിഷമതകളും അദ്ദേഹം അഭിമുഖീകരിച്ചു. ഗോബിമണലരണ്യവും അദ്ദേഹത്തിനു ഒരിക്കൽ കടക്കേണ്ടിവന്നു. ചൈനയിൽ എത്തിയശേഷം അദ്ദേഹത്തിൻെറ സഞ്ചാരവിവരങ്ങൾ ചിത്രീകരിക്കുന്ന ഒരു ഗ്രന്ഥം നിർമ്മിച്ചു. 'ഫോ കുവയി കി' എന്ന ആ ഗ്രന്ഥം ഒരു അമൂല്യസമ്പത്തായി ഇന്നും അവശേഷിക്കുന്നു. അതുകൂടാതെ ഇന്ത്യയിൽ നിന്നുംശേഖരിച്ച പല ബുദ്ധമതഗ്രന്ഥങ്ങളും ചീനഭാഷയിൽ ഭാഷാന്തരീകരിക്കുകയും ചെയ്തു. ചൈനയും ഇന്ത്യയും തമ്മിലുള്ള സൗഹൃദബന്ധം അങ്ങനെ ദൃഢതപ്രാപിച്ചു.

പ്രബലനായ ഒരാൾ രാജവംശം സ്ഥാപിക്കുകയും അശക്തനായ പിൻഗാമി അതു നശിപ്പിക്കുകയും ചെയ്യുന്നതു് ചൈനയുടെ ചരിത്രത്തിൽ സാധാരണമാണു്. ദുർബലർ സാമ്രാജ്യാധിപത്യം ഏൽക്കുമ്പോൾ പല വിദേശീയാക്രമണങ്ങളും ഉണ്ടാകാം. സാമ്രാജ്യാതിർത്തികളിൽ മുട്ടി മുട്ടി നിന്ന ടാർട്ടർ വംശജർക്കു് ഈ രണ്ടു വംശങ്ങളുടെ കാലം ആക്രമണത്തിനു സൌകര്യം നല്കി. കുതിരപ്പാലും, മാംസവും ഭക്ഷിച്ചു്, ചൈനയുടെ വടക്കപ്രദേശത്തു് കമ്പിളിക്കൂടാരങ്ങളിൽ പാർത്തിരുന്ന അക്രമികളായ ഒരു അപരിഷ്കൃതവംശമായിരുന്നു അവർ. ക്രിസ്തുവബ്ദം 5-ാംശതകംമുതൽ ചൈനയുടെ പല ഭാഗങ്ങളേയും ആക്രമിച്ചുകൊണ്ടിരുന്ന അവർ പെട്ടെന്നുയർന്നു ചരിത്രപ്രസിദ്ധരായിത്തീർന്നു. അവർ പടിഞ്ഞാറെ പ്രദേശങ്ങളിൽക്കൂടി ചൈനയിൽ കടന്നു വടക്കുഭാഗം ആക്രമിച്ചു കീഴടക്കി. രാജാധിപത്യം അങ്ങനെ വടക്കും തെക്കും ക്രിസ്തുവബ്ദം 420-മുതൽ 581-വരെ രണ്ടു രാജവംശങ്ങളിൽ ലയിച്ചു.

പ്രസ്തുത രാജവംശങ്ങളുടെ കാലത്തും ബുദ്ധമതത്തിനു പല പീഡനങ്ങളും അനുഭവിക്കേണ്ടിവന്നു. ബുദ്ധവിഗ്രഹങ്ങളും വിഹാരങ്ങളും നിർമ്മിക്കുന്നതിനു അനുവദിച്ചിരുന്നില്ല. കഴിവുള്ളിടത്തോളം ബുദ്ധവിഗ്രഹങ്ങളും ഗ്രന്ഥങ്ങളും നശിപ്പിക്കുകയും അസംഖ്യം ബുദ്ധസന്യാസിമാരെ കൊല്ലുകയും ചെയ്തു. എന്നാൽ 451-ൽ ഈ പരിതഃസ്ഥിതികൾ മാറി. ഓരോ നഗരത്തിലും 50 ആളുകൾ വീതം സന്യാസികളാകുന്നതിനും, അവിടെ ഓരോ ബുദ്ധവിഹാരങ്ങൾ പണിയുന്നതിനും രാജശാസനമുണ്ടായി. ബുദ്ധസന്യാസികളും വളരെ വർദ്ധിച്ചു. പല വലിയ ബുദ്ധചൈത്യങ്ങളുമുണ്ടാക്കി. ബുദ്ധമതത്തിനുണ്ടായ ഈ പുരോഗമനം കൺഫ്യൂഷിയസ്സ് മതാനുയായികളെ കലുഷിതരാക്കാതിരുന്നില്ല.

10603

ഒരു ബൌദ്ധഭിക്ഷുവായ ബോധിധർമ്മൻ 525-ൽ ബുദ്ധഗയയിൽ നിന്നും കടൽ കടന്ന്, ചൈനയിലെത്തി മതതത്വങ്ങൾ പ്രബോധിപ്പിച്ചു. അദ്ദേഹത്തിന്റെ ഉപദേശങ്ങളാണ് ചൈനയിലും, ജപ്പാൻ, കൊറിയ മുതലായ രാജ്യങ്ങളിലും സ്വീകൃതമായത്. അദ്ദേഹത്തിന്റെ ആഗമനം ചീനാ ചരിത്രത്തിൽ ഒരു മഹനീയസംഭവത്തെക്കുറിക്കുന്നു. ഒരു ദിവ്യ ബുദ്ധസന്യാസിയെന്നു പറയപ്പെടുന്ന അദ്ദേഹം ഏകാഗ്രസിദ്ധിക്കായി ഒൻപതു കൊല്ലം മുഖം ചുവരിനഭിമുഖമായി വച്ചുകൊണ്ടിരുന്നു. ബോധിധർമ്മൻ പ്രായാധിക്യത്താലാണ് ചരമമടഞ്ഞത്. അദ്ദേഹത്തിന്റെ ഭൌതികാവശിഷ്ടങ്ങൾ, ഹൊനാൻ, ഷെൻസിഎന്നിവയുടെ മദ്ധ്യേ സ്ഥിതിചെയ്യുന്നപർവ്വതപ്രാന്തങ്ങളിൽ സംസ്കരിച്ചിരിക്കുന്നു.

'ടാർട്ടർ' വംശജരുടെ പ്രകൃതം ചൈനയിലെ അധിപതികളായശേഷം വ്യത്യസ്തമായി. ഏറിയകാലംസാമ്രാ

ജ്യത്തിൻെറ അഭിവൃദ്ധിക്കും ശ്രേയസ്സിനും വേണ്ടി അവർ യത്നിക്കാതിരുന്നില്ല. ചീനരും ടാർട്ടരും തമ്മിൽ നടന്ന കലഹങ്ങൾ ചിത്രീകരിക്കുന്ന പല ഗ്രന്ഥങ്ങളും ചീനഭാഷയിൽ ആവിർഭവിച്ചിട്ടുണ്ട്.

ക്രിസ്തുവബ്ദം 581 ആയപ്പോൾ വടക്കൻ പ്രദേശങ്ങളിലെ ഒരു സേനാനിയായിരുന്ന 'യാങ്ങ് ചിയുടെ' നേതൃത്വത്തിൽ ടാർട്ടർ വംശക്കാരെ നിശ്ശേഷം പരാജയപ്പെടുത്തി ചീനസാമ്രാജ്യം ഏകീകൃതമാക്കി. അദ്ദേഹമാണ് 'സ്യൂ' രാജവംശസ്ഥാപകൻ. അക്കാലത്തു ബുദ്ധമതത്തിനു പല ഉപദ്രവങ്ങളും നേരിടേണ്ടിവന്നു. ചൈനയിലെ മഹാഭിത്തിയുടെ നീളം കുറെക്കൂടി ദീർഘിപ്പിക്കുകയും യാങ്ങ്റ്റസിയും ഹൊയങ്ങ്ഹൊയും തമ്മിൽ ബന്ധിക്കുന്ന ഒരു വലിയ തോടു വെട്ടിക്കുകയും ചെയ്തു. ക്രിസ്തുവബ്ദം 618-ൽ സ്യൂ വംശത്തിൻെറ ആധിപത്യം സമാപിച്ചു. ചീനഭാഷയിൽ തർജ്ജമചെയ്ത 1950 ഗ്രന്ഥങ്ങൾ അപ്പോൾ ഉണ്ടായിരുന്നു എന്നു കാണുന്നു. 'യാങ്ങ് ചി' ദുഷ്ടനും സുഖാനുഭോഗിയുമായിരുന്നെങ്കിലും, പണ്ഡിതനായിരുന്നു. ആനന്ദത്തിനും സുഖത്തിനും വേണ്ടി ധാരാളം ധനം അദ്ദേഹം ചെലവഴിച്ചു. അന്തഃപുരം സ്ത്രീകളുടെ കേളീരംഗമായി. കേളീഗൃഹങ്ങൾ, ഉദ്യാനങ്ങൾ മുതലായവ നിർമ്മിച്ചു. ചക്രവർത്തി അന്തസ്സാരവിഹീനനായിരുന്നതിനാൽ പ്രധാന സേനാനിയായ 'ലിയെൻ' ക്രിസ്തുവബ്ദം 618-ൽ രാജ്യം കരസ്ഥമാക്കി ചക്രവർത്തിയായി സ്ഥാനാരോഹണം ചെയ്തു. അദ്ദേഹമാണ് സുപ്രസിദ്ധമായ 'ടാങ്ങ്' വംശം സ്ഥാപിച്ചതു.

കുശാഗ്രബുദ്ധിയായ പുത്രൻെറ സഹായത്തോടുകൂടി പല പരിഷ്കാരങ്ങൾ അദ്ദേഹം രാജ്യത്തു നടപ്പാക്കി.

യഥാത്ഥ ബുദ്ധഭിക്ഷുക്കൾക്കുവേണ്ടി സന്യാസാശ്രമങ്ങൾ സ്ഥാപിച്ചു. ശത്രുബാധയിൽനിന്നു സാമ്രാജ്യത്തെ രക്ഷിക്കുകയും വിദ്യയുടെ പുരോഗമനത്തിനു തീവ്രമായി യത്നിക്കുകയുംചെയ്തു. ടാങ്ങ്വംശത്തിലെ പ്രഖ്യാതനായ ചക്രവത്തി ലീയെൻെറ പുത്രനായ 'തായിടസങ്ങ്', ആയിരുന്നു. ക്രിസ്ത്വബ്ദം 627–ൽ അദ്ദേഹം ചക്രവത്തിയായി. സാമ്രാജ്യത്തിൻെറ ഭാഗധേയം നിയന്ത്രിച്ച ഏററവും പ്രശസ്തനായ ഒരു മഹാനായി ചീനാചരിത്രകാരന്മാർ അദ്ദേഹത്തെചിത്രീകരിച്ചിരിക്കുന്നു. എണ്ണത്തിൽ കുറവും സുശക്തവുമായ സേനയെക്കൊണ്ടു അദ്ദേഹം സമീപരാജ്യങ്ങളെ ആക്രമിച്ചു് സാമ്രാജ്യം വിപുലമാക്കി. സാഹിത്യവുംവിദ്യാഭ്യാസവും അന്നു് ക്രമാതീതമായി വളച്ച് പ്രാപിച്ചു. ഏകദേശം രണ്ടുലക്ഷം കയ്യെഴുത്തു ഗ്രന്ഥങ്ങൾശേഖരിച്ചു് അദ്ദേഹം ഒരു ഗ്രന്ഥശാല സ്ഥാപിച്ചു. മുൻഗാമികളിൽ ചിലർ നശിപ്പിച്ച ഗ്രന്ഥങ്ങൾ വീണ്ടും പ്രസിദ്ധീകരിക്കുന്നതിനു അദ്ദേഹം വളരെ ശ്രമപ്പെട്ടു. ഇതരരാജ്യങ്ങളുമായി കച്ചവടസഖ്യം പുലത്തി. ബുദ്ധിമതിയും മഹാമനസ്വിനിയുമായ അദ്ദേഹത്തിൻെറ രാജ്ഞിയുടെ ഉപദേശങ്ങൾ ശ്രേയസ്കരമായ ഭരണത്തിനു സഹായമായിരുന്നു. ആ മഹതി ചരമമടഞ്ഞപ്പോൾ അവരുടെ അന്ത്യാഭിലാഷമനുസരിച്ചു് ഒരു കുന്നിൻമുകളിലാണു സംസ്കരിച്ചതു്. കൊട്ടാരത്തിൽനിന്നും കാണാവുന്നവിധം ചക്രവത്തി അവിടെ ഒരു ശവകുടീരം നിമ്മിച്ചു. ഉറക്കമുണന്നാലുടനെ അതു ദശിക്കുക അദ്ദേഹത്തിൻെറ ദിനകൃത്യങ്ങളിൽ ഒന്നായിത്തീന്നു. ക്രിസ്ത്വബ്ദം 635–ൽ ക്രിസ്തുമതത്തിനു ചൈനയിൽ വളരെപ്രചാരംസിദ്ധിച്ചു. ഏതാനും നെസ്റ്റോറിയൻ പുരോഹിതരെ രാജധാനിയിൽ സ്വീകരിക്കുകയും അവക്ക് സന്യാസിമഠങ്ങളും പള്ളികളും പണിയുന്നതിനു അനുമതി നല്കുകയുംചെയ്തു. അതിൻെറ പൂണ്ണ

വിവരങ്ങൾ അടങ്ങിയ ശിലാസ്തംഭങ്ങൾ ഭൂതകാലസംഭവത്തെ അനുസ്മരിപ്പിച്ചുകൊണ്ടു നിലകൊള്ളുന്നതു് ഇന്നും ചൈനയിൽ അങ്ങുമിങ്ങും കാണാം. വേദപുസ്തകങ്ങളുടെ ചീനതർജ്ജമ പ്രസിദ്ധപ്പെടുത്തി ക്രിസ്തുമതത്തിനോടു വളരെ താല്പര്യം പ്രദർശിപ്പിച്ചു. പല രാജ്യങ്ങളിൽനിന്നും സ്ഥാനപതികളും പ്രതിപുരുഷന്മാരും രാജധാനി സന്ദർശിച്ചു. കൂടാതെ ഇറാനിൽനിന്നും ഫിരാക്ലീയസ്സിൻെറ ദൌത്യം ചക്രവർത്തി സ്വീകരിച്ചു. ഇക്കാലത്താണു് മഹമ്മദു മതാനുയായികളും ചൈനയിലെത്തിയതു്. കാൻറനിൽ ഒരു മഹമ്മദീയ ദേവാലയം പണിയാൻ അനുമതി ലഭിച്ചു. അതു് ഏററവും പുരാതന മഹമ്മദീയ ദേവാലയങ്ങളിൽ ഒന്നാണു്.

'തായ്സൂങ്' ചക്രവർത്തിയുടെ കാലത്തുണ്ടായ വിശേഷസംഭവങ്ങളിൽ ഒന്നാണു 'ഹ്യൂയങ്സാങ്ങി'ൻെറ ഇന്ത്യാപര്യടനം. അദ്ദേഹത്തിൻെറ വിവരണങ്ങളിൽ നിന്നും ചൈനക്കും ഇന്ത്യക്കും തമ്മിലുണ്ടായിരുന്ന അഭംഗുരമായ ബന്ധം വെളിപ്പെടുന്നു.

ഫാഹിയൻെറ മരണശേഷം രണ്ടു ശതാബ്ദങ്ങൾ കഴിഞ്ഞു ഇന്ത്യ സന്ദർശിച്ചു വിജ്ഞാനപ്രദങ്ങളായ പല അമൂല്യസഞ്ചാരവിവരണങ്ങളുമെഴുതി ലോകത്തിനു പ്രദാനം ചെയ്ത ഒരു സുപ്രസിദ്ധ ബുദ്ധമതസന്യാസിയായിരുന്നു ഹ്യൂയങ്സാങ്. ഇതര സഞ്ചാരികളെപ്പോലെ അദ്ദേഹത്തിൻെറതൂലികാചിത്രത്തിനും പ്രാധാന്യം കല്പിച്ചിട്ടുണ്ടു്. ചൈനയുടെയും വിശിഷ്യ ഇന്ത്യയുടെയും പ്രാചീനചരിത്രത്തിൽ അസൂയാവഹമായ ഒരു സ്ഥാനം അദ്ദേഹത്തിനു ലഭിച്ചിരിക്കുന്നു. അതിതീവ്രമായ മതതൃഷ്ണയായിരുന്നു അദ്ദേഹത്തിനെ പല ക്ലേശങ്ങളും അനുഭവിപ്പിച്ചു് ഇന്ത്യ

യുടെ വിവിധഭാഗങ്ങളിലും സഞ്ചരിക്കുവാൻ പ്രേരിപ്പിച്ചതു്. ബുദ്ധമതഗ്രന്ഥങ്ങൾ ശേഖരിക്കുന്നതിൽ ശ്രദ്ധാലുവായിരുന്ന ഒരു ബൌദ്ധസന്യാസി എന്നല്ലാതെ അദ്ദേഹം സൂക്ഷ്മപരിശോധകനായ ഒരു ചരിത്രകാരനായിരുന്നില്ല. തത്ഫലമായി കാല്പനികങ്ങളും ചരിത്രപ്രാമാണ്യത്തിനർഹത ഇല്ലാത്തതുമായ സംഭവങ്ങളും ഐതിഹ്യങ്ങളും എഴുതിശേഖരിക്കാൻ അദ്ദേഹം മടിച്ചിരുന്നില്ല.

ഹ്യൂയങ്ങ്സാങ്ങ് കേവലം ഒരു സാധാരണ സഞ്ചാരിയായിരുന്നില്ല. അദ്ദേഹം ചൈനയിൽ വിശ്രുതവും കുലീനവുമായിരുന്ന ഒരു കുടുംബത്തിലെ അംഗമായിരുന്നു. ബാല്യത്തിലെതന്നെ അദ്ദേഹം വിജ്ഞാനസമ്പാദനത്തിൽ അധികം ജിജ്ഞാസ പ്രദർശിപ്പിച്ചിരുന്നു. ചൈനയിൽ നിന്നു ക്രിസ്ത്വബ്ദം 628-ൽ ഹ്യൂയങ്ങ്സാങ്ങ് യാത്രതിരിച്ചു അത്യധികം ദുർഗ്ഗമമായ, തിയാൻഷൻ പർവതനിരകൾ, ഇസ്സിക്കുൾതടാകംമുതലായവ കടന്നു് ഒക്കിസ്ഥാനിൽകൂടി ക്രിസ്ത്വബ്ദം 630-ൽ കനൂജിൽ എത്തിച്ചേരുകയുണ്ടായി. അദ്ദേഹം ഏതെല്ലാം രാജ്യങ്ങൾ സന്ദർശിച്ചു എന്ന വസ്തുത വാദവിഷയമായിത്തീർന്നിരിക്കുന്നു. സിലോണും, ബുദ്ധമതം നിലവിലിരുന്ന മററു രാജ്യങ്ങളും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ഇന്ത്യയിൽ വന്ന ഉടനെ ആസ്സാം രാജാവായ കുമാരൻെറ ക്ഷണം സ്വീകരിച്ചതിനുശേഷമാണു് ഹർഷവർദ്ധനനെ സന്ദർശിച്ചതു്. മതസംബന്ധമായ വിഷയങ്ങളിലാണു് അദ്ദേഹം അധികം ശ്രദ്ധ പതിപ്പിച്ചിരുന്നതെങ്കിലും ഇന്ത്യയിലെ അന്നത്തെ ചക്രവർത്തിയായിരുന്ന ഹർഷവർദ്ധനനേയും അദ്ദേഹത്തിൻെറ ഭരണരീതിയേയും കുറിച്ചു് രസാത്മകമായ വിവരം നല്കുന്നതിനു വിട്ടുപോയില്ല. അതു ചാരിതാർത്ഥ്യജനകം തന്നെ. ജനങ്ങളുടെ സാമൂഹ്യസ്ഥിതി, വിദ്യാഭ്യാസം, ജീവിതരീതി, മതസഹി

ഷ്ണത മുതലായവയെപ്പററി സരസമായി അദ്ദേഹം വർണ്ണിച്ചിട്ടുണ്ട്. ഹർഷൻെറ സംഭവബഹുലമായ ചരിതം വെളിവാകുന്നതു് ബാണഭട്ടൻെറ ഹർഷചരിതത്തിൽനിന്നും ഹ്യൂയങ്സാങ്ങിൻെറ കുറിപ്പുകളിൽ നിന്നുമാണു്. ക്രിസ്ത്വബ്ദം 630 വരെയുള്ള സംഭവങ്ങൾ കുറിച്ചശേഷം ബാണഭട്ടൻ വിരമിക്കുന്നു. അനന്തരസംഭവങ്ങൾ ഹ്യൂയങ്സാങ് വിവരിക്കുന്നു. ഫാഹീൻ കണ്ടതിൽനിന്നും നയനമോഹനമായ ഒരു ഇന്ത്യയാണു് ഹ്യൂയങ് സാങ്ങിനു കാണുവാൻ കഴിഞ്ഞതു്. പരിഷ്കൃതനഗരങ്ങൾ, ശുചിത്വം സ്വച്ഛതയുമുള്ള വസതികൾ, ബഹുമാന്യരും, സത്യസന്ധരും, ക്ഷേമതല്പരരുമായ ജനങ്ങൾ ഇവയുടെ ഒരു സങ്കരമായിരുന്ന ഇന്ത്യയിൽ കണ്ടതു് എന്നു് അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടു്. അന്നത്തെ ഗവമ്മെൻറു വളരെ പരിഷ്കൃതമായിരുന്നു. ബ്രാഹ്മണമതവും ബുദ്ധമതവും അന്നു് തുല്യപ്രാധാന്യത്തിലിരുന്ന രണ്ടു മതങ്ങളായിരുന്നു. ജനങ്ങൾ ഏകയോഗക്ഷേമമായി കഴിഞ്ഞു വന്നിരുന്നതിൻെറ ഫലമായി രാജ്യത്തു സന്തുഷ്ടിയും സമാധാനവും സവ്വത്ര കളിയാടിക്കൊണ്ടിരുന്നു. പൗരാണിക ചതുരംഗസേനയായിരുന്നു ചക്രവത്തിയുടെ സാമ്രാജ്യത്തെ അലങ്കരിച്ചിരുന്നതു്. അതിത്തിദേശങ്ങൾ സുശിക്ഷിതരായ സൈന്യസമൂഹങ്ങളാൽ സുരക്ഷിതമായിരുന്നു. ആഭ്യന്തരകലഹങ്ങൾ അമച്ചവരുത്തുന്നതിനു സൈന്യങ്ങളെ യാതൊരു കാരണവശാലും നിയോഗിച്ചിരുന്നില്ല. അന്യരാജ്യങ്ങളുമായി വ്യവസായവും പുരോഗമിച്ചിരുന്നു. പാലു്, വെണ്ണ, കോതമ്പു് മുതലായവയായിരുന്നു ജനങ്ങളുടെ പ്രധാന ആഹാരസാധനങ്ങൾ. മാംസഭക്ഷണം കർശനമായി നിരോധിച്ചിരുന്നില്ലെങ്കിലും ഗോമാംസം ഭുജിക്കുന്നതു കുററകരമായി വിധിച്ചിരുന്നു. ജാതിവ്യത്യാസവും നിരോധിച്ചിരുന്നു.

വിദ്യാഭ്യാസത്തിന്ന് അന്നത്തെ ഗവമ്മെൻറും പൊതു ജനങ്ങളും ഒത്തൊരുമിച്ച് അനുഷ്ഠിച്ച മഹനീയസേവന ങ്ങൾ ഒരിക്കലും വിസ്മരിക്കുവാൻ സാദ്ധ്യമല്ല. ഉത്തരഇന്ത്യ യിൽ ഭാസുരമായി പരിശോഭിച്ചിരുന്ന വിശ്വവിദ്യാലയ ങ്ങൾ പണ്ഡിതരായ മഹാന്മാരുടെ നേതൃത്വത്തിൽ ഭാര തീയസംസ്കാരത്തെയും വിജ്ഞാനത്തെയും പ്രതിഫലിപ്പി ച്ചുകൊണ്ടിരുന്നു. അതിൽ പ്രാധാന്യം വഹിച്ചിരുന്നതു് ബീഹാറിലുള്ള 'നളന്ദ' സർവ്വകലാശാലയാണു്. ആ വിശ്വ വിദ്യാലയത്തിൽ അദ്ദേഹം അഞ്ചുകൊല്ലം വസിച്ചു. നാനാദിക്കുകളിൽ നിന്നും നിരവധി ആളുകൾ വിജ്ഞാ നാത്ഥം നളന്ദയിൽതിങ്ങിക്കൂടി. ഒരു പരീക്ഷയ്ക്കുശേഷ മാണു വിദ്യാത്ഥികൾക്കു അവിടെ പ്രവേശനം നല്കിയി രുന്നതു്. പ്രവേശനപരീക്ഷയിൽ വിജയം നേടിയാൽ പ്രാരംഭത്തിൽ ഒരു അതിഥിയായും പിന്നീടു സന്ന്യാസി മഠത്തിലെ ഒരംഗവുമായും തീരുന്നു. നിയമങ്ങൾ തെററി ക്കുന്ന വിദ്യാത്ഥിയെ സന്ന്യാസിമഠത്തിൽനിന്നും നീക്കം ചെയ്യുക പതിവാണു്. അങ്ങനെ പുറത്തയക്കുന്നവരെ പിന്നീടു യാതൊരു കാരണവശാലും പ്രവേശിപ്പിക്കുന്നതു മല്ല. വ്യാകരണം, വൈദ്യം, വേദാന്തം, തക്കം എന്നിവ യാണു് പൂണ്ണ അദ്ധ്യയനത്തിനു നിശ്ചയിച്ചിരുന്നതു്. നളന്ദകലാശാലക്കു ആവശ്യമായ സഹായങ്ങൾ ഗവമ്മെ ൻറും പൊതുജനങ്ങളും നല്കിയിരുന്നു. അവിടത്തെ അതി രസകരമായ പല വാദപ്രതിവാദങ്ങളിലും, പ്രസംഗമത്സ രങ്ങളിലും ഹ്യുയങ്ങ് സാങ്ങ് ഭാഗഭാക്കായി. ശ്രീഹഷ ൻെറ കാലത്തു ബുദ്ധമതം ക്രമേണ ക്ഷയിക്കുവാൻ തുടങ്ങി എന്നു ഹ്യുയങ്ങ്സാങ്ങ് ഹൃദയവ്യഥയോടുകൂടി വണ്ണിച്ചി ട്ടുണ്ടു്. ആ മഹാചക്രവത്തിയുടെ രക്ഷാകത്തൃത്വത്തിൽ അദ്ദേഹത്തിൻെറ സാമ്രാജ്യത്തിൽ ആറുകൊല്ലം വസിച്ചു പല മഹോത്സവങ്ങളിലും സംബന്ധിച്ചു. ചക്രവത്തി

യുടെ സ്വകാര്യസമ്പത്ത് വിഭാഗിച്ചു കൊടുത്തതിനും അദ്ദേഹം സ്വവസ്ത്രങ്ങളുപേക്ഷിച്ച് ശ്വേതാംബരങ്ങൾ ധരിച്ചു ബുദ്ധമതം സ്വീകരിച്ചതിനും ഹ്യൂയങ്ങ്സാങ്ങ് ദൃക്സാക്ഷിയായിരുന്നു. പലപ്പോഴും കവർച്ചക്കാരുടെ ആക്രമണത്തിൽനിന്നു അദ്ദേഹത്തിനു രക്ഷ പ്രാപിക്കേണ്ടി വന്നിട്ടുണ്ട്.

പുണ്യസ്ഥലമായ ബുദ്ധഗയയിലെ ശ്രീബുദ്ധക്ഷേത്രം അദ്ദേഹത്തിൻെറ സന്ദർശനത്തിൽ പ്രാധാന്യമർഹിക്കുന്നു. കന്യാകുബ്ജിൽനിന്നും, പുലികേശൻ രണ്ടാമൻെറ രാജധാനി, കാഞ്ചി മുതലായ ദേശങ്ങൾ സന്ദർശിച്ചും, ആതിഥ്യംസ്വീകരിച്ചും താമസിച്ചു. വടക്കേ ഇന്ത്യയിലേക്കുമടങ്ങുംവഴി വിശ്വോത്തരമായ ഭാരതത്തിലെ ശില്പകലാവൈദഗ്ദ്ധ്യത്തെ പ്രദർശിപ്പിക്കുന്ന അജൻറയിലെ ചിത്രവേലകൾ കണ്ട് അദ്ദേഹം ആശ്ചര്യപരതന്ത്രനായി എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

ക്രിസ്ത്വബ്ദം 641-ൽ ആ ബുദ്ധഭിക്ഷു തിബററിൽ കൂടി സ്വദേശത്തേക്കു മടങ്ങി. എന്നാൽ മാർഗ്ഗമദ്ധ്യേ ആകസ്മികമായി സംഭവിച്ച പ്രതിബന്ധങ്ങളാൽ അദ്ദേഹം ശേഖരിച്ചിരുന്ന പല വിശിഷ്ടഗ്രന്ഥങ്ങളും വിവരണങ്ങളും നഷ്ടപ്പെട്ടു. സ്വദേശത്തു് എത്തുമ്പോൾ 657 ബുദ്ധമതഗ്രന്ഥങ്ങളും അനവധി പ്രതിമകളും, ലിഖിതങ്ങളും കൈവശമുണ്ടായിരുന്നു. 16 കൊല്ലത്തെ വിരഹത്തിനു ശേഷം സ്വദേശത്തു് എത്തിച്ചേർന്നപ്പോൾ ഹ്യൂയങ്ങ്സാങ്ങിനു് ഹാർദ്ദമായ സ്വീകരണം ലഭിച്ചു. ജനതതി ആത്തുവളിച്ചു. ചക്രവർത്തിയുടെ അനുമതികൂടാതെയാണു അദ്ദേഹം വിദേശരാജ്യങ്ങളിൽ സഞ്ചരിച്ചതു്. എങ്കിലും ചക്രവർത്തി അദ്ദേഹത്തിനു സ്വാഗതമരുളി. തായ്സൂങ്ങ് ആയി

രുന്ന അന്നും ചക്രവർത്തി. അതിനുശേഷം അദ്ദേഹം സ്വൈരമായി ഒരു സന്യാസിമഠത്തിൽ വിശ്രമിച്ചു. ചക്രവർത്തിയുടെ ആജ്ഞാനുസരണം ആദ്യമായി തൻെറ സഞ്ചാരത്തെപ്പററി ഒരു ഗ്രന്ഥം രചിക്കുവാൻ ഉദ്യുക്തനായി. അതാണു് 'സിയുകി' എന്ന വിശിഷ്ടഗ്രന്ഥം. അദ്ദേഹം ശേഖരിച്ച സംസ്കൃതത്തിലുള്ള ബുദ്ധമതഗ്രന്ഥങ്ങൾ മാതൃഭാഷയിൽ തർജ്ജമ ചെയ്യുന്നതിനാണു അവശിഷ്ടായുസ്സ മുഴുവനും വിനിയോഗിച്ചതു്. 19 കൊല്ലത്തെ ശ്രമഫലമായി 740 ഉത്കൃഷ്ടഗ്രന്ഥങ്ങൾ 1335 പുസ്തകങ്ങളായി ചീനഭാഷയിൽ ആവിർഭവിച്ചു. അക്കാലത്തു ചൈനയിൽ 3776 ബൗദ്ധസന്യാസിമഠങ്ങൾ ഉണ്ടായിരുന്നു. ഹ്യൂയങ്ങ്സാങ്ങ് ലോകരംഗത്തുനിന്നും മറഞ്ഞിട്ടു നൂററാണ്ടുകൾ പലതു കഴിഞ്ഞു. എങ്കിലും ഇന്നും അദ്ദേഹത്തിൻെറ നാമശ്രവണത്താൽ ചിന്നിച്ചിതറിയ പല ഭൂതകാലസ്മരണകളും നമ്മുടെ ഹൃദയത്തെ വികാരവിക്ഷുബ്ധമാക്കുന്നു. ഇങ്ങനെ ഇന്ത്യയും ചൈനയും തമ്മിൽ അപ്രമേയമായ ഒരു ബന്ധമുണ്ടാക്കി.

പൂർവ്വവംശജന്മാരുടേതുപോലെ തായ്ടസങ്ങിൻെറയും രാജധാനി 'പീക്കിങ്ങ്'' ആയിരുന്നു. വിവിധ ഭാഷകൾ ചൈനയിൽ കടന്നുകൂടിയതു ഇക്കാലത്താണു്. ക്രിസ്താബ്ദം 650-ൽ അദ്ദേഹം ഭരണരംഗത്തുനിന്നു മറഞ്ഞപ്പോൾ ചൈന ഏററവും അഭിവൃദ്ധി പ്രാപിച്ചിരുന്നു. അനന്തരം തായ്ടസങ്ങിൻെറ ഒരു പുത്രൻ രാജ്യം കൈവശപ്പെടുത്തി. അദ്ദേഹത്തിൻെറ രാജ്ഞി ദുഷ്ടയായിരുന്നെങ്കിലും രാജ്യം ക്ഷേമപൂർവ്വം ഭരിക്കുന്നതിനു് ഭർത്താവിനു പ്രേരണ നല്കി. പല ശത്രുക്കളെയും ചക്രവർത്തി അമർച്ചചെയ്തു്, സാമ്രാജ്യത്തിൻെറ അഭിമാനം പുലർത്തി.



PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYARA VEEDU
MALAYINKIL

'ഫാൻലിൻ' എന്ന വിഖ്യാതമായ ഒരു പണ്ഡിതമഹാശാല സ്ഥാപിച്ചു. ഈ ചക്രവർത്തിയുടെ കാലം മുതൽ 907-വരെ ഭരിച്ചവർ കൺഫ്യൂഷിയസ്സ് മതാനുയായികളുടെ പ്രേരണകൊണ്ടു് ബുദ്ധമതത്തെ നിരന്തരം പീഡിപ്പിച്ചുകൊണ്ടിരുന്നു. നിരവധി സന്യാസിമാരെ നശിപ്പിക്കുകയും, ബുദ്ധമതഗ്രന്ഥങ്ങൾ, പ്രതിമകൾ, വിഹാരങ്ങൾ എന്നിവയുടെ നിർമ്മാണം നിരോധിക്കുകയും ചെയ്തു. ക്രിസ്തുവബ്ദം 756-ൽ സാമ്രാജ്യത്തിൽ പല കലാപങ്ങൾ തലപൊക്കി. 780-മുതൽ 750 വരെ ഭരിച്ച 'തേസൂങ്' ചക്രവർത്തിയുടെ കാലത്താണു് തേയില ആദ്യമായി ചൈനയിൽ ഉപയോഗിച്ചതു്.

'ടാങ്' വംശക്കാലം റോമിലെ 'അഗസ്റ്റീൻ' കാലഘട്ടത്തോടു് കിടനില്ക്കുന്ന നവ്യവും പുരോഗമനപരവുമായ ഒരു സാഹിത്യപ്രസ്ഥാനത്തിൻെറ ഉത്ഭവകാലമായിരുന്നു. കാവ്യകല അന്നു ക്രമപ്രവൃദ്ധമായി വളർച്ച പ്രാപിച്ചു. മതപരമായിട്ടാണെങ്കിൽ ബുദ്ധമതത്തിന്നും, ക്രിസ്തുമതത്തിനും ചില പരിവർത്തനങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞു. ചീനശില്പകല, ഗ്രീക്കുശില്പകലയുമായി കലന്നു പരിഷ്കൃതമായി. അച്ചടി കണ്ടുപിടിച്ചു. ചൈനയിൽ അച്ചടി നടപ്പായി അനേക വർഷങ്ങൾ കഴിഞ്ഞശേഷമാണു പാശ്ചാത്യർ ആ വിദ്യ മനസ്സിലാക്കിയതു്. ആദ്യം തടിയിൽ അക്ഷരങ്ങൾ കൊത്തിയും പിന്നീടു ലോഹങ്ങളിൽ കൊത്തിയും അച്ചടി നിർവ്വഹിച്ചു വന്നു. പല വിദേശീയരും ഈ പരിഷ്കാരങ്ങൾ പകർത്തിക്കൊണ്ടുപോയിട്ടുണ്ടു്. നമുക്കു നഷ്ടപ്പെട്ട പല പ്രാചീനസംസ്കൃതഗ്രന്ഥങ്ങളുടെയും തർജ്ജമ ചൈനയിലുണ്ടെന്നു പറയപ്പെടുന്നു. ചിത്രമെഴുത്തിനും അന്നു ഗണനീയമായ സ്ഥാനമുണ്ടായിരുന്നു. 'ടാങ്' വംശത്തിൽ 18 ചക്രവർത്തിമാർ 289

കൊല്ലം രാജ്യം ഭരിച്ചു. ക്രിസ്ത്വബ്ദം 907-ലാണ് ആ വംശത്തിന്റെ വാഴ്ച അവസാനിച്ചതു്. പാശ്ചാത്യരാജ്യങ്ങളിലെ ഇരുളടഞ്ഞതും എന്നാൽ പൌരസ്ത്യ രാജ്യങ്ങളിലെ പ്രഭാപൂരിതവുമായ ഒരു കാലമായിരുന്നു അതെന്നു് ചരിത്രകാരന്മാർ വർണ്ണിച്ചിരിക്കുന്നു.

അനന്തരം അഞ്ചു രാജവംശങ്ങൾ ക്രിസ്ത്വബ്ദം 960 വരെ സാമ്രാജ്യാധിപതികളായിരുന്നു. അവർ മിക്കവാറും 'ടർകോമൻ' തുടങ്ങിയ വർഗ്ഗത്തിൽപ്പെട്ടവരാണ്. അസമാധാനവും കലാപങ്ങളും അക്കാലം സാമ്രാജ്യം മുഴുവനും നടമാടി. ടാർട്ടർ വംശജർ പല ആക്രമണങ്ങളും നടത്തി. എന്നാൽ എപ്പോഴും കലഹിച്ചുകൊണ്ടിരുന്ന ഈ അഞ്ചു രാഷ്ട്രങ്ങളിൽ മൂന്നു രാഷ്ട്രങ്ങൾ പ്രബലങ്ങളായിത്തീർന്നു. പെക്കിങ് തലസ്ഥാനമായ കിൻ, നാൻകിങ് തലസ്ഥാനമായ സൂങ്, സിയാ രാജ്യം എന്നിവയാണു് അവ. അഞ്ചു രാജവംശങ്ങളിൽ ഒന്നായ 'ചു' വംശത്തിലെ അവസാനചക്രവർത്തി അകാലമരണം പ്രാപിക്കയാൽ 'ചാഖ്വാങ്‌യിൻ' എന്ന പ്രധാനസേനാനിയുടെ നേതൃത്വത്തിൽ 'സൂങ്' രാജവംശം സ്ഥാപിച്ചു. ക്രിസ്ത്വബ്ദം 960-മുതൽ 1279-വരെ, 320 കൊല്ലം സൂങ് വംശക്കാർ ചൈനയുടെ ഭരണകർത്തൃത്വം വഹിച്ചു. അവരുടെ പ്രധാനയത്നം ആക്രമത്തിനൊരുമ്പെട്ട ശത്രുക്കളെ തുരത്തുകയായിരുന്നു. ഏകദേശം ഒന്നരശതാബ്ദത്തോളം ആ വംശക്കാരുടെ ഭരണം ശ്രേയസ്കരമായിരുന്നു. പത്താം ശതവർഷത്തിൽ ഭരിച്ച 'ഷെൻ്സൂങ്' ചക്രവർത്തിയുടെ കാലത്തു ഒരു പുതിയ ഭരണവ്യവസ്ഥ നടപ്പിലിരുന്നു. വ്യവസായം ഗവൺമെന്റു് ഏറെറടുത്തു. ധനം ആവശ്യമുള്ളവർ ഗവൺമെന്റിൽനിന്നും പലിശയ്ക്കു കടം എടുക്കുക, ഒന്നിൽ കൂടുതൽ സന്താനങ്ങളെ ഗവൺമെന്റിനു്

വിട്ടുകൊടുക്കുക, ആദായനികുതി കൊടുക്കുക എന്നിങ്ങനെ പല നിയമങ്ങളും നടപ്പായി. ഈ പുതിയനടപടികളെല്ലാം ജനങ്ങളെ വിഷമിപ്പിക്കുന്നതായിരുന്നു. സൂങ്ങ് വംശത്തിൻെറ അധഃപതനത്തോടുകൂടി അവ നിലച്ചു.

സൂങ്ങ് വംശക്കാരുടെ ഭരണം ചരിത്രപ്രസിദ്ധമാണു്. കവികഠം, ചരിത്രകാരന്മാർ, ശാസ്ത്രജ്ഞന്മാർ തുടങ്ങി പല വിദ്വജ്ജനങ്ങളും അക്കാലത്തു ജീവിച്ചിരുന്നു. അവർ രചിച്ചിട്ടുള്ള കൃതികളെല്ലാം മുദ്രണം ചെയ്യപ്പെട്ടിരുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്. കൊത്തുപണി ചിത്രമെഴുത്തു്, സ്വർണ്ണവേല, മരപ്പണി, മൺപാത്രങ്ങളുണ്ടാക്കുക, പട്ടുനെയ്ത്തു മുതലായവ ഏററവും അഭിവൃദ്ധി പ്രാപിച്ചിരുന്നു. തോക്കു ഉഠംപ്പെടെ പല യുദ്ധോപകരണങ്ങളും അന്നു നിർമ്മിച്ചു. കപ്പലുകഠം അന്യരാജ്യങ്ങളുമായി കച്ചവടം നടത്തുന്നതിനും, പടക്കപ്പലുകഠം യുദ്ധത്തിനും വിനിയോഗിച്ചു. വിദ്യാഭ്യാസത്തിനു ക്രമപ്രവൃദ്ധമായ പുരോഗതി ഉണ്ടായി. ചീനപ്പരിഷ്കാരം അന്നു ഒരു സമുന്നതസ്ഥാനത്തെത്തിയിരുന്നു.

ക്രിസ്ത്വബ്ദം 976-ൽ ഭരണമേററ സൂങ്ങ് വംശത്തിലെ രണ്ടാമത്തെ ചക്രവർത്തിക്കു ബുദ്ധമതത്തോടും, സന്യാസികളോടും അത്ര മമതയില്ലായിരുന്നു. പൊതുവെ സൂങ്ങ് വംശത്തിൻെറ ഭരണകാലത്തു് ബുദ്ധമതത്തിനു വലിയ പീഡനങ്ങഠം ഉണ്ടായി എന്നു പറയാൻ തരമില്ല. ക്രിസ്ത്വബ്ദം 1035-ൽ 'ജിൻസൂങ്ങും' 1068-ൽ 'ഷാൻസൂങ്ങും' 1101-ൽ 'ഫ്വീ സൂങ്ങും' താവോ മതവും, ബുദ്ധമതവും ഇണക്കിച്ചേർത്തു് ഒരു പുതിയ മതം നടപ്പിൽവരുത്തുന്നതിനുദ്യമിച്ചു. അതു ഫലപ്രദമായില്ല. 1143-ൽ ചക്രവർത്തിയായിരുന്ന 'കൗ സൂങ്ങ്' ബുദ്ധമതസന്യാസികഠംക്കു നല്കിയിരുന്ന അധികാരപത്രങ്ങഠം പിൻവലിക്കുകയുണ്ടായി.

സൂങ്ങ് വംശത്തിന്റെ ഭരണസായാഹ്നമെത്തിയ പ്പോൾ പല വർഗ്ഗക്കാരും തലപൊക്കുകയും, കലഹവും യുദ്ധവും വീണ്ടും ആവിർഭവിക്കുകയും ചെയ്തു. ടർക്കോമൻ വർഗ്ഗം സൂങ്ങ് വംശജരുമായി യുദ്ധത്തിലേർപ്പെട്ടു് ചൈന യുടെ വടക്കുഭാഗം കൈവശപ്പെടുത്തി. സൂങ്ങ് വംശജർ യാങ്ങ് ടിസിക്യാങ്ങ് നദിയുടെ മറുകര പ്രാപിച്ചു് നാൻ കിങ്ങ്നഗരം രാജധാനിയാക്കി. അങ്ങനെ വടക്കും തെക്കും ചൈനയെ രണ്ടു രാജ്യങ്ങളായി വിഭജിച്ചു. യാങ്ങ്ടിസി ക്യാങ്ങ് അവയുടെ മദ്ധ്യേയുള്ള അതിർത്തിയുമായി.

ക്രിസ്ത്വബ്ദം പതിനൊന്നാം ശതവർഷത്തിന്റെ ആരംഭത്തിൽ മംഗോൾ വംശജർക്കു പ്രാബല്യംസിദ്ധിച്ചു. മംഗോൾ പദത്തിന്റെ അർത്ഥം 'ധീരൻ' എന്നാണ് മംഗോളിയർ ആമൂർ നദിയുടെ വടക്കുഭാഗത്തുപാർത്തിരുന്ന ഒരുതരം മുഷ്കരന്മാരായിരുന്നു. 1214-ൽ അവർ'കിൻ'രാജ്യ വുമായി യുദ്ധം ചെയ്തു് ജയം നേടി പീക്കിങ്ങിൽ താമസ മുറപ്പിച്ചു. മംഗോൾ സംയുക്തരാഷ്ട്രങ്ങളുടെ നേതാവു് ഹൂണവംശജനായ 'ജംകിസ്ഖാൻ' ആയിരുന്നു. ഒരു വീര നായിരുന്നു അദ്ദേഹം. പാശ്ചാത്തികളായ അനവധി ആളുകളെ സൈന്യത്തിൽ ചേർത്തു അവരുടെ സഹായ ത്തോടുകൂടി മഗോളിയയും, സമീപപ്രദേശങ്ങളും കീഴ ടക്കി ജംഗീസ്സ് ചക്രവർത്തിയായി. മഹാധീരനും അതിനി ഷ്ഠുരനുമായിരുന്ന അദ്ദേഹം ചൈനയുടെ വടക്കുഭാഗം ആക്രമിച്ചു കിഴ്പ്പെടുത്തി. മംഗോൾ രാജധാനിയായി രുന്ന കാറക്കോറം തലസ്ഥാനനഗരിയാക്കി. അദ്ദേഹം സിന്ധു നദിവരെ ഏഷ്യയുടെ പടിഞ്ഞാറുള്ള ദേശങ്ങൾ തുർക്കിസംസ്ഥാനം, ആർമിനിയ, ഇറാൻ തുടങ്ങി പല രാജ്യങ്ങൾ പിടിച്ചടക്കി. അനന്തരം യൂറോപ്പുഖണ്ഡത്തിൽ സാമ്രാജ്യസ്ഥാപനത്തിനു പുറപ്പെട്ടു. യാത്രയിൽ പല

നാശനഷ്ടങ്ങളും ചെയ്തു. അനന്തരം വിജയവൈജയന്തിയോടു കൂടി തലസ്ഥാനത്തു മടങ്ങി. ഒരു അതിവിസ്തൃതസാമ്രാജ്യത്തിന്റെ അധിപനായിട്ടാണു് അദ്ദേഹം ചരമമടഞ്ഞതു്. ജംഗിസ്ഖാന്റെ അനന്തരഗാമി 'ഒഗ്ഡായ് ഖാൻ' കാര്യക്ഷമമായ രീതിയിൽ സൈന്യം സംഘടിപ്പിച്ചു് പിതാവിനെപ്പോലെ ഒരു ദിഗ്വിജയയാത്ര ആരംഭിച്ചു. യുദ്ധത്തിൽ സൈന്യങ്ങൾ വെടിമരുന്നു്, പീരങ്കി എന്നിവ പ്രയോഗിച്ചു. യൂറോപ്പിലെ പല രാജ്യങ്ങളും മംഗോൾപടക്കു കീഴടങ്ങി. ഒഗഡായിയുടെ പുത്രൻ 1246ൽ ചക്രവർത്തിയായി. സ്ഥാനാരോഹണത്തിനു പല വിദേശീയ രാജ്യാധിപതികളും സന്നിഹിതരായിരുന്നു. ചക്രവർത്തിയുടെ കാലശേഷം ഏതാനും കൊല്ലം റീജൻറായി രാജ്ഞിയും അവരുടെ മൂത്തപുത്രനും രാജ്യം ഭരിച്ചു. അനന്തരഗാമി 'മംഗുഖാൻ' 1251-ൽ വലിയ ഖാനായി സാമ്രാജ്യാധിപത്യമേററു. അക്കാലത്തു അദ്ദേഹം സൂങ്ങ്സാമ്രാജ്യം കരസ്ഥമാക്കി. ചീനസാമ്രാജ്യം മുഴുവനും പിടിച്ചടക്കാൻ ഉദ്യമിയ്ക്കാതിരുന്നില്ല. അദ്ദേഹം മരിച്ചപ്പോൾ ചൈനയിലെ ഗവർണ്ണരായിരുന്ന കനിഷ്ഠ സഹോദരൻ കുബ്ളൈഖാൻ 1279-ൽ ചീനചക്രവർത്തിപദമലങ്കരിച്ചു. അദ്ദേഹമാണു് 'യുവാൻ'രാജവംശം അഥവാ 'മംഗലരാജവംശം' സ്ഥാപിച്ചതു്. ഈ രാജവംശം ക്രിസ്ത്വബ്ദം 1368 വരെ നിലനിന്നു. ബർമ്മാ, സയാം, ജാവാ ആനാം തുടങ്ങി പല രാജ്യങ്ങൾ ആക്രമിച്ചു ചേർത്തു. ഏറിയകാലം രണ്ടായി വേർതിരിഞ്ഞിരുന്ന ചീനാസാമ്രാജ്യം 'കുബ്ളൈഖാൻ ഒന്നായിയോജിപ്പിച്ചു ഭരണം നടത്തി. പെക്കിങ്ങ് പരിഷ്കരിച്ചു് തലസ്ഥാനനഗരിയാക്കി. കുബ്ളൈഖാൻ ബുദ്ധമതത്തോടു വളരെ പ്രതിപത്തി കാണിച്ചു. കൺഫ്യൂഷിയസ്സ്ക്ഷേത്രങ്ങളെ ബുദ്ധമതക്ഷേത്രങ്ങളായി രൂപാന്തരപ്പെടുത്തി. തായോ മതവും പീഡനങ്ങളേററു. ആ മതത്തിലെ

ചില ദുഷിച്ച ഗ്രന്ഥങ്ങൾ നശിപ്പിച്ചു. സാമ്രാജ്യത്തിലു ണ്ടായിരുന്ന മററെല്ലാമതങ്ങൾക്കും ഗണനീയമായ പ്രോ ത്സാഹനം നല്കി. ജപ്പാൻ ഒരു ബുദ്ധമതരാജ്യമാണെന്ന അടിസ്ഥാനത്തിന്മേൽ അവരുമായി ആദ്യം യുദ്ധത്തിലേ ർപ്പെടാൻ വിസമ്മതിച്ചു. ജപ്പാൻകാർ കപ്പംകൊടുക്കാതി രുന്നപ്പോഴാണു് യുദ്ധത്തിനു് നിർബന്ധിതനായിത്തീ ന്നതു്.

മഹാമനസ്കനും, പ്രജാക്ഷേമൈകതല്പരനുമായിരുന്ന കുബ്ലൈഖാൻെറ ഭരണം ചൈനയുടെ ചരിത്രത്തിൽഒരു നവീനാദ്ധ്യായം സൃഷ്ടിച്ചു. പല വിദേശീയക്കും സാമ്രാജ്യ ത്തിൽ സ്വാഗതമരുളി. അക്കൂട്ടത്തിൽ 1271-ൽ വെനീ സ്സിൽനിന്നു ക്രിസ്ത്യാനികളും പ്രസിദ്ധദേശസഞ്ചാരികളു മായിരുന്ന മാക്കോപോളോയും പുത്രനും ചൈന സന്ദ ശിച്ചു. ചക്രവത്തി അവരെ സൽക്കരിച്ചു. അധികനാളുകൾ കഴിയുന്നതിനുമുമ്പു ചക്രവത്തിയുടെ സ്നേഹവിശ്വാസ ങ്ങൾക്കു മക്കോപോളോ പാത്രീഭൂതനായി. മാക്കോപോ ളോയെ ചക്രവത്തിയുടെ ഇമ്പീരിയൽ കൗൺസിലിലെ ഒരംഗമായി നിയമിച്ചു. ചൈനയിലെ ഏതാനുംവഷത്തെ ഔദ്യോഗികജീവിതത്തിനു ശേഷം സ്വദേശത്തേക്കു മട ങ്ങണമെന്നുള്ള പോളോസഹോദരന്മാരുടെ അഭിലാഷത്തിനു ചക്രവത്തി വിസമ്മതം പ്രകടിപ്പിച്ചു. എങ്കിലും അവസാ നം യാത്രാനുമതിനല്കി. യാത്രയിൽ മററൊരു ഗൗരവാ വഹമായ ചുമതലകൂടി അവക്കു നിവ്വഹിക്കേണ്ടതുണ്ടായി രുന്നു. പെർഷ്യയിലെ അന്നത്തെ ഭരണകത്താവായിരുന്ന സ്വസഹോദരൻെറ പത്നി ചരമംപ്രാപിച്ചിരുന്നതിനാൽ ഒരു മംഗോൾരാജകുമാരിയെ പുനർവിവാഹത്തിനുകൊണ്ടു പോകുന്നതിനു പോളോ സഹോദരരെ ചുമതലപ്പെടുത്തി. രാജകുമാരിയുടെ സുഖസൗകര്യങ്ങൾ പരിഗണിച്ചു് അവർ

ജലമാർഗ്ഗമായിട്ടാണു് യാത്ര തിരിച്ചതു്. ദുഷ്കരമായ ഒരു നീണ്ടയാത്രയ്ക്കുശേഷം സസുഖം അവർ പ്രാപ്യസ്ഥാനത്തെത്തി. ചക്രവർത്തി ഭരമേല്പിച്ച കൃത്യം സ്തുത്യർഹമാം വിധം നിർവ്വഹിച്ചു എന്ന കൃതാർത്ഥതയോടെ ആ പ്രസിദ്ധസഞ്ചാരികൾ വെനീസ്സിലേക്കു മടങ്ങി. അതിനുശേഷം ചൈനയേയും യാത്രാവിവരങ്ങളേയും പ്രതിപാദിച്ചു് സവിസ്തരം ഒരു ഗ്രന്ഥം രചിച്ചു. അതാണു 'സെർമക്കോ പോളോ'. ബുദ്ധമതത്തിനു അന്നു വളരെ പ്രചാരംസിദ്ധിച്ചിരുന്നു. എങ്കിലും തിബററിലെ ലാമാകളുടെ സമ്പക്കത്താൽ അതിനു ചില ഉടവുകൾ തട്ടാതിരുന്നില്ല. വ്യവസായം അഭിവൃദ്ധിപ്പെട്ടിരുന്നു. കൃഷിക്കും വ്യവസായത്തിനുമായി ഒരു വലിയ തോട്ടു് അദ്ദേഹം വെട്ടിച്ചു. വിദ്വജ്ജനങ്ങളെക്കൊണ്ടു് രാജസദസ്സും സമാലംകൃതമായിരുന്നു. വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധിക്കു പല കലാലയങ്ങളും സ്ഥാപിച്ചു. കുബ്ലൈഖാൻ ചരമമടഞ്ഞപ്പോൾ അദ്ദേഹത്തിന്റെ പൗത്രനായ തിമൂർ, ചക്രവർത്തിയായി സ്ഥാനാരോഹണംചെയ്തു. പൂർവ്വികരെപ്പോലെ അദ്ദേഹവും വീരനായിരുന്നു. തിമൂർ പടിഞ്ഞാറെ തുർക്കിസ്ഥാനം ആസ്ഥാനമാക്കി സിറിയ മുതൽ ദില്ലിവരെ പിടിച്ചടക്കി. ആ സാമ്രാജ്യം ദീർഘനാൾ നിലനിന്നില്ല. എന്നാൽ 1505-ൽ തിമൂറിന്റെ വംശജനായ ബാബർ പല രാജ്യങ്ങളും പിടിച്ചടക്കി സാമ്രാജ്യം സ്ഥാപിച്ചു. അക്ബർ മഹാശയൻ അതു വിസ്തൃതമാക്കി. അങ്ങനെ മംഗോൾ വംശം മുഗൾവംശമായി. വളരെക്കാലം ഇന്ത്യ ആ വംശജരുടെ ആധിപത്യത്തിലായിരുന്നു.

ക്രിസ്ത്വബ്ദം 1367-വരെ 'യുവാൻ' രാജവംശം നിലനിന്നു. അതിനുശേഷം 'ചൂ യുവാൻ ചാങ്' എന്ന ഒരു ചീനസേനാനി മംഗോൾ വംശജരെ പരാജയപ്പെടുത്തി

1368-ൽ 'മിങ്' രാജവംശം സ്ഥാപിച്ചു. അങ്ങനെ സാമ്രാജ്യം വീണ്ടും ചീനക്കു കരഗതമായി.

SOM GRANDHASALA

ക്രിസ്ത്വാബ്ദം 1368 മുതൽ 1643 വരെ മിങ് വംശം നിലനിന്നു. ആദ്യചക്രവർത്തിയായ ഛൂ യുവാൻ ചാങ് 'ഹുങ്‌വൂ' എന്ന നാമം സ്വീകരിച്ചു. അദ്ദേഹം വിദ്യാവിഹീനനായിരുന്നെങ്കിലും, തലസ്ഥാനനഗരിയായ നാൻകിങ്ങിൽ അനേകം വിദ്യാലയങ്ങൾ സ്ഥാപിക്കുകയും, നാട്ടിൽ പല പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തു. ക്ഷിപ്രപ്രസാദിയായിരുന്നതിനാൽ പുത്രന്റെ അഭിമതങ്ങൾക്കു വഴിപ്പെട്ടു് പലരെയും കാരണമില്ലാതെ വധിച്ചു. രാജ്യത്തിൽ കൂടെക്കൂടെ ജപ്പാൻകാരുടെ പല ആക്രമണങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. എതിരാളികളെ പരാജയപ്പെടുത്തി 'യുങ്‌ലോ' സാമ്രാജ്യാധിപതിയായി. അദ്ദേഹം ഏതാനും കാലം ക്ഷേമപൂർവ്വം രാജ്യം ഭരിച്ചു. അനേകായിരം കൈയെഴുത്തുഗ്രന്ഥങ്ങൾ അടങ്ങിയ ഒരു വിജ്ഞാനനിഘണ്ടു ചീനഭാഷയിൽ അദ്ദേഹത്തിന്റെ നിയോഗാനുസരണം നിർമ്മിക്കപ്പെട്ടു. എന്നാൽ ആ ഗ്രന്ഥത്തിന്റെ പല ഭാഗങ്ങളും ബക്സാർ യുദ്ധത്തിൽ നശിപ്പിച്ചുകളഞ്ഞതു് ഏററവും സങ്കടകരമാണ്. അക്കാലത്തു് ഏഡൻ തുറമുഖവുമായി കപ്പൽ ഗതാഗതമുണ്ടായിരുന്നതിനു ലക്ഷ്യങ്ങളുണ്ടു്. 'യുങ്‌ലോ'യുടെ പിൻഗാമികൾ വിഷയലമ്പടന്മാരായിരുന്നു. 1488-ൽ രാജ്യം ഭരിച്ച "ഹിസിയോടസങ്ങി"ന്റെ കാലത്തും, മാർക്കോപോളോയുടെ സഞ്ചാരവിവരണത്തിൽനിന്നും, ചൈനയുടെ പ്രശസ്തി മനസ്സിലാക്കി, കൊളംബസ്സും, വാസ്കോഡിഗാമയും, ചൈനയിലേയ്ക്കു കപ്പൽയാത്ര പുറപ്പെട്ടു. എന്നാൽ അവർ വിചാരിച്ച കരയ്ക്കടുക്കാതെ കൊളംബസ് അമേരിക്കയിലും, വാസ്കോഡിഗാമ ഇന്ത്യയിലും എത്തിച്ചേർന്നു. അനന്തരം

കൊളംബസ്സിൻെറ ഒരു അടുത്ത ബന്ധുവായ റഫേൽ 1516-ൽ ചൈനയിലെത്തി. തുടൎന്ന കച്ചവടക്കാരും, ദേശ സഞ്ചാരികളുമായ പല പാശ്ചാത്യരും ചൈനയിൽ വന്നു. ആദ്യമായി വന്ന പോർട്ടുഗീസ്സുകാരെ ചീനർ കഠിനമായി ഉപദ്രവിച്ചു. എങ്കിലും 1550-ൽ അവർ കാൻറൺ നദീതീരത്തു വാസമുറപ്പിച്ചു. പോർട്ടുഗീസുകാരെ തുടൎന്ന് ഡച്ചുകാരും ഇംഗ്ലീഷുകാരും അമേരിക്കരും കച്ചവടത്തിന ചൈനയിൽ പ്രവേശിച്ചു. കാമോയൻസു കവി പോർട്ടുഗീസ്സുകാരുടെ മഹാകാവ്യമായ "ലൂസിയഡ്" രചിച്ചതു് കാൻറൻ നദീതീരത്തുവച്ചാണ്. ആയിടയ്ക്കു പാശ്ചാത്യ ദേശങ്ങളിൽനിന്നു് 'പാസിയോ', 'റഗ്ഗേറിയോ', 'മാത്യുറിക്കി'എന്നി ക്രൈസ്തവമിഷനറിമാർ പല അമൂല്യസാധനങ്ങളുമായി ചക്രവൎത്തിയെ സന്ദൎശിച്ചു. അവർ ശാസ്ത്രസംബന്ധമായ പല വിവരങ്ങളും ചക്രവൎത്തിക്കു നല്കി പ്രീതിസമ്പാദിച്ചു. അവരുടെ വരവോടുകൂടി ക്രിസ്ത്യാനികൾ വീണ്ടും ചൈനയിൽ കുടിയേറിപ്പാൎത്തു. പല അനുചരന്മാരെയും അവൎക്ക സമ്പാദിക്കാൻ കഴിഞ്ഞു. അനന്തരം കുറേനാളത്തേയ്ക്കു ആഭ്യന്തരകലഹങ്ങളും വിദേശീയാക്രമണങ്ങളും ഉണ്ടായിക്കൊണ്ടിരുന്നു. ചക്രവൎത്തിക്കെതിരായി "ലി" എന്ന ഒരാളുടെ നേതൃത്വത്തിൽ ഒരു പ്രബലകക്ഷി ആവിർഭവിച്ചു. ഗത്യന്തരമില്ലാതെ ചക്രവൎത്തി ആത്മഹത്യചെയ്തു. അദ്ദേഹത്തിൻെറ ഒരു സേനാധിപൻ ലഹളത്തലവനായ "ലി"യേയും അനുചരന്മാരെയും അമൎച്ചചെയ്യാൻ മാഞ്ചു വൎഗ്ഗക്കാരോടു് സഹായമഭ്യൎത്ഥിച്ചു. അവർ ലഹളക്കാരെ അമൎച്ചചെയ്തു് മാഞ്ചുവംശം സ്ഥാപിച്ചു.

മിങ് രാജവംശം 275 വൎഷം സാമ്രാജ്യഭരണം നടത്തി. അക്കാലത്തു വിദ്യാഭ്യാസവും, വ്യവസായവും അഭിവൃദ്ധമായി. സാഹിത്യം പല ശാഖകളായി പിരിഞ്ഞു.

വിദേശീയർ ധാരാളം കുടിയേറിപ്പാർത്തു. മിങ്ങ് വംശത്തിൽ പ്രശസ്തരായ ഭരണാധികാരികൾ കുറവായിരുന്നു. എങ്കിലും സാമ്രാജ്യം പൊതുവെ പരിഷ്കാരോന്മുഖമായിത്തീർന്നു. ബുദ്ധമതത്തിന് എതിരായിരുന്നു മിങ്ങ് വംശത്തിലെ എല്ലാ ചക്രവർത്തിമാരും.

10603

IV

## രാജവാഴ്ചയുടെ അവസാനം

ചിങ് അഥവാ മാഞ്ചുവംശമാണ് ചീനസാമ്രാജ്യം അവസാനമായിഭരിച്ച രാജവംശം. വടക്കുകിഴക്കേചൈനയിൽ വസിച്ചിരുന്ന ഒരു അപരിഷ്കൃതവർഗ്ഗക്കാരായിരുന്നു മാഞ്ചുവംശജർ. 'ന്വർ ഹാ ച്ചു' എന്ന ഒരു സേനാനിയത്രേ പ്രസ്തുതവംശസ്ഥാപകൻ. ക്രിസ്താബ്ദം 1644 മുതൽ 1911 വരെ ഈ വംശജരായി പത്തു രാജാക്കന്മാർ ഭരണം നടത്തി. 'ഷുൻചി' എന്ന ആദ്യചക്രവർത്തി സിംഹാസനാരൂഢനായപ്പോൾ ആറു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. ചക്രവർത്തി ശിശുവായിരുന്നതുകൊണ്ടു കുറേക്കാലം മാതുലനാണ് ഭരണം നടത്തിയതു്. മാഞ്ചുവംശജർ പൊതുവെ എല്ലാ മതവിഭാഗങ്ങളോടും സമഭാവനയോടുകൂടി വർത്തിച്ചു. എന്നാൽ ഷുൻചിചക്രവർത്തിക്കു ബുദ്ധമതത്തോടു പ്രത്യേക മമതയുണ്ടായിരുന്നു. ബോധിധർമ്മൻെറ അനുചരന്മാർ രചിച്ചു ചില ഗ്രന്ഥങ്ങൾക്കു അദ്ദേഹം ആമുഖം എഴുതുകയുണ്ടായി.

പതിനാറാം ശതവർഷത്തിൻെറ അന്ത്യമായപ്പോഴേക്കും 42318 ബുദ്ധവിഹാരങ്ങളും 13158 ബുദ്ധസന്യാസികളും ചൈനയിൽ ഉണ്ടായിരുന്നു എന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു്.

മാഞ്ചുവംശം ചീനരുമായി ഇടകലരാതെ രാജ്യഭരണത്തിൽ നിഷ്പക്ഷത പരിപാലിച്ചു. ചീനർ മുടി വളർത്തി,

നീളത്തിൽ പിന്നി കെട്ടിയിടുന്നതും, പെൺകുട്ടികളുടെ പാദങ്ങൾ ചെറുതാക്കുന്നതിന്നു വരിഞ്ഞു കെട്ടുന്നതുമായ ഏപ്പാടുകൾമാററി. ഭരണം പൊതുവേ ശ്രേയസ്കരമായിരുന്നു.

ഷുൻചിയുടെ കാലശേഷം 'കപാങ്ഹി' ചക്രവൎത്തിയായി. അദ്ദേഹത്തിന്നു എട്ടു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. വളരെക്കാലം കാൎയ്യക്ഷമമായി ഭരണം നടത്തി ഇംഗ്ലീഷുകാൎക്കു 1699-ൽകാൻറൺനഗരത്തിൽകച്ചവടം ചെയ്യുന്നതിന്ന അനുമതി നല്കി. അന്നാം, സയാം, ബൎമ്മാ, നീപ്പാൾ എന്നീ രാജ്യങ്ങളിൽനിന്നു കപ്പം സ്വീകരിച്ചുവന്നു. അക്കാലത്തു ജസ്സ്യൂട്ടു പാതിരിമാർ ചൈനയിലെത്തി ക്രിസ്തുമതപ്രചരണത്തെ പ്രോത്സാഹിപ്പിച്ചു. അവരെക്കൂടാതെ ഗണനീയരായ പലരും സാമ്രാജ്യം സന്ദർശിച്ചു. ഒരു വിദേശീയനായ വെർബിയസ്റ്റ് എന്ന ജസ്സ്യൂട്ടു പാതിരിയെ ചക്രവൎത്തിയുടെ ജ്യൌതിഷിയാക്കി. ചക്രവൎത്തി ഒരു മഹാവിജ്ഞാനിയായിരുന്നതിനാൽ വിദ്യാഭ്യാസത്തിന്നു ക്രമാതീതമായ അഭിവൃദ്ധിയുണ്ടായി. അച്ചടിയും പുരോഗമിച്ചു. ചെമ്പിൽ അക്ഷരങ്ങൾ വാൎത്ത് ധാരാളം പുസ്തകങ്ങൾ മുദ്രണംചെയ്തു. ചക്രവൎത്തിയുടെ പ്രത്യേക നിർദ്ദേശാനുസരണം ഒരു വിജ്ഞാനനിഘണ്ടു പ്രസിദ്ധീകരിച്ചു. ചീനാസാമ്രാജ്യത്തിൻെറ ഒരു പടം നിൎമ്മിച്ചു. കൃഷിക്കും, കൈത്തൊഴിലിന്നും, ഗതാഗതത്തിന്നും വേണ്ടത്ര തോടുകളും, റോഡുകളും, ഉണ്ടാക്കുന്നതിൽ ചക്രവൎത്തി സദാ ജാഗരൂകനായിരുന്നു. അന്നു ചൈനയിലെങ്ങും സമാധാനവും സന്തുഷ്ടിയും നടമാടിക്കൊണ്ടിരുന്നു. സാമ്രാജ്യചരിത്രത്തിൽ അതു് ഒരു സുവൎണ്ണദശയായിരുന്നു. കൺഫ്യൂഷിയസ്സ് മതത്തിലാണ് കപാങ്ഹി വിശ്വസിച്ചതു്.

ചക്രവത്തി ചരണമടഞ്ഞപ്പോ൦ അദ്ദേഹത്തിൻെറ പുത്രൻ 'യുങ്ചെങ്' അനന്തരഗാമിയായി. അക്കാലത്തു ചില ചെറിയ വിപ്ലവങ്ങ൦ തലപൊക്കാതിരുന്നില്ല. അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളിൽ പലരേയും തടവിലാക്കി. ക്രിസ്ത്യാനികളോടു ക്രൂരമായി പെരുമാറി. അവരുടെ പല ദേവാലയങ്ങ൦ നശിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിനുശേഷം 'ചിൻലുങ്' ചക്രവത്തിയായി. പണ്ഡിതനും, സമത്ഥനും ധീരനുമായിരുന്ന അദ്ദേഹം പല രാജ്യങ്ങളും കീഴടക്കി അവയുടെ മേൽക്കോയ്മ സമ്പാദിച്ചു. യുദ്ധവും രോഗവുംകൊണ്ടു് നിരവധി ആളുക൦ മരണമടഞ്ഞു എങ്കിലും ജനസംഖ്യ 3200 ലക്ഷം ഉണ്ടായിരുന്നു. വ്യവസായവും കൈത്തൊഴിലും പുരോഗമിച്ചു. ചിത്രമെഴുത്തു്, മൺപാത്രനിമ്മാണം, കൊത്തുപണി എന്നിവ അഭിവൃദ്ധിപ്പെട്ടു. ഏകദേശം നാൽപതിനായിരം ഗ്രന്ഥങ്ങ൦ ശേഖരിച്ചു് കൊട്ടാരത്തിൽ ഒരു ഗ്രന്ഥശാല സ്ഥാപിച്ചതു ഇന്നും കേടുകൂടാതെ സൂക്ഷിച്ചിട്ടുണ്ടു്. ക്രിസ്തുവബ്ദം 1793-ൽ ബ്രിട്ടനിൽനിന്നും മെക്കാർട്ടനി പ്രഭുവിനെ ഒരു ദൗത്യവുമായി ചൈനയിലേക്കു അയച്ചു. ബ്രിട്ടീഷ് ചക്രവത്തിയുടെ അഭിവന്ദനങ്ങളും ഉപഹാരങ്ങളും ചീനചക്രവത്തിക്കു സമപ്പിച്ചു. ചക്രവത്തി പ്രതിപുരുഷൻ വശം ചൈനയുടെ അന്നത്തെ പ്രതാപം ചിത്രീകരിക്കുന്ന ഒരു സന്ദേശം ബ്രിട്ടീഷ് ചക്രവത്തിയ്ക്കു കൊടുത്തയക്കുകയുണ്ടായി.

ചൈനയുടെ ശ്രേയസ്സ് അന്നു് പാരമ്യത്തിലെത്തിയിരുന്നു. അതു അധഃപതനത്തിൻെറ ആരംഭവുമായി. ജനസംഖ്യയനുസരിച്ചു് ഉപജീവനമാഗ്ഗങ്ങ൦ പുരോഗമിച്ചില്ല. ക്ഷാമവും കലഹങ്ങളും വദ്ധിച്ചു. ലഹളക്കാരെ അമത്താനുദ്യമിച്ചതിൽ ധാരാളം ആളുക൦ മരണമടഞ്ഞു.

റാബർട്ട മോറിസൻ എന്ന ഒരു പ്രോട്ടസ്റ്റൻറു മിഷനറി ക്രിസ്തുാബ്ദം 1807-ൽ ചൈനയിൽവന്നു് ഭാഷ വശമാക്കി ഒരു ഇംഗ്ലീഷ് ചീനാ നിഘണ്ടു നിർമ്മിച്ചു. അദ്ദേഹത്തിൻെറ സ്വാധീനംകൊണ്ടു് ചൈനയിൽ പല യൂറോപ്യന്മാരും കടിയേറിപ്പാർത്തുവന്നു. ചക്രവർത്തി അന്തഃപുരസ്ത്രീകളുമായി സമയം ചെലവഴിച്ചു. രാജ്യകാര്യങ്ങൾ കുഴങ്ങി.

ക്രിസ്തുാബ്ദം 1816-ൽ ഇന്ത്യയിലെ ഗവർണ്ണർജ്ജനറലായിരുന്ന അമ്ഹെസ്റ്റ് പ്രഭുവിനെ ബ്രിട്ടനിൽനിന്നു ഒരു ദൗത്യവുമായി ചൈനയിലേക്കു നിയോഗിച്ചു. കച്ചവടം സംബന്ധിച്ചു് ചില പ്രത്യേക സൗകര്യങ്ങൾലഭിക്കണമെന്നുള്ള ബ്രിട്ടീഷുകാരുടെ ഉദ്ദേശം ഫലപ്രാപ്തിയടഞ്ഞില്ല. സ്വന്ത താല്പര്യങ്ങൾ പരിരക്ഷിച്ചുകൊണ്ടു ചീനക്കു പടിഞ്ഞാറൻ രാജ്യങ്ങളുമായി വ്യവസായത്തിലേപ്പെടാൻ സമ്മതമായിരുന്നു. ചൈനയിൽ ബ്രിട്ടീഷുകാർക്കു കാൻറനും പോർട്ടുഗീസുകാർക്കു മാക്കോയും രണ്ടു പ്രധാന കച്ചവട കേന്ദ്രങ്ങളായിരുന്നു. ചില പ്രത്യേക നിയമങ്ങൾക്കു വിധേയരായാണു് അവർ അവിടെ കച്ചവടം നടത്തിവന്നതു്. ബ്രിട്ടീഷുകാരുടെ വ്യവസായം പുരോഗമിപ്പിക്കുന്നതിനു് ബ്രിട്ടീഷുഗവമ്മെൻറു തീവ്രമായി യത്നിച്ചു. ക്രിസ്തുാബ്ദം 1834-ൽ അവർ യഥേഷ്ടം കച്ചവടം ചെയ്യുന്നതിനു സന്നദ്ധരായി. കച്ചവടത്തിൻെറയും ചൈനയിൽ വസിക്കുന്ന ബ്രിട്ടീഷുകാരുടെയും അഭിവൃദ്ധിക്കു മൂന്നു ഉദ്യോഗസ്ഥന്മാരെ ഒന്നിനുപുറകെ ഒന്നായി ചൈനയിലേക്കയച്ചു. അവരുടെ പ്രവർത്തനങ്ങളൊന്നും വിജയത്തിലെത്തിയില്ല. ക്രിസ്തുാബ്ദം 1840-ൽ നടന്ന കറുപ്പുയുദ്ധമാണു് അക്കാലത്തു് പ്രാധാന്യമർഹിക്കുന്ന സംഭവം. ചൈനയുമായി അതിപുരാതനകാലംമുതല്ക്കുണ്ടായ സൗഹൃദബന്ധത്തെ തുടർന്നു ഇന്ത്യയുടെ സംഭാവനകളുടെ കൂട്ടത്തിൽ കറുപ്പും 15-ാം ശതവർഷം ചൈനയിൽ ചെന്നുചേർന്നു.

ചീനർ കറുപ്പു തിന്നുന്നതിൽ വലിയ ഭ്രമമുള്ളവരായിരുന്നു. ഔഷധസംബന്ധമായ കാര്യങ്ങൾക്കു കറുപ്പു ഏററവും പരിമിതമായ അളവിൽ ഇറക്കുമതി ചെയ്യപ്പെട്ടിരുന്നു. പാശ്ചാത്യരിൽ പോർട്ടുഗീസുകാരാണു് കറുപ്പു് ആദ്യമായി ചൈനയിൽ കൊണ്ടുവന്നതു്. 1729-ൽ കറുപ്പിൻെറ ഇറക്കുമതിത്തോതു നിർണ്ണയിച്ചു. എന്നാൽ ഇന്ത്യയിലുണ്ടാകുന്ന കറുപ്പിൽ ഒരു ഭാഗം കാൻറനിൽ കൊണ്ടുവന്നു കച്ചവടം ചെയ്യുന്നതിനു ഈസ്റ്റിന്ത്യാ കമ്പനിക്കു അനുമതി നല്കി. ബ്രിട്ടീഷു കച്ചവടക്കാരും അതൊരു സൗകര്യമായി കരുതി. ഇറക്കുമതി സീമാതീതമായി വൎദ്ധിച്ചു. കറുപ്പു തീററി ചീനരുടെ അപ്രതിഹതമായ ഒരു സ്വഭാവമായിത്തീൎന്നു. അതിൻെറ ഭവിഷ്യൽഫലം സമുദായത്തിനു ഏററവും ഭയങ്കരമായിരുന്നു. ആരോഗ്യവും, ജനങ്ങളുടെ സൌശീല്യാദിഗുണങ്ങളും, സംസ്കാരവും ക്രമേണ നഷ്ടപ്പെട്ടുതുടങ്ങി. ക്ഷിപ്രവ്യാപകമായ ഈ പരിതഃസ്ഥിതി ഗ്രഹിച്ച ഗവമ്മെൻറു് കറുപ്പുതീററിയുടെ ഉന്മൂലനാശത്തിനു വേണ്ട നടപടികൾ ചെയ്തു. 1839-ൽ അതിസമത്ഥനായ ലിൻ റസി ഫസ്യുവിനെ പ്രത്യേകാധികാരങ്ങളോടുകൂടി കറുപ്പു വ്യാപാരം നിറുത്തുന്നതിനു കാൻറനിലെ ഗവർണ്ണരായി നിയമിച്ചു. കറുപ്പു വീണ്ടും ചൈനയിൽ ഇറക്കുമതി ചെയ്യുന്നതല്ലെന്നും അവരുടെ കപ്പലുകൾ ചൈനയിലെ എക്സൈസ് ഉദ്യോഗസ്ഥന്മാൎക്കു യഥേഷ്ടം പരിശോധന നടത്താമെന്നും അദ്ദേഹം കറുപ്പു വ്യവസായികളിൽനിന്നും പ്രതിജ്ഞ വാങ്ങി. പ്രസ്തുത വ്യവസ്ഥകൾക്കു വിരുദ്ധമായി പ്രവൎത്തിക്കുന്നവൎക്കു മരണശിക്ഷ വിധിച്ചു. ഏതായാലും ഏതാനും ദിവസങ്ങൾക്കുള്ളിൽ തന്നെ വ്യാജക്കറുപ്പു കണ്ടെടുത്തു. അതു പരസ്യമായി അഗ്നിക്കിരയാക്കി. ഇംഗ്ലീഷുകാൎക്കു വിപുലമായ നഷ്ടം സംഭവിച്ചു. അവർ പിൻവാങ്ങാതെ വീണ്ടും കച്ച

വടം ചെയ്തുവന്നു. കാൻറൻ നഗരംവിട്ട് ഹാങ്കാങ് എന്ന ചെറിയ തുറമുഖം അവർ താവളമാക്കി. ഒരു യുദ്ധം അപരിഹാര്യമായിത്തീർന്നു. രണ്ടുകൊല്ലം യുദ്ധം നീണ്ടുനിന്നു. യുദ്ധത്തിൽ ചൈന പരാജയമടഞ്ഞു. തത്ഫലമായി നാൻകിങ്ങ് ഉടമ്പടിപ്രകാരം ഹാങ്കാങ് ഉൾപ്പടെ ഷാങ്ഹായ്, അമായ്, ഫൂചൗ, നിങ്പോ, കാൻറൻ എന്നീ തുറമുഖങ്ങൾ ഇംഗ്ലീഷുകാർക്കു ലഭിക്കുകയും, ചൈന നഷ്ടപരിഹാരം നല്കുകയും, ചൈനയുമായി നിർവിഘ്നം കച്ചവടം നടത്തുന്നതിനുള്ള സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തു. ബ്രിട്ടന്റെ സ്വേച്ഛാഭിലാഷം അങ്ങനെ ഫലപ്രാപ്തിയിലെത്തി. ഹാങ്കാങ് ഇന്നു ഒരു വലിയ വ്യാപാരകേന്ദ്രവും പരിഷ്കൃതമായ ഒരു തുറമുഖവുമായിത്തീർന്നിട്ടുണ്ട്.

PRESENTED BY:
SRI M. K. VASUDEVAN NAIR

അനന്തരം സാമ്രാജ്യഭരണമേററ ചക്രവർത്തി ഭരണവിഷയത്തിൽ അശ്രദ്ധനായിരുന്നതിനാൽ പല ആഭ്യന്തരകലഹങ്ങളും പൊട്ടിപ്പുറപ്പെട്ടു. രാജദ്രോഹികളെന്നു സംശയിച്ച് കലാപങ്ങൾക്കു സന്നദ്ധരായ സംഘങ്ങളെ മർദ്ദനംചെയ്യാനുദ്യമിച്ചു. മർദ്ദനം തീവ്രമായപ്പോൾ വാശിയും, വൈരാഗ്യവും വർദ്ധിച്ചു. അപ്പോൾതന്നെ പ്രബലരായിത്തീർന്ന ലഹളക്കാർ പെക്കിങ്ങ്നഗരം ആക്രമിക്കാനൊരുമ്പെട്ടു. ഈ പതനത്തിൽ ഇംഗ്ലീഷുകാരുടെ സഹായത്തോടുകൂടി കലഹം അമർച്ചചെയ്തു. അതിനു ശേഷം ഇംഗ്ലീഷുകാരും പോർട്ടുഗീസ്സുകാരുംകൂടിച്ചേർന്ന് ചീനരുമായി ഒരു കലഹം നടന്നു. വ്യാജക്കറുപ്പുണ്ടെന്നു സംശയിച്ച് അവരുടെ വക ഒരു ചെറിയ കപ്പൽ ചീനർ ആക്രമിച്ചു. രോഷാകുലരായിത്തീർന്ന ഇംഗ്ലീഷുകാർ പല ആക്രമങ്ങളും നടത്തി. 1858-ൽ ടിൻസ്റ്റീൻ നഗരത്തിൽവച്ച് റഷ്യയുടെ മദ്ധ്യസ്ഥതയിൽ ഒരു ഉടമ്പടി നടന്നു. ഉടമ്പടി

പ്രകാരം റഷ്യക്ക ഒരു തുറമുഖവും, മററുചില ആനുകൂല്യങ്ങളും, പോർട്ടുഗീസുകാക്ക നിർബാധം വസിച്ച് കച്ചവടം ചെയ്യുന്നതിന്ന ചില സൌജന്യങ്ങളും ലഭിച്ചു. ഇക്കാലത്തു പാശ്ചാത്യരുടെ പിൻതുണയോടുകൂടി ഷാങ്ഹായ് തുറമുഖത്തു ആദ്യമായി കടൽചുങ്കം ഏപ്പെടുത്തി. ഈ ഏപ്പാടുമുഖാന്തരം വളരെ ആദായം ഉണ്ടായിക്കൊണ്ടിരുന്നു. 1860-ൽ ഇംഗ്ലീഷുകാരും ഫ്രഞ്ചുകാരും യോജിച്ച് പീക്കിങ്ങ് നിരോധിക്കുകയും, ഏതാനും തുറമുഖങ്ങൾ കൈവശപ്പെടുത്തുകയും ചെയ്തു.

പിന്നീട് സാമ്രാജ്യം ഡവേഗർട്ടുസി എന്നചക്രവത്തിനിയുടെയും അവരുടെ ചില മന്ത്രിമാരുടെയും കൈക്കുള്ളിലമന്നു രാജ്ഞി ക്രൂരയായിരുന്നെങ്കിലും രാജ്യഭരണത്തിൽ അതിസമത്ഥയായിരുന്നു. അവരുടെ പ്രശസ്തി വിദേശങ്ങളിലും വ്യാപിച്ചു. ധനവും ധാരാളം അവർ ആജ്ജിച്ചു. അക്കാലത്ത് കൊറിയഉപദ്വീപിൽ ജപ്പാൻ ആധിപത്യമുറപ്പിക്കാൻ യത്നിച്ചു. കൊറിയയിലെ ദുർബലനായ രാജാധിപതിയുടെ സഹായാഭ്യത്ഥനയനുസരിച്ചു ചീനർ ജപ്പാനുമായി യുദ്ധത്തിലേപ്പെട്ടു പരാജിതരായി. ഉടമ്പടി പ്രകാരം ഫർമോസാ ഉൾപ്പെടെ ഏതാനും പ്രദേശങ്ങൾ ജപ്പാനു ലഭിച്ചു. ചീനരുടെ നിരന്തരമായ പ്രതിരോധനങ്ങളുണ്ടായി എങ്കിലും 1945-ൽ ജപ്പാൻ പരാജയമടയുന്നതുവരെ ഫർമോസാ അവരുടെ അധീനതയിൽതന്നെയായിരുന്നു. അനന്തരം ചില പ്രത്യേക വ്യവസ്ഥകളിൽ മഞ്ചൂറിയായിൽക്കൂടി വ്ളാഡിവോസ്റ്റാക്കുവരെ റഷ്യ ചൈനീസ്സ് ഈസ്റ്റേൺ തീവണ്ടിപ്പാത നീട്ടി. ജപ്പാനും റഷ്യയും തമ്മിൽ ഒരു യുദ്ധമുണ്ടാകുന്നതിനും അതു കാരണമാക്കി

1884-ൽ പോർട്ടുഗീസ്സുകാർ ചൈനയിൽ പ്രബല രായി. അവർ ഇൻഡോ ചൈനയിൽ പല അധികാര ങ്ങളും സ്വാധീനങ്ങളും പ്രയോഗിക്കാൻ തുടങ്ങി. ചീനർ രോഷാകുലരായി. യൂറോപ്പിൽനിന്നും പല രാജ്യക്കാരും ചൈനയിൽവന്നു് ഓരോ പ്രദേശങ്ങൾ സമ്പാദിച്ചു ഹാങ്കാങ്, യാങ്ടിസീ നദീതീരം എന്നിവ ബ്രിട്ടനും, ക്വാങ്ചൗവും പോർട്ടുഗീസ്സും, മഞ്ചൂറിയ റഷ്യയും, ഷാൻറങ് ജർമ്മനിയും, ഫൂക്യനി ജപ്പാനും, ഹെയ്നാൻ ഫ്രാൻസും സ്വാധീനമാക്കി. പ്രസ്തുത പ്രദേശങ്ങളിലുള്ള അവരുടെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനു ഓരോ രാഷ്ട്രവും തീവ്രയത്നംചെയ്തു. അഭിമാനപൂർവ്വം ഒരു വിസ്തൃത സാമ്രാജ്യം അടക്കി ഭരിച്ചിരുന്ന ചക്രവത്തിനിക്കു് വിദേ ശീയരുടെ ഈ പ്രവൃത്തിയിൽ കാലുഷ്യം തോന്നിയതിൽ അല്ഭുതപ്പെടാനില്ലല്ലോ. അപരിഷ്കൃതരെന്ന അനുമാന ത്തിൽ പ്രത്യേകിച്ചു ചീനക്കു വിദേശിയരോടു് അളവററ അവജ്ഞയും തോന്നിയിരുന്നു. ഒരു മഹത്തായ പാരമ്പര്യ മുള്ള ചീനക്കു ജപ്പാനിൽനിന്നു ലഭിച്ച പരാജയവും, ജപ്പാനു ലഭിച്ചുകൊണ്ടിരുന്ന ക്രമപ്രവൃദ്ധമായ പ്രാബ ല്യവും, ചീനരെ അസൂയാകലുഷിതരാക്കി. പാശ്ചാത്യ ദേശങ്ങളിൽനിന്നും വന്ന ചില മിഷനറിമാർ ക്രിസ്തുമതം പ്രചരിപ്പിക്കുകയും, ചൈനയുടെ മാമൂലുകൾ മാററി നവീ കരിക്കണമെന്നു കാണിച്ചു് പല ഗ്രന്ഥങ്ങൾ പ്രസിദ്ധീക രിക്കുകയും ചെയ്തു. അതു് ഒരു പരിവത്തനദശയായിരുന്നു. ഈ ആശയപ്രചരണത്തിനു പ്രബലരായ ധാരാളം ആളു കളുമുണ്ടായി. മൂന്നു പ്രമാണികൾ അതിൻെറ നേതൃത്വം വഹിച്ചു. അതിൽ 'കാങ്‌യൂവി' രാജധാനിയിലെത്തി പ്രചരണം നടത്തി. അദ്ദേഹം ചൈനയിലെ അപ്പോ ഴത്തെ ഭരണരീതിയെ വിമശിച്ചും, അതു പരിഹരിച്ചു് പരിഷ്കൃതമാക്കുന്നതിനു മാറ്റങ്ങൾ നിർദ്ദേശിച്ചും

ഏതാനും പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. തദനുസരണം ഒട്ടുവളരെ പ്രമാണികൾ-പ്രത്യേകിച്ച് പ്രധാനമന്ത്രിയും, അദ്ദേഹത്തിൻെറ പാർശ്വവർത്തികളായി. ചക്രവർത്തിയായ കാങ്ങ്സുവിനെയും ചക്രവർത്തിനിയെയും സന്ദർശിച്ച് ഉപദേശങ്ങൾ നല്കി. ഇരുവരുടെയും മനസ്സ് വ്യാമോഹിതമായി. പരിഷ്കാരാവേശത്താൽ നവംനവങ്ങളായ പരിഷ്കാരങ്ങൾ നടപ്പാക്കി. വളരെ പുരാതനമായ പല ആചാരാനുഷ്ഠാനങ്ങൾ പൊടുന്നനെ മാററി പുതിയതു് ആ സ്ഥാനത്തു പ്രതിഷ്ഠിച്ചപ്പോൾ ഒരു വലിയ വിഭാഗം ജനങ്ങൾ പ്രതികൂലികളായി. ചക്രവർത്തിനിയുടെ അധികാരങ്ങൾ കൈവിട്ടുപോകുമെന്ന ഭയന്നു് അവർ പ്രതികൂലികളെ ഇളക്കിവിട്ടു. വിദേശീയരാണു് കുഴപ്പങ്ങൾക്കു കാരണക്കാരെന്നു കരുതി ചീനർ അവരോടു മല്ലിട്ടു. ഏതാനും വർഷങ്ങളായി വളർന്നുവന്ന ഈ സംഭവങ്ങൾ ഒത്തൊരുമിച്ച് ക്രിസ്ത്വബ്ദം 1900-ൽ ബക്സാർ-യുദ്ധമായി അവസാനിച്ചു.

എതിരാളികൾക്കു ചക്രവർത്തിനിയുടെ സഹായമുണ്ടായിരുന്നു. അവർ ചക്രവർത്തിനിയെ ബന്ധനസ്ഥയാക്കി. എന്നാൽ അവരുടെ മന്ത്രി സൈന്യസമേതം എത്തി ചക്രവർത്തിയെ സ്ഥാനഭ്രഷ്ടനാക്കുകയും, അതിനു കാരണഭൂതരായവരെ ഹനിക്കുകയുംചെയ്തു. കാങ്ങ്യൂവും, ശത്രുക്കൾക്കു പിടികൊടുക്കാതെ ഹാങ്ങ്കാങ്ങിൽ പോയി രക്ഷനേടി. ശത്രുക്കളെ അമർച്ചചെയ്ത ചക്രവർത്തിനി, നടപ്പിൽ വരുത്തിയ പരിഷ്കാരങ്ങൾ ഒന്നൊന്നായി നിർമ്മാർജ്ജനം ചെയ്തു. വിദേശീയരോടു് വീണ്ടും കലഹത്തിനു പുറപ്പെട്ടു. അസംഖ്യം ക്രിസ്ത്യാനികളെ നശിപ്പിച്ചു. ബ്രിട്ടൻ, റഷ്യ, ജപ്പാൻ, ജർമ്മനി, ഫ്രാൻസ്, അമേരിക്ക, ആസ്ത്രിയ, ഇററലി എന്നീ സങ്കലിതസേനകൾ ചൈനയെ യുദ്ധത്തിൽ പരാജയപ്പെടുത്തി.

ആയിടക്ക് പല വൈകല്യങ്ങളും പ്രത്യക്ഷപ്പെട്ടു തുടങ്ങി. സാമ്രാജ്യോദ്യോഗസ്ഥന്മാർ പൊതുവെ ധനതൃഷ്ണരും, കൈക്കൂലി വാങ്ങിക്കുന്നവരുമായി പരിണമിച്ചു. ഒരു പ്രധാനമന്ത്രി എണ്ണായിരംലക്ഷം റെറയിൽസ് ഇരുപതുകൊല്ലത്തെ ഔദ്യോഗിക ജീവിതത്തിനിടയിൽ ആർജ്ജിക്കയുണ്ടായി. ചീനാ സാമ്രാജ്യത്തിലെ ഒരുവർഷത്തെ ആദായം ഏഴുലക്ഷം റെറയിൽസേ ഉണ്ടായിരുന്നുള്ളു. മന്ത്രിയുടെ ഈ അക്ഷന്തവ്യമായ പ്രവൃത്തി തെളിഞ്ഞപ്പോൾ ഗവമ്മെൻറു അദ്ദേഹത്തിൻെറ വസ്തുവകകൾ കണ്ടുകെട്ടുകയും അദ്ദേഹത്തെ ശിക്ഷിക്കുകയുംചെയ്തു. എങ്കിലും ഈ ശിക്ഷണനടപടികൾ മററുദ്യോഗസ്ഥന്മാക്ക് ഒരു പാഠമായിത്തീന്നില്ല. അവർ ആ പ്രവൃത്തി തുടന്നുകൊണ്ടിരുന്നു.

യുദ്ധം അവസാനിച്ചപ്പോൾ ചൈനയിൽ പല കുഴപ്പങ്ങളുമുണ്ടായി. സ്വയംഭരണത്തിൽ കാംക്ഷ ജനിച്ച് ജനങ്ങൾ ദേശീയപ്രബുദ്ധരായിത്തീന്നു. മഞ്ചൂറിയയ്ക്കുവേണ്ടി ജപ്പാനും,റഷ്യയും വീണ്ടും യുദ്ധംചെയ്യേണ്ടിവന്നു. ചക്രവത്തിയും, ചക്രവത്തിനിയും അടുത്തടുത്തു മരണം പ്രാപിച്ചു. ഹിസ്യൻ ടങ് അനന്തരഗാമിയായി. അദ്ദേഹത്തിൻെറ ബലഹീനതയാൽ രാജ്യത്തു് അസന്തുഷ്ടിയും, അസമാധാനവും നടമാടി. ചില മതപ്രക്ഷോഭണങ്ങളും, ആക്രമണങ്ങളും അതിനുശേഷം ഹങ്ഹിസ്യച്യവാൻെറ നേതൃത്വത്തിൽ തായ്പാങ് വിപ്ലവവും, എല്ലാം സാമ്രാജ്യാന്തരീക്ഷം കുറേക്കൂടി പ്രക്ഷുബ്ധമാക്കുന്നതിനു പര്യാപ്തമാക്കി. ഹങ്ഹിസ്യ ച്യവാൻ ഒരു ക്രിസ്തുഭക്തനായിരുന്നു. സ്വാതന്ത്ര്യവും സമത്വവും പ്രസംഗിച്ചുകൊണ്ടു് അയാൾ ദേശികവും, സാമ്പത്തികവുമായ പുനരുദ്ധാരണങ്ങൾക്കു യത്നിച്ചു. അസംഖ്യം ആളുകളുടെ പിൻതുണ

അയാൾക്കു ലഭിച്ചു. അയാളുടെ സംരംഭങ്ങൾ ആദ്യം വിജയപ്രദങ്ങളായി. നാൻകിങ്ങ് രാജധാനിയായി ഒരു പുതിയ രാജവംശം ഹങ്ങ്ഹിസ്യു സ്ഥാപിക്കാൻ ശ്രമിച്ചു. പക്ഷെ ഫലപ്രദമായില്ല. മാഞ്ചുരാജവംശത്തിലെ അവസാന ചക്രവർത്തിയായ ഹിസ്യൻടങ്ങ് കലാപങ്ങൾക്കെല്ലാം കാരണഭൂതൻ പ്രധാന മന്ത്രിയാണെന്നു ധരിച്ച് മന്ത്രിയെ നിഷ്കാസനം ചെയ്തു. താമസംവിനാ ചക്രവർത്തിയും പ്രലോഭനങ്ങൾക്കു വശംവദനായി സാമ്രാജ്യം വച്ചൊഴിഞ്ഞു.

പീതചക്രവർത്തിയുടെ കാലംമുതൽ ചീനവർഷം 4608 വരെ തുടരെത്തുടരെ, രാജ്യംഭരിച്ച് ചൈനയുടെ ഭാഗധേയം നിയന്ത്രിച്ച രാജവംശങ്ങളിലെ അവസാന ചക്രവർത്തി അങ്ങനെ ഭരണരംഗത്തുനിന്നും മറഞ്ഞു. രാജവാഴ്ച അതോടെ അവസാനിച്ചു. ഒരു വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. ക്രിസ്തുവബ്ദം 1911-ൽ ഉണ്ടായ ചൈനയിലെ മഹാവിപ്ലവം അതാണ്.

## V

# ഡാക്ടർ സൻയാത് സെന്നും ചീനാവിപ്ലവവും

ആധുനികചൈനയുടെ ചരിത്രം ആരംഭിക്കുന്നതു് സ്വയംഭരണത്തിന്റെ പ്രതിഷ്ഠാപനത്തോടുകൂടിയാണു്. ഒരുരാഷ്ട്രം സ്വയംഭരണത്തിനു പ്രേരിതമാകുന്നതു് സാംസ്കാരികമായും, ആഭ്യന്തരമായും പുരോഗമനം പ്രാപിക്കുമ്പോഴാണല്ലോ. ചൈനയിലെ സ്വയംഭരണസ്ഥാപനം 1911-ൽ നടന്ന മഹാവിപ്ലവത്തിനു ശേഷമാണു്. പാശ്ചാത്യസംസർഗ്ഗം കൊണ്ടു് ചീനക്കു സ്വയംഭരണത്തിനുള്ള അഭിവാഞ്ഛ സീമാതീതമായി വർദ്ധിച്ചു് ഒരു മഹാവിപ്ലവത്തിൽ ചെന്നവസാനിച്ചു. ചൈന അന്നു് സ്വയംഭരണത്തിനു പരിപക്വമായിരുന്നില്ല. എങ്കിലും വിപ്ലവനേതാവായിരുന്ന ഡാക്ടർ 'സൻയാത് സെൻ' എന്ന മഹാന്റെ നേതൃത്വം സ്വയംഭരണ പ്രതിഷ്ഠാപനത്തിനു് അടിസ്ഥാനമുറപ്പിച്ചു.

ഡാക്ടർ സൻയാത് സെൻ ക്രിസ്ത്വബ്ദം 1866 നവംബർ 12-ാംതിയതി ചൈനയിൽ ചങ്ഷാൻ എന്ന ദേശത്തു ഒരു ദരിദ്രകുടുംബത്തിൽ ജനിച്ചു. പിതാവു് ഒരു സാധുകർഷകനായിരുന്നു. പ്രാഥമികവിദ്യാഭ്യാസം 'ഹോണോലുലുവിലെ' ഒരു പാഠശാലയിലാണു നിർവ്വഹിച്ചതു്. അതിനുശേഷം ക്വീൻസുകാളെജിൽ ചേർന്നു പഠനം തുടർന്നു.

ക്രിസ്താബ്ദം 1885 ൽ ഫ്രഞ്ചുകാരുമായി നടന്നയുദ്ധത്തിൽ ചൈന പരാജയമടഞ്ഞു. ഈ വാർത്ത അന്ന് പത്തൊൻ പതുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന സൻയാത് സെന്നിനെ വികാരവിക്ഷുബ്ധനാക്കി. ഒരു ബാലനായിരുന്നപ്പോൾ തന്നെ അദ്ദേഹം പഠനവിഷയത്തിൽ അത്യാസക്തി പ്രദർശിപ്പിക്കുകയും, ചൈനയിലെ പല മഹാപുരുഷന്മാരുടെ ജീവചരിത്രങ്ങൾ വായിക്കുകയും ചെയ്തു. അക്കൂട്ടത്തിൽ തായ്‌പിങ് വിപ്ലവത്തിന്റെ നേതാവായ 'ഹങ് ഹിസ്യുച്ച്യയാ'ന്റെ ജീവചരിത്രം അദ്ദേഹത്തിനു ഏററവും ആകർഷണീയമായി തോന്നി. അദ്ദേഹത്തെപ്പോലെ ഒരു നേതാവായിത്തീരണമെന്ന്, സൻയാത് സെൻ അഭിലഷിച്ചു. താരുണ്യം പ്രാപിച്ചപ്പോൾ മാഞ്ചുരാജവംശത്തിന്റെ ഭരണവൈകല്യങ്ങളും, തന്മൂലം സാമ്രാജ്യത്തു ക്രമേണ സംഭവിച്ചുകൊണ്ടിരിക്കുന്ന അധഃപതനവും ബോദ്ധ്യപ്പെട്ട ആ ദേശീയനേതാവിന്റെ ധമനികളിൽക്കൂടി രക്തം തിളച്ചുകയറി. മാഞ്ചുഭരണത്തിൽ നിന്നും ചൈനയെ രക്ഷിച്ച് ചീനാറിപ്പബ്ളിക്ക സ്ഥാപിക്കുന്നതിനു ഒരു വിപ്ലവംകൊണ്ടേ സാധിക്കൂ എന്നദ്ദേഹം ദീർഘദർശനം ചെയ്തു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ ഓരോ പ്രവൃത്തിയും ജനങ്ങളെ വിപ്ലവമനസ്കരാക്കുന്നതിനു പര്യാപ്തമായി. ഗവമെന്റും ജനങ്ങളും അദ്ദേഹത്തെ ഭയഹേതുകനായ ഒരു വിപ്ലവനേതാവായി കരുതി.

കാൻറനിലെ ആംഗ്ലോഅമരിക്കൻക്രിസ്ത്യൻ ആശുപത്രിയിലെ ഒരു ഭിഷഗ്വരനായിരുന്ന ഡാക്ടർ കെറിന്റെ മൈത്രി ഇയ്യിടെ സൻയാത്സെന്നിനു ലഭിച്ചു. അദ്ദേഹത്തിന്റെ സഹായത്താൽ അമേരിക്കരുടെയായ ഹാങ്കാങിലുള്ള ഒരു വൈദ്യശാസ്ത്രകലാലയത്തിൽ ചേർന്നു സൻയാത് വൈദ്യബിരുദം നേടുന്നതിനു അഭ്യസനം

തുടങ്ങി. ബിരുദാനന്തരം ഡാ. സൻയാത് സെൻ കുയാങ്ചൗ എന്ന പ്രദേശത്തു് ഒരു ഭിഷഗ്വരനായി പ്രവൎത്തിയാരംഭിച്ചു. വൈദ്യസഹായം ചീനക്കു് ഏററവും ആവശ്യപ്പെട്ടിരുന്ന ഒരു കാലമായിരുന്നു അതു്. സാമാന്യജനങ്ങളുമായി ഇടപെടുന്നതിനു് അദ്ദേഹത്തിന്റെ ഈ പ്രവൃത്തി സാഹായ്യമായി. വൈദ്യവൃത്തി അദ്ദേഹത്തിന്റെ വിപ്ലവപ്രവൎത്തനങ്ങൾക്കു് ഒരു വിഘാതമായിരുന്നില്ല. ഏറെത്താമസിയാതെ പല സംഘടനകളുടെയും, ജനങ്ങളുടെയും, ഏകോപിച്ച ആത്മാൎത്ഥമായ സഹകരണത്തോട്ടുകൂടി സെന്നിന്റെ നേതൃത്വത്തിൽ ഒരു രാഷ്ട്രീയ വിപ്ലവസംഘം രൂപവൽകരിച്ചു. ചൈനയ്ക്കു് ക്രിസ്ത്വബ്ദം 1895-ൽ ജപ്പാനിൽനിന്നും ലഭിച്ച പരാജയം അപകഷമായത്തീൎന്നിരുന്നു. ഈ സന്ദൎഭം നോക്കി ഡാക്ടർ സൻ ചില ആക്രമണങ്ങൾക്കൊരുമ്പെട്ടു. പക്ഷെ അദ്ദേഹത്തിന്റെ പ്രവൎത്തനങ്ങൾ പൂൎണ്ണത പ്രാപിക്കാതിരുന്നതിൽ പരാജയമടയുകയാണുണ്ടായതു്. പരിതഃസ്ഥിതികൾ പ്രതികൂലങ്ങളായതിനാൽ അദ്ദേഹം നാട്ടിൽ നിന്നും പലായനം ചെയ്യുന്നതിനു നിൎബന്ധിതനായി. യൂറോപ്പിലെത്തി അദ്ദേഹം വാസമുറപ്പിച്ചു് പ്രവൎത്തനങ്ങളും, ആദൎശപരിപാടികളും, പ്രചരിപ്പിച്ചു. ചൈനയിലെ ചിങ്ഗവൺമെൻറു് ഡാ: സൻയാത് സെന്നിന്റെ ഈവക പ്രവൃത്തികൾകൊണ്ടു് സഹികെട്ടു. ഗത്യന്തരമില്ലാതെ അദ്ദേഹത്തെ ചീനാഗവൺമെൻറിന്റെ ലണ്ടനിലെ ചില പ്രതിനിധികൾ 1896-ൽ രഹസ്യമായി ബന്ധനസ്ഥനാക്കി സൂക്ഷിച്ചു. ഏതായാലും, അദ്ദേഹത്തിന്റെ ഒരു പ്രഫസറായ മി. ജയിംസ് ക്യാൻറിലിയുടെ പ്രേരണയാൽ ഡാക്ടർ സൻയാതു് സെൻ മോചിതനായി. അദ്ദേഹത്തിന്റെ സുഹൃത്തുക്കളുടെ അപേക്ഷാനുസരണം, "എന്റെ അടുത്ത കാലത്തെ ബന്ധനം" എന്ന ഒരു

പുസ്തകം പ്രസിദ്ധീകരിച്ചു. അതിൻെറ അസംഖ്യം പ്രതികൾ വിററഴിഞ്ഞതോടുകൂടി ഡാക്ടർ സൻയാത് സെന്നിൻെറ കീത്തി വിശ്വവ്യാപ്തമായി.

മോചനം ലഭിച്ചശേഷം രണ്ടു സംവത്സരം പാശ്ചാത്യരാജ്യങ്ങളിൽ അദ്ദേഹം സഞ്ചരിച്ചു. അക്കാലത്തു മാഞ്ചുവംശത്തിൻെറ ദുർബലമായ ഭരണം അവസാനിപ്പിച്ച്, ഒരു സ്വയംഭരണം സാമ്രാജ്യത്തിൽ പ്രതിഷ്ഠിക്കണമെന്നു മാത്രമേ, ഡാക്ടർ സൻ ആഗ്രഹിച്ചുള്ളു. സ്വജനങ്ങളുടെ സാംസ്കാരികവും സാന്മാർഗ്ഗികവുമായ അധഃപതനവും ഉത്കർഷവും, അവരെ അഭിമുഖീകരിക്കുന്ന രാഷ്ട്രീയ പ്രശ്നങ്ങളും, ഭരണത്തിൽ അവർ അഭിലഷിക്കുന്ന നവീനരീതികളും അവധാനപൂർവ്വം മനസ്സിലാക്കിയപ്പോൾ മററു ഭരണഘടനകളിലുള്ള വൈകല്യങ്ങൾ പരിഹരിച്ച് നവീനാദർശങ്ങളോടുകൂടി ഒരു സ്വയംഭരണമേർപ്പെടുത്തി മാതൃഭൂമിയെ ഉദ്ധരിക്കണമെന്ന് ഡാക്ടർ സൻയാത് സെൻ ഉദ്ദേശിച്ചു. മൂന്നു ജനകീയാദർശങ്ങൾക്കു വേണ്ടിയാണ് അദ്ദേഹം പൊരുതിയതു്. ഒന്നാമതു് സ്ഥിതി വ്യത്യാസമോ വർഗ്ഗീയതയോ കലരാതെ രാഷ്ട്രത്തിലുള്ള സർവ്വജനങ്ങളുടെയും സ്വാതന്ത്ര്യം പരിരക്ഷിക്കുക. സർവ്വരാഷ്ട്രങ്ങൾക്കും ചൈനയിൽ ഒന്നുപോലെ സമത്വം നല്കുക. രണ്ടാമതു് പ്രജാധിപത്യസ്ഥാപനം. അതനുസരിച്ച ജനങ്ങളുടെ രാഷ്ട്രീയാവകാശങ്ങൾ പരിപാലിക്കുകയും, ഗവമ്മെൻറ് അധികാരങ്ങൾ ഭരണസൌകര്യത്തിനു വേണ്ടി വിഭജിക്കുകയും ചെയ്യുക. മൂന്നാമതു് ജനങ്ങളുടെ ജീവിതസന്ധാരണത്തിനുള്ള മാർഗ്ഗം. വ്യക്തിയുടെയും, സമുദായത്തിൻെറയും, രാഷ്ട്രത്തിൻെറയും നിലനില്പിനും ഈ സമത്വീകരണം അത്യന്താപേക്ഷിതവുമാണ്. കാറൽ മാർക്സിൻെറ സ്ഥിതിസമത്വീകരണസിദ്ധാ

ന്തങ്ങളോ അഥവാ സോവിയററു നാട്ടിലെ സ്ഥിതിസമത്വീകരണരീതിയോ ആയിരുന്നില്ല ഡാക്ടർ സൻയാത് സെൻ പഠിപ്പിച്ചതും പ്രചരിപ്പിച്ചതും. ജനങ്ങൾക്കു പ്രവൃത്തിയും കൃഷി ചെയ്യുന്നതിനു വസ്തുക്കളും ഭാഗിച്ചുകൊടുക്കുകയും, ആരെയും ഭൂസ്വത്തുടമസ്ഥനും മുതലാളിയും, ആയിത്തീരാനനുവദിക്കാതിരിക്കുകയും, പ്രകൃതിസിദ്ധമായ വിഭവങ്ങളിൽ നിന്നു കിട്ടുന്ന ധനം ഗവമ്മെൻറാവശ്യം കഴിച്ചു് ബാക്കിയുള്ളവ ജനങ്ങളുടെ തുല്യമായ ആനന്ദത്തിനും, സുഖത്തിനും, സംവിധാന പദ്ധതികൾക്കും വേണ്ടി വിനിയോഗിക്കയുമാണു് വേണ്ടതെന്നു് അദ്ദേഹം വ്യക്തമാക്കി.

ഏതായാലും ഈ ജീവിതസന്ധാരണ പദ്ധതി ചൈനയുടെ പ്രത്യേക പരിതഃസ്ഥിതികൾക്കു അനുയോജിച്ചിരുന്നു. സിദ്ധാന്തങ്ങൾക്കു ഒരു രൂപം വരുത്തിയ ശേഷം പ്രചരണാർത്ഥം അദ്ദേഹം യൂറോപ്പിൽ നിന്നും, ജപ്പാനിലേക്കു തിരിച്ചു. അന്നു് ജപ്പാനിലെ കാളേജുകളിൽ ധാരാളം ചീനവിദ്യാർത്ഥികൾ അദ്ധ്യയനം നടത്തിയിരുന്നു. അവരിൽ ഭൂരിപക്ഷവും സൻയാത്സെന്നിൻെറ ആദർശങ്ങൾക്കു പിൻതുണ വാഗ്ദാനം നല്കി. മറുദേശത്തു വസിക്കുന്ന ചീനരെ ഉത്തേജിപ്പിക്കുന്നതിനും, മററു രാഷ്ട്രങ്ങളുടെ സഹകരണം ലഭിക്കുന്നതിനും, അദ്ദേഹം ലോകം മുഴുവൻ പര്യടനം നടത്തി എന്നുതന്നെ പറയാം. ഏകദേശം പത്തുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹം വീണ്ടും യൂറോപ്പിലെത്തി. ബ്രസ്സൽസിൽ ഇദംപ്രഥമമായി "ചീനാവിപ്ലവസംഘം" എന്ന നാമധേയത്തിൽ ഒരു സംഘം രൂപവൽകരിച്ചു. അതിനുശേഷം അതിൻെറ ശാഖ 1894-ൽ ഹാവായ്ദ്വീപിൽ ഹാനോലുലുവിലും, ജർമ്മനി, ജപ്പാൻ എന്നീ രാജ്യങ്ങളിലും സ്ഥാപിച്ച സംഘ

ടിപ്പിച്ച പ്രവത്തനം നടത്തിക്കൊണ്ടിരുന്നു. ഒരു ലക്ഷ്യപ്രാപ്തിക്ക വേണ്ടിയുള്ള യത്നം എപ്പോഴും ഫലപ്രദമായി എന്നു വരികയില്ലല്ലോ. പ്രാപ്യസ്ഥാനത്തെത്തുന്നതിനു മുമ്പ് പല അപജയങ്ങളും ക്ലേശങ്ങളും സംഭവിച്ചു എന്നു വരാം. ചങ്കു ടങ മെങ .ഹ്യൂ എന്നു പേരായി ഒരു രാഷ്ട്രീയ സംഘം രൂപവൽകരിച്ചു. വളരെ പ്രചാരമുണ്ടായിരുന്ന 'മിൻപോ' വൃത്താന്ത പത്രത്തിൽ മാഞ്ചു ഗവർമെൻറിനെതിരായി പലലേഖനങ്ങളും പ്രസിദ്ധീകരിച്ചു് പ്രവത്തനം ശക്തിപ്പെടുത്തി. തായ്‌വിങ് വിപ്ലവകേന്ദ്രമായ പേൾ നദീപരിസരങ്ങളിലും സെന്നിൻെറ നവീനാശയങ്ങൾ സ്ഥാനം പിടിച്ചു. ക്രിസ്താബ്ദം 1906 മുതൽ 1911 വരെ ഒൻപതു പ്രാവശ്യം മാഞ്ചുഗവർമെൻറിനെ തകിടം മറിക്കാൻ പുതിയ വിപ്ലവകക്ഷി യത്നിച്ചു. വിപ്ലവസംഘക്കാൎക്കു കാൻറൻ നഗരത്തിൽ വച്ചു് 1911 മാർച്ച 29-ാംതീയതി ഗണനീയമായ ഒരു പരാജയംപിണഞ്ഞു. അന്നു 72 ധീരാത്മാക്കൾക്കു നാശം സംഭവിക്കുകയുണ്ടായി. അവരുടെ ശവകുടീരം ഇന്നും കാൻറൻ നഗരത്തിലെ പ്രാന്തപ്രദേശത്തു് "പീതകുസുമശ്മശാനം" എന്ന സംജ്ഞയാൽ അറിയപ്പെടുന്നു. ഈ സ്ഥലം ചീനക്കു ഇപ്പോൾ ഒരു പുണ്യഭൂമിയായി പരിണമിച്ചിട്ടുണ്ടു്. മാർച്ച് 29-ാംതീയതിയിലെ സംഭവം വിപ്ലവകാരികൾക്കു ഒരു നവജീവൻ പ്രദാനം ചെയ്തു. 1911 ഒക്റ്റോബർ 10-ാംതീയതി വുചാങ്നഗരിയിൽ ചരിത്രപ്രസിദ്ധമായ മഹാവിപ്ലവം പൊട്ടിപുറപ്പെട്ടു. ഏതാനും ദിവസങ്ങൾക്കുള്ളിൽ സാമ്രാജ്യത്തിലെ പത്തു പ്രവിശ്യകൾ വിപ്ലവകാരികളുടെ കൊടിക്കീഴിലായി. വിദേശരാജ്യങ്ങളിൽ പ്രചരണത്തിലേപ്പെട്ടിരുന്ന ഡാക്ടർ സൻ അനുചരരുടെ നിർദ്ദേശാനുസരണം മാതൃരാജ്യത്തു് മടങ്ങിയെത്തി. ഡിസംബർ 29-ാം തീയതി ഷാങ്ഹായിൽ

വച്ച് ഒരു പ്രതിനിധി സമ്മേളനം നടന്നു. സമ്മേളനനി ശ്ചയപ്രകാരം നാൻകിങ്ങിൽ ഒരു പ്രാദേശിക സ്വയംഭര ണ ഗവമ്മെൻറ് രൂപവൽകൃതമാകുകയും, ഡാക്ടർ സൻ യാത് സെന്നിനെ ചീനാ റിപ്പബ്ലിക്കിൻെറ അദ്ധ്യക്ഷ നായി തിരഞ്ഞെടുക്കുകയും ചെയ്തു. 1912 ഫെബ്രുവരി 13-ാംതീയതി ചീനാ റിപ്പബ്ലിക്ക് പ്രതിഷ്ഠാപനം ചെയ്തു. സമത്ഥരായ ഏതാനും പേരെ മന്ത്രിസഭാംഗങ്ങളായും തിരഞ്ഞെടുത്തു. പ്രതിനിധി സഭയിൽവച്ച് അദ്ധ്യക്ഷൻ ഭരണഘടനയുടെ വ്യവസ്ഥകൾ പ്രഖ്യാപിക്കുകയുണ്ടായി. ചീനാസാമ്രാജ്യം ജനങ്ങളാൽ രൂപവൽകൃതമായ ഒരു സ്വയംഭരണരാജ്യമാണെന്നും, സാമ്രാജ്യം ജനങ്ങളുടേതാ ണെന്നും, ജാതിവ്യത്യാസങ്ങൾ കൂടാതെ സവ്വജനങ്ങൾക്കും പൂണ്ണസമത്വമുണ്ടെന്നും, ആയിരുന്നു അതിൽ പ്രാധാന്യ മർഹിക്കുന്ന ഏതാനും നിയമങ്ങൾ. ചീനാറിപ്പബ്ലിക്കു പ്രതിഷ്ഠിച്ചുവെങ്കിലും ചക്രവത്തി ഭരണം അവസാനി ച്ചില്ല. സാമ്രാജ്യത്തിൽ കലാപങ്ങൾ വർദ്ധിച്ചുവന്നു. സമാധാനം സംസ്ഥാപിതമാക്കുന്നതിനു ചക്രവത്തിയുടെ മന്ത്രിയായിരുന്ന 'ജനറൽയുവാൻ ഷികെയ്'യെ തിരിയെ വിളിച്ച് ഭരണം ഏല്പിച്ചു. വഞ്ചകനും, ദുരാഗ്രഹിയുമായി രുന്ന മന്ത്രി ചക്രവത്തിയെ ഭീഷണികൾകൊണ്ടു നിരാശാ വശംവദനാക്കി. അതേ സമയത്തുതന്നെ ഡാക്ടർസൻ യാത് സെന്നിനു വേണ്ട സഹായങ്ങൾ വാഗ്ദാനം ചെയ്തു. 1912 ഫെബ്രുവരി 12-ാംതീയതി മാഞ്ചു രാജവംശത്തിലെ അവസാനചക്രവത്തി മന്ത്രിയുടെ അഭിമതത്തിനു വഴി പ്പെട്ടു സ്ഥാനത്യാഗം ചെയ്തു. പുതിയ ഗവമ്മെൻറിൻെറ സംരക്ഷണയിലും, ദയാപരമായ പരിചരണത്തിലും അദ്ദേ ഹത്തെ സൂക്ഷിച്ചു. മുൻനിശ്ചയപ്രകാരം ഡാക്ടർ സൻ യത്സെൻ സ്ഥാനമൊഴിയുകയും, 'യുവാൻ ഷികെയി'യെ റിപ്പബ്ലിക്കിൻെറ അദ്ധ്യക്ഷനായി അവരോധിക്കുകയും

ചെയ്തു. ഡാക്ടർ സെന്നിന് സാമ്രാജ്യത്തിൻെറ അത്യുച്ചപദവിയിലെത്തി സ്വാഭിലാഷങ്ങൾ പ്രയോഗിക്കണമെന്ന മോഹമുണ്ടായിരുന്നില്ല. പക്ഷെ മാഞ്ചുവംശത്തെ നിർമ്മാജ്ജനം ചെയ്തു് സ്വയംഭരണപ്രതിഷ്ഠാപനം നടത്തണമെന്നു മാത്രമേ അദ്ദേഹം ഉദ്ദേശിച്ചുള്ളു. അതു് അക്ഷരംപ്രതി സാധിക്കുകയും ചെയ്തു.

മാതൃഭൂമിക്കുവേണ്ടി ഒരു മഹൽകൃത്യം ഡാക്ടർ സെൻ നിവഹിച്ചു. അദ്ദേഹത്തിൻെറ ഉദ്ദേശങ്ങൾ പ്രാപ്യസ്ഥാനത്തെത്തുന്നതിനു് അദ്ദേഹം അനവധി ത്യാഗങ്ങളനുഭവിക്കേണ്ടിവന്നു. എന്നാൽ അതിൻെറ പൂർണ്ണഫലങ്ങൾ അനുഭവസിദ്ധമായതു് ഭാവി തലമുറകൾക്കാണു്. വിപ്ലവം വളരെ കലാപങ്ങൾക്കും, പ്രതിബന്ധങ്ങൾക്കും കാരണമാക്കി. എങ്കിലും രക്തച്ചൊരിച്ചിൽ കൂടാതെയാണു സാമ്രാജ്യം രാജാവിൽ നിന്നു ജനങ്ങളിലേക്കു പകന്നതു്.

ഡാക്ടർ സെന്നിൻെറ ആദർശങ്ങളനുസരിച്ചു് ഭരണം ഒന്നൊന്നായി ഏപ്പെട്ടുത്തിത്തുടങ്ങി. ഒരു രാഷ്ട്രത്തിൽ പ്രജായത്തഭരണം പ്രതിഷ്ഠിച്ചു കഴിഞ്ഞാൽ ചില കലാപങ്ങൾ ഉണ്ടാകുന്നതു സാധാരണമാണു. അതു് അമച്ചു ചെയ്യുന്നതിനു സൈന്യങ്ങളും ആവശ്യമായിരുന്നു. ഒരു രാജാവിൻെറ ഭരണത്തിൽ ഏറിയകാലം കഴിഞ്ഞ ചീനക്കു് പെട്ടെന്നു് ഒരു മാനസപരിവത്തനം ഉണ്ടാകുന്നതിനു കഴിഞ്ഞില്ല. നവീനഭരണം വ്യവസ്ഥാപിതതാല്പയ്യങ്ങളിൽ നിന്നു വ്യതിചലിക്കാൻ തുടങ്ങി. ആദ്യമായി തിരഞ്ഞെടുക്കപ്പെട്ട ഭരണമേധാവികൾ തന്നെ സ്വാത്ഥപരമായ ചിന്തകളാൽ പ്രേരിതരായി ഭരണത്തിൽ അശ്രദ്ധ കാണിച്ചു. നാൻകിങ്ങിൽ ആയിരുന്ന ഭരണകേന്ദ്രം യുവാൻ പീക്കിങ്ങിലേക്കു മാററി. അദ്ദേഹത്തെതന്നെ വീണ്ടും

അദ്ധ്യക്ഷനായി തിരഞ്ഞെടുക്കണമെന്നുള്ള വാദാനത്തോടുകൂടി ഒരു ദേശീയ പ്രതിനിധിസഭ സമ്മേളിച്ചു. അദ്ദേഹത്തിന്റെ ദുരാഗ്രഹം അങ്ങനെ ഫലപ്രാപ്തിയടഞ്ഞു.

സാമ്രാജ്യത്തിന്റെ അധികാരങ്ങൾ വീണ്ടും കൈകളിലടങ്ങിയപ്പോൾ യുവാൻ അവ പ്രായോഗികമാക്കി. ഏതാനും വിപ്ലവനേതാക്കളോടു് അദ്ദേഹത്തിന് സീമാതീതമായ വിദ്വേഷം ജനിച്ചു. അവരെ വധിപ്പിച്ചതിനുശേഷം മാത്രമേ യുവാൻ സംതൃപ്തിയടഞ്ഞുള്ളൂ. ജനങ്ങൾ ഉൾക്കണ്ഠാകുലരായി. 'മനമങ്ങും മിഴിയിങ്ങും' എന്നപോലെ അദ്ദേഹം തൻകാര്യപ്രസക്തനാണെന്നും, പ്രജാപക്ഷവാദിയല്ലെന്നും തെളിഞ്ഞു. സംഭവിക്കാൻ പോകുന്ന അപകടം ദീർഘദർശനം ചെയ്തു് ഡാക്ടർ സൻ ഭീതനായി. രക്ഷ നേടുന്നതിനു് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ 'ചീനാ വിപ്ലവകക്ഷി' എന്ന അഭിധാനത്തിൽ ഒരു പുതിയ കക്ഷി രൂപവൽകരിച്ചു. ഇതിനകം യുവാൻ എല്ലാം പ്രവർത്തിക്കാം എന്ന പദത്തിൽ എത്തിക്കഴിഞ്ഞു. ഈ അവസ്ഥ തുടർന്നിരുന്നു എങ്കിൽ മഹത്തായ ചീനസാമ്രാജ്യം വെറും നാമമാത്രമായി അവശേഷിക്കുമായിരുന്നു. 1915 നവംബറിൽ യുവാൻ പ്രജായത്തഭരണം റദ്ദുചെയ്തു് രാജവാഴ്ച വീണ്ടും പ്രഖ്യാപിച്ചു. രാജാവായി അദ്ദേഹം 1916 ജനുവരി 17-ാംതിയതി അഭിഷിക്തനാകുവാൻ വേണ്ട സന്നാഹങ്ങൾ ചെയ്തു. ഈ കലാപങ്ങളെല്ലാം വീക്ഷിച്ചുകൊണ്ടിരുന്ന കിഴക്കേപടിഞ്ഞാറെപ്രവിശ്യയിലെ ജനങ്ങൾ കൂട്ടമിട്ടിളകി. വിപ്ലവം സാമ്രാജ്യം മുഴുവനും വ്യാപിച്ചു. കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നമട്ടായി. സാമ്രാജ്യത്തിന്റെ വിഭാഗങ്ങളോരോന്നും ഓരോ പ്രധാനികളുടെ കൈയ്യുകളിലമർന്നു. ലഹള വർദ്ധിച്ചു.

ഒരു രാഷ്ട്രത്തിൽ അഭ്യന്തരകലഹങ്ങൾ ഉണ്ടാകുമ്പോൾ വിദേശീയർ ആക്രമണത്തിനൊരുമ്പെടുന്നതു് സാധാരണമാണു്. സന്ദർഭം പ്രതീക്ഷിച്ചിരുന്ന ജപ്പാൻ ചൈനയുടെ ചില ഭാഗങ്ങൾ ആക്രമിക്കുകയും, 'കൗചി' റയിൽവേ കൈവശപ്പെടുത്തുകയും ചെയ്തു. ജപ്പാനോടു യുവാൻ ഗവമ്മെൻറു സഖ്യത കാണിച്ചു. ജപ്പാൻ ഗവമ്മെൻറു് യുവാനു ധനപരമായ സഹായങ്ങൾ നല്കി. ചക്രവത്തിപദം അനായാസം കരസ്ഥമാക്കാമെന്നഅതിമോഹത്താൽ യുവാൻ രഹസ്യമായി ജപ്പാൻെറ 21 അത്ഥനകൾക്കു ഒപ്പുവയ്ക്കാൻ സന്നദ്ധനായി. 1915 മേയ് 9-ാംതീയതി യുവാൻ മാതൃഭൂമിയെ എന്നെന്നേയ്ക്കും അടിമപ്പെടുത്തുന്ന രേഖയിൽ ഒപ്പുവച്ചു. ഈ പ്രവൃത്തി പല രാഷ്ട്രങ്ങളെയും വിസ്മയിപ്പിച്ചു. അമേരിക്ക ജപ്പാനോടു പ്രതിഷേധിച്ചു. ശോകമയമായ ആ ഇരുണ്ട ദിനം സ്മരിക്കുമ്പോൾ ഇന്നും സ്വരാജ്യസ്നേഹമുള്ള ചീനരുടെ ഹൃദയങ്ങളിൽ ചില വികാരങ്ങൾ ഉദ്ഭാവനം ചെയ്യാതിരിക്കുകയില്ല.

പ്രക്ഷുബ്ധമായ ആ അന്തരീക്ഷത്തിൽ എതിരാളികളുടെ കൈയ്യിൽ അകപ്പെടാതെ യുവാനെ വിധി അപഹരിക്കയാണുണ്ടായതു്. അദ്ദേഹത്തിൻെറ മരണാനന്തരം ഒരു പൂണ്ണസ്വയംഭരണപ്രതിഷ്ഠാപനത്തിനു ഡാക്ടർ സൻ ഉദ്യമിച്ചു. എങ്കിലും യുവാൻെറ അനുയായികളുടെ പ്രതിബന്ധങ്ങൾകൊണ്ടു് ഡാക്ടർ സന്നിൻെറ ഉദ്യമം ഫലപ്രദമായില്ല. വിദേശീയർ സ്വാത്ഥലാഭങ്ങൾക്കുവേണ്ടി യുദ്ധസാമഗ്രികൾ സംഭാവന ചെയ്തു് പ്രധാനികളെ പരസ്പരം പിണക്കി യുദ്ധത്തിലിറക്കി. ചൈനയിൽ സമാധാനം പരിപാലിക്കണമെന്നു് അഭിലഷിച്ച യുണൈറഡു് സ്റ്റേറസ്സു് പ്രസിഡണ്ടു് അദ്ദേഹത്തിൻെറ നേതൃത്വത്തിൽ 1921 ജൂലൈ 17-ാംതീയതി യു. എസ്സ്. എ.,

ഹാളണ്ട്, ജപ്പാൻ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന, ബെൽജിയം, ഇററലി എന്നീ ശക്തികളുടെ ഒരു മഹാസമ്മേളനം വാഷിംങ്ടനിൽ വച്ചു നടത്തി. സമ്മേളനത്തിൽ അവർ ഏകോപിച്ച്, ഒരു ഉടമ്പടിക്കു ഒപ്പുവച്ചു ആ ഉടമ്പടി പ്രകാരം പ്രഥമദൃഷ്ട്യയിൽ ചൈനയുടെതാല്പര്യങ്ങൾ പരിരക്ഷിക്കപ്പെട്ടു എന്നു തോന്നുമെങ്കിലും, എല്ലാ രാഷ്ട്രങ്ങൾക്കും വ്യാവസായസ്വാതന്ത്ര്യത്തിനാണു മുൻഗണന നല്കിയതു്. ഇതരരാഷ്ട്രങ്ങൾ ചീനരുടെ കാര്യങ്ങളിൽ ഇടപെടുന്നതു് അവൎക്കു് അനിഷ്ടമായിരുന്നു. അവശതകൾ പരിഹരിക്കുന്നതിനു് ഒരു സമ്പൂൎണ്ണസ്വയംഭരണം കൊണ്ടു മാത്രമേ സാദ്ധ്യമാകു എന്നു ധരിച്ചു ജനാവലി ഡാക്ടർ സൻയാത് സെന്നിൻെറ നേതൃത്വത്തിൽ വീണ്ടും ഒരു വിപ്ലവത്തിനു സന്നദ്ധരായി.

## VI

# പ്രജായത്ത ഭരണ പ്രതിഷ്ഠാപനം

രാജവാഴ്ച അവസാനിപ്പിച്ച് പ്രജായത്തഭരണ പ്രതിഷ്ഠാപനത്തിനു ഒരു ആയുധമായിത്തീൎന്ന ഡാക്ടർ സൻ യാത്സെൻ 1905-ലാണ് 'ചീനാവിപ്ലവസംഘം' സംഘടിപ്പിച്ച് ടോക്കിയോ കേന്ദ്രമാക്കി പ്രവൎത്തിയാരംഭിച്ചതു്. 1914-ൽ അദ്ദേഹം വിപ്ലവസംഘം നവീകരിച്ച് യുവാൻെറ ദുരാഗ്രഹത്തിൽനിന്നു ചൈനയെ രക്ഷപ്പെടുത്തി. യുവാൻെറ കാലശേഷം സാമ്രാജ്യം പങ്കിട്ടെടുത്ത പ്രധാനികളെ അമൎച്ചചെയ്യുന്നതിന് വീണ്ടും വിപ്ലവസംഘം സംഘടിപ്പിക്കേണ്ടിവന്നു. 'ചീനാദേശീയകക്ഷി, അഥവാ ചീനഭാഷയിൽ ചുരുക്കിപ്പറഞ്ഞാൽ ക്വോമിൻറാങ്" എന്നു അതിനു നാമകരണം നല്കി. കേന്ദ്രസ്ഥാനം കാൻറനിലേക്കും മാററി. കമ്മ്യൂണിസ്റ്റു ഉൾപ്പെടെ എല്ലാ സംഘടനകൾക്കും പുതിയ ദേശീയകക്ഷിയിൽ പ്രവേശനം നല്കി. 1920-ലാണ് ചൈനയിൽ കമ്മ്യൂണിസ്റ്റുസംഘടന ആവിൎഭവിച്ചതു്. യുവതീയുവാക്കന്മാരെ ക്വോമിൻറാങിലെ അംഗങ്ങളാക്കാൻ പ്രത്യേകം വ്യവസ്ഥചെയ്തിരുന്നു. നിശിതനിയമങ്ങളാൽ ക്വോമിൻറാങ് സംഘടന ബന്ധിച്ചിരുന്നു. 1923-ൽ ദേശീയസംഘടനയുടെ പ്രവൎത്തനപരിപാടി പ്രസിദ്ധപ്പെടുത്തി. സാമ്രാജ്യാധിപത്യവും, പരിപൂൎണ്ണഭരണസ്വാതന്ത്ര്യവും ദേശീയകക്ഷിയിൽ ലയിക്കേണ്ടതാവശ്യമായി. മാഞ്ചുഗവൎമ്മെൻറിൻെറ ദുഷിച്ചഭരണം ദൂരീകരിക്കുന്നതിനും, വിദേശീയാക്ര

മണ്ഡങ്ങളെ ശക്തിയുക്തം എതിക്കുന്നതിനും സാമ്പത്തികവും, സാമുദായികവുമായ പുനരുദ്ധാരണത്തിനും ആ പരിപാടിയിൽ പ്രാധാന്യം നല്കി. പ്രജായത്തഭരണം അപ്രാപ്തരായ ഒരുകൂട്ടം ആളുകളുടെ ഭരണമായി രൂപാന്തരപ്പെടാതിരിക്കാൻ ഡാക്ടർ സെൻ ഉദ്യമിച്ചു. ഭരണകർത്താവിനെ തിരഞ്ഞെടുക്കുന്നതുപോലെ ജനങ്ങൾക്ക മാററുന്നതിനും അവകാശമുണ്ടായിരുന്നു. ഒരു രാഷ്ട്രത്തിന്റെ ജീവനെ ബാധിക്കുന്നതിനാൽ ജീവിതസന്ധാരണവ്യവസ്ഥകളിൽ ഡാക്ടർ സൻ നിഷ്കർഷം പ്രദർശിപ്പിച്ചു. ജനതതിയിൽ രൂഢമൂലമായ ദേശീയതയും, പ്രജായത്തഭരണമനോഭാവവും നിലനില്ക്കണമെങ്കിൽ അവരുടെ സുഖസൗകര്യങ്ങളുടെ പരിരക്ഷണം അത്യന്താപേക്ഷിതമായിരുന്നു. ഭൂസ്വത്തുക്കളിലുള്ള സമാവകാശവും, മൂലധനത്തിന്റെ നിയന്ത്രണവും കൃഷകരുടെയും തൊഴിലാളികളുടെയും താല്പര്യപരിരക്ഷണത്തിന് ആവശ്യമായിരുന്നു. ക്രമിൻറാങ്ങിലെ മൂന്നു ജനകീയാദർശങ്ങളും ഇവയിൽഉൾപ്പെടുന്നു. അതിനെ ചീനഭാഷയിൽ 'സാൻ മിൻ ചു ഐ' എന്നു പറയുന്നു. ഡാക്ടർ സൻ നായകനായി കാൻറനിൽ ഒരു സൈനിക ഗവമ്മെൻറു സ്ഥാപിച്ചു അദ്ദേഹത്തിനു പൂർണ്ണാധികാരങ്ങൾ നല്കി. ദേശീയഗവമ്മെൻറിന്റെ സംരക്ഷണത്തിനും, സാമ്രാജ്യത്തിൽ സമാധാനം പുലർത്തുന്നതിനും സുശക്തമായ ഒരു സൈന്യം അനുപേക്ഷണീയമായി. ആത്മാർത്ഥതയും, സ്വഭാവവൈശിഷ്ട്യവുമുള്ള സൈനികോദ്യോഗസ്ഥരില്ലാതെ കാര്യങ്ങൾ സുരക്ഷിതമാക്കുന്നതിനു സാദ്ധ്യമല്ലെന്നു ഡാക്ടർ സന്നിന്റെ ദീർഘദർശനഫലമായി ആധുനിക രീതിയിൽ യുവാക്കന്മാർക്ക് സൈനികശിക്ഷണം നല്കുന്നതിനു കാൻറനിൽ നിന്നു പന്ത്രണ്ടുമൈൽ അകലെ 'വാംപോ മിലിററി അക്കാഡമി' സ്ഥാപിച്ചു. ജനറൽ ച്യാങ് കയ്ഷക്ക്

അന്നു് പ്രസ്തുത സൈനിക വിദ്യാലയത്തിന്റെ മേലദ്ധ്യക്ഷനും, പ്രധാനാദ്ധ്യാപകനും ആയിരുന്നു. റഷ്യയിൽ നിന്നു ചില പ്രമുഖ സൈനികവിദഗ്ദ്ധന്മാരെയും പുതിയ സൈനികനിരയുടെ ഉദ്യോഗസ്ഥന്മാരായി നിയമിച്ചു. ചൈനയുടെ ഇന്നത്തെ ശക്തി വാംപോയിലെ സൈനികവിദ്യാലയമാണു് സജ്ജമാക്കിയതു്. ഇന്നു് സെൻട്രൽ മിലിട്ടറി അക്കാഡമി എന്ന നാമധേയത്തിൽ ആ സൈനികവിദ്യാലയം അറിയപ്പെടുന്നു.

എന്നാൽ വടക്കുഭാഗത്തു് ആധിപത്യം ഉറപ്പിച്ചിരുന്ന പ്രധാനികളെ അമർച്ച ചെയ്യാതെ ഭരണം സുകരമായിരുന്നില്ല. വടക്കു വിഭാഗത്തെ ഒരു പ്രധാനിയായ 'വു പി യി ഫു'വിന്റെ കീഴുദ്യോഗസ്ഥൻ ആഭ്യന്തരകലഹങ്ങൾ അവസാനിപ്പിക്കുന്നതിനു് ചില യത്നങ്ങൾ ചെയ്തു. 'വു പി യി ഫു'വിനെ സ്ഥാനഭ്രഷ്ടനാക്കി മറെറാരു രാഷ്ട്രീയനേതാവിനെ ആ സ്ഥാനത്തു് അവരോധിക്കുന്നതിനും, രാഷ്ട്രീയ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും, ഡാക്ടർ സന്നിനെ പീക്കിങ്ങിൽ ക്ഷണിച്ചു. ആ ക്ഷണം സ്വീകരിച്ചു്, അദ്ദേഹം ജപ്പാൻവഴി പുറപ്പെട്ടു. യാത്രക്കു മുമ്പു് ഡാക്ടർ സൻ മൂന്നു പ്രധാന വ്യവസ്ഥകളടങ്ങിയ ഒരു വിളംബരം പ്രസിദ്ധപ്പെടുത്തി. ജപ്പാനിലെത്തി അദ്ദേഹം പല പ്രസംഗങ്ങളും ചെയ്തു. നിരവധി നാളത്തെ പരിശ്രമത്തിന്റെയും ശാരീരികമായും മാനസികമായുമുള്ള ക്ലേശങ്ങളുടെയും ഫലമായിട്ടായിരിക്കണം ആ യാത്രയിൽ ചീനാറിപ്പബ്ളിക്കിന്റെ പിതാവു് എന്നു അറിയപ്പെടുന്ന ഡാക്ടർ സൻയാത് സെൻ പീക്കിങ്ങിൽവച്ചു് 1925 മാർച്ച് 12-ാംതീയതി ചരമം പ്രാപിച്ചതു്. ആ ദേശീയ നേതാവിന്റെ അകാലദേഹവിയോഗം ചീനാസാമ്രാജ്യത്തിനു നികത്താൻ സാധിക്കാത്ത നഷ്ടമായ് തീർന്നു.

ഡാക്ടർ സൻയാത് സെന്നിൻെറ കാലശേഷം, അദ്ദേഹത്തിൻെറ മുൻനിശ്ചയം അനുസരിച്ച് ദേശീയഗവമ്മെൻറു കാൻറൻ നഗരത്തിൽ പ്രതിഷ്ഠിച്ച് 'വ്യാങ് ചിങ്‌വീ'യെ അദ്ധ്യക്ഷനായി തിരഞ്ഞെടുത്തു. ജനുവരി 1926-ൽ ഒരു അഖിലദേശീയസമ്മേളനം അഥവാ ചീനാ കാൺഗ്രസ്സ് നടത്തുകയും ജനറൽ ച്യാങ് കയ്‌ഷക്കിനെ ദേശീയസൈന്യനിരയുടെ ജനറാലിസിമോ ആയി അവരോധിക്കുകയും ചെയ്തു. അദ്ദേഹത്തിൻെറ വിദഗ്ദ്ധമായ നേതൃത്വത്തിൽ വടക്കുവിഭാഗത്തെ ഗവമ്മെൻറിനോടെതിരിടാൻ ഒരു വലിയ സൈന്യം സന്നദ്ധമായി പുറപ്പെട്ടു. ഏതാനും മാസത്തിനുള്ളിൽ വടക്കുഭാഗത്തെ മിക്ക പ്രദേശങ്ങളും അദ്ദേഹം സ്വാധികാരസീമക്കുള്ളിലാക്കി. അതുകൂടാതെ ദേശം മുഴുവനും ഒരു സൈനികപര്യടനം നടത്തി സമാധാനം പുനഃസ്ഥാപിച്ചു. ഒരു കൊല്ലത്തിനുള്ളിൽ സാമ്രാജ്യം മുഴുവനും ദേശീയ ഗവമ്മെൻറിൻെറ അധികാരത്തിലമന്നു. ഏപ്രിൽ 1927-ൽ ദേശീയഗവമ്മെൻറിൻെറ തലസ്ഥാനം നാൻകിങ്ങിലേക്കു മാററി. ഇന്നും ചൈനയുടെ തലസ്ഥാനം അതായിരിക്കുകയാണ്. ഇക്കഴിഞ്ഞ യുദ്ധാവശ്യങ്ങൾക്കുവേണ്ടി ചുംകിങ് താല്ക്കാലതലസ്ഥാനമാക്കിയിരുന്നു. ചുംകിങ് മലയിലാണ് ഈ നഗരം സ്ഥിതിചെയ്യുന്നതു്. അത്ര മെച്ചമേറിയ പട്ടണമാണു് അതെന്നു പറയാനില്ല. യാങ്‌ടിസിക്യാങ്‌നദി ചുംകിങ്ങിൽകൂടി ഒഴുകുന്നു. ഏകദേശം പത്തുലക്ഷം ജനങ്ങൾ അവിടെ വസിക്കുന്നുണ്ട്. തലസ്ഥാനം നാങ്കിങ്ങിലേക്കു മാററുന്നതുവരെയും ചുംകിങ്ങിലായിരുന്നു ഇൻഡ്യാ ഗവണ്മെൻറിൻെറ സ്ഥാനപതിയുടെ ആസ്ഥാനം. അവിടത്തെ വിമാനത്താവളവും നദീതീരത്താണു്. ചുംകിങ്ങിൽ അതികലശലായ മൂടൽമഞ്ഞുണ്ടാകും. രാത്രിപോലെ അന്ധകാരമയമായ ആ സമയം മനുഷ്യരും

വാഹനങ്ങളും കൂട്ടിമുട്ടുക സാധാരണമാണ്. യുദ്ധകാലത്തു 1938 ജനുവരി മുതൽ 1941 സെപ്റ്റംബർ വരെ 45 മാസങ്ങൾക്കിടയിൽ ചുംകിങ്ങ്നഗരത്തിൽ 193 പ്രാവശ്യം ജപ്പാൻ വിമാനാക്രമണം നടത്തി. അസംഖ്യം ജനങ്ങൾ കൂടാതെ, പല ഗവണ്മെൻറു സ്ഥാപനങ്ങളും, ആശുപത്രികളും, വിദ്യാലയങ്ങളും ജപ്പാൻെറ ബോംബുകൾക്കിരയായി. ഈ ആക്രമണങ്ങൾക്കു ശേഷവും, ചുംകിങ്ങ് നഗരം നിലകൊള്ളുന്നു. പ്രകൃതീദത്തമായ മൂടൽമഞ്ഞാണ് ജപ്പാൻെറ അക്രമണബാധയിൽനിന്നും പ്രധാനമായി ചുംകിങ്ങിനെ രക്ഷിച്ചതു്.

ചൈനക്കു അഭിമുഖീകരിക്കേണ്ടിവന്ന മററു പ്രശ്നങ്ങൾ ജപ്പാൻെറ സാമ്രാജ്യതൃഷ്ണയും, റഷ്യയുടെ അനാശാസ്യമായ ഇടപെടലും ആയിരുന്നു. സൈനികപര്യടനം കൊണ്ടു് രാഷ്ട്രത്തിനു ഐക്യമുണ്ടായി. ആ ഐക്യം ദൃഢത പ്രാപിക്കുന്നതിനവസരം കൊടുക്കാതെ ജപ്പാൻ ഷാൻടങ്ങ പ്രാവിൻസും മററു സ്ഥലങ്ങളും ആക്രമിച്ചു. അന്നു് ആഗ്രഹിച്ച ഫലം സിദ്ധിച്ചില്ല. ചൈനയും ജപ്പാനെതിരായി ലോകമഹായുദ്ധത്തിൽ പ്രവേശിച്ചിരുന്നു. 1922-ൽ വാഷിങ്ങ്ടനിൽ വച്ചുനടന്ന 'നവരാഷ്ട്രശക്തിസമ്മേളന'ത്തിൽ ഒരു ഉടമ്പടി വ്യവസ്ഥപ്പെടുത്തി. അതനുസരിച്ചു് ജപ്പാൻസേന ഷാങ്ങ്ടങ്ങിൽ നിന്നും നിരുപാധികം പിന്മാറി. 1931-ൽ യാങ്റ്റ്സി നദിയിലുണ്ടായ വെള്ളപ്പൊക്കം തീരപ്രദേശങ്ങളിൽ പല അനർത്ഥങ്ങൾക്കും കാരണമാക്കി. ആ സന്ദർഭം വീക്ഷിച്ചു് ജപ്പാൻ ചൈനയുടെ കിഴക്കുഭാഗത്തെ ഏതാനും പ്രദേശങ്ങൾ കീഴ്പ്പെടുത്തി മഞ്ചുക്കോ എന്ന സംസ്ഥാനം സ്ഥാപിച്ചു. ജപ്പാൻെറ സാമ്രാജ്യതൃഷ്ണ അല്പം ശമിച്ചപ്പോൾ റഷ്യയിൽ നിന്നു കമ്മ്യൂണിസം കൂട്ടതലായി പകന്നു

തുടങ്ങി. പ്രതിഭാശാലികളും ധീരന്മാരുമായിരുന്ന കമ്മ്യൂണിസ്റ്റുകാരുടെ പിൻതുണ ഡാക്ടർ സന്നിനു ആരംഭത്തിൽ തന്നെ ഉണ്ടായിരുന്നു. ക്രമിൻറാങ്ങും ചീനാകമ്മ്യൂണിസ്റ്റ് സംഘടനയും തമ്മിലുള്ള ബന്ധത്തിൻെറ ചരിത്രം ഏററവും കലങ്ങിമറിഞ്ഞതാണ്. 1922-ൽ ഷാങ്ങ്ഹായിൽ വച്ച് മാസ്കോ ഗവൺമെൻറിൻെറ ഒരു പ്രത്യേക ദൗത്യവുമായി മി. എ.എ. ജോഫി ഡാക്ടർ സന്നിനെ സന്ദർശിച്ചു. തത്ഫലമായി, കമ്മ്യൂണിസ്ററുപദ്ധതിയോ, സോവിയററുപദ്ധതിയോ പ്രചരിപ്പിക്കാൻ, ചൈനയിലെ അന്നത്തെ പരിതഃസ്ഥിതിയിൽ സാദ്ധ്യമല്ലെന്ന് ഇരുവരും യോജിച്ച് ഒരു പ്രസ്താവന പുറപ്പെടുവിച്ചു. മി. ജോഫി ചൈനയ്ക്ക് റഷ്യയുടെ സഹായങ്ങളും, വാഗ്ദാനം ചെയ്തു. 1924-ൽ ക്രമിൻറാങ്ങും ചീനാകമ്മ്യൂണിസ്ററുവിഭാഗവും തമ്മിലുണ്ടായ പരസ്പരധാരണമൂലം കമ്മ്യൂണിസ്ററുകാരെ ക്രമിൻറാങ്ങിലെ അംഗങ്ങളായി പ്രവേശിപ്പിച്ചു. അങ്ങനെ കമ്മ്യൂണിസ്ററുകാരെ വിപ്ലവകര പ്രവൎത്തനങ്ങളിൽനിന്നു പിന്തിരിപ്പിക്കാൻചെയ്ത യത്നം വിജയപ്രദമായി. ക്രമേണ അവർ ഡാക്ടർ സന്നിൻെറ ആദർശങ്ങളിൽനിന്നു വ്യതിചലിച്ചു. സമാധാനസംസ്ഥാപനത്തിനു വടക്കുഭാഗത്തേക്കു സൈന്യങ്ങളെ നിയോഗിച്ചതിൽ കമ്മ്യൂണിസ്ററുകാർ പ്രതികൂലികളായി. ക്രമിൻറാങ്ങിൻെറ സൈന്യനിരയോട് ഏതാനും നായകന്മാരുടെ നേതൃത്വത്തിൽ കമ്മ്യൂണിസ്ററുകാർ എതിരിടാൻ സന്നദ്ധരായി. മദ്ധ്യചൈനയിൽ അവരുടെ ശക്തി പ്രബലപ്പെട്ടിരുന്നു. അവിടെ അവർ ഒരു കമ്മ്യൂണിസ്ററു ഗവർമെൻറു സ്ഥാപിച്ചു. സൈനികപര്യടനം പരാജയമടയാതിരിക്കാൻ ജനറാലിസിമോ തീവ്ര ശ്രമംചെയ്തു. അദ്ദേഹവും ഏതാനും കക്ഷിനേതാക്കന്മാരുമായി 1929 ഏപ്രിലിൽ നാൻകിങിൽഎത്തി. നാൻകിങ്ങ് ദേശീയതലസ്ഥാനനഗരിയായി

പ്രഖ്യാപനംചെയ്തു് കമ്മ്യൂണിസ്റ്റുകാരോടെതിരിട്ടു. ഒരു സംഘട്ടനംനടന്നു. എന്നാൽ സുശക്തമായിരുന്ന ദേശീയ സൈന്യങ്ങളിൽനിന്നു വിജയം ലഭിക്കുന്നതിനു കഴിഞ്ഞില്ല. കമ്മ്യൂണിസ്റ്റുകാരെ പരാജിതരാക്കി എങ്കിലും ദേശീയഗവർമെൻറു അവരോടു് സമഭാവനയോടുകൂടിയാണു് പെരുമാറിയതു്. 1928-ൽ ജനറാലിസിമോ സമരം അവസാനിപ്പിച്ചു് ചൈനയെ യോജിപ്പിച്ചു. അദ്ദേഹത്തിൻെറ സൈനികപര്യടനം ചൈനയുടെ ചരിത്രത്തിൽ ഒരു നവീനാദ്ധ്യായം സൃഷ്ടിച്ചു.

ഡാക്ടർ സന്നിൻെറ ആദർശങ്ങളെ അടിസ്ഥാനപ്പെടുത്തി പുതിയ ഭരണരീതിയിലെ നിയമങ്ങൾ പരിഷ്കരിച്ചു നടപ്പിൽവരുത്തി. സാമ്രാജ്യത്തിലെ വകുപ്പുകളുടെ അധികാരം മുഴുവനും, കേന്ദ്രഗവൺമെൻറിൻെറയും, പ്രാദേശിക ഗവൺമെൻറുകളുടെയും, അധികാരസീമയിലായി. നീതിമാനും, മദ്ധ്യവയസ്കനും, അനുയോജ്യനുമായ ഒരാൾ കേന്ദ്രഗവൺമെൻറിൻെറ അദ്ധ്യക്ഷപദം അലങ്കരിക്കും. അദ്ദേഹത്തിനു് നേരിട്ടു് രാഷ്ട്രീയകാര്യങ്ങളിൽ അധികാരമുണ്ടായിരിക്കുകയില്ല. ദേശീയഗവർമ്മെൻറിൻെറ കീഴിൽ അഞ്ചു യുവാൻ അഥവാ അഞ്ചു ഡിപ്പാർട്ടുമെൻറുകൾ ഉണ്ടായിരിക്കും അവ നിർവ്വാഹകവകുപ്പു് നിയമനിർമ്മാണവകുപ്പു്, നീതിന്യായവകുപ്പു്, പരീക്ഷാവകുപ്പു്, കൺട്രോൾവകുപ്പു് എന്നിവയാണു്. നിർവ്വാഹവകുപ്പിൻെറ കീഴിൽ ഏതാനും മന്ത്രിമണ്ഡലങ്ങളുംഉണ്ടു്. ഓരോ വകുപ്പിനുംഒരു അദ്ധ്യക്ഷനും,ഒരു ഉപാദ്ധ്യക്ഷനും, ഏതാനും മന്ത്രിമാരും കാണും. നിർവ്വാഹകവകുപ്പിൽ കൂടുതൽ മന്ത്രിമാരും, അധികാരങ്ങളും ഉണ്ടു്. ഈ വകുപ്പുകൾ കൂടാതെ പ്രത്യേകാവശ്യങ്ങൾക്കുവേണ്ടി നാഷനൽമിലിട്ടറികൗൺസിൽ; അക്കാഡമികാസിനികാ, മുതലായ അതിപ്രാധാ

ന്യമർഹിക്കുന്ന ഏതാനും ഡിപ്പാർട്ടുമെൻറുകളും ഉണ്ട്. പ്രാദേശികഗവമ്മെൻറിൽ അനിതരസാധാരണമായ അധികാരങ്ങളുള്ള പ്രത്യേക മുനിസിപ്പാലിററികളും പൊതു മുൻസിപ്പൽ കൌൺസിലുകളും, ഡിസ്ത്രിക്ററ ഗവമ്മെൻറും കാണും. ഇവയിൽ പ്രത്യേക മുനിസിപ്പാലിററികൾ നിർവാഹകവകുപ്പിൻെറ നേരിട്ടുള്ള ഭരണത്തിലാണ്. ഡിസ്ത്രിക്ട് ഗവമ്മെൻറ് പ്രാദേശികഗവമ്മെൻറിനു കീഴിലാണ്. പ്രാദേശികഭരണത്തിനു് ഒരദ്ധ്യക്ഷനും, അദ്ദേഹത്തിൻെറ കീഴിൽ പല ഉദ്യോഗസ്ഥന്മാരും ഉണ്ട്. സാമ്പത്തികം, വിദ്യാഭ്യാസം മുതലായ പല ഡിപ്പാർട്ടുമെൻറുകൾ പ്രാദേശിക ഭരണത്തിനുള്ളിലാണ്. മുനിസിപ്പാലിററികൾക്കു മേയറും, ഡിസ്ത്രിക്ട് ഗവമ്മെൻറിനു മജിസ്ത്രേട്ടും ഭരണമേധാവികളാണ്. ദേശീയഗവമ്മെൻറിൻെറ മേലദ്ധ്യക്ഷൻ, അദ്ധ്യക്ഷൻ, ഉപാദ്ധ്യക്ഷന്മാർ എന്നിവരെല്ലാം ചീനാദേശീയകക്ഷിയിലെ അഥവാ ക്വമിൻറാങിലെ നിർവാഹകസമിതി അംഗങ്ങളായിരിക്കും. ദേശീയ നിർവാഹകസമിതിയുടെ ഇന്നത്തെ അദ്ധ്യക്ഷൻ ജനറാലിസിമോ ച്യാങ്ങ്കയ്ഷെക്കാണ്. അദ്ദേഹമാണ് ആധുനികചൈനയുടെ ഭരണമേധാവി. സൈന്യം രാഷ്ട്രം എന്നിവയെ സംബന്ധിക്കുന്ന കാര്യങ്ങൾ എല്ലാം അദ്ദേഹത്തിൻെറ നേതൃത്വത്തിലാണ്. നിർവാഹകവകുപ്പിൻെറ ചുമതലയിലാണ് മററു മന്ത്രിമാരെയും ഉദ്യോഗസ്ഥന്മാരെയും തിരഞ്ഞെടുക്കുക.

18603

ദേശീയഗവമ്മെൻറിൻെറ അദ്ധ്യക്ഷനായി 1928-ൽ ജനറാലിസിമോയെ തെരഞ്ഞെടുത്തു. മൂന്നു കൊല്ലം കഴിഞ്ഞ് അദ്ധ്യക്ഷസ്ഥാനം അദ്ദേഹം രാജിവച്ച് നാഷനൽ മിലിററി കൌൺസിലിലെ അദ്ധ്യക്ഷപദം സ്വീകരിച്ചു. 1938-ലും 1945-ലും ക്വമിൻറാങിൻെറ ഡയറക്ടർ ജനറ

ലായി ജനറാലിസിമോയെ തെരഞ്ഞെടുത്തു. നാഷനൽ കൌൺസ്സിലിലാണു് ക്രൂമിൻറാങ്ങ് പാർട്ടിയുടെ പരമമായ അധികാരം നിക്ഷിപ്തമായിരിക്കുന്നതു്. അതിൽ വച്ചാണു് ഭരണകർത്താക്കളെ തെരഞ്ഞെടുക്കുക. കാൺഗ്രസ്സ് രണ്ടുകൊല്ലങ്ങളിലൊരിക്കൽ സമ്മേളിക്കുന്നു. പ്രഥമ കാൺഗ്രസ്സ് 1920-ലും രണ്ടാമത്തേതു് 1926ലും മൂന്നാമത്തേതു് 1929-ലും നാലാമത്തേതു് 1931-ലും അഞ്ചാമത്തേതു് 1935-ലും സമ്മേളിച്ചു. 1935-നു ശേഷം 1945 വരെ കാൺഗ്രസ്സ് സമ്മേളിക്കുന്നതിനു യുദ്ധപരിതഃസ്ഥിതികൾകൊണ്ടു സാധിച്ചില്ല. എന്നാൽ 1938-ൽ ഒരു പ്രത്യേക കാൺഗ്രസ്സ് സമ്മേളനത്തിൽ ജനറാലിസിമോ ച്യാങ്ങ് കയ്ഷക്കിനെ നേതാവായി തിരഞ്ഞെടുത്തു. ദേശീയ പുനരുദ്ധാരണത്തിനും, ശത്രുപ്രതിരോധനത്തിനുമായി ഒരു പരിപാടിയും അന്നു് രൂപവൽകരിച്ചു.

ചൈനയിലെ ദേശീയഗവമ്മെൻറു സ്ഥാപിച്ചിരിക്കുന്നതു് ദേശീയകക്ഷിയുടെ വ്യവസ്ഥാപരതത്വങ്ങളിന്മേലാണു്. ദേശീയകക്ഷിയുടെ നിർവാഹകസമിതിക്കു മന്ത്രിസഭാംഗങ്ങളോടു് പരിപൂർണ്ണാധികാരമുണ്ടു്. ഏററവും മുകളിലായി കേന്ദ്രകക്ഷിവിഭാഗവും, അതിനു താഴെയായി പ്രാദേശികവിഭാഗങ്ങളും, ഡിസ്ട്രിക്ട് സമൂഹവും, ദേശസമൂഹവും അതിനു പല ഉപശാഖകളും ഉണ്ടു്. പൊതുസമ്മേളനത്തിൽ വച്ചാണു് നിർവാഹകസമിതി അംഗങ്ങളെയും പര്യവേഷകസമിതി അംഗങ്ങളേയും മററു ഉദ്യോഗസ്ഥന്മാരെയും തെരഞ്ഞെടുക്കുന്നതു്. കേന്ദ്രനിർവാഹകവകുപ്പും പര്യവേഷണസമിതിയുമാണു് ക്രൂമിൻറാങ്ങിലെ രണ്ടു അധികാരമണ്ഡലങ്ങൾ. കേന്ദ്രനിർവാഹക കമ്മററിയിൽ നിന്നുമാണു് സ്റ്റാൻറിങ്ങ് കമ്മററിയിലേയ്ക്കും കേന്ദ്രരാഷ്ട്രീയ കൗൺസിലിലേയ്ക്കും അംഗങ്ങളെ തെരഞ്ഞെ

ടുക്കുന്നത്. കേന്ദ്രരാഷ്ട്രീയ കൗൺസിൽ, രാഷ്ട്രീയ കാര്യങ്ങളുടെ മേലന്വേഷണവും, സ്റ്റാൻറിങ് കമ്മററി ദേശീയകക്ഷിയുടെ ജോലിയും നിർവഹിക്കുന്നു. ജനറാലിസിമോ ച്യാങ് കയ്ഷക്കാണ് ഇപ്പോൾ സ്റ്റാൻറിങ് കമ്മററിയുടെ അദ്ധ്യക്ഷൻ. ഡാക്ടർ സന്നിൻെറ തത്വങ്ങളനുസരിച്ചാണ് ആധുനിക ചൈനയുടെ ഭരണസമ്പ്രദായം. ഇപ്പോൾ നിലവിലിരിക്കുന്ന നിയമങ്ങൾക്ക് പതിമൂന്നദ്ധ്യായങ്ങളും 89 വിഭാഗങ്ങളുമുണ്ട്. അവ 1924-ലെ പ്രഥമ ദേശീക കാൺഗ്രസ്സിൽ രൂപവൽകരിച്ചതാണ്. അതിനുശേഷം പല പ്രാവശ്യം നിയമങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്.

മാഞ്ചു ഗവണ്മെൻറിൻെറ കാലത്തു നിലവിലിരുന്ന അസമത്വങ്ങളും, അതിനുശേഷം ചില വിദേശിയ രാഷ്ട്രങ്ങൾക്കുണ്ടായിരുന്ന പ്രത്യേകാവകാശങ്ങളും ഇന്ന് ചൈനയിൽ നിന്ന് എന്നന്നേക്കുമായി തിരോഭവിച്ചിരിക്കുന്നു. ജപ്പാനിൽ നിന്നും നിരന്തരമായി ഉണ്ടായിക്കൊണ്ടിരുന്ന ആക്രമണം ചീനരെ ദേശീയ പ്രബുദ്ധരും ഒരുമയുള്ളവരുമാക്കിത്തീക്കാൻ പര്യാപ്തമായി. ഇന്നു ചൈന 4750 ലക്ഷം ജനങ്ങളുള്ള ഒരു സ്വതന്ത്ര്യരാഷ്ട്രമാണ്. ലോകമഹാരാഷ്ട്രങ്ങളിൽ ഒന്നായി ചൈനയെ നിർവ്വചനം ചെയ്യാം.

VII

## ഭാഷയും വിദ്യാഭ്യാസവും

ഫീതചക്രവർത്തിയുടെ കാലത്തു് ക്രി. മു. 2697-നും 2598-നും മദ്ധ്യേ അതായതു് ചീനവർഷത്തിന്റെ ആരംഭദശയിലായിരുന്നു ചീനഭാഷയുടെ ഉദ്ഭവം. ഫ്യൂഹിസി കണ്ടുപിടിച്ച ഏതാനും ലിപികൾ വച്ചുകൊണ്ടാണു് ചക്രവർത്തിയുടെ ആജ്ഞാനുസരണം ലിപി പൂർത്തീകരിച്ചതു്. ലിപി പരിഷ്കരണത്തിൽ പഴയതിനെ ക്രമപ്പെടുത്തുകയല്ലാതെ നൂതനമായി ഒന്നും കൂട്ടിച്ചേർക്കുകയുണ്ടായില്ല. ചീനഭാഷ വശമാക്കാൻ പ്രയാസമാണെന്നും, അതു് ഒരു ചിത്രഭാഷയാണെന്നുമാണു് ചീനേതരുടെ വിവക്ഷ. ചീനർ അതിനോടു യോജിക്കാറില്ല. ചീനഭാഷയുടെ ഘടന ഒരു പ്രത്യേക രീതിയിലാണെന്നും അതു് നിഷ്പ്രയാസം അഭ്യസിക്കാമെന്നുമാണു് അവിടത്തെ വിജ്ഞാനകുശലന്മാരുടെ അഭിമതം. ആദിമകാലത്തു് അസ്ഥികളും ആമയോടും ചീനർ എഴുതുന്നതിനുപകരണമാക്കിയിരുന്നു. പ്രത്യേകതരത്തിലുള്ള തൂലികകൊണ്ടാണു് അന്നു് ചീനർ എഴുതിവന്നതു്. വളരെക്കാലം കഴിഞ്ഞു് കളിമണ്ണുകൊണ്ടു് അക്ഷരങ്ങൾ നിർമ്മിച്ചു് രൂപം കടലാസ്സിൽ പകർത്തി എടുത്തുതുടങ്ങി. ക്രിസ്ത്വബ്ദം 550-നോടടുപ്പിച്ചു് അക്ഷരങ്ങൾ തടിയിലും ലോഹങ്ങളിലും കൊത്തി അച്ചടിച്ചുവന്നു.

ചീനഭാഷ മനോഹരമായ ഒന്നല്ല. ആ ഭാഷയിൽ അക്ഷരങ്ങളെക്കൊണ്ടല്ല പദങ്ങൾ സൃഷ്ടിച്ചിരിക്കുന്നതു്.

പദങ്ങളുടെ കൃത്യം നിർവ്വഹിക്കുന്നതു് ഏതെങ്കിലും ആശയത്തെ ആവിഷ്കരിക്കുന്ന അക്ഷരങ്ങളാണ്. പദങ്ങളുടെ നിർവ്വചനമല്ലാതെ ചീനഭാഷയിൽ വ്യാകരണനിഷ്ഠ ഇല്ലെന്നുതന്നെ പറയാം. വിഭക്തികളും പ്രത്യയങ്ങളും ഇല്ല. ഉച്ചാരണത്തിൻെറ അനുനാസികയുടെ ഉപയോഗമാണു് കൂടുതൽ വേണ്ടതു്. എല്ലാ ഭാഷകളും അക്ഷരങ്ങളിൽ ആരംഭിച്ചു് പദങ്ങളിൽക്കൂടി വാചകങ്ങളിൽ എത്തുന്നു. എന്നാൽ ചീനഭാഷ പഠിക്കുന്നവർ പദങ്ങളുടെ സ്ഥാനത്തു് ചില ലിപികളെയാണ് ഹൃദിസ്ഥമാക്കുന്നതു്. ചീനഭാഷ എഴുതുന്നതു് ഏററവും വലതുഭാഗത്തു മുകളിൽ നിന്നു താഴത്തേയ്ക്കാണ്. ലിപികൾക്കു പഴയതിൽനിന്നു് ഇപ്പോൾ ചില വ്യത്യാസങ്ങൾ വന്നിട്ടുണ്ടെന്നു പറയാം. പ്രസ്താവിക്കാനുദ്ദേശിക്കുന്ന വസ്തുവിനെ ചിത്രീകരിക്കുന്നവ, രൂപമില്ലാത്ത ആശയങ്ങളെക്കുറിക്കുന്നവ, ഉച്ചാരണശബ്ദങ്ങളെ കുറിക്കുന്നതിനുപകരിക്കുന്ന പദങ്ങളെ യോജിപ്പിക്കുന്നവ ഇങ്ങനെ ചീനലിപികളെ വിഭജിക്കാം.

ഏറെനാൾ സംഭാഷണഭാഷയായി നിലവിലിരുന്നതിനു ശേഷമാണ് ഒരു രാഷ്ട്രഭാഷ ലിഖിതഭാഷയായിത്തീരുന്നതു്. എന്നാൽ ചൈനയിൽ അതിനു വിപരീതമായി ആദിമകാലത്തുതന്നെ വിചാരങ്ങൾ എഴുത്തിൽ പകർത്താൻ സാധിച്ചിരുന്നു. വളരെക്കാലം വിദേശീയസമ്പർക്കമില്ലാതിരുന്നതുകൊണ്ടു് ഇതരഭാഷകളുമായി ചീനഭാഷയ്ക്കു കലപ്പുപററാനും ഇടയായില്ല. അതുകൊണ്ടായിരിക്കാം ഭാഷയ്ക്കു ചില വൈകല്യങ്ങൾ സംഭവിച്ചതു്. വിദേശീയർക്കു ഭാഷ അഭ്യസിക്കാൻ എളുപ്പവുമായിരുന്നില്ല. നാല്പതിനായിരത്തിൽപരം അക്ഷരങ്ങൾ വാക്കുകളായിട്ടുണ്ടു്. സാമാന്യരീതിയിലുള്ള ആശയപ്രകടനത്തിനുതന്നെ നാലായിരത്തോളം വാക്കുകൾ അറിഞ്ഞിരി

ക്കണം. എന്നാൽ ഇന്നത്തെ സംസാരഭാഷയ്ക്കു ആയിരത്തിഅഞ്ഞൂറോളം പദങ്ങൾ മതിയാകുന്നതാണ്.

ചീനഭാഷയിലെ ഓരോ വാക്കിനും, ഓരോ പ്രത്യേക അടയാളങ്ങളുണ്ട്. ഒരു ചെറിയ വൃത്തം വരച്ച് അതിനു മദ്ധ്യേ ഒരു കുത്തിട്ടാൽ അത് സൂര്യൻ എന്നാണർത്ഥം. അതുപോലെ ചതുരശ്രകോണത്തിൻെറ മദ്ധ്യേ ഒരടയാളമിട്ടാൽ കിണറെന്നർത്ഥമായി. മത്സ്യത്തിൻെറ ചിത്രം തലകീഴായി വരച്ചാൽ അതു മത്സ്യമാണ്. ചന്ദ്രന്, ഒരു കല വരച്ച് അതിനുള്ളിൽ ഒരു വളഞ്ഞ വര കൂടിഇട്ടാൽ മതി. ഈ അടയാളങ്ങളുടെ സംജ്ഞ ഒന്നാണെങ്കിലും ഉച്ചാരണവിധം വ്യത്യാസപ്പെട്ടിരിക്കുന്നു. 'ച്യാ' എന്ന ശബ്ദം പൊതുവെ യന്ത്രത്തിനു ഉപയോഗിക്കുന്നു; അത്. ഏതുതരം യന്ത്രമാണെന്ന് സ്വരവ്യത്യാസംകൊണ്ട് തിരിച്ചറിയുന്നതിനേ സാദ്ധ്യമാകു.

ഇതരഭാഷാപദങ്ങളെ അപേക്ഷിച്ച് ചീനപദങ്ങൾക്കു പല അർത്ഥങ്ങളുമുണ്ട്. ഒരു വാക്കുതന്നെ പല അർത്ഥത്തിൽ നാമമായും ക്രിയയായും പ്രയോഗിക്കും 'ഷ്' എന്ന വാക്കിന് ചരിത്രം, സിംഹം, സൈന്യം, ചന്ത, കവിത, സമയം, ഗൃഹം, വിശ്വസിക്കുക, കൊടുക്കുക, ഭക്ഷിക്കുക എന്നിങ്ങനെ അനവധി അർത്ഥങ്ങളുണ്ട്. ശരിയായ അർത്ഥം കിട്ടുന്നതിന് ചില വാക്കുകൾ ആവർത്തിച്ചു പ്രയോഗിക്കുന്നു.

ചൈനയിൽ ഓരോ സംസ്ഥാനത്തും ഉച്ചാരണവിധം വ്യത്യസ്തമാണ്. രണ്ടു സംസ്ഥാനത്തുള്ളവർ തമ്മിൽ സംസാരിച്ചാൽ ഇരുകൂട്ടർക്കും മനസ്സിലാവുകയില്ല. എന്നാൽ ലിപികൾക്കു ഏകത്വമുള്ളതുകൊണ്ട് എഴുതി

യാൽ നിഷ്പ്രയാസം വായിക്കാം. ഭാഷയുടെ ഐക്യം നഷ്ടപ്പെട്ടേക്കുമെന്ന ഭയന്നു് ഉച്ചാരണഭേദമനുസരിച്ചു ലിപി പരിഷ്കരിക്കാൻ ചീനർ ഒരുമ്പെടുകയില്ല. അതിപ്രാചീനമായ ആ ഭാഷയുടെ വ്യക്തിത്വം പരസഹസ്രം വർഷങ്ങൾകൊണ്ടു് സുരക്ഷിതമാണു്. ആവശ്യമുള്ള പുതിയ പദങ്ങൾക്കു പഴയതിനെ നവീകരിക്കുകയല്ലാതെ ഇതര ഭാഷകളിൽ നിന്നു് ഇറക്കുമതി ചെയ്യുക സാധാരണമല്ല. എന്നാൽ പാശ്ചാത്യ സമ്പർക്കത്തോടുകൂടി ചീനവും ഇംഗ്ലീഷും ഇടകലർന്ന ഒരു ഭാഷ ഇപ്പോൾ ചൈനയിൽ നടപ്പുണ്ടു്.

ലിപി രൂപപരിവർത്തനത്തിനുശേഷം ചൈനയിലെ പ്രധാന സംഭവങ്ങളെ ചിത്രീകരിക്കുന്ന ചരിത്രം എഴുതി സൂക്ഷിക്കുന്നതിനു് പീതചക്രവർത്തി ക്രി. മു. 2697 മുതൽ പ്രത്യേകം ആളുകളെ നിയോഗിച്ചിരുന്നു. എന്നാൽ ഈ രേഖകളിൽ പലതും പിൽക്കാലത്തു നശിക്കുകയുണ്ടായി. ശേഷിച്ചവയിൽ പ്രാധാന്യമർഹിക്കുന്നതു 'യിചിൻ' എന്ന വിവിധഗീതങ്ങളുടങ്ങിയ ഒരു ഗ്രന്ഥമാണു്. അനുഭൂത കാലസ്മരണകളെ ഉദ്ദീപിക്കുന്ന മനോഹരങ്ങളായ നിരവധി ഗ്രാമീണഗാനങ്ങൾ കൂടാതെ, ശില്പകല, ധനുർവിദ്യ, സദാചാരരീതി, തക്ഷശില്പം, ജന്തുശാസ്ത്രം, സംഗീതം, മതം, ജ്യോതിഷം, തത്വശാസ്ത്രം, മുതലായ കലകളെയും ശാസ്ത്രങ്ങളെയും, ആചാരമുറകളെയും പ്രതിപാദിക്കുന്ന അനവധി ഗ്രന്ഥങ്ങൾ ആവിർഭവിച്ചു. പ്രസ്തുത ഗ്രന്ഥങ്ങളിൽനിന്നുമാണു് ചൈനയിലെ ആധുനിക രീതിയിലുള്ള ശാസ്ത്രങ്ങളുടെ ഉല്പാദനം.

അതിപുരാതനവും, വിപുലവുമാണു് ചീനസാഹിത്യസമ്പത്തു്. ചീനസാഹിത്യത്തിൽ ഉൾപ്പെടാത്ത വിഷ

യങ്ങൾ ഇല്ലെന്നു തന്നെ പറയാം. ഇതര സാഹിത്യങ്ങൾ പോലെ ചീനസാഹിത്യവും അക്ഷരവിദ്യ കണ്ടുപിടിക്കുന്നതുവരെ തലമുറ തലമുറയായി കഥനം ചെയ്യുകയായിരുന്നു. ക്രി. മു. 2800-ലാണു് ചീനഭാഷയിൽ ആദ്യത്തെ കവിത രചിച്ചതു്.

ക്രിസ്ത്വബ്ദം 1736-നും 1796-നും മദ്ധ്യേ പ്രസിദ്ധപ്പെടുത്തിയ 'സുക്കു് ചുവാൻ ഷു' എന്ന ഒരു പ്രസിദ്ധ ചീനഗ്രന്ഥസമുച്ചയങ്ങളുടെ പട്ടികയിൽ ചീനസാഹിത്യത്തെ, പൗരാണികം, ചരിത്രപരം, തത്വശാസ്ത്രപരം, സാഹിത്യപരം ഇങ്ങനെ നാലു ശാഖകളായി വിഭജിച്ചിരിക്കുന്നു. കൺഫ്യൂഷിയസ്സും അദ്ദേഹത്തിന്റെ അനുയായികളുംകൂടി രചിച്ചതാണു് പൗരാണികശാഖയിൽ ഉൾപ്പെടുന്നതു്. ക്രി. മു. മൂന്നാം ശതവർഷത്തിൽ ചിൻ ഷി ഹ്വാങ്ങ്തിയുടെ ആജ്ഞാനുസരണം പൗരാണിക ശാഖയിൽ ഉൾപ്പെട്ട പല ഗ്രന്ഥങ്ങളും ചുട്ടുകരിച്ചു. ശേഷിച്ചവ ഇന്നും പരിരക്ഷിച്ചിട്ടുണ്ടു്. ചരിത്രഗ്രന്ഥം, പരിവർത്തനഗ്രന്ഥം, ഗാനഗ്രന്ഥം, വൈദികഗ്രന്ഥം, വാർഷികവൃത്താന്തഗ്രന്ഥം എന്നിവയാണു് പൗരാണികശാഖയിൽ പ്രാധാന്യമർഹിക്കുന്നതു്. ചരിത്രഗ്രന്ഥം കൺഫ്യൂഷിയസ്സിനാൽ ക്രോഡീകരിക്കപ്പെട്ടതാണു്. ഒരു നൂറു വിഭാഗങ്ങളുണ്ടായിരുന്ന ആ ഗ്രന്ഥവും അഗ്നിക്കിരയാക്കി. അവശേഷിച്ച ഭാഗങ്ങൾക്കു ഇന്നത്തെ രൂപം കിട്ടിയതു വളരെ നൂറ്റാണ്ടുകൾക്കുശേഷമാണു്. കാര്യങ്ങൾ വെറും ചരിത്രപരമായിട്ടല്ല അതിൽ പ്രതിപാദിച്ചിട്ടുള്ളതു്; പ്രത്യുത ഒരു ശാസ്ത്രീയരീതിയിലാണു്. യിൻ, ചൗ എന്നീ രാജവംശങ്ങളുടെ ഭരണകാലത്തെ സംഭവങ്ങളാണു് പരിവർത്തനഗ്രന്ഥത്തിൽ ചിത്രണം ചെയ്തിട്ടുള്ളതു്. ക്രി. മു. എട്ടും അഞ്ചും ശതവർഷങ്ങൾക്കിടയിൽ 'ലൂ' സംസ്ഥാനത്തെ

പ്രധാന്യമർഹിക്കുന്ന സംഭവങ്ങളെ വിവരിക്കുന്നതാണു് വാർഷിക വൃത്താന്തഗ്രന്ഥം. രാഷ്ട്രീയം, ജ്യോതിഷം തുടങ്ങി വിവിധ വിഷയങ്ങൾ അതിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ടു്. പുരാതനമായ പല ഗ്രാമീണ ഗാനങ്ങളുടെ സമുച്ചയമാണു് ഗാനഗ്രന്ഥം. പ്രസ്തുത ഗാനങ്ങൾക്കു തത്വപരമായ പല വ്യാഖ്യാനങ്ങളും, നിരൂപണങ്ങളും കൺഫ്യൂഷിയസ്സും അനുയായികളും നല്കിയിട്ടുണ്ടു്. അവരുടെതന്നെ ഉപദേശങ്ങളും, ആദർശങ്ങളും ചർച്ച ചെയ്തിട്ടുള്ള ഗ്രന്ഥമാണു് വൈദികഗ്രന്ഥം. മനുഷ്യന്റെ ഉത്കൃഷ്ടസ്വഭാവരൂപവൽകരണത്തിനു് ഉപകരിക്കുന്ന ആചാരാനുഷ്ഠാനങ്ങൾ അതിൽ പ്രതിപാദിച്ചിരിക്കുന്നു. പൗരാണിക ശാഖയിൽ ഉൾപ്പെട്ട ഗ്രന്ഥങ്ങളോടൊപ്പം മെൻസിയസ്സിന്റെ കൃതികളേയും കൺഫ്യൂഷിയസ്സിന്റെ ജ്ഞാനസമ്പാദനത്തെ പ്രതിപാദിക്കുന്ന ഗ്രന്ഥങ്ങളേയും ഉൾപ്പെടുത്താം. സ്സുമാചിൻ ക്രിസ്തുവിനു മുമ്പും, പൻകു ക്രിസ്ത്വബ്ദം 1-ാം ശതകത്തിലും ജീവിച്ചിരുന്ന രണ്ടു ചരിത്രകാരന്മാരാണു്. ജയിൽവാസമനുഭവിച്ചു മരിക്കേണ്ടിവന്ന പൻകുവിന്റെ ചരിത്രരചനയുടെ ജോലി പൂർത്തിയാക്കിയതു് പത്നിയാണു്. അതിനുശേഷം ഓരോ ചക്രവർത്തിമാരും ചരിത്രം എഴുതി സൂക്ഷിക്കുന്നതിനു പ്രത്യേകം ചരിത്രകാരന്മാരെ നിയോഗിച്ചിരുന്നു. പ്രസ്താവയോഗ്യങ്ങളായ "സുന്ദ്ലോ ററാ ററിൻ" "ട്ടുഷുചി ചെങ്" എന്ന രണ്ടു വിജ്ഞാനനിഘണ്ടു ചിങ്രാജവാഴ്ചയുടെകാലത്തു് എഴുതിയുണ്ടാക്കി. ഈ രണ്ടു ഗ്രന്ഥങ്ങൾക്കുപുറമെ വിവിധവിജ്ഞാനികളുടെ ഉപന്യാസങ്ങൾ, കവിതകൾ, സാഹിത്യവിമർശനങ്ങൾ എന്നിവ സാഹിത്യപരമായ ഗ്രന്ഥശാഖയിൽ ഉൾപ്പെടുന്നു. സൈനികശാസ്ത്രം, ജ്യോതിഷശാസ്ത്രം, മോതയുടെ കൃതികൾ, ചിത്രമെഴുത്തു് പാചകകലാവിദ്യ, കൺഫ്യൂഷി

യസ്സ്മതം, താവോമതം എന്നിവയെ പ്രതിപാദിക്കുന്ന തത്വശാസ്ത്രപരമായ ഗ്രന്ഥശാഖയിൽ ഉൾപ്പെടുന്നു.

ടാങ്ങ് രാജവാഴ്ച്ചക്കാലം ക്രിസ്ത്വബ്ദം 618 മുതൽ 907 വരെ ചീനസാഹിത്യത്തിൻെറ സുവർണ്ണദശയായിരുന്നു. അതു് റോമാസാഹിത്യത്തിൻെറ അഗസ്റ്റീൻകാലഘട്ടത്തെ അനുസ്മരിപ്പിക്കുന്നു. അക്കാലത്തു് പ്രശസ്തരായ രണ്ടുകവികൾ ജീവിച്ചിരുന്നു. അതിനുശേഷം ക്രിസ്ത്വബ്ദം 1007-നും 1101-നും മദ്ധ്യേ 'ഓയുവാങ്ങ്ഹിസു' എന്നും, സുതുങ്ങ്‌വോ എന്നും രണ്ടു കവികൾ ജീവിച്ചിരുന്നു. മംഗോൾ രാജവാഴ്ചയുടെ കാലം അതായതു് ക്രിസ്ത്വബ്ദം 1200-വരെ നോവൽ, നാടകം എന്നീ സാഹിത്യശാഖകൾ പുരോഗമിച്ചിരുന്നില്ല. 'മൂന്നു രാജവംശങ്ങൾ' എന്ന ഉത്കൃഷ്ട ആഖ്യായികയുടെ ആവിർഭാവം ക്രിസ്ത്വബ്ദം 1200—1268-നും മദ്ധ്യേയാണു്. അതിനുശേഷം മിങ്ങ്‌രാജവാഴ്ചയുടെ കാലമായപ്പോഴേക്കും ചരിത്രപരമായ നോവലുകൾ, കാവ്യങ്ങൾ, വീരകഥകൾ, യുദ്ധകഥകൾ എന്നിങ്ങനെ വിവിധതരത്തിലുള്ള ഗ്രന്ഥങ്ങൾ ഉദ്ഭവിച്ചു. അക്കാലത്തു പുറത്തു വന്നതിൽ 'ചിൻകു ചികുവാൻ' എന്ന നാല്പതു മനോഹര കഥകളടങ്ങിയ ഒരു ഗ്രന്ഥമാണു വിശ്രുതമായിത്തീർന്നതു്. 17-ാം നൂററാണ്ടിൻെറ അവസാനദശയോടുകൂടി നോവൽ സാഹിത്യത്തിനു അനിതരസാധാരണമായ വളർച്ച ലഭിച്ചു. ഒരു അജ്ഞാതനാമാവു രചിച്ച 'ഹങ്ങ്‌ലൗമെങ്ങ്' എന്ന ആഖ്യായികയാണു് ചൈനയിൽ ഇതുവരെ പുറത്തു വന്നിട്ടുള്ളവയിൽ അതിസുന്ദരമായ ഗ്രന്ഥം. മാഞ്ചു രാജവാഴ്ച്ചക്കാലത്തു് പ്രാധാന്യമർഹിക്കുന്നതു് വുസുങ്ങ് ലുങ്ങിൻെറ അദ്ഭുതകഥകൾക്കാണു്. നാടകങ്ങൾക്കും, ഗാനങ്ങൾക്കും, ചെറുകഥകൾക്കും ചീനസാഹിത്യത്തിൽ ഇപ്പോൾ ഒരു വിപ്ലവം സൃഷ്ടിക്കാൻ കഴി

ഞ്ഞിട്ടുണ്ട്. യുദ്ധഗാനങ്ങൾ ധാരാളം പുറത്തു വന്നിട്ടുള്ളവ എപ്പോഴും ജനങ്ങൾ പാടിക്കൊണ്ടു നടക്കുന്നു. നാടകാഭിനയം വിനോദപ്രകടനങ്ങളിലൊന്നായിട്ടല്ല ഇന്നു ചീനർ കരുതുന്നതു്. അതു് ദേശീയജീവിതത്തിനും, വിദ്യാഭ്യാസപുരോഗമനത്തിനും സഹായകരമാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. അതുകൊണ്ടു സ്വദേശാഭിമാനം പുലർത്താമെന്നും, രാഷ്ട്രത്തെ വിജയത്തിലെത്തിക്കാമെന്നുമാണു് ഓരോരുത്തരുടേയും അഭിലാഷം. യുദ്ധപരിതഃസ്ഥിതികൾമൂലം ദേശീയസംസാരഭാഷ പുരോഗതി പ്രാപിച്ചിരിക്കുന്നു. ആധുനിക ചീനാസാഹിത്യമണ്ഡലത്തിലെ പ്രതിഭാശാലികളായ സാഹിത്യകാരന്മാരാണു് ഡാക്ടർ ചിങ് വെങ് ചുവാൻ, ലിൻ യു ടാങ്, ഹിസ്സ്യങ് തുടങ്ങിയവർ. അവർ ചീനഭാഷയിലും ഇംഗ്ലീഷിലും ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ലിൻ യു ടാങിന്റെ 'പീക്കിങിലെ നിമിഷങ്ങൾ' എന്ന ഗ്രന്ഥം വളരെ പ്രചാരമുള്ളതാണു്. ടാൾസ്റ്റായിയുടെ യുദ്ധവും സമാധാനവും എന്ന ആഖ്യായികയോടു കിടനില്ക്കത്തക്ക സൗകുമാര്യവും കഥാഘടനയും 'പീക്കിങിലെ നിമിഷങ്ങ'ളിൽ കാണാം. ഇംഗ്ലീഷിൽ ചീനഭാഷയിലെ പല ഗ്രന്ഥങ്ങളും തർജ്ജമചെയ്തിട്ടുണ്ടു്. ഇംഗ്ലീഷിൽ തർജ്ജമചെയ്തിട്ടുള്ള 'എല്ലാ മനുഷ്യരും സഹോദരരാണു്' എന്ന പേൾ ബക്കിന്റെ ആഖ്യായിക 13-ാം നൂററാണ്ടിലെ ഒരു ചീനകഥയാണു്. 16-ാം നൂററാണ്ടിലെ 'കാപി' എന്ന ആഖ്യായികയും ഇംഗ്ലീഷിൽ വിവർത്തനം ചെയ്തിട്ടുണ്ടു്.

ജപ്പാൻ സാഹിത്യം പത്തൊൻപതാം നൂററാണ്ടിന്റെ അവസാനം വരെ ചീനസാഹിത്യത്തോടു ബന്ധപ്പെട്ടിരുന്നു. അവക്കു സ്വന്തമായി ഒരു സാഹിത്യമണ്ഡലം അന്നുവരെ സൃഷ്ടിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ

ഈ സ്ഥിതി പെട്ടെന്ന രൂപാന്തരപ്പെടുകയുണ്ടായി. സ്വതന്ത്രവും ദേശീയവുമായ സംസ്കാരത്തിൽ ജപ്പാൻ സാഹിത്യം വികസിപ്പിക്കുവാൻ പല വൈഷമ്യങ്ങളും അഭിമുഖീകരിക്കേണ്ടതുണ്ടു്.

ചൈനയിലെ വിദ്യാഭ്യാസം അതിമഹത്താണു്. പ്രാചീനകാലത്തു വിദ്യാലയങ്ങളും, സംസ്ഥാനങ്ങൾതോറും പരീക്ഷാകേന്ദ്രങ്ങളും ഉണ്ടായിരുന്നു. വിദ്യാലയങ്ങൾ ഇന്നത്തെ പരിഷ്കൃതരീതിയിലുള്ള കെട്ടിടങ്ങളിലായിരുന്നില്ല. മൂന്നു വർഷം കൂടുമ്പോൾ ഒരിക്കലാണു പരീക്ഷ നടത്തിവന്നതു്. വിദ്യാർത്ഥികൾ പരീക്ഷ അവസാനിക്കുന്നതുവരെ കാററു് വെളിച്ചവും പ്രവേശിക്കാത്തതും, മൂന്നടി വീതി, നാലടി നീളം, ആറടി പൊക്കവുമുള്ള അറകളിൽ താമസിക്കണമെന്നുമായിരുന്നു നിഷ്ഠ. രണ്ടു ദിവസങ്ങൾക്കു മുമ്പു് ഓരോ പരീക്ഷ്യനും ആ അറക്കുള്ളിൽ പ്രവേശിക്കണം. ആഹാരസാധനങ്ങൾക്കു പുറമെ വെളിച്ചം കിട്ടുന്നതിനു മെഴുകുതിരിയും കൊണ്ടുപോകേണ്ടതാവശ്യമാണു്. പരീക്ഷക്കു ഇരുപതിനായിരം ആളുകളോളം കാണും. ചിലപ്പോൾ അമ്മാവനും, അച്ഛനും, മകനും, വല്യച്ഛനും ഒന്നിച്ചായിരിക്കും പരീക്ഷയ്ക്കു ചേരുക. നാൻകിങ് നഗരത്തിലായിരുന്നു ഏററവും വലിയ പരീക്ഷാലയം. ഈ വിഷമതകളെല്ലാം അനുഭവിച്ചു് പരീക്ഷയ്ക്കു ചേരുന്നവർ പരീക്ഷ അവസാനിക്കുന്നതിനു മുമ്പും ദുസ്സഹമായ ചൂടുകൊണ്ടു ഭ്രാന്തന്മാരായിത്തീരുന്നതും, ചിലര് തുലികയുമായി അറകളിൽ തന്നെ മരണം പ്രാപിച്ചിരിക്കുന്നതും സാധാരണമാണു്. ഉദ്യോഗാർത്ഥമാണു് ഈ വിജയത്തിനു് ആളുകൾ പരിശ്രമിച്ചിരുന്നതു്. പരീക്ഷയിൽ വിജയം നേടിയാൽ മന്ദാരികളാകുന്നു. മന്ദാരികൾ എന്നു വച്ചാൽ വ്‌ ഭാഗസ് എന്നാ

ണത്ഥം. അവർ പലതരത്തിലുണ്ടു്. വേഷധാരണരീതി കൊണ്ടും അവരെ തിരിച്ചറിയാം. ഈ മന്താരികളാണു് സാധാരണ ഉദ്യോഗങ്ങൾ വഹിച്ചിരുന്നതു്. പൗരാണിക ഗ്രന്ഥശാഖയിലുൾപ്പെട്ട അഞ്ചുഗ്രന്ഥങ്ങളും, കൺഫ്യൂഷിയസ്സിൻെറയും, മെൻസിയസ്സിൻെറയും കൃതികളും 'ചരിത്ര ഗ്രന്ഥവും' പഠിച്ചുകഴിഞ്ഞാൽ ഒരു പണ്ഡിതനായി എന്നായിരുന്നു പഴയ വയ്പു്. മേല്പറഞ്ഞ ഗ്രന്ഥങ്ങൾ മാത്രം പഠിച്ചു്, പണ്ഡിതന്മാരും, മന്താരികളും ആയിത്തീൎന്നവർ ചൈനയിൽ ഇപ്പോൾ അധികം കാണാറില്ല.

മരണത്തെയും അഭിമുഖീകരിച്ചു് വിജ്ഞാനാർജ്ജനം ചെയ്തതു് പഴയ കാലത്തായിരുന്നു. ഇന്നു ചീനാസാമ്രാജ്യത്തിൽ ആധുനികരീതിയിൽ സജ്ജീകരിച്ച സർവ്വകലാശാലകൾ അനവധി കാണാം. നാൻകിങ്ങ് ഒരു വിദ്യാഭ്യാസ കേന്ദ്രമാണു്. അവിടെയാണു് ചീനാനാഷനൽ യൂണിവേഴ്സിററി സ്ഥിതിചെയ്യുന്നതു്. ഇപ്പോഴത്തെ പരിതഃസ്ഥിതികൊണ്ടു് വിദ്യാൎത്ഥികൾക്കു വിഷമത ബാധിക്കാതിരിക്കാൻ ഗവൺമെൻറും ജനങ്ങളും വേണ്ട മുൻകരുതലുകൾ ചെയ്തിരിക്കുന്നു തീരദേശങ്ങളിൽ സ്ഥിതിചെയ്യുന്ന കാളെജുകളിൽ 90 ശതമാനവും കഴിഞ്ഞ യുദ്ധകാലത്തു ജപ്പാനധീനമായിരുന്നു. അഭയാൎത്ഥം ഉൾപ്രദേശങ്ങളിൽ അസംഖ്യം വിദ്യാൎത്ഥികൾ ചെന്നെത്തി. അവരുടെ ക്ലാസ്സു ഫീസ്സും മററാവശ്യങ്ങളും ഗവൺമെൻറു നിർവ്വഹിച്ചു. നിർബന്ധസൈനികസേവനം നിലവിലിരുന്നെങ്കിലും, വിദ്യാൎത്ഥികളെ അതിൽനിന്നു ഒഴിവാക്കിയിരുന്നു. രക്ഷകൎത്താക്കളും ബന്ധുമിത്രാദികളും ശത്രുക്കളുടെ പിടിയിൽ കുടുങ്ങിയിരിക്കെയാണു് വിദ്യാൎത്ഥികൾ അഭ്യസനം പൂൎത്തിയാക്കുന്നതിനു് ഉൾനാടുകളിലേക്കു പോയതു്. അവൎക്കു ലഭിച്ച

GRANDHASALA

സഹായങ്ങൾ ജീവിതാവശ്യങ്ങൾക്ക മതിയായില്ല. അതു കൊണ്ടു വിശ്രമാവസരങ്ങളിൽ ആദായകരമായ പല തൊഴിലുകളിലും അവർ ഏർപ്പെട്ടിരുന്നു. താമസസൌകര്യങ്ങളും വളരെ കുറവായിരുന്നു. പത്തും പതിനഞ്ചും പേർ ഓരോ ചെറിയ മുറി ഉപയോഗപ്പെടുത്തിവന്നു. മൂന്നും നാലും തട്ടുകളാക്കി ഓരോ മുറിയും ഭാഗിച്ചാണു കിടക്കാൻ ഉപയോഗിച്ചിരുന്നതു്. പഠിത്തം ലൈബ്രറി മുറികളിൽവച്ചു നടത്തിവന്നു. ഇരുന്നു് ആഹാരം കഴിക്കാൻ സ്ഥലമില്ലാത്തതിനാൽ നിന്നുകൊണ്ടാണു് ആ കൃത്യം നിർവ്വഹിച്ചിരുന്നതു്. പാത്രം കഴുകുന്നതും വസ്ത്രം അലക്കുന്നതും അവരവർ തന്നെയായിരുന്നു. ഇതെല്ലാം നമ്മുടെ ആളുകൾക്ക അഭിമാനഭംഗമായി തോന്നിയേക്കാം. എന്നാൽ ചൈനയിലെ വിദ്യാർത്ഥികൾ നേരെ വിപരീതമായിട്ടാണു കരുതുന്നതു്.

സെച്ചാൻ പ്രവിശ്യയുടെ തലസ്ഥാനമായ ചെങ്ഗ്‌റു മറെറാരു വിദ്യാഭ്യാസകേന്ദ്രമാണു്. അവിടെയാണു് പശ്ചിമചീനാ യൂണിയൻ സർവ്വകലാശാല. ജപ്പാൻെറ കഴിഞ്ഞ ആക്രമണത്തിനിരയായ ചില പ്രദേശങ്ങളിൽ നിന്നും, വിശിഷ്യ നാൻകിങ്ങിൽനിന്നും പല വിദ്യാഭ്യാസ സ്ഥാപനങ്ങളും അഭയം തേടി ചെങ്ഗ്‌റുവിൽ എത്തിയിരുന്നു. ചുൻകിങ്ങിനെക്കാൾ മെച്ചമേറിയ ഒരു പട്ടണമാണു് അതു്. ചെങ്ഗ്‌റുവിൽ സ്ഥിതി ചെയ്യുന്ന അഞ്ചു സർവ്വകലാശാലകളുടെ കീഴിലുള്ള കാളെജുകളുടെ പ്രവർത്തനം ഒരു സ്ഥലത്തുവച്ചു നടത്തേണ്ടിവന്നു. അദ്ധ്യയനം ഒന്നിച്ചു നിർവ്വഹിക്കാൻ സാദ്ധ്യമല്ലാതിരുന്നതിനാൽ തവണ അനുസരിച്ചാണു് ഓരോ കാളെജിൻെറയും പ്രവർത്തനം നിർവ്വഹിച്ചതു്.

ഇപ്പോറം ചൈനയിലെ 75 ശതമാനം സർവ്വകലാശാലകളും, സാംകേതിക സ്കൂളുകളും തീരപ്രദേശങ്ങളിലുള്ള ഹൊയി, ഷാൻടങ്ങ്, കിയിങ്ങ്സു, ചികിയിങ്ങ് ഫൂകിൻ, കപാങ്ങ്ടങ്ങ് എന്ന പ്രവിശ്യകളിലും, വീവിങ്ങ്, ററീൻ സ്ററീൻ, ഷാങ്ങ്ഹായ്, നാൻകിങ്ങ്, കാൻറൻ, വൂചാങ്ങ് എന്ന ആറു വലിയ നഗരങ്ങളിലുമാണു സ്ഥിതിചെയ്യുന്നതു്.

വിവിധ ശാസ്ത്രങ്ങറംക്കെന്നപോലെ സാംകേതിക വിഷയങ്ങറംക്കും, വിദ്യാലയങ്ങറം ഏർപ്പെട്ടുത്തിയിട്ടുണ്ടു്. ബാങ്കിങ്ങ്, ഇഞ്ചിനീയറിങ്ങ്, വൈദ്യവിദ്യാഭ്യാസം എന്നു തുടങ്ങി പല വിഷയങ്ങറംക്കും പ്രാധാന്യം സിദ്ധിച്ചിട്ടുണ്ടു്. വൈദ്യവിദ്യാഭ്യാസം ചൈനയിൽ വികസനം പ്രാപിച്ചിട്ടു് അധികകാലം കഴിഞ്ഞിട്ടില്ല. വളരെക്കാലമായി അവിടെ നിലവിലിരുന്നതു് പഴയ ചികിത്സാരീതിയായിരുന്നു. സ്വയം അഭ്യസനം കഴിച്ച ഭിഷഗ്വരന്മാരാണു് ആ പ്രവൃത്തിയിലേർപ്പെട്ടിരുന്നതു്. ശാസ്ത്രീയ രീതിയിൽ വൈദ്യസഹായം ലഭിക്കാതെ ജനങ്ങറംക്കു പല രോഗങ്ങളും ബാധിച്ചു. കാലാന്തരത്തിൽ ഇംഗ്ലീഷു ചികിത്സാരീതി പ്രചരിച്ചു 837-ൽപീററർ പാർക്കർ എന്ന ഒരു വൈദ്യമിഷനറിയാണു് ആദ്യമായി ചൈനയിൽഇംഗ്ലീഷുരീതിയിലുള്ള വൈദ്യപ്രവർത്തനത്തിനെത്തിയതു്. കാൻറനിൽ അദ്ദേഹം ഒരു ആശുപത്രി സ്ഥാപിച്ചു. അവിടെ ആദ്യമായി മൂന്നു ചീനവിദ്യാർത്ഥികളെ തെരഞ്ഞെടുത്തുപരിശീലനം നല്കി. അദ്ദേഹം ഒരു മെഡിക്കൽ കാളെജിന്റെ ആവശ്യകതയെപ്പററി നിവേദനം ചെയ്തു. എങ്കിലും 866-നു ശേഷമാണു് കാൻറൻ ആശുപത്രിയോടനുബന്ധിച്ചു് ഒരു മെഡിക്കൽ സ്കൂറം സ്ഥാപിച്ചതു്. അതിനുശേഷം ആവശ്യമായ വൈദ്യഗ്രന്ഥങ്ങളും

ശാസ്ത്രഗ്രന്ഥങ്ങളും ചീന ഭാഷയിൽ നിർമ്മിച്ചു. ഏതാനും കൊല്ലംകൊണ്ടു് വൈദ്യശാഖക്ക ക്രമാതീതമായ വളച്ച ലഭിച്ചു. 1937 ആയപ്പോഴേക്കും 31 മെഡിക്കൽ വിദ്യാഭ്യാസകേന്ദ്രങ്ങൾ ഉണ്ടായിക്കഴിഞ്ഞു. വൈദ്യബിരുദ സമ്പാദനത്തിനു ഒരു വിദ്യാർത്ഥിക്ക എട്ടു കൊല്ലം ആവശ്യമായിരുന്നു. 1915-ൽ പീപ്പിങ്ങ് യൂണിയൻ മെഡിക്കൽകാളെജ് റാക്ഫെല്ലർ ഫൗണ്ടേഷൻ ഏറെറടുത്തു. അതുകൂടാതെ മെഡിക്കൽ വിദ്യാഭ്യാസം, വിദ്യാഭ്യാസ മന്ത്രിയുടെ നിയന്ത്രണത്തിലായി. പൊതുജനാരോഗ്യവകുപ്പിൻെറ പ്രത്യേക മേൽനോട്ടത്തിൽ അത്യന്താപേക്ഷിതങ്ങളായ പല ഔഷധങ്ങളും നിർമ്മിച്ചു. ചൈനതന്നെ പല വിശിഷ്ട ഔഷധങ്ങളുടെയും ഉല്പാദനഭൂമിയാണു്. പൊതുജനമദ്ധ്യേ പകച്ച രോഗങ്ങൾ പടരാതിരിക്കുന്നതിനു പൊതുജനാരോഗ്യവകുപ്പു് പ്രത്യേകം പ്രതിവിധി ചെയ്യുന്നുണ്ടു്.

ഇന്ത്യയെ അപേക്ഷിച്ചു് ചൈനയിൽ സഹവിദ്യാഭ്യാസം കൂടുതൽ പുരോഗമിച്ചിരിക്കുന്നു. വിദ്യാർത്ഥിവിദ്യാർത്ഥിനികൾ തമ്മിലുള്ള പെരുമാററം ഏററവും ഭവ്യതയിലും, മാന്യതയിലുമാണു്. വിദ്യാലയങ്ങളിൽ അനുവദിച്ചിട്ടുള്ള സ്വാതന്ത്ര്യം ദുരുപയോഗപ്പെടുത്താതെ വിദ്യാർത്ഥിലോകം സൗഹാർദ്ദത്തിൽ കഴിയുന്നു.

ക്രിസ്തുവബ്ദം 1627-ൽ ചൈനയിൽ വിദ്യാഭ്യാസം ദേശീയമാക്കി പരിഷ്കരിച്ചു. ചെറുപ്പക്കാർക്കും, മദ്ധ്യവയസ്കർക്കും ഒരുപോലെ വിദ്യാഭ്യാസം നല്കുന്നതിനു് ഒരു പരിപാടി മന്ത്രിസഭ രൂപവൽകരിച്ചിട്ടുണ്ടു്. പ്രത്യേക രീതിയിലുള്ള ശിശുവിദ്യാലയങ്ങളെത്തുടന്നു് ആറുകൊല്ലം കൊണ്ടവസാനിക്കുന്ന പ്രാഥമികവിദ്യാലയങ്ങളുണ്ടു്.

നാലുകൊല്ലം പ്രാഥമികാഭ്യസനത്തിനും, രണ്ടുകൊല്ലം ദ്വിതീയാഭ്യസനത്തിനുമായി പ്രാഥമിക വിദ്യാഭ്യാസം വിഭജിച്ചിരിക്കുന്നു. അതിനുശേഷമുള്ള ആറുകൊല്ലത്തെ മിഡിൽസ്കൂൾ വിദ്യാഭ്യാസം രണ്ടായി തിരിച്ചിരിക്കുന്നു. ആദ്യ മൂന്നുകൊല്ലത്തെ മിഡിൽസ്കൂൾ അദ്ധ്യയനം കഴിഞ്ഞാൽ സാങ്കേതിക വിദ്യാഭ്യാസങ്ങൾക്കു പോകാവുന്നതാണു്. രണ്ടാമത്തെ അദ്ധ്യയനവർഷവും പൂർത്തിയാക്കിയാൽ സർവ്വകലാശാലാവിദ്യാഭ്യാസത്തിനു് ചേരാം. സാധാരണ നാലു കൊല്ലംകൊണ്ടു് സർവ്വകലാശാലാഭ്യസനം അവസാനിക്കുന്നു. കൂടുതൽ വർഷങ്ങൾ പഠിക്കേണ്ട അദ്ധ്യയനവിഷയങ്ങളും സർവ്വകലാശാലകളിൽ നിലവിലുണ്ടു്. എല്ലാ വിദ്യാലയങ്ങളും ഗവർമ്മെൻറിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നുണ്ടു്. യാതൊരു വിദ്യാലയത്തിന്റെയും അധിപനായി ഒരു വിദേശീയനെ നിയമിക്കുവാൻ പാടില്ലെന്നു നിയമമുണ്ടായിരുന്നു. എല്ലാ വിദ്യാലയങ്ങളിലും കൃഷിശാസ്ത്രത്തിനു മുൻഗണന നല്കിയിട്ടുണ്ടു്. ചീനഭാഷയിലാണു് അദ്ധ്യയനം. ഇംഗ്ലീഷുഭാഷ വശമില്ലാത്ത അദ്ധ്യാപകരും കാളെജുകളിൽ ധാരാളമുണ്ടു്. വിദ്യാഭ്യാസപുരോഗമനത്തിനു ചൈനയിലെ പ്രക്ഷേപണകേന്ദ്രങ്ങൾവഴി ചെയ്യുന്ന പ്രചരണപരിപാടികൾ ഏററവും ശ്ലാഘനീയമാണു്.

ചൈനയിലെ വിദ്യാർത്ഥികൾ പ്രസരിപ്പും കാര്യശേഷിയുമുള്ളവരാണു്. ഫുട്ട്ബാൾ, ബാസ്കററ്ബാൾ, ഹാക്കി മുതലായ കളികളിൽ അവർ അത്യുത്സാഹം പ്രദർശിപ്പിക്കുന്നു. ആധുനികപരിതഃസ്ഥിതികൾ മൂലം വിദ്യാർത്ഥികളിൽ ഒരു നല്ല ശതമാനം അനാരോഗ്യരാണെന്നു കണ്ടുപിടിച്ചിട്ടുണ്ടു്.

വിദ്യാൎത്ഥികൾ സാധാരണയായി രാഷ്ട്രീയകാൎയ്യങ്ങളിൽ ഉൾപ്പെടാറില്ല. വിദ്യാൎത്ഥിജീവിതം വിദ്യാസമ്പാദനത്തിനു മാത്രം വിനിയോഗിക്കുന്നു. വിദ്യാൎത്ഥിപ്രക്ഷോഭണങ്ങൾ വളരെക്കുറവാണു്. വിദ്യാൎത്ഥികൾ ഇന്ത്യയെ വളരെ ബഹുമാനിക്കുന്നു. നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയും, ആശാകേന്ദ്രമായ ജവഹർലാൽജിയും മഹാകവി ടാഗോറും അവരുടേയും ആരാധ്യപുരുഷന്മാരാണു്. ചൈനയും ഇന്ത്യയും തമ്മിൽ പുരാതനകാലംമുതല്ക്കേ ആരംഭിച്ച സൗഹൃദബന്ധമാണു് അതിനു കാരണം. വിദ്യാൎത്ഥികൾ വേഷവിധാനങ്ങളിൽ ഭ്രമിക്കുന്നവരല്ല. പാശ്ചാത്യവേഷഭ്രമം കടന്നുകൂടിയിട്ടുണ്ടെങ്കിലും അധികം പ്രചാരത്തിൽ വന്നിട്ടില്ല. വിദ്യാൎത്ഥിനികളുടെ ഇടയിൽ ലിപ്സ്റ്റിക്കും, പൌഡറും, സുഗന്ധദ്രവ്യങ്ങളും വ്യാപിച്ചിട്ടുണ്ടു്. പുരാതനസമ്പ്രദായമനുസരിച്ച് മുടി നീട്ടിയിടാതെ നീളംകുറച്ചു കത്രിക്കുകയാണു ഇന്നത്തെ പതിവു്. വിദ്യാൎത്ഥികളുടെ വേഷം കാൽച്ചട്ടയും, ദേഹത്തോടു പറ്റിപ്പിടിച്ചുകിടക്കുന്ന പുറംകുപ്പായവുമാണു്. ചെരിപ്പും കാൽമേശയും എല്ലാവരും ഉപയോഗിക്കുന്നു.

കലാവിഷയങ്ങൾ മാത്രം തേടി സൎവ്വകലാശാലകളിൽ എത്തുന്നവൎക്കു് ഇപ്പോൾ ഗണ്യമായ കുറവു വന്നിട്ടുണ്ടു്. വിദ്യാൎത്ഥികൾ ഭൂരിപക്ഷവും സാങ്കേതികവിഷയങ്ങൾ പഠിക്കുന്നതിനാണു് താല്പൎയ്യം പ്രദൎശിപ്പിക്കുന്നതു്. കലാഭ്യസനത്തിനു പതിനൊന്നു ശതമാനം, നിയമം സാമ്പത്തികശാസ്ത്രം എന്നിവയ്ക്കു് ഇരുപത്തൊന്നു ശതമാനം, സാങ്കേതിക വിഷയങ്ങൾക്കു പത്തു ശതമാനം, അദ്ധ്യാപകവൃത്തി ഒൻപതു ശതമാനം, പ്രകൃതിശാസ്ത്രം പന്ത്രണ്ടു ശതമാനം, വൈദ്യശാസ്ത്രം എട്ടു ശതമാനം, ഇഞ്ചിനീയറിംഗ് ഇരുപത്തൊന്നു ശതമാനം, കൃഷിയും

വനവും ഏഴു ശതമാനം, പലവക ഒരു ശതമാനം ഇങ്ങ നെയാണ് ചൈനയിലെ 1941-ലെ വിദ്യാഭ്യാസക്കണക്കു്. സർവ്വകലാശാലകളിൽ ഓരോ ശാസ്ത്രവിഭാഗത്തിന്റേയും നേതൃത്വം വഹിക്കാൻ പ്രത്യേകം പ്രാവീണ്യം നേടിയി ട്ടുള്ള പണ്ഡിതന്മാരുണ്ടു് ഇപ്പോൾ ഇതരരാഷ്ട്രങ്ങളിൽ നിന്നും, വിദ്യാർത്ഥികളെ ചില ശാസ്ത്രവിഭാഗങ്ങളിൽ ശിക്ഷണം നല്കുന്നതിനു ചീനസർവ്വകലാശാല സ്വീകരി ക്കുന്നു. അതിനു പകരം ചീനവിദ്യാർത്ഥികളേയും മററു രാഷ്ട്രങ്ങളിലെ സർവ്വകലാശാലകളിൽ അയച്ചു് ശിക്ഷ ണം നല്കുന്നതിനു ഒരു പദ്ധതി രൂപവൽകരിച്ചിട്ടുണ്ടു്.

വിദ്യാഭ്യാസം പുരോഗതി പ്രാപിച്ചപ്പോൾ വർത്ത മാനപത്രങ്ങളും മാസികകളും സീമാതീതമായി വർദ്ധിച്ചു. വർത്തമാനപത്രങ്ങളാണല്ലോ ഒരു രാഷ്ട്രത്തിലെ സാംസ്കാ രികവും, വിദ്യാഭ്യാസപരവുമായ താല്പര്യങ്ങൾ പ്രചരിപ്പി ക്കുന്നതു്. ചൈനയിൽ ഇപ്പോൾ ആയിരത്തിൽപരം പ്രതിദിനപത്രങ്ങളും, അതിലിരട്ടി വാരികകളും, മാസിക കളും നടത്തുന്നു. ചീനഭാഷ കൂടാതെ ഇംഗ്ലീഷുഭാഷ യിലും ചില പത്രങ്ങൾ പ്രസിദ്ധീകരിക്കുന്നുണ്ടു്. 'സെൻ ട്രൽ ഡെയിലിന്യൂസ്', ചുംകിങ്ങിൽനിന്നും പുറപ്പെടുന്ന 'താ കാങ് പോ' എന്നിവയാണു് ഏററവും പ്രചാരമുള്ള പത്രങ്ങൾ. അതിവിദഗ്ദ്ധമായ ഒരു പത്രാധിപസമിതി യുടെ ചുമതലയിൽ നടത്തപ്പെടുന്ന 'താ കാങ് പോ' വിവിധസ്ഥലങ്ങളിൽനിന്നു് ഒരേസമയം പല പതിപ്പു കളും പ്രസിദ്ധപ്പെടുത്തുന്നു. ക്വമിങ്ടാങ്ങിന്റെ വക 'ടാങ് ചൺ ഡെയിലി'യും, കമ്മ്യൂണിസ്റ്റിന്റെ 'സിൻ ഹുവ ഡെയിലി'യും രണ്ടു പ്രധാന പത്രങ്ങളാണു്. വിവി ധവർണ്ണങ്ങൾ ചേർത്തു മനോഹരമായി ചിത്രങ്ങളുംമററും അച്ചടിക്കുന്നതിൽ ചീനക്കു പ്രത്യേകം വാസനയുണ്ടു്.

VIII

# കൃഷി, കൈത്തൊഴിൽ, ഗതാഗതം

പൌരാണികകാലം മുതൽ തന്നെ ജനസഞ്ചയത്തിൻെറ പ്രധാന തൊഴിലായി പരിഗണിച്ചിരിക്കുന്നതു് കൃഷിയാണു്. ഒരു രാഷ്ട്രത്തിനു സാമ്പത്തികമായും വൈവസായികമായും ഉയച്ച് സിദ്ധിക്കണമെങ്കിൽ അതു് ഒരു കാർഷികരാജ്യമായിരിക്കണം. പ്രകൃതിദത്തമായ പല നദികളും മലകളുംകൊണ്ടു നിറഞ്ഞിരിക്കുകയാൽ ചൈനയും ഒരു കാർഷികരാജ്യമാണു്. ചൈനയുടെ ഉദയംമുതൽ കൃഷി ആ നാട്ടിലെങ്ങും നടപ്പായി. കൃഷിചെയ്യുന്നതിനു ഉപകരണങ്ങൾ നിർമ്മിച്ച് അതിൻെറ മാർഗ്ഗങ്ങൾ ജനങ്ങളെ ഗ്രഹിപ്പിച്ചതു് ഷെൻനങ് എന്ന മഹാനായിരുന്നു എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിനുശേഷം പീതചക്രവത്തിയുടെ കാലമായപ്പോഴേയ്ക്കും കൃഷിക്കു പരിഷ്കൃതവും ക്രമാതീതവുമായ വർദ്ധനവുണ്ടായി. സ്ഥാനവലിപ്പം ഗണ്യമാക്കാതെ നാനാവിഭാഗമാളുകളും ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നു. കർഷകനെയും അയാൾക്കു ഭൂമിയോടുള്ള ബന്ധത്തെയും പരാമർശിച്ച് മനോഹരമായി പ്രതിപാദിച്ചിട്ടുള്ളതു് ചീനയിലെ കാവ്യങ്ങളിൽ നിന്നു് ഗ്രഹിക്കാൻ കഴിയും. രാജാക്കന്മാരും കൃഷിയിൽ പങ്കുകൊള്ളുമായിരുന്നു. നിലം ഉഴുതു് കൃഷിക്കു് ഒരുക്കുമ്പോഴും കൊയ്യുമ്പോഴും രാജാക്കന്മാർ സന്നിഹിതരാവും. രാജ്യത്തിൻെറ നട്ടെല്ലു് കർഷകനായതുകൊണ്ടു്

കൃഷിക്കു് ആവശ്യമുള്ള വിത്തുകളും അവർ കൊടുത്തു സഹായിച്ചിരുന്നു. വസന്തകാലത്തു് നിലം ഉഴവുമ്പോഴുണ്ടാകുന്ന ആഘോഷങ്ങൾ രാജ്യം മുഴുവൻ ആചരിക്കും. ചക്രവർത്തി പരിവാരസമേതം എഴുന്നള്ളി കലപ്പ പിടിച്ചു് ജനങ്ങളുടെ സാന്നിദ്ധ്യത്തിൽ ഉഴുക പതിവാണു്. പീപ്പിങ്ങിൽ കൃഷിആവശ്യങ്ങൾക്കുള്ള ഒരു പ്രത്യേക ക്ഷേത്രത്തിൽവച്ചാണു് ഈ ആഘോഷങ്ങൾ നടക്കുക. രാജവാഴ്ചയുടെ കാലത്തു് നിലവിലിരുന്ന ഈ ആചാരങ്ങളെല്ലാം കാലാന്തരത്തിൽ നിലനിന്നു. ആകെയുള്ള ജനങ്ങളിൽ മുക്കാൽ ഭാഗം മാത്രമേ ഇന്നു കർഷകവൃത്തിയിലേർപ്പെട്ടിട്ടുള്ളു.

ഒരു കർഷകരാജ്യത്തു് ഏററവും പ്രധാനമായ പ്രശ്നം ഭൂമിയുടെ ഉടമസ്ഥാവകാശമാണല്ലോ. പ്രാചീനകാലത്തു് ആളുകൾ കാലികൾമേച്ചു് ഒരു സ്ഥലത്തുനിന്നും ഫലഭൂയിഷ്ഠമായ മറെറാരു സ്ഥലത്തേയ്ക്കു പ്രയാണം ചെയ്യുമായിരുന്നു. പില്ക്കാലം ഒരു സ്ഥലത്തു് സ്ഥിരവാസമാക്കിയപ്പോൾ ഉപയോഗിച്ചിരുന്ന ഭൂമിക്കു അവർ നാഥന്മാരായിത്തീർന്നു. ആവശ്യത്തിനനുസരിച്ചു കൃഷി ചെയ്യുന്നതിനും ജനങ്ങൾ നിർബ്ബദ്ധരായി. അങ്ങനെ വിളവിനും, കൃഷിചെയ്യുന്ന ഭൂമിക്കും അവർ ഉടമസ്ഥരായി. കാലക്രമത്തിൽ ഈ ജനങ്ങൾ സുസംഘടിതരായ ഒരു ജനതയായിത്തീർന്നു. അപ്പോൾ സാമ്രാജ്യം രാജാധീനത്തിലായി. വസ്തു സ്വന്തമായി അനുഭവിക്കുന്നവർക്കു കരംചുമത്തി. കുറെ കഴിഞ്ഞപ്പോൾ ഈ സ്ഥിതി ഭേദപ്പെട്ടു. സ്വേച്ഛാധിപത്യം മുഴുത്തു് രാജാക്കന്മാരുടെ ഇഷ്ടാനുസരണം ഭൂമി വിഭജനം ചെയ്തു. ഏതായാലും അതിവിപുലമായ ചീനാസാമ്രാജ്യത്തിൽ ഇന്നും വലിയ ഭൂസ്വത്തുടമസ്ഥന്മാരെപ്പോലെതന്നെ ഭൂമി സ്വന്തമായി ഇല്ലാത്ത ആളുകളും

വളരെ ചുരുക്കമാണു്. ഇപ്പോൾ ദേശീയഗവമ്മെൻറ് ഭൂസ്വാമ്യത ജനസമുദായത്തിൽ നിക്ഷിപ്തമാക്കണം എന്ന സിദ്ധാന്തം അനുസരിച്ച് പ്രവത്തിക്കാനുദ്യമിക്കുന്നു.

കൃഷിക്കുപയുക്തമായ നിരവധി തോടുകളും ചാലുകളും ചൈനയിൽ വെട്ടിയിട്ടുണ്ടു്. മുഷിഞ്ഞു വേലചെയ്യുന്നതിനു ചീനക്കു ഒട്ടും മടിയില്ല. മലകളുടെ മുകൾഭാഗം മുതൽ അടിവാരംവരെ അവർ വളരെ ശ്രമപ്പെട്ടു് കൃഷി ചെയ്യാറുണ്ടു്. ഏതു മലിനസാധനങ്ങളും നിശ്ശേഷം വെറുപ്പില്ലാതെ വളമായി ഉപയോഗിക്കാൻ ചീനരുടെ സാമത്ഥ്യം അനിതരസാധാരണമാണു്. മനോഹരങ്ങളും ഫലസമൃദ്ധങ്ങളുമായ തോട്ടങ്ങൾ നിമ്മിച്ചും, അതിൽ ജലസേചനം ചെയ്യിക്കുന്നതിനും, വളരെ ശ്രമപ്പെട്ടു് പലമാർഗ്ഗങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടു്.

ചൈനയിൽ പ്രാധാന്യമർഹിക്കുന്നതു് നെൽക്കൃഷിയാണു്. നെൽക്കൃഷി കൂടാതെ കോതമ്പു്, ബാർലി, സോയബീൻസും, തിന, ചോളം, പയറും മുതലായ അസംഖ്യം ധാന്യങ്ങൾ കൃഷിചെയ്യുന്നു. കരിമ്പു്, കരപ്പുചെടി, കീര, ലവംഗവൃക്ഷം, റേപ്പു്, തേയില, ചണം, പുകയില, കാബേജ് എന്നു തുടങ്ങി വിവിധതരം സസ്യാദികൾ തഴച്ചു കൊഴുത്തു നില്ക്കുന്നതു് നയനാഭിരാമമാണു്. ഇല്ലി അനേകതരത്തിലുണ്ടു്. അതിൻെറ കൂമ്പു ജനങ്ങൾ ആഹാരസാധനമായി ഉപയോഗിക്കാറുണ്ടത്രേ. തേയില ചൈനയുടെ പ്രസിദ്ധിക്കു ഏറെക്കുറെ കാരണമാക്കിയെങ്കിലും, ഇന്ത്യ, സിലോൺ എന്നീ രാജ്യങ്ങളിലെ തേയില ഗുണത്തിലും, തരത്തിലും മേൽത്തരമായതിനാൽ ചീനത്തേയിലക്കു മാററു കുറഞ്ഞുപോയി. പാൽ ചേക്കാതെ മധുരം ചേത്തു തണുപ്പിച്ചാണു് ചീനർ തേയില സാധാ

രണ്ടു ഉപയോഗിക്കാറുള്ളതു്. കറുപ്പുചെടിയും കൃഷി ചെയ്യുന്നുണ്ടു്. കറുപ്പുതീററി ചീനരുടെ മാററാൻപാടില്ലാത്ത ഒരു സ്വഭാവമായിരുന്നു. ചില പ്രത്യേക നിയമങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതുകൊണ്ടു് കറുപ്പു തീററിക്കു ഗണ്യമായ കുറവു വന്നിട്ടുണ്ടു്. ചൈനയിലെ പട്ടു് പ്രസിദ്ധമാണല്ലോ. പട്ടുനൂൽപ്പുഴുക്കളിൽ നിന്നാണു് പട്ടുനൂൽ എടുക്കുന്നതു്. പുഴുക്കളെ വളർത്തുന്നതിനു മൾബറി ചെടികൾ ധാരാളം കൃഷി ചെയ്യുന്നു. റോമാ ചക്രവർത്തിമാരുടെ കാലം മുതൽ ചീനപ്പട്ടിൻെറ പ്രശസ്തി പരന്നിരുന്നു. ക്രി. മു. 200-ലും അന്യദേശങ്ങളുമായി ചൈന പട്ടുവ്യവസായത്തിൽ ഏർപ്പെട്ടിരുന്നു. അതു് ഇന്നും നടന്നുവരുന്നു. പഞ്ഞികൃഷിയും ധാരാളമായി കാണാം. തെങ്ങു്, മാവു മുതലായ വൃക്ഷങ്ങൾ ചൈനയിൽ ഇല്ലെന്നുതന്നെ പറയാം. വാഴ ധാരാളം വളരുന്നുണ്ടെങ്കിലും കുല ഉണ്ടാകാറില്ല. നിലമുഴുന്നതിനു പയോഗിക്കുന്ന കലപ്പ നമ്മുടെ നാട്ടിൽ കാണുന്നതിനെക്കാൾ വലിപ്പമേറിയതാണു്. പോത്തിനെകെട്ടിയാണു് നിലം പൂട്ടുന്നതു്. പാടങ്ങളിൽ വെള്ളം ചവുട്ടി കയററുന്നതു ചക്രംവച്ചാണു്. കൃഷിചെയ്യാതെ കിടക്കുന്ന പ്രദേശങ്ങൾ ചൈനയിൽ വളരെ ചുരുക്കമായിട്ടേ കാണാറുള്ളൂ. മുന്തിരി, ആപ്പിൾ, നാരകം തുടങ്ങി ചൈനയിൽ ഉണ്ടാകുന്ന മധുരഫലങ്ങൾ വളരെ സ്വാദുള്ളവയാണു്. പഴവർഗ്ഗങ്ങൾ മാത്രം കൃഷിചെയ്യുന്നതിനു് നിരവധി തോട്ടങ്ങൾ ഉണ്ടു്. കൃഷി സൂക്ഷിക്കുന്നതിനു കാവൽസ്ഥലങ്ങളും അവിടവിടെ കാണാം. മൃഗങ്ങളുടേയും മററും ശല്യം തടുക്കാൻ കൃഷിക്കാർ യോജിച്ചു കാവൽകിടക്കുക സാധാരണമാണു്.

ആഹാരസാധനങ്ങളുടെ ക്രമാതീതമായ ആവശ്യം പരിഹരിക്കാൻ ആധുനിക രീതിയിൽ കൃഷിചെയ്യുന്ന

തിനു കഷകനെ ഇന്നു ഗവമ്മെൻറു പ്രോത്സാഹിപ്പിക്കുന്നു. അതനുസരിച്ച് ധനവും ശാസ്ത്രീയമായ വളവും കഷകനു നല്കുന്നു. ഗവമ്മെൻറു വക പല കൃഷി സംഘടനകളും ഏല്പെടുത്തിയിട്ടുണ്ടു്. കേന്ദ്രഗവർമ്മെൻറിൻെറ കീഴിൽ ഒരു കാഷികമന്ത്രി വകുപ്പു് പ്രത്യേകം സംഘടിപ്പിച്ചു പ്രവത്തിക്കുന്നു.. കൃഷിവകുപ്പിൻെറ മേൽനോട്ടത്തിൽ നാൻകിങ്ങിൽ "നാഷനൽ ആഗ്രികൽചറൽ റിസർച്ചു് ബ്യൂറോ" എന്ന ഒരു പരീക്ഷണശാല സ്ഥാപിച്ചിട്ടുണ്ടു്. നവീനവും, ശാസ്ത്രീയവുമായ രീതിയിൽ കൃഷി ചെയ്യുകയും, വിളവു വർദ്ധിപ്പിക്കുന്നതിനു പരീക്ഷണങ്ങൾ നടത്തുകയും, കഷകൻെറ ആവശ്യങ്ങൾ അറിഞ്ഞു വേണ്ട സഹായം നല്കുകയുമാണ് അതുകൊണ്ടുദ്ദേശിച്ചിരിക്കുന്നതു്. കാഷിക വകുപ്പിൽ ഉൾപ്പെടാത്ത സ്വതന്ത്രങ്ങളായ പല കാഷിക സംഘടനകളും ഇപ്പോൾ ഉണ്ടു്. അതിൽ ഗണനീയം, 1938-ൽ സംഘടിപ്പിച്ച 'കാഷികോല്പാദനത്തിൻെറ ഉന്നമനസംഘം' ആണു്. ഈ സംഘം 1940-ൽ വനവും, കാഷികവും വകുപ്പുമന്ത്രിയുടെ അധികാരസീമയ്ക്കുള്ളിലാക്കി പ്രവത്തനമാരംഭിച്ചു. കൃഷിയാവശ്യങ്ങൾക്കു കഷകനു ദീഘകാലഅവധിയിൽ ധനം വായ്പ നല്കുന്നതിനു ചൈനയിലെ കാഷികബാങ്കിൽ ഒരു പുതിയ പദ്ധതി ഏല്പെടുത്തി. ചൈനയിൽ ഇന്നു് എല്ലാ പ്രവിശ്യകളിലും; കാഷിക സംഘടനകളോ കാഷികവകുപ്പോ പ്രവത്തനം നടത്താതിരിക്കുന്നില്ല. ഈ പദ്ധതികൾ മുഖാന്തരം കാഷികവൃത്തി വളരെ പുരോഗമിച്ചിട്ടുണ്ടു്. കാഷികപ്രചരണത്തിനു വിദേശങ്ങളിൽ നിന്നും, പ്രത്യേകിച്ച് അമേരിക്കയിൽ നിന്നും, പ്രായോഗികപരിശീലനം നേടിയിട്ടുള്ള ഇരുനൂറിൽപരം ചീനരുണ്ടു്. ഇപ്പോൾ ചൈനയിൽ 16 കാഷികകാളേജുകളും,

പല കാർഷികഹൈസ്ക്കൂളുകളും, കാർഷികസാംകേതിക സ്ക്കൂളുകളും ഉണ്ട്. നല്ല വിത്തുകളുപയോഗിച്ചും, നശീകരണപ്രാണികളിൽ നിന്നും രക്ഷിച്ചും, ശാസ്ത്രീയമായി കൃഷി ചെയ്തപ്പോൾ നെല്ല്, കോതമ്പ്, പഞ്ഞി, എന്നു തുടങ്ങിയ സസ്യങ്ങളിൽ നിന്നു പതിന്മടങ്ങു വിളവെടുക്കുന്നതിനു സാധിച്ചു. വിളവു സമൃദ്ധമാക്കുന്നതിനുള്ള ഉപാധികൾ മുഖാന്തരം 25 ശതമാനം വിളവു വർദ്ധിപ്പിക്കാമെന്നു തെളിഞ്ഞിട്ടുണ്ട്. ഗവമ്മെൻറിൽനിന്നും, സ്ഥാപിച്ച കേന്ദ്രകാർഷികബാങ്കു കൂടാതെ നാലു ബാങ്കുകളിൽ കൂടി കാർഷികപദ്ധതികൾ വികസിപ്പിച്ചു. പരസ്പരസഹായ സഹകരണപ്രസ്ഥാനവും ഏർപ്പെടുത്തി. ഇപ്പോൾ ചൈനയിൽ 116000, രജിസ്റ്റർ ചെയ്ത സഹകരണസംഘങ്ങളും അതിൻെറ അംഗങ്ങളായി 6,000, 800 കർഷകരുമുണ്ട്.

സസ്യാദികളെപ്പോലെ പക്ഷിമൃഗാദികളും ചൈനയിലെങ്ങും കാണാം. പശു, ആട്, പന്നി, കോഴി, താറാവ് മുതലായ മൃഗങ്ങളും, പക്ഷികളും ഗൃഹാവശ്യങ്ങൾക്കു പലതരത്തിൽ ഉപകരിക്കുന്നു. മൃദുരോമങ്ങളുള്ള മൃഗങ്ങളെക്കൊണ്ടും, ചൈനയിലെ വനാന്തരങ്ങൾ നിബിഡമാണ്. മൃഗങ്ങളുടെ മൃദുചർമ്മങ്ങൾ ശേഖരിച്ച് വിദേശങ്ങളിലേക്കു കയററുമതി ചെയ്യുന്നു. കമ്പിളിയും സുലഭമായി ലഭിക്കുന്നുണ്ട്.

ഫൂക്കിൻ വനങ്ങൾ, ഹുനാൻ വനങ്ങൾ, കിഴക്കേ വനങ്ങൾ ഇങ്ങനെ മൂന്നായി ചൈനയിലെ വനങ്ങളെ വിഭജിച്ചിരിക്കുന്നു. അതിവിസ്തൃതമായ കിഴക്കേ വനങ്ങളിൽ നിന്നുമാണ് കൂടുതൽ വനവിഭവങ്ങൾ ലഭിക്കുന്നതു്. ഫൂക്കിൻ വനങ്ങൾ കർപ്പൂരമരങ്ങൾക്കു പ്രസിദ്ധപ്പെട്ടിരിക്കുന്നു. വാർണീഷു, മെഴുകു മുതലായവ എടുക്കുന്ന

തിനുള്ള പ്രത്യേക വൃക്ഷങ്ങളും, സാധനസാമഗ്രികളും ഗൃഹോപകരണങ്ങളുമുണ്ടാക്കുന്നതിന്, ഓക്ക മുതലായ മരങ്ങളും, ഈറ, ചൂരൽ, പലതരം ചെടികൾ, വല്ലികൾ എന്നിവയും പൊതുവെ കാട്ടുകളിൽ കാണാം.

ഭൂമിക്കടിയിൽ ലോഹസാധനങ്ങൾ ധാരാളമുള്ളതു കൊണ്ടു് കൈത്തൊഴിലും, വ്യവസായവും അഭിവൃദ്ധി പ്രാപിച്ചിരിക്കുന്നു. സ്വർണ്ണം, വെള്ളി, ചെമ്പു്, കൽക്കരി, പെട്രോളിയം, രസം, മാംഗനീസ്, ടങ്ങ്സ്ററൻ, ആൻറിമണി എന്നിവ സമൃദ്ധമായി ഖനനം ചെയ്യപ്പെടുന്നു. നാഷനൽ ഗവൺമെൻറിൻെറ പ്രതിഷ്ഠാപനത്തിനുശേഷം 1927 ലാണു് ആധുനികരീതിയിൽ ലോഹഖനനവും, ലോഹപ്പണിയും അഭിവൃദ്ധിപ്പെടുത്തുന്നതിന് ചീനാഭൂഗർഭശാസ്ത്രസംഘം തിരുമാനം ചെയ്തതു്. ഒരു പുതിയ നിയമപ്രകാരം ഖനികളുടെ ഉടമസ്ഥാവകാശം ഗവർമെൻറിനാണെങ്കിലും, ഖനനം ചെയ്യപ്പെടുക്കാൻ ചിലക്കു് അധികാരപത്രങ്ങൾ നല്കി. അങ്ങനെ വ്യവസായം അഭിവൃദ്ധിപ്പെടുത്താമെന്നാണു് ഗവൺമെൻറിൻെറ ഉദ്ദേശം.

ചൈനയിൽനിന്നും 250,000,000,000, ടൺ കൽക്കരി ഖനനം ചെയ്യപ്പെടുക്കാമെന്നു കണക്കെടുത്തിട്ടുണ്ടു്. കൽക്കരിക്കു പ്രാധാന്യമർഹിക്കുന്നതു കിയാങ്സി, ഹുനാൻ, യുന്നൻ, ഷെൻസി, കീചൗ, കാങ്സി സെചാൻ മുതലായ പ്രദേശങ്ങളിലാണു്. തകരവും ഇരുമ്പും ചൈനയിലെ തെക്കു പടിഞ്ഞാറെ പ്രദേശങ്ങളിൽനിന്നും, ടങ്സ്ററൻ എന്ന ഒരു അപൂർവലോഹവും, ആൻറിമണിയും ഹുനൻ പ്രവിശ്യയിൽനിന്നും സുലഭമായി കിട്ടുന്നു. ടങ്സ്റ്റൻ എന്ന ലോഹത്തിൻെറ ആകെയുള്ള ഉല്പാദനത്തിൽ പകുതി ചൈനയിൽ നിന്നുമാണു് ലഭിക്കുന്നതു്. ആൻറി

മണിയുടെ ഉല്പാദനത്തിൽ പ്രഥമസ്ഥാനം ചൈന കരസ്ഥമാക്കിയിരിക്കുന്നു. ടങ്ങ്സ്റ്റനും, ആന്റിമണിയും ധാരാളം കയററുമതിചെയ്യപ്പെടുന്നു. ലോഹങ്ങൾസംയോജിപ്പിച്ചു പല സാധനങ്ങൾ പ്രത്യേകിച്ച് മണി നിർമ്മിക്കുന്നതിൽ ചീനർഅതിവിദഗ്ദ്ധരാണ്. ഹാൻ രാജവാഴ്ച്ചക്കാലത്തിനുമുമ്പു മുതൽ ലോഹനിർമ്മിതമായ പ്രതിമകളുംമണികളും ധാരാളം നിർമ്മിച്ചിരുന്നു. ബുദ്ധമത പ്രവേശനത്തോടുകൂടി ചൈനയിൽ ബുദ്ധപ്രതിമകളും, വിഹാരങ്ങളും വർദ്ധിച്ചു. ശിലകളിലും, ലോഹങ്ങളിലും കൊത്തിയിട്ടുള്ള ശ്രീ ബുദ്ധൻെറയും ബൌദ്ധശിഷ്യരുടെയും പ്രതിമകൾ ചീനരുടെ കലാസൗകുമാര്യത്തെ ദ്യോതിപ്പിച്ചുകൊണ്ടു് യൻ കാങ്ങിലും ഷെൻസിയിലും ഇന്നും സ്ഥിതിചെയ്യുന്നു. ഇന്ത്യയിലെ ഗാന്ധാരശില്പകലാമന്ദിരത്തിൻെറ പ്രഭാവം പ്രസ്തുത പ്രതിമകളിൽ ദൃശ്യമാണ്. ടാങ്ങ്ചക്രവർത്തിയുടെ കാലം വിവിധമൃഗങ്ങളുടെ ലോഹനിർമ്മിതമായ രൂപങ്ങൾ കൊത്തുന്നതിൽ പ്രത്യേകവൈദഗ്ദ്ധ്യം പ്രദർശിപ്പിച്ചിരുന്നു. പല ചക്രവർത്തിമാരുടെയും കൊട്ടാരങ്ങളിലും അവ മനോഹരമായി രൂപണംചെയ്യപ്പെട്ടിരുന്നു. അന്നത്തെ രാജമന്ദിരങ്ങൾ ശില്പകലകളുടെ ഒരു സംഭരണശാലയായിരുന്നു. ചൈനയിൽ ചില ഭാഗങ്ങളിൽ കാണുന്നമണ്ണു് പശിമയും വളരെ ബലവുമുള്ളതിനാൽ മൺ പാത്രങ്ങൾ ഉണ്ടാക്കുന്നതിനു ഉപയോഗിക്കുന്ന 'ചീന കളിമണ്ണി'നു് നമ്മുടെ നാട്ടിലും പ്രസിദ്ധിയുണ്ടല്ലോ. ചീന കളിമണ്ണു കൊണ്ടു് വിശേഷ രീതിയിൽ ചീനഭരണികളും പിഞ്ഞാണങ്ങളും മററു സാധനങ്ങളും വൻതോതിൽ നിർമ്മിക്കപ്പെടുന്നു. ഹാൻ രാജവംശരുടെ കാലത്തു് മൺപാത്രങ്ങളിൽ മനോഹരമായ ചിത്രങ്ങൾ വരച്ചും, പാത്രങ്ങൾ മിനുസപ്പെടുത്തുന്ന വിദ്യ കണ്ടുപിടിച്ചു. സങ്ങ് ചക്രവർത്തി

മാരുടെ കാലത്താണ് മൺപാത്രനിർമ്മാണം അഭിവൃദ്ധി പ്പെട്ടിരുന്നതു്. അതിനുശേഷം വിവിധനിറങ്ങൾ ചേർത്തു് കലാസൗകുമാര്യം തുളുമ്പുന്ന മൺപാത്രങ്ങൾ നിർമ്മിച്ചു. മിങ്ങ് രാജവാഴ്ചക്കാലത്തും ഈ വ്യവസായം അഭിവൃദ്ധി പ്രാപിച്ചിരുന്നു. അഭിനവരീതിയിൽ മൺപാത്രങ്ങളും ചീനബ്ഭരണികളും നിർമ്മിക്കുന്ന ഏതാനും വ്യവസായ ശാലകൾ ഇപ്പോൾ കാൻറൻനഗരിയിലുണ്ടു്. പ്രധാന എണ്ണഖനികൾ സ്ഥിതിചെയ്യുന്നതു് ഷെൻസിജില്ലയുടെ വടക്കേപ്രദേശങ്ങളിലും സെചാാൻ പ്രവിശ്യയിലും, പടി ഞ്ഞാറെ കൻസുവിലെ, യുമെൻ, തങ്ങ് ഹ്വാങ്ങ് ജില്ലക ളിലും സിൻകിയാങ്ങിലുമാണ്. 1940-ൽ യുദ്ധാവശ്യങ്ങൾ ക്കായി യുമ്മെനിൽ പുതിയ എണ്ണഖനികൾ ഖനനം ചെയ്യേണ്ടിവന്നു. ചെമ്പ് പുരാതനകാലംമുതൽ നാണ യങ്ങളും മററും നിർമ്മിക്കുന്നതിനാണ് ഉപയോഗിച്ചിരു ന്നതു്. കഴിഞ്ഞ യുദ്ധാവശ്യങ്ങൾക്കു ചെമ്പിൻെറ ഉല്പാദ നം വർദ്ധിപ്പിക്കേണ്ടിവന്നു. ഇപ്പോൾ യുന്നൻ, സെചാാൻ എന്നീ ജില്ലകളിലുള്ള പുതിയ ഖനികളിൽ പ്രവർത്തനം തുടങ്ങിയിട്ടുണ്ടു്. സെചാാനിലും, സികിയാങ്ങ്പ്രവിശ്യ യിലും നിന്നു് പ്രതിവർഷം 40,000 ഔൺസു സ്വർണ്ണം ശേ ഖരിക്കപ്പെടുന്നുണ്ടു്. ജലപ്രേരിതരീതിയിൽ നദീതീരങ്ങ ളിൽനിന്നും സ്വർണ്ണശേഖരണം നടക്കുന്നു. പ്രകൃതിദത്ത മായി ലഭിക്കുന്ന ചൈനയിലെ ലോഹങ്ങൾക്കു വേണ്ടി യത്നിക്കാമെങ്കിൽ ചൈന സാമ്പത്തികമായി വളരെ ഉത്കർഷം പ്രാപിക്കുന്നതാണ്.

സമുദ്രത്തിലും, ഉൾപ്രദേശജലാശയങ്ങളിലും വിവിധ തരത്തിലുള്ള മത്സ്യങ്ങൾ അസംഖ്യമാണ്. ജനങ്ങളുടെ ഒരു ആഹാരസാധനം മത്സ്യം ആയതുകൊണ്ടു് മീൻപി ടിത്തം ഒരു പ്രധാന തൊഴിലായിത്തീർന്നിട്ടുണ്ടു്. മത്സ്യ

വ്യവസായം കൊണ്ടു് പ്രതിവഷം ചൈനക്കു 153 ലക്ഷം ഡാളർ ആദായം ലഭിക്കുന്നുണ്ടെന്നു കണക്കാക്കിയിരിക്കുന്നു.

ചൈനയിൽ കൈത്തൊഴിലും, കുടിൽ വ്യവസായവും പണ്ടുതന്നേ അത്യധികം അഭിവൃദ്ധിപ്പെട്ടിരുന്നു. പലതരം വിചിത്രവേലകൾ ചെയ്യുന്നതിൽ അവർ പുരാതനകാലാമുതല്ക്കേ പ്രസിദ്ധരാണു്. വാർണീഷു വേലകളും, ചിത്രവേലകളും അവർ അതിമനോഹരമായി ചെയ്യാറുണ്ടു്. വിവിധതരം നിറങ്ങൾ ചേർത്തു് കടലാസ്സിലും, പട്ടിലും, ചിത്രം വരയ്ക്കുന്നതിൽ ചീനരുടെ സാമത്ഥ്യം പ്രശംസനീയമാണു്. മനുഷ്യരുടെ ഛായാചിത്രം വരയ്ക്കുന്നതു കലാപരമായ ഒരു മേന്മയായി ചീനാചിത്രകാരന്മാർ കരുതാറില്ല. പ്രകൃതിരമണീയങ്ങളായ രംഗങ്ങളുടെ ചിത്രണത്തിലാണു് അവരുടെ സന്തുഷ്ടി. ക്രിസ്ത്വബ്ദം 4-ാംനൂററാണ്ടിൽ ചുവർ ചിത്രമെഴുത്തു് നിവ്ഹിച്ചിരുന്നു എന്നു് ചരിത്രരേഖകളിൽ കാണുന്നു. അവ പിൽകാലത്തു് നശിച്ചുപോയിരിക്കാം. ടാങ് രാജവാഴ്ചക്കാലത്തു് ബൌദ്ധസംബന്ധമായി ധാരാളം ചിത്രങ്ങൾ പ്രചാരത്തിലിരുന്നു. അക്കാലത്തു് ജീവിച്ചിരുന്ന വാങ് വീ അനുപലഭമായ പ്രകൃതിരംഗങ്ങൾ ചിത്രീകരിക്കുന്നതിൽ സമത്ഥനായിരുന്നു. അശ്വ ചിത്രങ്ങൾ യുവാൻ, മംഗോൾ എന്നീ രാജവാഴ്ചക്കാലത്തു് അതിപ്രാധാന്യം പ്രാപിച്ചിരുന്നു. മിങ് രാജവാഴ്ചക്കാലം തുടങ്ങി ഇന്നുവരെ പരിഷ്കൃതമായ രീതിയിൽ പുതിയ നിറങ്ങൾ കലത്തി സജീവമായ ചിത്രങ്ങൾ എഴുതി വരുന്നു. ചീനർ നിമ്മിക്കുന്ന കുട, വിശറി എന്നിവ നാം കണ്ടിട്ടുണ്ടല്ലോ. യന്ത്രങ്ങൾ കൈത്തൊഴിലിനെ നശിപ്പിക്കുകയും, തൊഴിലാളികളുടെ ഉപജീവനത്തിനു ബാധകമാകുകയും ചെയ്യുന്നു എന്ന കാരണങ്ങളാൽ

യന്ത്രനിർമ്മിതമായ സാധനങ്ങളോടു ചീനക്കു വെറുപ്പാണു്.

1840

കറുപ്പുയുദ്ധം അവസാനിച്ചശേഷമാണു് പാശ്ചാത്യരാഷ്ട്രങ്ങളുമായി ചൈന കച്ചവടബന്ധത്തിലേപ്പെട്ടതു്. വിദേശീയ കച്ചവടക്കാരുടെ സൗകര്യാർത്ഥം പല പുതിയ തുറമുഖങ്ങളും മാഞ്ചു ഗവമ്മെൻറു തുറന്നു. 1911-ൽ മാഞ്ചു ഗവമ്മെൻറു തിരോഭവിച്ചപ്പോൾ തുറമുഖങ്ങൾ വഴി യന്ത്രനിർമ്മിതമായ സാധന സാമഗ്രികൾ ഇറക്കുമതി ചെയ്തു് വലിയ വ്യവസായശാലകൾ സ്ഥാപിച്ചതിനാൽ കൈത്തൊഴിലിനു സാരമായ ഉടവു തട്ടിയതായി കാണുന്നു. ഇന്ത്യക്കു സംഭവിച്ച അസ്വാതന്ത്ര്യമാണു്. പാശ്ചാത്യദേശങ്ങളിൽനിന്നു ചൈനയ്ക്കും അനുഭവപ്പെട്ടതു്. കച്ചവടസ്വാതന്ത്ര്യം പാശ്ചാത്യക്കു ലഭിച്ചപ്പോൾ ചൈനയിലെ വ്യവസായം മുഴുവനും അവരുടെ കൈക്കുള്ളിലമന്നു. അങ്ങനെ അവർ കച്ചവടമേധാവികളായി. വിദേശരാഷ്ട്രങ്ങളിൽനിന്നു ഇറക്കുമതി ചെയ്ത സാധനങ്ങളെ അപേക്ഷിച്ചു് കയററുമതി തുലോം കുറവായിരുന്നു. ചൈനയിലെ ഖനികളിൽ പലതും ഇപ്പോൾ വിദേശീയരുടെ അധീനതയിലാണു്.

ഇടുങ്ങി ഇരുളടഞ്ഞ തെരുവുകളിലാണു് പ്രധാനമായ കച്ചവടം നടക്കുന്നതു്. ഓരോ സാധനങ്ങളും ഓരോ പ്രത്യേക തെരുവുകളിലാണു് വില്ക്കുക. പീടികയുടെ മുൻവശത്തു് ഉടമസ്ഥന്റെ പേരും എന്തു വ്യാപാരമാണു് നടത്തുന്നതെന്നും കുറിച്ചിട്ടുള്ള ബോർഡുകൾ ഉണ്ടായിരിക്കും. കച്ചവടസ്ഥലങ്ങൾ തീരെ വൃത്തിഹീനമാണു്. പീടികകളിൽ ഇരുന്നു വ്യാപാരം നടത്തുന്നതുകൂടാതെ നമ്മുടെ നാട്ടുകളിൽ കാണുന്നപോലെ റോഡരുവുകളിൽ

വച്ചും കച്ചവടം നടത്താറുണ്ട്. സാധനങ്ങൾ കഴുതകളിലും, ഉന്തുവണ്ടികളിലും കയററി വീടുകൾതോറും കൊണ്ടുപോയി കച്ചവടം ചെയ്യുന്നവരുമുണ്ട്. ധാരാളം തിക്കും തിരക്കുമുള്ള കച്ചവടസ്ഥലങ്ങളിലും മോഷണം വളരെ കുറവാണ്. വ്യാപാരസംബന്ധമായ ഇടപാടുകളിൽ ചീനർ വലിയ സത്യസന്ധതയോടുകൂടി പെരുമാറും.

ചൈനയിൽ പഴയകാലത്ത് സഞ്ചാരസൌകര്യങ്ങൾ വളരെ കുറവായിരുന്നു. കാൽമുട്ടുവരെ പുതയുന്ന പൂഴി നിറഞ്ഞതായിരുന്നു എല്ലാ പ്രധാന റോഡുകളും. പാശ്ചാത്യർ ചൈനയിൽ കച്ചവടത്തിൻെറ മേധാവികളായി തീർന്നപ്പോൾ അവരുടെ കൈവശമായി ഗതാഗതത്തിൻെറ നിയന്ത്രണം. ധനസമ്പാദനത്തിലുള്ള തൃഷ്ണയല്ലാതെ മറെറാന്നും അവക്ക് ചിന്തയുണ്ടായിരുന്നില്ല. എന്നാൽ നാഷനൽ ഗവമ്മെൻറിൻെറ പ്രതിഷ്ഠാപനത്തിനുശേഷം ഉപയോഗപ്രദമായ റോഡുകൾ നിമ്മിച്ചും പഴയ റോഡുകൾ പരിഷ്കരിച്ചും, പുതിയ റയിൽപാതകൾ പണികഴിപ്പിച്ചും, നദികൾ സഞ്ചാരയോഗ്യങ്ങളാക്കിയും, ഗതാഗതത്തിൻെറ ശോചനീയാവസ്ഥക്കു ഏറെക്കുറെ പരിഹാരമുണ്ടാക്കി. അതിമനോഹരമായ ഒരു റയിൽവേസ്റ്റേഷനാണ് പെക്കിങ്ങിലുള്ളതു്. ജപ്പാൻകാരുടെ നിരന്തരമായ തള്ളിക്കയററം ചൈനയിൽ കപ്പൽ നിമ്മാണശാലകളും, തുറമുഖങ്ങളും, വിമാനത്താവളങ്ങളും തുറക്കുന്നതിനു കാരണമാക്കി. വ്യോമയാനം ചൈനയിൽ അഭിവൃദ്ധി പ്രാപിച്ചുവരികയാണ്.

ചൈനയുടെ സാമ്പത്തികനില വളരെ പരിമിതമാണ്. അതുകൊണ്ടു അതിവിപുലമായ രീതിയിൽ പുനരുദ്ധാരണപദ്ധതികൾ ആരംഭിക്കാൻ പലവൈഷമ്യങ്ങളും

അഭിമുഖീകരിക്കേണ്ടതുണ്ട്. ആകെ ജനങ്ങളിൽ 85 ശതമാനം ഉൾക്കൊള്ളുന്ന കൃഷകൻെറ ജീവിതത്തോതു് ഉയന്നിട്ടുണ്ടെന്നു പറയാറായിട്ടില്ല. കൃഷകൻെറ ജീവിതത്തോതു് ഉയരണമെങ്കിൽ പ്രഥമവും, പ്രധാനവുമായി ഗതാഗതസൗകര്യം ഉണ്ടായിരിക്കണം. എന്നാൽ 1937-ൽ ജപ്പാനുമായുണ്ടായ യുദ്ധം ചൈനയിൽ, യുന്നാൻ, കീച്ചൌ, സെചപാൻ, ഷൻസി, കാൻസു മുതലായ പ്രവിശ്യകളിൽ ആധുനികരീതിയിലുള്ള ഗതാഗതസൌകര്യം വളിപ്പിക്കാൻ കാരണമാക്കി. ചൈനയിലെ ഉൾപ്രദേശങ്ങളും റഷ്യാ, ഇൻഡോചൈന, ബർമ്മ എന്നീ അയൽരാജ്യങ്ങളുമായി ഗതാഗതംമുഖാന്തരം ബന്ധപ്പിക്കുന്നതിനു ഉദ്യമങ്ങൾ നടക്കാതിരുന്നില്ല. ഇൻഡോചൈനയിലേക്ക് നീട്ടിയ ഹുനാൻ, ക്വാവങ്സി റെയിൽവേ ജപ്പാനുമായുണ്ടായയുദ്ധം കാരണം പൂത്തിയാക്കാൻ സാധിച്ചില്ല. അതുപോലെ ബമ്മാവഴി റംഗൂണിലേക്കുള്ള റോഡിൻെറയും, യുന്നാൻ ബമ്മാറോഡിൻെറയും നിമ്മാണം പ്രാരംഭത്തിൽ തന്നെ പരാജയമടഞ്ഞു. ഏതാനും കൊല്ലം കഴിഞ്ഞതിനു ശേഷമാണ് അതു പൂത്തിയാക്കിയതു്. 1942-ൽ ചൈനയും മററു രാഷ്ട്രങ്ങളുമായി ബന്ധിപ്പിക്കാനുണ്ടായിരുന്ന ഏക ഉപാധി വിമാനമാഗ്ഗം മഞ്ഞുറഞ്ഞു കിടക്കുന്ന ഹിമാലയാ പവ്വതങ്ങളുടെ താഴ്ന്ന പ്രദേശങ്ങളിൽ കൂടിയായിരുന്നു.

ഇതിനിടക്ക് തെക്കുപടിഞ്ഞാറും വടക്കുപടിഞ്ഞാറും ചൈനയ്ക്കു അനവധി റോഡുകളും നദികളിൽ കൂടി ഗതാഗതസൗകര്യവും ലഭിച്ചു. യുദ്ധകാലത്തു് സ്വതന്ത്ര ചൈനയ്ക്ക് 1700 മൈൽ റെയിൽവേയും, 2000 മൈൽ ഉപയോഗ്യമായ റോഡുകളും 8000 മൈൽ നദീമാഗ്ഗഗതാഗതവും വളരെ പരിമിതമായ ദൂരം ആകാശഗതാഗതവും മാത്രമേ ഉണ്ടായിരുന്നുള്ളു. അന്നു സിയാനിൽനിന്നു ചുംകിങ്ങി

ലേക്ക കൊണ്ടുവരപ്പെട്ട പഞ്ഞിക്കു് ഗതാഗതപ്രതിബന്ധം കൊണ്ടു് അഞ്ചിരട്ടി വില വർദ്ധിപ്പിക്കേണ്ടിവന്നു.

ചൈനയിലെ ആദ്യത്തെ റെയിൽവേ നിർമ്മാണം 1866-ലാണു് ആരംഭിച്ചതു്. 1942 ആയപ്പോഴേക്കും 12036 മൈൽ റെയിൽവേയുടെ പണി പൂർത്തീകരിച്ചിരുന്നു. ഡാക്ടർ സൻയാത് സെന്നിൻെറ ദേശീയ പുനരുദ്ധാരണ പദ്ധതിയിൽ 100000 മൈൽ റെയിൽവേയുടെ പണി നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച പ്രവൃത്തികൾ നടത്തുന്നതിന്നു ചൈനക്ക ഇന്നോളം സാധിച്ചിട്ടില്ല. മഞ്ചൂറിയായിൽ 3700 മൈലും, വടക്കേ ചൈനയിൽ 4000മൈലും, തെക്കുകിഴക്കേ ചൈനയിൽ 3000 മൈലും, തെക്കുപടിഞ്ഞാറെ ചൈനയിൽ 300 മൈലും, റെയിൽവേയുണ്ടു്. റെയിൽവേ ഇല്ലാത്ത പ്രദേശങ്ങളാണു് നിങ്ങ്സിയ, ചിൻഹായ്, കാൻസു, സിൻകിയാങ്, സെചപാൻ. തിബററു്, മംഗോളിയ എന്നിവ. കഴിഞ്ഞ യുദ്ധത്തിൽ അനവധി മൈൽ റെയിൽവേ ജപ്പാൻ നശിപ്പിക്കുകയുണ്ടായി. തകരം, ഇരുമ്പു്, എണ്ണ, ചെമ്പു്, ടങ്സ്റ്റൻ, ആൻറിമണിമുതലായ പ്രകൃതിവിഭവങ്ങൾ സമൃദ്ധമായിലഭിക്കുന്ന പ്രദേശങ്ങളിലേക്കും, പ്രധാന്യമർഹിക്കുന്ന ഉൾപ്രദേശങ്ങളിലേക്കും, റഷ്യ, ഇന്ത്യ, ബർമ്മ തുടങ്ങിയ അതൃത്തിരാജ്യങ്ങളിലേക്കും, തെക്കുകിഴക്ക സമുദ്രതീരംവഴിഎല്ലാ തുറമുഖങ്ങളിലേക്കും റെയിൽവേ നീട്ടേണ്ടതു് ഒരു പ്രധാന പ്രശ്നമായിത്തീർന്നിരിക്കുകയാണു്. ചില പ്രത്യേക വ്യവസ്ഥകളിന്മേൽ വ്യക്തികൾക്ക റയിൽവേ നടത്തുന്നതിന്നു കഴിഞ്ഞ യുദ്ധത്തിനുമുമ്പു അനുവാദമുണ്ടായിരുന്നു.

1937-ൽ 1,200,000 ടൺ കച്ചവടക്കപ്പലുകൾ യാങ്ടിസി നദിയിലും, കടലുകളിലുമായി ചൈനക്ക

ങ്ങളായിരുന്നു. അന്നു് രാഷ്ട്രത്തിൻെറ ആവശ്യങ്ങൾക്കു തീരെ മതിയാകാതെയിരുന്നു. ഡാക്ടർ സൻയാത് സെൻ, റിപ്പബ്ളിക്കിൻെറ പ്രതിഷ്ഠാപനത്തിനുശേഷം, രാഷ്ട്രത്തിൻെറ ആവശ്യത്തിന്ന 10,000,000 ടൺ കപ്പൽ നിമ്മാണത്തിന്നു ഒരു പദ്ധതി നിർദ്ദേശിച്ചിരുന്നു. ഗവമ്മെൻറു വകയായി ചീനാ വ്യവസായികളുടെ സ്റ്റീം നാവിഗേഷൻ കമ്പനിയും, ചില പ്രത്യേക വ്യക്തികളുടെ നൂററിൽപരം കപ്പൽ കമ്പനികളും ഇപ്പോൾ പ്രവത്തനം നടത്തുന്നു. വിദേശീയ കമ്പനികളുടെ കപ്പലുകൾ ചീന നിയമപ്രകാരം രജിസ്റ്റർ ചെയ്തിരിക്കണമെന്നുണ്ടു്. ചീനത്തീരങ്ങളിൽ സഞ്ചരിക്കുമ്പോൾ അവ ചീനക്കൊടി വഹിച്ചിരിക്കും. ചെറുനദികളിലും കായലുകളിലും ഉപയോഗിക്കുന്നതിന്നു്, 500000 ടൺ ചെറുതരം കപ്പലുകളും ഉണ്ടു്. ചെറു നദികളും, ആഴമില്ലാത്ത കായലുകളും കുഴിച്ചു് ഗതാഗതയോഗ്യമാക്കി തീത്താൽ ജലമാഗ്ഗഗതാഗതത്തിന്നു വലിയ സൌകൎയ്യമുണ്ടാകുന്നതാണു്.

ചൈനയിലെ വ്യോമയാനം 1916-ലാണു് ആരംഭിച്ചതെങ്കിലും, അതിന്നു് 1930വരെ ഗണ്യമായ യാതൊരു പുരോഗമനവുണ്ടായിരുന്നില്ല. ചീനാ നാഷനൽ ഏവിയേഷൻ കമ്പനിയുടെ പ്രവത്തനം ദേശീയാവശ്യത്തിന്നു മാത്രമേ പര്യാപ്തമായിരുന്നുള്ളു. പ്രസ്തുത കമ്പനി ചൈനയിലെ മററു ചില കമ്പനികളുമായി സംഘടിപ്പിച്ചു. 1937-ൽ യൂറേഷ്യ ഏവിയേഷൻ കാർപൊറേഷൻ കമ്പനിക്കാരുടെ മൂലധനത്തിൽ മററുപല കമ്പനികളും ആരംഭിച്ചു. ചീനാ ഗവമ്മെൻറും അവയുടെ പ്രവത്തനത്തിന്നു ധനപരമായ സഹായങ്ങൾ നല്കി. ഷാങ്ഹായിൽനിന്നും, സോവിയററുഷ്യയൽക്കൂടി ജമ്മനിയിലേക്കു ഒരു

മാൎഗ്ഗം അവർ ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്രതികൂലമായ രാഷ്ട്രപരിതഃസ്ഥിതികളാൽ ആ പദ്ധതി പരിത്യജിക്കേണ്ടിവന്നു. 1941-ൽ യൂറേഷ്യ ഏവിയേഷൻ കാർപൊറേഷൻ ചീനരുടെ ആധിപത്യത്തിലായി. 1939-ൽ സോവിയററും ചൈനയുമായി ഒന്നുചേൎന്നു ഒരു പുതിയ ആകാശഗതാഗതമാൎഗ്ഗം ഏൎപ്പെടുത്തി. അത് ററിവ്ഹ്വായിൽകൂടി സിൻകിയാങ്ങിലുള്ള ഹാമിൽനിന്നും, റഷ്യയിൽ ആൽമഅററായിലേക്കു് ആയിരം മൈലുകളുള്ള ഒരു മാൎഗ്ഗമായിരുന്നു. ചൈനക്കു് ഇപ്പോൾ ഇന്ത്യ, ബൎമ്മ, മലയ, തായ്‌ലാൻഡ്, ഇൻഡോചൈന, ഫിലിപ്പയൻസ്, ജപ്പാൻ കൊറിയ എന്നി സ്ഥലങ്ങളിലേക്കും, ഈസ്റ്റിൻഡിസിൽകൂടി ആസ്ട്രേലിയായിലേക്കും, പാസഫിക്ക സമുദ്രത്തിൽകൂടി യൂണൈറഡ് സ്റ്റേററ്സ്, കാനഡാ വെസ്റ്റിൻഡിസ് എന്നീ സ്ഥലങ്ങളിലേക്കും, ആകാശഗതാഗതം നീട്ടാൻ ആലോചനകൾ നടക്കുന്നു. കഴിഞ്ഞ യുദ്ധകാലത്തു് ചൈനയിലെ വ്യോമയാനപ്രവത്തനം സ്തുത്യർഹമായിരുന്നു. ജപ്പാന്റെ നിരന്തരമായ ബോംബാക്രമണത്തെ സാമൎത്ഥ്യപൂൎവ്വം നിരോധിച്ചു നില്ക്കാൻ, വ്യോമയാനവ്യൂഹത്തിനു കഴിഞ്ഞിരുന്നു. അവസരോചിതമായ ചീനവ്യോമസേനയുടെ ആക്രമണങ്ങൾ ജപ്പാനെ ഭയപ്പെടുത്താതിരുന്നില്ല. ടോക്കിയോയിലും കൂടെക്കൂടെ ചീനവ്യോമവ്യൂഹം പറന്നെത്തി ബോംബു് വർഷിച്ചിരുന്നു. വ്യോമയാനപഠനത്തിനു് ആധുനികരീതിയിൽ സജ്ജീകരിച്ചിട്ടുള്ള പല കേന്ദ്രങ്ങളുമുണ്ടു്.

ചൈനയിൽ ആധുനികരീതിയിലുള്ള റോഡുകൾ വളരെ കുറവാണു്. 1947-ൽ ജപ്പാനുമായി യുദ്ധം തുടങ്ങിയപ്പോൾ അയൽരാജ്യങ്ങൾ തമ്മിൽ റോഡുകൾ കൊണ്ടു ഘടിപ്പിക്കേണ്ടതു് ആവശ്യമായിത്തീൎന്നു. ലാൻ ചൗവിൽ

നിന്നും, സോവിയററ റഷ്യാറോഡിനെ ഘടിപ്പിച്ച് സിൻകിയാങ്ങിലേക്കും, ഫെങ്ങ്യാങ്ങിൽനിന്നും, കെചലാൻ നാന്നാങ്ങ്എന്നീ സ്ഥലങ്ങളിൽക്കൂടി ഇൻഡോചൈനയിലേക്കും, യുന്നൻ പ്രവിശ്യയുടെ തലസ്ഥാനമായ കന്മിങ്ങിൽനിന്നും ബർമ്മായിലേക്കുമാണ് പുതിയ റോഡുകൾ വെട്ടിയത്ത്. അപ്പോൾ 5000 മൈൽ പുതിയ റോഡുകൾ ആവിർഭവിക്കുകയും 15000മൈൽ പഴയ റോഡുകൾ ദേശീയപദ്ധതിയനുസരിച്ച് നവീകരിച്ച് ഗതാഗതയോഗ്യമാക്കിത്തീക്കുകയുമുണ്ടായി. കചിയാങ്ങ് കേന്ദ്രമാക്കി, ഇപ്പോൾ ഹുനാൻ കചൻങ്സി, യുന്നൻ, കചീചൗ, സെചചാൻ എന്ന പ്രദേശങ്ങളിൽക്കൂടിയും, ലാൻചൗ കേന്ദ്രമാക്കി, ഷെൻസി, കൻസു, ചിങ്ങ്ഹായ്, നിങ്ങ്സിയാ, സിൻകിയാങ്ങ്എന്നീ പ്രദേശങ്ങളിൽക്കൂടിയും വിവിധറോഡുകൾ വെട്ടിയിട്ടുണ്ട്. ഇവരണ്ടിനെയും ബന്ധിക്കുന്നതിന് ചെങ്ങ്ററു കേന്ദ്രമാക്കി ഷെൻസി സെചചാൻറോഡ് നിർമ്മിച്ചിരിക്കുന്നു. 1918-ലെ നാഷനൽ മോട്ടാർ ആക്ടിനു ശേഷം, ഗവർമെൻറിൻെറയും, പൊതുജനങ്ങളുടെയും വകയായി ഗതാഗതത്തിനു ബസ്സുകൾഏപ്പെട്ടുത്തിയിരുന്നു. ഗ്രാമങ്ങളിലും മററു പ്രധാനസ്ഥലങ്ങളിലും 1000000 മൈൽ റോഡുകൾ നിർമ്മിക്കുന്നതിനായിരുന്നു ഡാക്ടർ സൻയാതം സെന്നിൻെറ പദ്ധതി. ഗ്രാമപ്രദേശങ്ങൾക്കു അത്യന്താപേക്ഷിതങ്ങളായ റോഡുകൾക്കൂടി നിർമ്മിച്ചുകഴിഞ്ഞാൽ കൃഷികരുടെ സ്ഥിതി അഭിവൃദ്ധിപ്പെട്ടു് രാഷ്ട്രം പുരോഗതി പ്രാപിക്കുന്നതായിരിക്കും. ചൈനയിലെ ഗതാഗതവകുപ്പ് ഒരു മന്ത്രിയുടെ പ്രത്യേക ചുമതലയിലാണ്.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANIYAKKA VEEDU

IX

# സാമ്പത്തിക നില

ഒരു രാഷ്ട്രത്തിന്റെ ശ്രേയസ്സും നിലനില്ക്കുന്നതു് അതിന്റെ സാമ്പത്തികസ്ഥിതിയിലാണല്ലോ. ചൈനയുടെ സാമ്പത്തികസ്ഥിതിക്കും ജീവിതരീതിക്കും വിദേശീയരാഷ്ട്രങ്ങളുടെ വ്യവസായസമ്പർക്കത്തോടുകൂടി പല വ്യതിയാനങ്ങളും സംഭവിച്ചിട്ടുണ്ടു്. കറുപ്പുയുദ്ധത്തിനുമുമ്പും വൈവസായികമായി യാതൊരു പ്രാധാന്യവുമില്ലാതെ വിജ്ഞാനത്തിന്റെയും, സംസ്കാരത്തിന്റെയും കേന്ദ്രങ്ങളായിരുന്നു ചൈനയിലെ മിക്ക നഗരങ്ങളും. എന്നാൽ യുദ്ധാനന്തരം ഉടമ്പടിപ്രകാരം വിദേശീയക്കു ലഭിച്ച നഗരങ്ങൾക്കും, തുറമുഖങ്ങൾക്കും, സാമ്പത്തികമായ വലിയ ഉത്കർഷമുണ്ടായി. ഏതാനുംവർഷം മുമ്പുവരെ ഷാങ്ഹായ് അധിക ജനവാസമില്ലാത്ത ഒരു നഗരമായിരുന്നു. എന്നാൽ നാൻകിങ് ഉടമ്പടിക്കുശേഷം ഷാങ്ഹായ് 30 ലക്ഷം ജനവാസമുള്ള ഒരു തുറമുഖനഗരമായി രൂപാന്തരപ്പെട്ടു. അവിടെ അധിവസിക്കുന്നതു് ഭൂരിപക്ഷവും പാശ്ചാത്യരാണു്. ഷാങ്ഹായ് ഇന്നു കൈത്തൊഴിൽ, വ്യവസായം, ഗതാഗതം എന്നിവയുടെ ഒരു കേന്ദ്രസ്ഥാനമായിത്തീർന്നിരിക്കുന്നു. ഇങ്ങനെ രൂപാന്തരം പ്രാപിച്ച തുറമുഖങ്ങളും നഗരങ്ങളും ഒന്നല്ല അനവധിയാണു്. അവയുടെ സമീപപ്രദേശങ്ങളിലുള്ള ഗ്രാമങ്ങളിൽനിന്നും .ജനങ്ങൾ നഗരങ്ങളിലേക്കു കുടിയേറിപ്പാർപ്പു തുടങ്ങിയപ്പോൾ കൃഷിക്കു സാരമായ ഉടവു സംഭവിക്കാതിരുന്നില്ല.

മൂലധനവ്യവസ്ഥാപിതവും, ക്ഌപ്ത ബാദ്ധ്യതകളോടു കൂടിയവയുമായ പല കമ്പനികളും വിദേശീയർ ഏർപ്പെടുത്തിയതു് സാമ്പത്തികസ്ഥിതിക്കു സഹായകമായി. ചീനയിലെ വാണിജ്യം മുഴുവനും നടത്തിക്കൊണ്ടിരുന്നതു് ചെറിയ വ്യവസായികളായിരുന്നു. ഉല്പാദകനും, ഉപയുക്താവിനും മദ്ധ്യേ നിന്നു ചില്ലറ നടത്തുന്നവരാണു് കച്ചവടക്കാർ. വിദേശീയകച്ചവടക്കാർ ധാരാളം യന്ത്രനിർമ്മിതമായ സാമഗ്രികളുമായി കച്ചവടത്തിനെത്തിയപ്പോൾ കുടിൽവ്യവസായത്തിനു അധഃപതനം നേരിട്ടു. കാലാന്തരത്തിൽ അവരുടെ വാണിജ്യരഹസ്യങ്ങൾ ചീനർ മനസ്സിലാക്കുകയും മൂലധനം മുടക്കി വ്യവസായശാലകൾ സ്ഥാപിക്കുകയും ചെയ്തു. യന്ത്രനിർമ്മിതങ്ങളായ ഉല്പന്നങ്ങൾ ധാരാളം നിർമ്മിക്കാൻ തുടങ്ങി. ഈ സാധനങ്ങൾ വിററഴിക്കുന്നതിനു കമ്പോളങ്ങൾ കണ്ടുപിടിച്ചു. വിദേശീയർ ആദ്യമായി സ്വന്തനാട്ടുകളിലുള്ള ഉല്പാദകസാധനങ്ങളാണു് കൊണ്ടുവന്നതു്. എന്നാൽ പല അസംസ്കൃതസാധനങ്ങളും സുലഭമായും തുച്ഛമായ ചെലവിലും ചൈനയിൽനിന്നുതന്നെ ലഭിച്ചുതുടങ്ങി. അപ്പോൾ വിദേശീയ സാധനങ്ങളുടെ ഇറക്കുമതിക്കു ഗണ്യമായ കുറവും സംഭവിച്ചു. അങ്ങനെ സാമ്പത്തികസ്ഥിതിക്കൊരു പരിവർത്തനമുണ്ടായി. യന്ത്രസാമഗ്രികൾ നിർമ്മിക്കുകയും, വ്യവസായശാലകൾ ചീനർ തന്നെ നടത്തുകയും ചെയ്തു. താമസംവിനാ അവർ ആയിരത്തി എണ്ണൂറിൽപരം വ്യവസായശാലകളുടെ ഉടമസ്ഥരായിത്തീർന്നു.

വാണിജ്യവും, വ്യവസായവും വർദ്ധിച്ചപ്പോൾ സാമ്പത്തികസ്ഥിതി അഭിവൃദ്ധിപ്പെട്ടു. അതിന്റെ പുരോഗമനത്തിനും, രക്ഷക്കും, ബാങ്കുകൾ ആവശ്യമായി. വളരെക്കാലംമുമ്പുതന്നെ ചില ബാങ്കുകൾ ചൈനയിൽ ഉണ്ടാ

യിരുന്നു എങ്കിലും, അവയുടെ പ്രവത്തനം പരിമിതമായിരുന്നു. അതിൻശേഷം വിദേശിയർ പല ബാങ്കുകൾ സ്ഥാപിച്ചു. നാണയം ഏറെനാൾ അവരുടെ നിയന്ത്രണത്തിലായിരുന്നു. കടലാസ്സു നാണയങ്ങളും നടപ്പിലാക്കി. ഈ സംഗതികളെല്ലാം കണ്ടു മനസ്സിലാക്കിയ ചീനരും പല ബാങ്കുകൾ സ്ഥാപിച്ചു് പ്രവത്തനമാരംഭിച്ചു. അങ്ങനെ ഇപ്പോൾ ഇരുപത്തിനാലു വിദേശീയബാങ്കുകളും, നൂറിൽ പരം ചീനരുടെ ബാങ്കുകളും ഉണ്ടെന്നു കാണുന്നു. എന്നാൽ മൂലധനംകൊണ്ടും, വിപുലമായ പ്രവത്തനം കൊണ്ടും, വിദേശീയ ബാങ്കുകളോടു കിടനില്ക്കത്തക്കതല്ല പല ചീനാബാങ്കുകളും. 1914 ലെ ലോകമഹായുദ്ധത്തോടുകൂടി വിദേശീയബാങ്കുകൾ എല്ലാം പൊളിഞ്ഞു. ധനം സുരക്ഷിതമായിരിക്കുമെന്നു കരുതിയ നിക്ഷേപകരെല്ലാംതന്നെ നിർദ്ധനരുമായി. ഈ സ്ഥിതി ഇപ്പോൾ മാറിയിട്ടുണ്ടു്. ബാങ്കുകളിലെ നിക്ഷേപങ്ങൾ ലോകമഹായുദ്ധത്തിനു മുമ്പുണ്ടായിരുന്നതിനെക്കാൾ പതിന്മടങ്ങു വർദ്ധിച്ചു. കൂടുതൽ പലിശനിരക്കിലും, ശരിയായ ഉറപ്പിലും ബാങ്കുകളിൽനിന്നു ധനം കടംകൊടുക്കുന്നു. ഈ വിധം ഒരു പരിവത്തനം വന്നപ്പോൾ ഗ്രാമങ്ങളിൽ സാധാരണ നടത്തി വന്നിരുന്ന കൈത്തൊഴിലുകൾ മന്ദീഭവിക്കുകയും, നഗരങ്ങൾ ക്രമാതീതമായി അഭിവൃദ്ധിപ്പെടുകയും ചെയ്തു. പുതിയ ബാങ്കുകളും പുതിയ വ്യവസായശാലകളും കൊണ്ടു് ആധുനികചൈന ഒരു നവയുഗത്തിലേക്കു പ്രയാണം ചെയ്യുകയാണു്.

വിഷമമേറിയ പല ജീവിതപ്രശ്നങ്ങൾ ഇന്നു ചൈനയിലെ നാഷനൽ ഗവമ്മെൻറിനു അഭിമുഖീകരിക്കേണ്ടതുണ്ടു്. സാമ്രാജ്യത്തിൻെറ വിസ്തൃതിയും, ജനബാഹുല്യവും ഈ പ്രശ്നങ്ങൾക്കു മദ്ധ്യെ വിലങ്ങം...

നില്ക്കുകയാണു്. എങ്കിലും നാഷനൽ ഗവമ്മെൻറു സാമ്പത്തിക പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാക്കാതിരിക്കുന്നില്ല. 1931-ൽ നാഷനൽ എക്കണോമിക് കൌൺസിൽ ഉൽഘാടനം ചെയ്തു. വിപുലമായ ഒരു പുനരുദ്ധാരണപദ്ധതി രൂപവൽകരിച്ചു് ആ ജോലി കൗൺസിൽ ഏറെറടുത്തു. ഏതാനും കൊല്ലത്തിനുള്ളിൽ ഒരു സാമ്പത്തിക നവീകരണം ചൈനയിലുണ്ടായി. റിപ്പബ്ളിക്കിൻെറ പ്രതിഷ്ഠാപനത്തിനുമുമ്പു് രാഷ്ട്രം ധനപരമായ കാര്യങ്ങളിൽ കുഴങ്ങിയിരുന്നു. ബഡ്ജററ് രൂപീകരിക്കുക എന്ന കാര്യമേ അറിവായിരുന്നില്ല. എന്നാൽ 1930-ൽ നാഷനൽബഡ്ജററു് ആദ്യമായി പ്രസിദ്ധീകരിക്കുകയും കൺട്രോളർ ജനറൽ ആഫ് നാഷനൽ ഫിനാൻസ് എന്ന ഒരു പുതിയ ഉദ്യോഗം സൃഷ്ടിക്കുകയും ചെയ്തു. അതിനു ശേഷം വഷംതോറും ഗവർമ്മെൻറിൻെറ വരവുചെലവു കണക്കുകൾ പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. ജനങ്ങളിൽ നിന്നും മൻക്രൂരായും, പ്രത്യേകമായും വസൂലാക്കിയിരുന്ന കരങ്ങൾ നിറുത്തലാക്കി പകരം പ്രതിവഷം ലഭിക്കുന്ന ആദായത്തിൻെറ ഒരു ശതമാനം കരം ഏപ്പെടുത്തി. അതനുസരിച്ചു് രാഷ്ട്രത്തിലെ വരവിൽ ഗണ്യമായ വദ്ധനവുണ്ടായി.

ചൈനയിലെ പഴയ പ്രധാന നാണയത്തിനു റേറൽ എന്നാണു പറയുന്നതു്. അതു് ഒന്നരഔൺസു തൂക്കമുള്ള ഒരു വെള്ളിക്കഷ്ണം മാത്രമേ ആകുന്നുള്ളു. തൂക്കമനുസരിച്ചു് ദേശംതോറും അതിൻെറ വില മാറുന്നു. വെള്ളിയുടെ വില കുറയുമ്പോൾ അതനുസരിച്ചു നാണയത്തിൻെറ വിലയും കുറയും. പത്തു ലീ ഒരു ഫൂൺ, പത്തു ഫൂൺ ഒരു മേസ്, പത്തു മേസ് ഒരു റേറൽ ഇങ്ങനെയായിരുന്നു ചൈനയിലെ നാണയക്കണക്കു്. ലീ നടുക്കു ദ്വാരമുള്ള ഒരു ചെമ്പുനാണയമാണു്. യൂറോപ്യന്മാരുടെ ആഗമന

ത്തോട്ടുകൂടി ഡാളർ നടപ്പായി. രണ്ടു ഷില്ലിങ്ങ്, അതായത്തു് ഒന്നര രൂപയാണു് ഒരു ഡാളർ. ഡാളറും റേറലും കുറേനാഠം ഒന്നിച്ചു് നാണയമായി വിനിമയത്തിനുപയോഗിച്ചു. എന്നാൽ അതു വളരെ അസൗകര്യങ്ങഠംക്കും കുഴപ്പങ്ങഠംക്കും കാരണമാക്കി. ബാങ്കുകഠം സംഘടിപ്പിക്കുകയാണു് ആദ്യമായി ഗവർമ്മെൻറു ഈ കുഴപ്പങ്ങഠം പരിഹരിക്കുന്നതിനു ഉപയോഗിച്ച ഉപാധി. ഗവർമ്മെൻറിൻെറ സെൻട്രൽ ബാങ്കു് മൂലധനം വർദ്ധിപ്പിച്ചു് സംഘടിപ്പിച്ചു. അതുകൂടാതെ രണ്ടു ബാങ്കുകഠംകൂടി ഗവർമ്മെൻറു് ഏറെറടുത്തു് ഓരോന്നിനും പ്രത്യേക പ്രവർത്തനങ്ങഠം ഏല്പിച്ചു. അതിനു ശേഷം നിലവിലിരുന്ന പഴയ നാണയങ്ങഠം പിൻവലിക്കുകയും, പകരം ഡാളർ സ്ഥിരനാണയമായി അംഗീകരിക്കുകയും ചെയ്തു.

സാമ്പത്തികനിലയനുസരിച്ചു് ഗവർമ്മെൻറു നഗരങ്ങളുടെ അഭിവൃദ്ധിയിൽ മാത്രമല്ല ഗ്രാമങ്ങളുടെ ഉദ്ധാരണത്തിലും, തീവ്ര ശ്രമം ചെയ്യുന്നുണ്ടു്. കൃഷിയിൽ പ്രത്യേകാഭ്യസനം നല്കി സാമ്പത്തികസ്ഥിതി പുഷ്ടിപ്പെടുത്തുന്നതിനും, കാർഷികജീവിതം വിജയപ്രദമാക്കുന്നതിനും പല പദ്ധതികളും രൂപവല്ക്കരിച്ചിട്ടുണ്ടു്. കർഷകർക്കു പരസ്പര സഹായസംഘങ്ങഠംകൊണ്ടു് ധനപരമായ പല വിഷമതകളും ദൂരീകരിക്കാൻ സാധിക്കുന്നു. ഇങ്ങനെ ഒരു സ്ഥിതി സംജാതമായപ്പോഠം കാർഷികോല്പന്നങ്ങഠം ധാരാളമായി കയററുമതി ചെയ്തു തുടങ്ങി. കയററുമതി, ഇറക്കുമതിയെക്കാഠം കൂടുതലായിരുന്നതുകൊണ്ടു് ആ ഇനത്തിൽ ധാരാളം വരുമാനമുണ്ടായി. അനുദിനം രാഷ്ട്രത്തിൻെറ സാമ്പത്തികസ്ഥിതി ശ്രേയസ്കരമായിത്തീരുന്നതിനു നാഷനൽ ഗവർമ്മെൻറു് ഇന്നും അക്ഷീണയത്നം ചെയ്യുകയാണു്.

# X

## ജനനങ്ങളും ആചാരങ്ങളും

Man is a social animal

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണു്. ലോകത്തുള്ള മററു ജീവജാലങ്ങളെ അപേക്ഷിച്ച് വിശേഷബുദ്ധിയും, പ്രാപ്തിയും മനുഷ്യനാണല്ലോ ഈശ്വരൻ നല്കിയിട്ടുള്ളതു്. ഈ കഴിവുകൾ കൊണ്ടാണു് ലോകാരംഭം മുതൽക്കേ സംഘടിച്ചു പ്രവൎത്തിക്കുന്നതിനു മനുഷ്യനു സാധിച്ചതും ലോകം ഇന്നു മനുഷ്യന്റെ നിയന്ത്രണത്തിലായതും.

വളരെ ആകൎഷണീയരാണു് ചൈനയിലെ കിടാങ്ങൾ. അവരെ വാത്സല്യമായി വിളിക്കാറുള്ളതു് 'രത്നങ്ങൾ' എന്നാണു്. ആ ശിശുക്കളുടെ തിളങ്ങുന്ന കറുത്ത കണ്ണുകളും, കൊഴുത്തുരുണ്ട ഇളംമഞ്ഞനിറത്തിലുള്ള ശരീരവും, ആപ്പിൾപഴംപോലെ തുടുത്തു പരന്ന മുഖവും, കറുത്ത അളകങ്ങളും ആരുടെ ഹൃദയത്തെയാണു് അപഹരിക്കാത്തതു്? ഒരു മാസം പ്രായമാകുന്നതുവരെ കുഞ്ഞുങ്ങളെ എടുത്തുകൊണ്ടു നടക്കണമെന്നാണു പ്രമാണം. അതിനുശേഷം മാത്രമേ തൊട്ടിലിൽ കിടത്തി വളൎത്താവൂ. ഒരു വയസ്സുതികയുമ്പോൾ വീട്ടിൽനിന്നും പുറത്തേക്കിറക്കാൻ ആരംഭിക്കും. ആദ്യത്തെ പിറന്നാളിനു വലിയ ആഘോഷങ്ങളും സദ്യയും ഉണ്ടായിരിക്കും. കുഞ്ഞുങ്ങളെ സംബന്ധിച്ച് ചില അന്ധവിശ്വാസങ്ങളും ശാസ്ത്രങ്ങളും ചീനരുടെ ഇടയിൽ നടപ്പുണ്ടു്. പെൺകുട്ടികൾക്കു് ഏഴ

വയസ്സു പ്രായമാകുമ്പോൾ പാദം ചുരുങ്ങുന്നതിനു കാൽവിരലുകളെല്ലാംകൂടി കൂട്ടിക്കെട്ടി വയ്ക്കുന്ന ഒരു സമ്പ്രദായമുണ്ടായിരുന്നു. കുലീനകുടുംബങ്ങളിലായിരുന്നു അതു നിർബന്ധം. പാദം ചുരുങ്ങിയിരിക്കുന്നതു് മനോഹരമാണെന്നത്രേ അവരുടെ വിശ്വാസം. പാദം കെട്ടിവയ്ക്കുമ്പോൾ കുറെ നാളത്തേക്കു പെൺകിടാങ്ങൾ അസഹനീയമായ വേദന അനുഭവിക്കേണ്ടിയിരുന്നു. ഇപ്പോൾ ഈ ആചാരങ്ങളെല്ലാം വളരെ കുറഞ്ഞിട്ടുണ്ടു്.

തെരുവുകളിലും, തുറസ്സായ സ്ഥലങ്ങളിലും വിവിധ വർണ്ണമുള്ള ഉടുപ്പുകളും ധരിച്ച് ബാലികാബാലകന്മാർ കൂട്ടംകൂട്ടമായി നിന്നു് കളിക്കുന്നതു സാധാരണമാണു്. പട്ടം പറത്തുക, പമ്പരം തിരിക്കുക എന്നിവയാണു് അവരുടെ പ്രധാന കളികൾ. സ്കൂളിൽ പോകുമ്പോൾ അവരോടൊന്നിച്ചു പരിചാരകനുണ്ടായിരിക്കും. ചെറിയ യജമാനനോടൊപ്പം തന്നെയാണു് ചിലപ്പോൾ അയാളുടെയും സ്ഥാനം. കുട്ടികളുടെ പ്രാഥമികവിദ്യാഭ്യാസം നിർബന്ധമാക്കുന്നതിനു ചീനാഗവർമ്മെൻറു ചില പദ്ധതികൾ രൂപവൽകരിച്ചിട്ടുണ്ടു്. പത്തുകൊല്ലം കൊണ്ടു് സാക്ഷരത്വം നിർബന്ധമാക്കാമെന്നാണു് ഗവർമെൻറിൻെറ പദ്ധതി. കാളെജുകളിലേക്കും, സ്കൂളുകളിലേക്കും വേണ്ട പഠനം 'ഏസ്വകാല' വ്യവസ്ഥകളിൽ ഇപ്പോൾ ചില കേന്ദ്രങ്ങളിൽ നല്കുന്നുണ്ടു്. കുട്ടികളുടെ പ്രത്യേക താല്പര്യങ്ങൾ പരിരക്ഷിക്കുന്നതിനും, സ്വദേശാഭിമാനം പുലർത്തുന്നതിനും ഉപകരിക്കുന്ന വിദ്യാഭ്യാസമാണു് കുട്ടികൾക്കു് ആദ്യമേ നല്കാറുള്ളതു്.

ആൺകുട്ടികളും പെൺകുട്ടികളും ഗൃഹജോലികൾ ചെയ്യാൻ നിർബദ്ധരാണു്. പെൺകുട്ടികൾ ഗൃഹകൃത്യ

ങ്ങളിൽ മാതാവിനെ സഹായിക്കുകയും, ആൺകുട്ടികൾ കാലികളെ സൂക്ഷിക്കുകയും, പിതാവിനോടുകൂടി കൃഷി കാര്യങ്ങൾ അന്വേഷിക്കയും ചെയ്യണം. വിശ്രമാവസരങ്ങളിൽ പെൺകിടാങ്ങൾ നൂൽ നൂല്ക്കുക, നെയ്യുക, കുപ്പായങ്ങൾ തുന്നുക മുതലായ കൃത്യങ്ങളിൽ ബദ്ധശ്രദ്ധരായിരിക്കും.

ജനസംഘടനകൾ രാഷ്ട്രങ്ങളുടെ ഉന്നമനത്തിനു നിദാനമായിരിക്കുന്നു. ചൈനയിലെ സാമൂഹ്യസംഘടനകളെ പലതായി വിഭജിച്ചിട്ടുണ്ട്. അവ പ്രാദേശീയ സംഘടന, വർഗ്ഗസംഘടന, തൊഴിലാളിസംഘടന എന്നിവയാണ്. ഈ മൂന്നു സംഘടനകളിൽ പ്രാധാന്യം വർഗ്ഗസംഘടനയ്ക്കാണ്. ചീനർ പൂർവ്വികരെ വന്ദിക്കുന്നവരായതുകൊണ്ട് കുടുംബ ബന്ധം സുദൃഢമായിരിക്കും. വർഗ്ഗസംഘടനയിലുള്ളവർ പൂർവ്വികനായ ഒരു മഹാൻെറ സന്താനപരമ്പരകളാണെന്ന് അഭിമാനിക്കുന്നു. വർഗ്ഗസംഘടനയിൽ പല ഉപഭാഗങ്ങളുണ്ട്. പൊതുവകയായി അവർക്ക് മനോഹരമായ ഒരു മന്ദിരവും, ഉപഭാഗങ്ങൾക്കു ഗ്രാമങ്ങളിൽ പ്രത്യേകമായ ശാഖാമന്ദിരങ്ങളുമുണ്ട്. കുടുംബമന്ദിരമാണ് പ്രധാന ആസ്ഥാനം. വർഗ്ഗസംഘത്തിലെ ഏററവും പ്രായംകൂടിയ ആളാണ് സംഘത്തലവൻ. അദ്ദേഹത്തിൻെറ സഹകരണത്തിന് സംഘത്തിൽനിന്നും മററു ചില അംഗങ്ങളെയും തിരഞ്ഞെടുക്കുന്നു. പൂർവ്വികപിതാവിൻെറ ജന്മദിനത്തിലും, ഇതര വിശേഷ ദിവസങ്ങളിലും, അംഗങ്ങൾ ഒന്നിച്ചു കുടുംബമന്ദിരത്തിൽ ചെന്നു് അർച്ചനകൾ അർപ്പിക്കാറുണ്ട്. സൂക്ഷ്മമായ സർവ്വവിവരങ്ങളും ചിത്രീകരിക്കുന്ന സംഘാംഗങ്ങളുടെ വംശചരിത്രം കുടുംബമന്ദിരത്തിൽ എഴുതി സൂക്ഷിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിൽ അഭിപ്രായഭിന്നതകളും വഴക്കുകളും ഉണ്ടാകു

മ്പോഠം അതെല്ലാം കുടുംബമന്ദിരത്തിൽവച്ച് സംഘത്തല വന്റെ നേതൃത്വത്തിൽ പറഞ്ഞൊതുക്കാറുണ്ടു്. അങ്ങനെ അവസാനിക്കാത്ത കാൎയ്യങ്ങഠംക്കു മാത്രമേ കോടതിയുടെ സഹായമാവശ്യപ്പെടാറുണ്ടായിരുന്നുള്ളു.

വളരെ പഴക്കമുള്ളതാണു തൊഴിലാളി സംഘടന ഓരോ പ്രത്യേകം തൊഴിലുള്ളവർ ഒന്നുചേൎന്നാണു് ഈ സംഘം രൂപവൽകരിച്ചിട്ടുള്ളതു്. ധാരാളം മൂലധനമുള്ള പ്രസ്തുതസംഘത്തിന്റെ കാൎയ്യങ്ങഠം നിൎവ്വഹിക്കുന്നതു് ഒരു തെരഞ്ഞെടുക്കപ്പെട്ട കൗൺസിൽമുഖാന്തരമാണു്. പൊതു സമ്മേളനം കൊല്ലത്തിൽ രണ്ടു പ്രാവശ്യം കൂടി തൊഴിൽ പരമായ കാൎയ്യങ്ങളെപ്പററി ചൎച്ചചെയ്യും. തൊഴിലിനു അവർ സങ്കല്പിച്ചിട്ടുള്ള ദൈവമാണു് അവരുടെ കുല ദൈവം.

കൂടാതെ ഗ്രാമങ്ങളിൽപല സാമൂഹ്യസംഘങ്ങളുണ്ടു്. അവയുടെ അധീനതയിലാണു് ഓരോ ദേശങ്ങഠംക്കുംഉപ യോഗിക്കാനുള്ള ക്ഷേത്രങ്ങഠം. അതുകൂടാതെ, അവിടവിടെ കളപ്പുരകളും, കലവറകളും സ്ഥാപിച്ചിട്ടുണ്ടു്. ക്ഷാമബാ ധിതരെ സഹായിക്കുന്നതിനു ദേശങ്ങളിലെ ആവശ്യം കഴിഞ്ഞു വരുന്ന ധാന്യം അവിടെ ശേഖരിച്ചുവയ്ക്കുന്നു. പൊതുജനസമ്മേളനങ്ങഠം നടത്തുന്നതിനു വിസ്തൃതങ്ങ ളായ മന്ദിരങ്ങളുണ്ടു്. അവിടെ വച്ചാണു് സംഘാംഗങ്ങ ളുടെ അഭിപ്രായഭിന്നതകളും ചില്ലറ വഴക്കുകളും പറഞ്ഞു തീക്കാറുള്ളതു്.

നിരവധി ധൎമ്മസ്ഥാപനങ്ങളും, ആതുരാലയങ്ങളും, അഗതിമന്ദിരങ്ങളും, സ്ത്രീകഠംക്കും പുരുഷന്മാൎക്കുംപ്രത്യേകം സംഘങ്ങഠംവകയായി നടത്തുന്നുണ്ടു്. ആശ്രയമററ വിധ വകഠംക്കും, അച്ഛനമ്മമാരില്ലാത്ത ബാലികാബാലന്മാൎക്കും

വൃദ്ധജനങ്ങൾക്കും, തെണ്ടിനടക്കുന്ന സാധുക്കൾക്കും, അംഗഹീനക്കുമായിട്ടാണ് ഈ സ്ഥാപനങ്ങൾ. ഇവ കൂടാതെ മതസംബന്ധമായ പല സംഘങ്ങൾ ഓരോ മതത്തിൻേറയും താല്പര്യങ്ങൾ പരിരക്ഷിച്ചു പ്രവൎത്തിക്കുന്നു.

ചീനരുടെ സാമൂഹ്യജീവിതത്തിൽ കുടുംബം അതിപ്രധാനമായ ഒരു സ്ഥാനം വഹിക്കുന്നു. മാതാപിതാക്കന്മാരോടും, സഹോദരങ്ങളോടും, സുഹൃത്തുക്കളോടുമുള്ള ഭക്തിയും സ്നേഹവും ചീനക്കു അളവററതാണു്. ഒരു കുടുംബത്തിൽ എത്ര കൂടുതൽ അംഗങ്ങളുണ്ടെങ്കിലും, ഒന്നിച്ചു വസിക്കുന്നതു ആനന്ദപ്രദമായി അവർ കരുതാറുണ്ടു്. അവിടത്തെ ഒരു മാതൃകാകുടുംബത്തിൽ നാലഞ്ചു തലമുറകളിലെ അംഗങ്ങൾ ഒന്നിച്ചു സമാധാനമായി വസിക്കുന്നതു കാണുമ്പോൾ നമുക്ക് അദ്ഭുതം തോന്നാവുന്നതാണ്. ഇങ്ങനെയുള്ള ഒരു കുടുംബത്തിൽ കുറഞ്ഞതു ഒരുനൂറു അംഗങ്ങളെങ്കിലുമുണ്ടായിരിക്കും. ഭിന്ന തൊഴിലുകളോ പ്രായവ്യത്യാസങ്ങളോ ഗണ്യമാക്കാതെ കുടുംബാംഗങ്ങൾ അന്യോന്യം സ്നേഹിച്ചു് കുടുംബത്തിൻേറ പൊതു ശ്രേയസ്സിനവേണ്ടി യത്നിക്കുന്നു. കുടുംബത്തോടു് ഓരോ അംഗങ്ങൾക്കും ചില കടപ്പാടുകളും കൎത്തവ്യങ്ങളുമുണ്ടു്. എങ്കിലും ഒന്നിച്ചുള്ള ജീവിതം കുടുംബാംഗങ്ങളിൽ ചിലപ്പോൾ അഭിപ്രായഭിന്നതകൾക്കും, അസുഖങ്ങൾക്കും കാരണമാക്കി എന്നു വരാം. ഈ പഴയ കുടുംബരീതി ഇപ്പോൾ ഭേദപ്പെട്ടുവരികയാണ്. പാശ്ചാത്യരാജ്യങ്ങളിൽ പൎയ്യടനം കഴിഞ്ഞു് മടങ്ങിയെത്തുന്ന ചീനരോടു് സഹധൎമ്മിണികളായി സാധാരണ പാശ്ചാത്യവനിതകളും കാണും. അവരുടെ ജീവിതരീതിയനുസരിച്ചു് ഒന്നിച്ചുപാക്കുന്ന കുടുംബജീവിതം സാദ്ധ്യമാകുന്നില്ല.

ചീനസമുദായത്തിൽ ഒരു കുടുംബത്തിലെ നായകൻെറ ഭാൎയ്യയാണ് കുടുംബഭരണം നടത്തുന്നതു്. പ്രാചീനകാലംമുതൽ തന്നെ ഗൃഹകൃത്യങ്ങളുടെ ചുമതല സ്ത്രീകളിൽ നിക്ഷിപ്തമായിരുന്നു. സ്ത്രീകൾ ഗൃഹങ്ങളിലും, പുരുഷന്മാർ ഗൃഹത്തിനു പുറമെയും, കൃത്യങ്ങൾ നിൎവ്വഹിക്കുകയാണല്ലോ സാധാരണ പതിവു്. ചൈനയിലെ കുടുംബിനിക്കു് ഗൃഹകാൎയ്യങ്ങളിലും ഭൎത്താവിലും അസാധാരണമായ അധികാരങ്ങളുണ്ടു്. ചൈനയിലെ എല്ലാ ഭൎത്താക്കന്മാരും അവരുടെ ഭാൎയ്യമാരുടെ നിയന്ത്രണത്തിലാണു്. ചൈനയിലെ വീരപുരുഷന്മാർപോലും അവരുടെ ഭാൎയ്യമാരുടെ ചൊല്പടിക്കു നില്ക്കുന്നു. കുടുംബകാൎയ്യങ്ങളിൽ സ്ത്രീയുടെ പദവി ഇതാണെങ്കിലും, സമുദായത്തിൽ അവൎക്കു വലിയ സ്ഥാനമില്ല. ഒരുകാലത്തുണ്ടായിരുന്ന ബഹുമാന്യ പദവികളെല്ലാം ഇന്നു് നാമാവശേഷമായിത്തീൎന്നിരിക്കുന്നു. എങ്കിലും സ്ത്രീകൾക്കു ചില പ്രത്യേക കൎത്തവ്യങ്ങളും ധൎമ്മാചാരങ്ങളും അനുഷ്ഠിക്കേണ്ടതുണ്ടു്. കന്യകയായിരിക്കുമ്പോൾ പിതാവിനു കീഴടങ്ങിയും, ഭാൎയ്യയായിരിക്കുമ്പോൾ ഭൎത്താവിനുകീഴ്പെട്ടും, വിധവയാകുമ്പോൾ മകൻെറ അനുസരണയിലും ജീവിക്കാൻ നിൎബ്ബന്ധരാണു സ്ത്രീകൾ. അവർ ചാരിത്ര്യം, ദൈവഭക്തി, സൗശീല്യം, വിനയം എന്നീ വിശിഷ്ട സ്വഭാവങ്ങളുള്ളവരും, തയ്യൽ, നെയ്ത്തു, പാചകവൃത്തി എന്നിവയിൽ സമൎത്ഥരും ആയിരിക്കാൻ ചെറുപ്രായത്തിൽതന്നെ ശിക്ഷണം നല്കുന്നു. അങ്ങനെ വളൎത്തുന്ന പെൺകുട്ടി പ്രായമാകുമ്പോൾ, പതിഭക്തയായ ഒരു ഭാൎയ്യയും, സ്നേഹമയിയായ ഒരു മാതാവും, സൗശീല്യാദിഗുണങ്ങളുള്ള ഒരു സ്ത്രീരത്നവുമായിത്തീരുന്നതിൽ ആശ്ചൎയ്യപ്പെടാനില്ലല്ലോ. സ്ത്രീപുരുഷന്മാർ പൊതുസമ്മേളനങ്ങളിൽ വളരെ അകന്നു മാത്രമേ പെരുമാറാറുള്ളു. ചില പരിഷ്കൃത രാജ്യങ്ങളിൽ കാണുന്നപോലെ

ചൈനയിലെ പൊതുനിരത്തുകളിൽക്കൂടി സ്ത്രീപുരുഷന്മാർ ഹസ്തേനഹസ്തരായി പോകാറില്ല. അതു് അത്യന്തം അപഹസനീയമായി കരുതുന്നു. റിപ്പബ്ലിക്കിന്റെ പ്രതിഷ്ഠാപനശേഷം സ്ത്രീകളുടെ ഉന്നമനത്തിനു യത്നിക്കുന്നുണ്ടു്. പുരുഷന്മാരോടൊപ്പം അവൎക്കു സമത്വമനുവദിക്കുകയും, ഗവൺമെന്റുദ്യോഗങ്ങൾ നല്കുകയും ചെയ്തിട്ടുണ്ടു്. സഹവിദ്യാഭ്യാസം നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും, പ്രത്യേക വിദ്യാലയങ്ങളും അനവധി ഉണ്ടു്. ഇന്നു ദേശീയരംഗത്തും രാഷ്ട്രപ്രകടനങ്ങളിലും സ്ത്രീകൾ പ്രധാനഭാഗം വഹിക്കുന്നു. പാശ്ചാത്യസമ്പൎക്കവും ഉന്നതവിദ്യാഭ്യാസവും കൊണ്ടു ആധുനിക ചൈനയിലെ സ്ത്രീലോകം ഒരു പരിവത്തനത്തിനു വിധേയരായി ഭവിച്ചിട്ടുണ്ടു്. കെട്ടിവരിഞ്ഞതിനാൽ ഹ്രസ്വമായിത്തീൎന്ന കാലുകളും, വളരെ നീളത്തിൽ പിന്നിക്കെട്ടി പുറകോട്ടു് ഇട്ടിട്ടുള്ള തലമുടിയും, തുന്നൽ പണിയിലും, ഗൃഹകൃത്യങ്ങളിലുമായി സമയംകഴിയുന്ന മഞ്ഞനിറമുള്ളവരുമെന്നാണു് ചീനസ്ത്രീകളെപ്പററി പറയുമ്പോൾ നാം സങ്കല്പിക്കാറുള്ളതു്. എന്നാൽ 'മൂലാനെ' യെപ്പോലെ പുരുഷവേഷം ധരിച്ചു പടപൊരുതിയ വീരരമണികളും 'പേൻചോയെ'പ്പോലെ നിസർഗ്ഗസുന്ദരമായ കവിതകൾ ഗാനം ചെയ്തിരുന്ന കവയിത്രികളും ചീനാചരിത്രത്തിൽ കാണാം. ഡാക്ടർ സൻയാത് സെന്നിന്റെ പത്നി മാഡം സൻയാതു് സെന്നും, മാഡം ച്യാങ് കയ്ഷെയ്ക്കും സംസ്കാരത്തിനും, പാരമ്പര്യത്തിനും സ്ത്രീകളുടെ ഉന്നമനത്തിനും, രാഷ്ട്രപുരോഗതിക്കുമായി മാതൃഭൂമിക്കു ജീവിതമപ്പിച്ചിരിക്കുന്ന ആധുനിക ചൈനയിലെ രണ്ടു മഹതികളാണു്. ഇക്കഴിഞ്ഞ യുദ്ധത്തിൽ സ്ത്രീകൾ അഭിനയിച്ച സേവനമനോഭാവം അവരുടെ ധൈര്യത്തെയും മാതൃഭൂമിയോടുള്ള സ്നേഹത്തെയും പ്രകാശിപ്പി

ക്കുന്നു. ചൈനയിൽ ഇപ്പോൾ മൂന്നൂററി അൻപതിൽ പരം വിവിധ വനിതാപ്രസ്ഥാനങ്ങളുണ്ട്.

ചീനസമുദായത്തിലെ ആചാരരീതി പ്രത്യേക തത്വങ്ങളിൽ പ്രതിഷ്ഠിതമാണു്. ബന്ധുവായാലും, അന്യനായാലും പ്രായക്കൂടുതലുള്ളവരെ ബഹുമാനിക്കുന്നു. മൂത്ത സഹോദരനെയും ഇളയ സഹോദരനെയും ഓരോ സംജ്ഞയിലാണു ചൈനയിൽ അറിയപ്പെടുന്നതു്. അമ്മയുടെയും അച്ഛന്റെയും സഹോദരങ്ങളെ അടുപ്പം കണക്കാക്കിയാണു വിളിക്കാറുള്ളതു്. പാശ്ചാത്യദേശങ്ങളിൽ ഈ ബന്ധങ്ങൾ അറിയുന്നതിനു നടപ്പിലിരിക്കുന്ന രീതിയല്ല ചൈനയിലുള്ളതു്.

ചീനരുടെ ആതിഥ്യമര്യാദകൾ ഏററവും ശ്ലാഘനീയമാണു്. അവർ ഒരുവക സൽക്കാരപ്രിയന്മാരാണു്. അതിഥികളെ ഉപചരിക്കുന്നതിനും, അവരെ മാന്യസ്ഥാനത്തിരുത്തുന്നതിനും ഗൃഹനായകൻ പ്രത്യേകം താല്പര്യം പ്രദർശിപ്പിക്കുന്നു. പ്രത്യേകമായി സൽക്കാരത്തിനു ക്ഷണിക്കുമ്പോൾ സദ്യക്കു വിശേഷവസ്ത്രങ്ങൾ ധരിക്കണമെന്നു നിർബന്ധമാണു്. അതിഥിയെ ഉപചാരംപറഞ്ഞു് ഉപവിഷ്ടനാക്കിയതിനുശേഷമല്ലാതെ ആതിഥേയൻ ഇരിക്കാറില്ല. സദ്യ വിഭവസമൃദ്ധമായിരിക്കും. തേനിൽ കൂട്ടിക്കുഴച്ച പലതരം പഴവർഗ്ഗങ്ങൾ, ചോറു്, കോതമ്പു്, മധുരപലഹാരങ്ങൾ, പന്നിമാംസം, സോയബീൻ, മത്സ്യം, പഞ്ചസാരചേർത്ത ബിസ്കററു് എന്നിവസാധാരണമാണു്. ചോപ്പ് സ്റ്റിക്ക് അഥവാ ഭക്ഷണംകഴിക്കുന്നതിനുള്ള ഒരുതരം കോൽകൊണ്ടാണു് ആഹാരം കഴിക്കുന്നതു്. വലതു കൈകൊണ്ടു മാത്രമേ ചോപ്പ്സ്റ്റിക്ക് ഉപയോഗിക്കാവൂ. ഇടതുകൈ ഉപയോഗിക്കുന്നതു് മര്യാദകേടായി കരുതുന്നു.

പാനീയത്തിൻപയോഗിക്കുന്നതു ചൂടാക്കിയ മുന്തിരിങ്ങാനീരാണു്. വിളമ്പുന്ന സാധനങ്ങളിൽ പത്ഥ്യമില്ലെങ്കിലും അല്പമെങ്കിലും കഴിക്കണമെന്നാണു് നിയമം. സദ്യയുടെ അവസാന ചടങ്ങാണു തേയില.

ചീനർ പൊതുവെ സ്നേഹം, ഭക്തി, പരോപകാരം, സത്യസന്ധത, സമാധാനം, ഐക്യത, നീതി എന്നീസദാചാരങ്ങളിൽ നിഷ്ഠയുള്ളവരാണു്. സ്വദേശസ്നേഹം അവൎക്കു ജീവശ്വാസമാണു്. അതാണല്ലോ ജപ്പാന്റെ നിരന്തരമായ ബാംബുകൾക്കും, വെടിയുണ്ടകൾക്കും ചീനരുടെ മനോധൈൎയ്യത്തെയും ദൃഢനിശ്ചയത്തെയും ഇളക്കുവാൻ സാദ്ധ്യമാകാതിരുന്നതു്. ആധുനികചൈനയുടെ ജനയിതാവായ ഡാക്ടർ സൻയാത് സെന്നിനോടും, ഇന്നത്തെ ഭരണമേധാവിയായ ജനറാലിസിമോ ച്യാങ്ങ് കയ്ഷക്കിനോടും ജനങ്ങൾക്കു് അളവററ സ്നേഹാദരബഹുമാനങ്ങളുണ്ടു്. പൊതുസ്ഥലങ്ങളിൽവച്ച് ഭരണമേധാവിയുടെ നാമം ഉച്ചരിച്ചാൽ ജനങ്ങൾ ഭയഭക്തിപൂൎവം എഴുന്നേററു നില്ക്കണമെന്നാണു നിയമം. നക്ഷത്രാങ്കിതമായ ആ ദേശീയപതാക രാവിലേയും വൈകുന്നേരവും ഉയൎത്തുമ്പോഴും താഴ്ത്തുമ്പോഴും ഗതാഗതം നിറുത്തി മൗനം ആചരിക്കുന്നതു തലസ്ഥാനനഗരിയിൽ മാത്രമേയുള്ളു. അന്യരാജ്യങ്ങളോടു് ചീനൎക്കു വളരെ ആദരവും ബഹുമാനവുമുണ്ടു്. 'ബഹുമാനപ്പെട്ട' എന്ന പദം ഇതരരാജ്യങ്ങളെ സംബോധന ചെയ്യുമ്പോൾ ഒരു വിശേഷണമായി ചീനർ ഉപയോഗിക്കാറുണ്ടു്. ഇന്ത്യയെപ്പററി ചീനൎക്കു പൊതുവെ വളരെ ബഹുമാനമാണെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ബഹുസഹസ്രം വൎഷങ്ങളായി ചൈനയും ഇന്ത്യയും തമ്മിലുള്ള സുഹൃൽബന്ധം സുദൃഢമായിരിക്കുന്നു. ബുദ്ധിപരവും,

സാംസ്കാരികവുമായ അടിസ്ഥാനങ്ങളിന്മേലാണ് ഈ രണ്ടു രാഷ്ട്രങ്ങളുടേയും ബന്ധം. കല, മതം, സാഹിത്യം, വ്യവസായം എന്നിവകളിൽ പ്രാചീനകാലംമുതൽ സഹകരണമുണ്ടായിട്ടുണ്ട്. ശ്രീബുദ്ധനിലും ഉപദേശങ്ങളിലുംവഴി ചീനയ്ക്കു ഇന്ത്യയുമായി പല സൗഹാർദ്ദങ്ങളും പുലത്താൻ കഴിഞ്ഞു. വ്യവസായവ്യുല്പന്നങ്ങളായ ചീനപ്പട്ടും, ചീനഭരണികളും മാത്രമല്ല ഇന്ത്യയിൽ എത്തിയിട്ടുള്ളതു്. ഫാഹിൻ, ഹ്യൂയങ് സാങ്, സങ്യൻ, ഇട്സിങ് മുതലായി ഇന്ത്യസന്ദർശിച്ച ചീന സഞ്ചാരികളും, ഇന്ത്യയിൽനിന്നു് ചൈനയിലേക്കു പ്രയാണം ചെയ്തപ്രസിദ്ധരും പണ്ഡിതരുമായ കാശ്യപമാതംഗൻ, ബുദ്ധഭദ്രൻ, ജിനഭദ്രൻ, കുമാരജീവൻ, ബോധിധർമ്മൻ തുടങ്ങിയവരും സാംസ്കാരികമായ ബന്ധം ദൃഢപ്പെടുത്തി. ആധുനിക കാലമായപ്പോഴേക്കും ഗുരുദേവൻ ശാന്തിനികേതനത്തിലെ വിശ്വഭാരതിയിൽ ചീനസംസ്കാരത്തിൻെറയും, കലകളുടെയും സമ്പർക്കം പുലത്താൻ, ചീനപണ്ഡിതനായ പ്രൊഫസർ താൻയൻ ഷാൻെറ നേതൃത്വത്തിൽ 'ചീനഭവനം' സംഘടിപ്പിച്ചിട്ടുണ്ട്. ചൈനയുമായുള്ള സൗഹൃദബന്ധത്തിൻെറ മാററുകൂട്ടാൻ മഹാകവി 1924-ൽ വിശ്വഭാരതിയിലെ ചില അനുയായികളോടൊന്നിച്ചു് ചൈനയിലേക്കു പുറപ്പെട്ടു. ഏപ്രിൽ 1-ാംതീയതി അദ്ദേഹം ഷാങ്ഹായിൽ എത്തി. ഗുരുദേവൻെറ ബഹുമാനാർത്ഥം ചീനജനത ഹൃദയംഗമമായ സ്വീകരണം നല്കി. ആ ഹ്രസ്വയാത്രയിൽ ചരിത്രപരവും, കലാപരവും, സാംസ്കാരികവുമായി പ്രാധാന്യമർഹിക്കുന്ന വിവിധസ്ഥലങ്ങൾ അദ്ദേഹം സന്ദർശിച്ചു. നാൻകിങിലെ സർവ്വകലാശാലയിലും, മററു പ്രധാനവിദ്യാഭ്യാസകേന്ദ്രങ്ങളിലും കലാപരവും സാംസ്കാരികവുമായ വിഷയങ്ങളെ

പുരസ്കരിച്ച് പ്രസംഗിക്കുകയുണ്ടായി. നാൻകിങ്ങിൽനിന്ന് ആ വിശിഷ്ടാതിഥിയെ പ്രത്യേക തീവണ്ടിമാർഗ്ഗം പീക്കിങ്ങിലേക്ക് ആനയിപ്പിച്ചു. അവിടെവച്ച് മഹാകവിക്കു നല്കിയ സ്വീകരണം ചക്രവർത്തികൾ വിദേശീയപ്രതിനിധികളെ സ്വീകരിച്ചിരുന്ന ചരിത്രപ്രസിദ്ധമായ രാജമന്ദിരത്തിൽ വച്ചായിരുന്നു. പീക്കിങ്ങ് നഗരത്തെ 'വിലക്കപ്പെട്ടനഗരം' എന്നും പറയാറുണ്ട്. ചൈനയിലെ ജീവിതത്തിൻെറ ഒരു പ്രതിബിംബനം പീക്കിങ്ങ് നഗരിയിൽ പ്രത്യക്ഷമാണ്. നയനാഭിരാമമായ സൗധങ്ങൾ കലാവൈദഗ്ദ്ധ്യം പ്രസ്ഫുരിപ്പിക്കുന്ന ശില്പവേലകൾ, ചിത്രങ്ങൾ, സുവർണ്ണ സ്തൂപികകൾ എന്നിവയാൽ അലംകൃതമാണ് ആ നഗരം കുബ്ലൈഖാൻെറ കാലത്താണ് പീക്കിങ്ങ് ചൈനയുടെ തലസ്ഥാനമായിത്തീർന്നത്. അവിടെയുള്ള വളരെ പുരാതനമായ ഒരു ബൗദ്ധക്ഷേത്രത്തിൽവച്ച് അദ്ദേഹം സർവ്വസാഹോദര്യത്തെ അവലംബിച്ചു പ്രസംഗിച്ചു. ചീനകലാകാരന്മാരുടെ ഏകോപിച്ചുള്ള ഒരു ചിത്രപ്രദർശനത്തിനു മഹാകവിയെ ക്ഷണിച്ചിരുന്നു ഇന്ത്യയും, ചൈനയും തമ്മിലുള്ള ബന്ധത്തെ അടുപ്പിക്കുന്നതിനു പര്യാപ്തമായ ഒരു പ്രദർശനമായിരുന്നു അത്. മേയ് 8-ാംതീയതി ഗുരുദേവൻെറ ജന്മദിനം ആഘോഷസമന്വിതം കൊണ്ടാടി. അന്ന് മഹാകവിയുടെ 'ചിത്ര'യും തന്മയത്വമായി അഭിനയിച്ചു. മേയ് 29-ാംതീയതി ചീനാസുഹൃത്തുക്കളോടു യാത്രപറഞ്ഞു് മഹാകവി മടങ്ങി. അങ്ങനെ അദ്ദേഹത്തിൻെറ ദൗത്യം സന്തോഷസമന്വിതം പര്യവസാനിപ്പിച്ചു.

പല സാമ്പത്തിക വൈഷമ്യങ്ങളുമുണ്ടെങ്കിലും ഇന്ത്യയിലെ ക്ഷാമനിവാരണത്തിനുവേണ്ടി മാഡം ച്യാങ്കയ്ഷക്കിൻെറ നേതൃത്വത്തിൽ ഏഴുലക്ഷത്തിൽപരം രൂപാ

ശേഖരിച്ച സംഭാവന ചെയ്തതു് നമുക്ക് അറിവുള്ളതാണല്ലോ. അതുപോലെതന്നെ ജപ്പാനുമായുണ്ടായ കഴിഞ്ഞ സമരത്തിൽ ചൈനയ്ക്കു ഒരു വൈദ്യസംഘത്തെ അയച്ചു് ഇന്ത്യാ ഗണ്യമായ സേവനം നല്കിയിട്ടുണ്ടു്.

പൗരസ്ത്യരാജ്യങ്ങളെല്ലാം സ്വാധികാരസീമയ്ക്കുള്ളിലാക്കണമെന്ന ജപ്പാന്റെ സാമ്രാജ്യതൃഷ്ണ ഒരു ചീനാക്രമണത്തിനു പരിതഃസ്ഥിതികൾ സൃഷ്ടിച്ചു. 1931-ൽ ജപ്പാൻ മഞ്ചൂറിയ ആക്രമിച്ചതു് ഒരു ലോകമഹായുദ്ധത്തിന്റെയോ അഥവാ ജപ്പാന്റെ അധഃപതനത്തിന്റെയോ ആരംഭമായി അന്നത്തെ രാഷ്ട്രകുശലന്മാരാരും കരുതിയിരിക്കയില്ല. പൗരസ്ത്യരാജ്യങ്ങളിലെ സുശക്തരായ ഭീകരന്മാരോടെതിരിടാൻ ചൈന നിശ്ചയിച്ചു. ഒരവസാനവും കാണാത്ത ഒരു യുദ്ധമായിരുന്നു അതു്. ചൈനയുടെ പല ഭാഗങ്ങളും ജപ്പാനധീനമായി. അശക്തയും അശരണയുമായിരുന്ന ചൈനയ്ക്കു് സഹായം ആവശ്യമായിരുന്നു. മററു രാഷ്ട്രങ്ങളെല്ലാം നിഷ്പക്ഷതപാലിച്ചു. എന്നാൽ ഭാരതജനതയ്ക്കു ശ്രീബുദ്ധന്റെയും അശോകന്റെയും കാലം മുതല്ക്കു പുലർത്തിയ ആ സൌഹൃദബന്ധത്തെ വിസ്മരിക്കാൻ കഴിഞ്ഞില്ല. വിദേശീയഭരണത്താലമർത്തപ്പെട്ടിരുന്ന സ്വാതന്ത്ര്യബോധം ചീനയുടെ ദുസ്ഥിതിയിൽ ഉത്തേജിതമായി. സൈന്യസഹായം നല്കാൻ ഇന്ത്യ സ്വതന്ത്രയായിരുന്നില്ല. എന്നാൽ ഭാരതീയരുടെ അഭിമാനകേന്ദ്രമായ രാഷ്ട്രനേതാവു് പണ്ഡിററു് ജവഹർലാൽനെഹ്റു അതിനു് ഒരു പോംവഴി കണ്ടുപിടിച്ചു. സമരത്തിന്റെ യാതനകളനുഭവിക്കുന്ന അനേകലക്ഷം ജനങ്ങൾക്കു് വൈദ്യസഹായം നല്കുന്നതിനു് പ്രസിദ്ധഭിഷഗ്വരനായ ഡാക്ടർ അററാലിന്റെ നേതൃത്വത്തിൽ ഒരു വൈദ്യസംഘത്തെ അയക്കുക എന്നുള്ളതായിരുന്നു

അതു്. സ്പെയിനിലെ ആഭ്യന്തര കലഹത്തിനിടയ്ക്കു് ആതുരസേവനം നിർവ്വഹിച്ചു് ഡാക്ടർ അത്താലിനു് വേണ്ട പരിശീലനം ലഭിച്ചിരുന്നു. ഇന്ത്യൻനാഷനൽകാൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ ഒരു ചീനാ ദുരിതനിവാരണ സമിതി സംയോജിപ്പിച്ചു് ശ്രീ ഫതീസിങ്ങിനെ അതിൻെറ കാര്യദർശിയായി തിരഞ്ഞെടുത്തു. സമിതിയുടെ സഹായ്യാഭ്യർത്ഥന അനുസരിച്ചു് താമസംവിനാ, ധനവും ഔഷധങ്ങളും ശസ്ത്രക്രിയാസാമഗ്രികളും സുലഭമായിത്തീർന്നു. ഒരു വിദഗ്ദ്ധവൈദ്യസമിതി ചൈനയിലേക്കയയ്ക്കുന്ന ഡാക്ടർമാരെ തിരഞ്ഞെടുക്കാൻ നിയോഗിച്ചു. അമ്പതിൽപരം വയസ്സു പ്രായമുണ്ടെങ്കിലും, യുവപ്രസരിപ്പുള്ള നാഗപ്പൂരിലെ സുപ്രസിദ്ധ ഭിഷഗ്വരനായ ഡാക്ടർ ചോൽക്കർ, മുപ്പതുവയസ്സുപ്രായവും, നല്ല പ്രസരിപ്പും, സേവനതൃഷ്ണയും, ധീരതയും തുളുമ്പുന്ന ഡാക്ടർ മുക്കർജി, ഡാക്ടർ ദ്വാരകനാഥ കോട്നീസ്, മദ്ധ്യവയസ്കനും ചികിത്സാപടുവുമായ ഡാക്ടർ വിജയകുമാർ ബോസും എന്നിവരെ തിരഞ്ഞെടുത്തു. ഷോലാപ്പൂരിലെ ഒരു സാമാന്യ കുടുംബാംഗമായ ഡാ. കോട്നീസ്സ് ബോംബെ സർവ്വകലാശാലയിൽ നിന്നാണു വൈദ്യബിരുദം നേടിയതു്. 1938 ആഗസ്റ്റു മാസാവസാനത്തിൽ അവൎക്കു ബോംബയിലെ പൗരാവലി ഒരു യാത്രയയപ്പുനല്കി. യോഗാദ്ധ്യക്ഷയായിരുന്ന ഭാരതീയകവയിത്രി ശ്രീമതി സരോജിനീദേവി സേവനസന്നദ്ധരായ വൈദ്യസംഘത്തിനു ആശീസ്സുകൾ നേൎന്നുകൊണ്ടു് "ചൈനയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പക്ഷേ ചീനാസുഹൃത്തുക്കളോടൊപ്പം നിങ്ങളുടേയും ജീവൻഅൎപ്പിക്കേണ്ടിവരും" എന്നു് പ്രവചിച്ചിരുന്നു. സെപ്റ്റംബർ 1-ാംതീയതി ആ വൈദ്യസംഘം രോഗികൾക്കു സഞ്ചാരയോഗ്യമായ ഒരു ലോറിയും, ഒരു ചെറിയ കാറും, ഏറെ ഔഷധങ്ങളും, ശസ്ത്രക്രിയാ സാമഗ്രികളും ഒരു ചെറിയ

എക്സ്റേ യന്ത്രവുമായി എസ്സ്. എസ്സ്. രാജപുത്താന എന്നകപ്പലിൽ യാത്രപുറപ്പെട്ടു. കൊളംബ്, പെനാങ്ങ്, സിംഗപ്പൂർ മുതലായി കപ്പൽ കടന്നുപോയ തുറമുഖങ്ങളിൽവച്ച് അവക്ക് ഹാർദ്ദമായ സ്വീകരണങ്ങൾ ലഭിച്ചു. പതിനഞ്ചു ദിവസത്തെ കപ്പൽയാത്രക്കുശേഷം അവർ ഹാങ്കാങ്ങിലെത്തി. അവിടെ ചീനർ ഹൃദയംഗമമായി സ്വാഗതമരുളി. ഏതാനും ദിവസത്തെ താമസത്തിനിടക്ക്, മാഡം സൻയാത്സെന്നിനെയും, മാഡം ച്യാങ്ങ് കയ്ഷക്കിനെയും മററു പ്രധാനികളെയും പരിചയപ്പെടാൻ കഴിഞ്ഞു.

യുദ്ധമേഖലകളിലെ ചില ആശുപത്രികളിലാണ് അവർ ജോലിനോക്കേണ്ടിയിരുന്നത്. ആദ്യമായി ജോലിയിൽ പ്രവേശിച്ചതു് ചാങ്ഷാ നഗരിയിലെ ആശുപത്രിയിലൊന്നിലാണ്. ബോംബിൻെറയും, മരണത്തിൻെറയും മദ്ധ്യത്തിൽ വിശ്രമമെന്യേ ആതുരശുശ്രൂഷക്കിറങ്ങേണ്ടതും അവരുടെ കൃത്യമായിരുന്നു. അതിൽ അവർ ഒരിക്കൽപോലും വൈമനസ്യം പ്രകടിപ്പിച്ചിരുന്നില്ല. ചില റെഡ്ക്രാസ്സാശുപത്രികളിലും പിന്നീടു് ഹാൻകോവിലെ രണ്ടു ആശുപത്രികളിലും അവർ സേവനമനുഷ്ഠിച്ചു. ഏറെത്താമസിയാതെ ചീനഭാഷ കുറേശ്ശ വശമാക്കുകയും, ചൈനയിലെ ജീവിതരീതി പഠിക്കുകയും അങ്ങനെ ചീനരുടെ സ്നേഹാദരങ്ങൾ ആർജ്ജിക്കുകയുംചെയ്തു. ജപ്പാൻെറ ആക്രമണഫലമായി സ്ഥലം വെടിയേണ്ടിവരുമ്പോൾ, സേനാവിഭാഗങ്ങളോടൊപ്പം അനേകായിരംനാഴിക നടന്നും, പട്ടിണികിടന്നും മററു കേന്ദ്രങ്ങളിൽ എത്തിച്ചേരാൻ വൈദ്യസംഘത്തിനു വളരെ ക്ലേശിക്കേണ്ടിവന്നിട്ടുണ്ടു്. ഹാൻകോ ജപ്പാനധീനയായപ്പോൾ അവർ യെനാനിലേക്കു പുറപ്പെടാൻ ആഹ്വാനമുണ്ടായി. യാത്രാ

മദ്ധ്യേ ചുംകിങ്ങിൽവച്ചാണു് ഏററവും ഭയാനകമായ ഒരു ബോംബാക്രമണം അവക്കനുഭവപ്പെട്ടതു്. സ്ത്രീകളും കുഞ്ഞുങ്ങളും അന്നു ധാരാളം മൃതിയടഞ്ഞു. ആയിടെയാണു ഡാക്ടർ കോട്നീസിൻെറ വാത്സല്യപിതാവു് ചരമമടഞ്ഞ ദുഃഖവാത്ത അവക്കുലഭിച്ചതു്. കോട്നീസ്സിനെ നാട്ടിലേക്കു മടങ്ങാൻ സുഹൃത്തുക്കഠം ഉപദേശിച്ചു. എന്നാൽ തന്നിൽ നിക്ഷിപ്തമായിരിക്കുന്ന കൃത്യനിവ്വഹണത്തിൽ നിന്നു പിന്തിരിയാൻ അദ്ദേഹം ഒരുമ്പെട്ടില്ല.

ഏററവും ഭീകരയുദ്ധം നടന്നിരുന്നതു് യെനാനിലായിരുന്നു. ഒൻപതുമാസത്തോളം ആ വൈദ്യസംഘം ഒന്നിച്ചു വസിച്ചു പ്രവത്തനത്തിലേപ്പെട്ടു. യെനാനിൽവച്ചാണു് സംഘത്തിൻെറ അവസാനരംഗങ്ങഠം അഭിനയിക്കേണ്ടിവന്നതു്. ഡാക്ടർ ചോൽക്കർ അനാരോഗ്യം നിമിത്തവും ഡാക്ടർ മുക്കർജി ഒരു ശസ്ത്രക്രിയക്കു വിധേയനായും ഇന്ത്യയിലേക്കുമടങ്ങി. ആവശ്യമായ വൈദ്യസാമഗ്രികഠം ശേഖരിച്ചു വീണ്ടും ചൈനയിൽ എത്തിക്കൊള്ളാമെന്ന ആഗ്രഹം അദ്ദേഹത്തിനുണ്ടായിരുന്നു. മാഗ്ഗമദ്ധ്യേ ചീനാപട്ടണത്തിനു പുറപ്പെട്ട പണ്ഡിററ്ജിയെ സന്ദശിച്ചു. എന്നാൽ പണ്ഡിററ്ജിയ്ക്കു് ലോകമഹായുദ്ധം പ്രഖ്യാപനംചെയ്തു കഴിഞ്ഞതിനാൽ യാത്രാപരിപാടി ഭേദപ്പെടുത്തി മടങ്ങേണ്ടിവന്നു.

യെനാനിൽ ശേഷിച്ച മൂന്നു ഡാക്ടർമാരും ഒരു ഗുഹയിൽ സജ്ജമാക്കിയിരുന്ന ആശുപത്രിയുടെ നേതൃത്വം വഹിച്ചു. കുറെനാഠം കഴിഞ്ഞപ്പോഠം അവരെ ഷാൻസിയിലെ അതിത്തി മേഖലയിലെ ആശുപത്രിയിലേക്കു നിയോഗിച്ചു. ശസ്ത്രക്രിയാസാമഗ്രികളും, ഔഷധങ്ങളും തീരെ ഇല്ലാതിരുന്ന ഒരു കാലമായിരുന്നു അതു്. എട്ടാം

സൈനികനിരയുടെ നേതാവും ജനറൽ ചൂറേറയുടെ ആവശ്യാനുസരണം തെക്കുകിഴക്കേ ഷാൻസിയിൽ മൂന്നു ഡാക്ടർമാരുടെയും സേവനം ആവശ്യമായി. ഒന്നരമാസത്തെ ദീർഘയാത്രയ്ക്കുശേഷമാണു് അവർ പ്രാപ്യസ്ഥാനത്തെത്തിയതു്. ഡാക്ടർ അത്താലിൻെറ നഷ്ടപ്പെട്ടു വരുന്ന ആരോഗ്യം പുനരുദ്ധരിക്കുന്നതിനു അദ്ദേഹം ഇന്ത്യയിലേക്കു യാത്രയായി. യെനാനിൽക്കൂടിച്ചുംകിങ്ങ്മാർഗ്ഗമാണു് അദ്ദേഹം തിരിച്ചതു്. അദ്ദേഹത്തിൻെറ വിരഹം മററു രണ്ടുപേർക്കും ഹൃദയവ്യഥയുളവാക്കി.

സൈനികനിരയുടെ പിന്നണിയിൽ ഓരോ ചെറു സംഘമായി വൈദ്യസേവനമനുഷ്ഠിക്കുന്നതിനു് ഡാക്ടർ കോട്നീസ്സും, ഡാക്ടർ ബാസ്സുവും മുതിർന്നു. ഏറെ താമസിയാതെ ഡാക്ടർ ബാസ്സു യെനാനിലെ പഴയ കേന്ദ്രത്തിലേക്കും, ഡാക്ടർ കോട്നീസിനെ സർവരാഷ്ട്ര സമാധാനാശുപത്രിയുടെ നേതൃത്വം വഹിക്കുന്നതിനും നിയോഗിച്ചു. ഇരുവരും ഒന്നിച്ചു ഇന്ത്യയിലേക്കു മടങ്ങാൻ പാടുള്ളൂ എന്ന പ്രതിജ്ഞയോടുകൂടിയാണു് അവർ പിരിഞ്ഞതു്. ഡാക്ടർ ബാസ്സുവിനു ജനറൽ ചൂറേറ തുടങ്ങി പലരെയും ചികിത്സിക്കാൻഭാഗ്യമുണ്ടായി അഞ്ചു കൊല്ലത്തെ നിരന്തരമായ ആതുരസേവനത്തിനുശേഷം 1934 ജൂണിൽ വീണ്ടും ചീനയിൽ മടങ്ങിയെത്താമെന്ന അഭിലാഷത്തിൽ മാതൃഭൂമിയിലേക്കു തിരിച്ചു. അങ്ങനെ ഓരോകാലത്തായി നാലു ഡാക്ടർമാരും തിരിച്ചുപോയി. ഡാക്ടർ കോട്നീസു് മാത്രം തിരിച്ചെത്തിയില്ല. അദ്ദേഹം വൈദ്യസ്കൂളിലെ ഒരു സഹാദ്ധ്യാപികയായിരുന്ന ക്വോ ചിങ്ങ് ലാൻ എന്ന ചീന യുവതിയുമായി ഇതിനകം ബാന്ധവത്തിലേർപ്പെട്ടിരുന്നു. പലനാളത്തെ തീവ്രമായ ആലോചനകൾക്കുശേഷമാണു് അങ്ങനെ ചെ

ട്ടുണ്ട്. അവിശ്രമമായ അത്യദ്ധ്വാനം അദ്ദേഹത്തിന്റെ ആരോഗ്യത്തെ സാരമായി സ്പർശിച്ചു. ഡാക്ടർ കോട്നീസ്സ് ഒരു രോഗിയായിത്തീർന്നു. ശരിയായ ഔഷധങ്ങളില്ലാതെ രോഗം അത്യാസന്നസ്ഥിതിയിലെത്തി. അധികം താമസിയാതെ ആറുമാസംമാത്രം പ്രായമുള്ള ഒരു ശിശുവിനെയും, ഭാര്യയെയും വെടിഞ്ഞു് ആ ധീരഭ്സവന നിരതൻ മാതൃഭൂമിയുടെ അഭിമാനം പുലർത്തിക്കൊണ്ടു് എന്നന്നേയ്ക്കുമായി മറഞ്ഞു.

ചൈനയിൽ കാണുന്നപോലെ ആചാരാനുഷ്ഠാനങ്ങൾ ലോകത്തു മറെറങ്ങുമില്ലെന്നു പറയുന്നു. വിവാഹവും, ശവസംസ്കാരവുമാണു് ചീനക്കു് ഏററവും പ്രാധാന്യമുള്ള രണ്ടു ആചാരങ്ങൾ. വിവാഹത്തിനു പല നീണ്ട ആചാരങ്ങളും അനുഷ്ഠാനങ്ങളുമുണ്ടു്. പെൺകിടാങ്ങൾക്കു പതിനഞ്ചു വയസ്സാകുമ്പോഴേക്കും കല്യാണാലോചനകൾ ആരംഭിക്കും. വിവാഹാലോചന, പെൺകുട്ടിയുടെ പേരു ചോദിക്കുക, നിശ്ചയം, വിവാഹത്തിയതി, വസ്ത്രങ്ങളും ആഭരണങ്ങളും നല്കുക എന്നിങ്ങനെ പല വിശേഷാഘോഷങ്ങൾ ഉണ്ടു്. വിവാഹദിവസം വധുവിന്റെ വീട്ടിൽ ചെന്നു്, ആഘോഷസമന്വിതം വരൻ വധുവിനെ വീട്ടിലേക്കു കൊണ്ടുപോകുന്നു. സവ്രാലും ബഹുമാനിതരാണു് അവർ അന്നു്. വരന്റെ വസതിയിൽ എത്തുമ്പോൾ വധുവിനെ പ്രത്യേകം അലങ്കരിച്ച ഒരു കസേരയിൽ ആസനസ്ഥയാക്കി, സംഗീതവാദ്യഘോഷങ്ങളുടെ അകമ്പടിയോടുകൂടി സ്വീകരിക്കുന്നു. ആദ്യമായി ആകാശം, ഭൂമി, പിതൃക്കൾ എന്നിവയെ വന്ദിക്കുന്നു. അതിനുശേഷം രണ്ടു ചുമന്ന മെഴുകുതിരികൾ കത്തിച്ചു് വധൂവരന്മാരെ വിവാഹമുറിയിൽ കൊണ്ടുപോകും. അവിടെ സജ്ജീകരിച്ചിട്ടുള്ള കട്ടിലിൽ കത്തിക്കൊണ്ടിരി

ക്കുന്ന മെഴുകുതിരികൾക്കു അഭിമുഖമായി ആസനസ്ഥരായി ഒരു പാത്രത്തിൽ നിന്നു ഇരുവരും വിവാഹവീഞ്ഞു കഴിക്കുന്നു. ആ സമയം ബന്ധുമിത്രാദികൾ ആശീസ്സുകൾ വർഷിക്കും. അങ്ങനെ ആ ദിവസത്തെ വിവാഹച്ചടങ്ങ് അവസാനിക്കും. ആടുത്ത പ്രഭാതത്തിൽ മാതാപിതാക്കന്മാർ തുടങ്ങി കുടുംബത്തിലുള്ള എല്ലാ അംഗങ്ങളുമായി വധൂവരന്മാർ പരിചയപ്പെടുന്നു. രണ്ടു ദിവസം വരൻെറ വീട്ടിൽവച്ച് വധുവിൻെറ കുടുംബാംഗങ്ങൾക്കു വലിയ സദ്യയുണ്ടായിരിക്കും. വിവാഹം കഴിഞ്ഞാൽ ഒരു മാസത്തോളം വരൻെറ ഭവനത്തിൽ വധു ഒരു അതിഥിയെപ്പോലെയാണ്. മധുവിധുഅവസാനിക്കുമ്പോൾനവോഢ സ്വപിതൃസന്നിധിയിലേയ്ക്കു പോകുന്നതായിരിക്കും. ഗൃഹഭരണത്തിലുള്ള ചുമതലകളും മാതൃത്വത്തിൻെറ ഉത്തരവാദിത്വവും പഠിക്കാനാണു് യാത്രയാകുന്നതു്. അതിനു ശേഷം മടങ്ങി ഭർത്തൃസവിധമെത്തി പുതിയ കുടുംബത്തിൻെറ ഭരണകർത്തൃത്വം ഏല്ക്കുന്നു. പഴയ കാലത്തു് മാതാപിതാക്കളോ, ബന്ധുക്കളോ മുഖാന്തരമായിരിക്കും, വിവാഹം നിശ്ചയിക്കുന്നതു്. എന്നാൽ ഇപ്പോൾ പ്രണയവിവാഹങ്ങളാണു അധികം. ചില പുതിയ ഏപ്പാടുകളിൽ കൂട്ടവിവാഹങ്ങളും സാധാരണമാണു്.

ജനസംഖ്യ കൂടുതലുള്ള ഒരു മഹാസാമ്രാജ്യമായതുകൊണ്ടു് ചൈനയിൽ അസംഖ്യം മരണമുണ്ടാകുന്നു. ഒരാൾ മരണം പ്രാപിച്ചാൽ ആ കുടുംബാംഗങ്ങൾ പല ആചാരങ്ങളാൽ ബദ്ധരായിരിക്കും. മാതാപിതാക്കന്മാർ മരിക്കുമ്പോൾ അവരുടെ സന്താനങ്ങൾ കാര്യമായി പലകൃത്യങ്ങളും അനുഷ്ഠിക്കണം. ക്ഷൌരം ചെയ്യാതെ അവർവെളുത്തവസ്ത്രങ്ങളും, ദുഃഖസൂചകമായ തൊപ്പിയും ധരിച്ച് വീണു്, മാംസം മുതലായവ പരിത്യജിച്ച്, ഏതാനും

ദിവസം മൃതദേഹത്തിനു സമീപം ഇരിക്കണം. ആ ദിവസങ്ങളിൽ ബന്ധുമിത്രാദികളെ ചരമവൃത്താന്തം അറിയിക്കുന്നു. മൃതശരീരത്തെ സംസ്കരിക്കുന്നതാണു നാട്ടുനടപ്പ്. മരിച്ചുകഴിഞ്ഞശേഷം മൃതദേഹത്തെ കുളിപ്പിച്ച് പുതിയ പട്ടുവസ്ത്രങ്ങൾ ധരിപ്പിക്കും. പിന്നീടു മനോഹരമായി അലങ്കരിച്ചിട്ടുള്ള ശവപ്പെട്ടിയിൽ വച്ച് ഭവനത്തിന്റെ പ്രധാന മുറിയിൽ എല്ലാവരുടേയും ദർശനത്തിനു സൂക്ഷിക്കുന്നു. മരിച്ചുകഴിഞ്ഞ് മൂന്നാംദിവസം ശവപ്പെട്ടി അടച്ച് മുദ്രവച്ച് ഒരു പലകക്കഷണത്തിൽ പേര്, ജനനമരണ തീയതി, എന്നിവ രേഖപ്പെടുത്തിവച്ച് പൂജിക്കുന്നു. ഏതാനും ദിവസം കഴിഞ്ഞ ശേഷം ഒരു നല്ല പ്രദേശത്തു് മൃതദേഹം സംസ്കരിക്കും. ശവപ്പെട്ടിയിൽ വച്ച മൃതശരീരം അനേകം ആളുകളുടെ സഹകരണത്തോടുകൂടി ഘോഷയാത്രയായിട്ടാണ് കൊണ്ടുപോകുന്നതു്. പുത്രരും, മുമ്പിൽ വടിയുടെ ആലംബത്തോടുകൂടിയും, ബന്ധുമിത്രാദികൾ ഇരുവശങ്ങളിലും പുരോഹിതവേദോച്ചാരണങ്ങൾ ചെയ്തും ഏററവും പിന്നാലെയായി വാഹനങ്ങളിൽ സ്ത്രീകളും അനുയാത്ര ചെയ്യുന്നതാണ്. ശവസംസ്കാരയാത്രയോടൊന്നിച്ച് വാദ്യഘോഷവും സംഗീതവും ഉണ്ടായിരിക്കും.

ദീപക്കാഴ്ച, നാടകപ്രദർശനം, സിംഹവേഷം, ബീഭത്സവേഷം എന്നിവ കെട്ടുക, തുടങ്ങിയവയാണ് ചൈനയിൽ കർഷകർ ആഹ്ലാദപൂർവ്വം ആഘോഷിക്കുന്ന ചില വിശേഷങ്ങൾ. ദീപക്കാഴ്ചക്കു് സമീപവാസികളായ അനേകം ഗ്രാമീണർ ഒന്നിച്ചു കൂടും. കടലാസ്സു കൊണ്ടു നിർമ്മിച്ച മനോഹരമായ വിളക്കുകൾ കത്തിച്ച് വഹിച്ചുകൊണ്ടു് അവർ വാദ്യഘോഷങ്ങളാൽ അനുഗതരായി ഗ്രാമങ്ങൾതോറും സഞ്ചരിക്കുന്നു. സിംഹത്തിന്റെ വേഷംകെട്ടി അനുകരിക്കുകയും, കടലാസ്സ് വയ്ക്കോൽ

മുതലായ ഉപകരണങ്ങൾ കൊണ്ടു് ബീഭത്സരൂപങ്ങൾ ഉണ്ടാക്കി ചുമന്നുകൊണ്ടു് ഗ്രാമങ്ങളിൽ ചുററുകയും ചെയ്യാറുണ്ടു്. ഈ കളികളുടെ ഇടക്കു് പല കായികാഭ്യാസപ്രകടനങ്ങളും നടത്തുന്നു. നാടകാഭിനയത്തിനു വീരരസപ്രധാനമായ കഥകളായിരിക്കും തിരഞ്ഞെടുക്കുക. അതിനോടൊന്നിച്ച് സംഗീതവും നൃത്തനങ്ങളും കാണും. സാധാരണയായി ആണ്ടിൽ ഒരിക്കൽ മാത്രമേ ഈ അഭിനയങ്ങൾ നടത്താറുള്ളു. അപ്പോൾ ഗ്രാമങ്ങളിലുള്ള വിശിഷ്ട വസ്തുക്കളുടെയും, ഉല്പന്നങ്ങളുടെയും ഒരു പ്രദർശനം നടത്താറുണ്ടു്. ഈ ആഘോഷങ്ങൾ ഏതാനും ദിവസത്തേക്കു നീണ്ടുനിന്നു എന്നും വരാം.

ചീനർ ഏററവും ആനന്ദപൂർവ്വം കൊണ്ടാടുന്ന ഒരു മഹോത്സവദിനമാണു് നവവത്സരം. അന്നു് എല്ലാ ഭവനങ്ങളും, കടലാസ്സുകൊണ്ടു നിർമ്മിച്ച വിളക്കുകളാലും തോരണങ്ങളാലും മനോഹരമായി അലങ്കരിച്ചിരിക്കും. ചുമന്ന കടലാസ്സുകളിൽ മംഗളാശംസകൾ എഴുതി വാതിലുകളിൽ പതിക്കുന്നതാണു്. അന്നു് വിവിധ വിനോദങ്ങൾ നടത്തുകയും സുഹൃത്തുക്കൾക്കു് വിരുന്നു നല്കുകയും ചെയ്യുന്നു. ഗ്രീഷ്മകാലഉത്സവം, പൌർണ്ണമിദിനം, പൂർവ്വജന്മാരുടെ ശവകുടീരസന്ദർശനദിനം, ബലി അർപ്പിതദിനം, കന്യകമാരുടെ സൗഭാഗ്യദിനം, കവികൾക്കും, വിദ്വാന്മാർക്കും കവിതയെഴുതുന്നതിനും, ആനന്ദിക്കുന്നതിനും, പർവ്വതങ്ങളിൽ പ്രവേശിക്കുന്നതിനുമുള്ള ദിനം, ഇങ്ങനെ ഓരോ പ്രധാന ഉത്സവങ്ങൾക്കായി പ്രത്യേകം ദിനങ്ങൾ വേർതിരിച്ചിട്ടുണ്ടു്. ഇതരരാഷ്ട്രങ്ങളിലെപ്പോലെ ചൈനയിൽ മതസംബന്ധമായ ഉത്സവങ്ങളല്ല അധികം. അവിടത്തെ ഉത്സവങ്ങൾ കാലങ്ങളെയും, മനുഷ്യരെയും അടിസ്ഥാനപ്പെടുത്തിയാണു്. റിപ്പബ്ലി

ക്കിന്റെ പ്രതിഷ്ഠാപനശേഷം പാശ്ചാത്യ പഞ്ചാംഗമാണ് ഗവമ്മെൻറ് സ്വീകരിച്ചിരിക്കുന്നതു്. പല പുതിയ അവധി ദിവസങ്ങളും ഇപ്പോൾ ഏൎപ്പെടുത്തിയിട്ടുണ്ടു്. എങ്കിലും ജനങ്ങൾ പഴയ പഞ്ചാംഗത്തിലും, ഉത്സവ ദിവസങ്ങളിലും അധികതാല്പൎയ്യം പ്രദൎശിപ്പിക്കുന്നു.

XI

# നവജീവപ്രസ്ഥാനം

ചൈനയുടെ മഹത്തായ പ്രാചീനസംസ്കാര ത്തിന് ഇന്ത്യയിൽനിന്നും ബുദ്ധമത പ്രവേശനത്തോടു കൂടി കലക്കനേരിട്ടു. കറപ്പുയുദ്ധത്തിനുശേഷം, ചീനക്കു നവീനരീതിയിലുള്ള യുദ്ധസമ്പ്രദായങ്ങൾ പഠിക്കുന്ന തിനും, ആയുധോപകരണങ്ങൾ നിർമ്മിക്കുന്നതിനും, സാധിച്ചു. സുശക്തമായ ഒരു നാവികസൈന്യം സൃഷ്ടിക്ക ണമെന്നുണ്ടായിരുന്ന അഭിലാഷം 1895-ൽ ജപ്പാനുമായു ണ്ടായ യുദ്ധത്തിൽ പരാജയമടഞ്ഞതോടുകൂടി സമാപിച്ചു. ഈ പരാജയം പാശ്ചാത്യരോടു കൂടുതൽ ബന്ധിക്കുന്ന തിനു പര്യാപ്തമായി. പാശ്ചാത്യസംസ്കാരം അങ്ങനെ പ്രബലത പ്രാപിച്ചു. രാഷ്ട്രീയകാര്യങ്ങളിൽ പരിവർത്ത നമുണ്ടായി. ജനാധിപത്യഭരണം, ദേശീയത്വം, സാമ്പ ത്തികാവകാശം എന്നീ മൂന്നു പ്രമാണങ്ങളിൽ അധിഷ്ഠി തമായി റിപ്പബ്ലിക്ക് പ്രതിഷ്ഠിക്കപ്പെട്ടു. എന്നാൽ രാഷ്ട്രീയമായ പരിവർത്തനമുണ്ടായതുകൊണ്ടു മാത്രം ഒരു രാജ്യവും സാമുദായികമായ താല്പര്യങ്ങൾ പരിരക്ഷിക്കു ന്നില്ലല്ലോ. രണ്ടു പ്രസ്ഥാനങ്ങൾ ചൈനയിൽ സമാരം ഭിച്ചു. ആദ്യത്തേതു് നൂതന സംസ്കാരപ്രസ്ഥാനവും, രണ്ടാമത്തേതു് നവജീവപ്രസ്ഥാനവുമാണു്.

പെക്കിങ്ങ് സർവ്വകലാശാലയിൽ നിന്നാണു് നൂതന സംസ്കാരപ്രസ്ഥാനം പൊട്ടിത്തെറിച്ചതു്. അതിന്റെ

ജനയിതാവ് സർവ്വകലാശാലയിലെ പ്രസിഡണ്ടായ ഡാക്ടർ റാസ്യയുവാൻ പീ ആയിരുന്നു. പഴയ രീതിയിൽ ചൈനയിലെ പണ്ഡിതന്മാരിൽനിന്നും ശിക്ഷണംലഭിച്ചു ഒരു മഹനീയസ്ഥാനം അലങ്കരിച്ചിരുന്ന അദ്ദേഹം വിശാലഹൃദയനും ഉന്നതാദർശവാനുമായിരുന്നു. ഒരു ചിന്തകനായിരുന്നഅദ്ദേഹം ഭിന്നമതക്കാരായ ചെൻററു ഫിസ്യ, ഹ്യൂഷ്. ഏം. കം. എന്നി പണ്ഡിതജനങ്ങളെ സംയോജിപ്പിച്ച് നൂതനസംസ്കാരപ്രസ്ഥാനത്തിൻെറ ലക്ഷ്യപ്രാപ്തിക്കുവേണ്ടി യത്നിച്ചു. സുസംസ്കൃതരായ നിരവധി യുവജനങ്ങൾ നൂതനസംസ്കാരപ്രസ്ഥാനത്തിൻെറ പ്രചാരകന്മാരായി. ചെൻ ററു ഫിസ്യ ഒരു പത്രാധിപരായിരുന്നതിനാൽ പത്രദ്വാരാ സമുദായത്തിൻെറ കുത്സിതവശങ്ങളെ ശക്തിയായ ഭാഷയിൽ അപലപിച്ചു കൊണ്ടിരുന്നു. അതിൽ പ്രത്യക്ഷപ്പെട്ട ചിന്തോദ്ദീപകങ്ങളായ ലേഖനങ്ങളെല്ലാം തന്നെ വിദ്യാസമ്പന്നരെ വിചാരശീലരാക്കുന്നതിനു പര്യാപ്തമായി. അതിനെത്തുടന്നു പല ഗ്രന്ഥങ്ങളും പുറത്തിറങ്ങി. പഴയ ആചാരങ്ങളും അന്ധവിശ്വാസങ്ങളും ചീനാസംസ്കാരത്തെ നാശഗത്തത്തിലേക്ക് ആനയിപ്പിക്കുകയാണെന്ന ബോധം സംജാതമായപ്പോൾ അതിനെ ദൂരീകരിക്കാൻ പഴയതും പുതിയതുമായ സംസ്കാരങ്ങൾ കൂട്ടിയിണക്കി. ചില പാശ്ചാത്യപരിഷ്കാരങ്ങളും അതിൻെറ സംയോജനത്തിൽ ഉൾപ്പെടാതിരുന്നില്ല. ഇതെല്ലാം ഒരു നവചൈതന്യം ജനങ്ങളിൽ സംപ്രാപ്തമാക്കി. പക്ഷെ ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ നൂതനസംസ്കാരപ്രസ്ഥാനം എത്തിച്ചേന്നില്ല. അതിനുശേഷം രൂപമെടുത്ത നവജീവപ്രസ്ഥാനത്തിനാണ് ഒരു പരിവത്തനം ചൈനയിൽ സൃഷ്ടിക്കാൻ കഴിഞ്ഞത്. ചൈനയിലെ രാഷ്ട്രീയാന്തരീക്ഷം സമാധാനമാക്കി, ജനങ്ങളിൽ പരര

ത്വബോധംസൃഷ്ടിച്ച് സംസ്കാരത്തിൽ അടിയുറപ്പിച്ച ഒരു മഹനീയരാഷ്ട്രമാക്കണമെന്നായിരുന്നു നവജീവ പ്രസ്ഥാനത്തിൻെറ ആദർശം. ആത്മസംയമനം, ആത്മാത്ഥത, അഭിമാനം, മര്യാദയായ പെരുമാററം ഈ നാലു സൽഗ്ഗുണങ്ങളാണ് നവജീവ പ്രസ്ഥാനത്തിൻെറ മുദ്രാവാക്യങ്ങൾ. ചീനഭാഷയിൽ അതു് ലീ, ഇ, ലീൻ, ചി എന്നു സംജ്ഞയാൽ അറിയപ്പെടുന്നു. നവജീവപ്രസ്ഥാനം ചീനരുടെജീവിതരീതിയിൽ ഗണ്യമായ പരിവത്തനംസൃഷ്ടിച്ചു. ആധുനികചൈന ഈ മഹനീയ പ്രസ്ഥാനത്തിലേക്കു പ്രയാണം ചെയ്യുകയാണ്.

നവജീവപ്രസ്ഥാനമനുസരിച്ച് ജീവിതം പ്രതിഷ്ഠിച്ചിരിക്കുന്നതു് ആറു തത്വങ്ങളിന്മേലാണ്. വേഷത്തിലുള്ള ഏകീകരണം, ശുചിത്വം, വിനീതത്വം, സ്വഭാവത്തിലുള്ള നിഷ്കപടത, പ്രവൃത്തിയിൽ ജാഗ്രത, പരമാത്ഥത എന്നിവയാണ് ആറു തത്വങ്ങൾ. അവ സവരും സ്വീകരിക്കേണ്ടതും അതനുസരിച്ചു ജീവിക്കേണ്ടതുമാണ്. സ്വരാജ്യസ്നേഹവും, ആത്മാത്ഥതയുമുള്ള ഒരു ദേശീയ സൈന്യം സജ്ജീകരിക്കുക,രാഷ്ട്രത്തിൻെറ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്താൻ എല്ലാ വിധത്തിലും യത്നിക്കുക, ചെലവു ചുരുക്കുകയും പരിശുദ്ധമായി ജീവിക്കുകയും ചെയ്യുക, ഏതു വിധവുമുള്ള കഷ്ടതകൾ അനുഭവിക്കാൻ സന്നദ്ധരാവുക,പ്രതിജ്ഞപരിപാലിക്കുക, അഥവാ പ്രതിജ്ഞചെയ്യാതിരിക്കുക എന്നിവയാണ് നവജീവപ്രസ്ഥാനത്തിനു അവശ്യമായ ചിലപ്രധാന വ്യവസ്ഥകൾ. ഷാപ്പുകൾ,ഹോട്ടലുകൾ പ്രദശനശാലകൾ മുതലായ സ്ഥലങ്ങൾക്കു നവജീവപ്രസ്ഥാനമനുസരിച്ച് പ്രത്യേകം നിയമങ്ങൾ അനുസരിക്കണമെന്നുണ്ട്. അതനുസരിച്ച് ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങൾക്കും സംഭാഷണം ചെയ്യുന്ന

തിൻം തുടങ്ങി പല കാര്യങ്ങൾക്കും, നിയമങ്ങൾ ബാധകമാണു്. അടുക്കളക്കാവശ്യമായ ഏതാനും നിയമങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടു്. എല്ലാ പാചകരും നിയമങ്ങൾ അനുഷ്ഠിക്കണമെന്നാണു് പ്രമാണം. ഭക്ഷണസാധനങ്ങൾ പാകം ചെയ്യുന്നതിനുമുമ്പു് കൈകാൾ ശുചിയായി കഴുകിയിരിക്കണം. ചീഞ്ഞ സാധനങ്ങൾ പാചകത്തിന്ന ഉപയോഗിക്കാൻ പാടില്ല. മലിനഗാത്രത്തോടും, ദേഹം മുഴുവൻ വസ്ത്രങ്ങൾ ധരിക്കാതെയും, തലയിൽ തൊപ്പി വയ്ക്കാതെയും അടുക്കളയിൽ പ്രവേശിച്ചുകൂടാ. പാചകസാധനങ്ങൾക്കു മുമ്പിൽ നിന്നു ചുമയ്ക്കുകയോ തുമ്മുകയോ അരുതു്. കൈ തുടയ്ക്കുന്നതിനുപയോഗിക്കുന്ന തുവർത്തു് വൃത്തിയായി നനച്ചിരിക്കണം. ആഹാരം കഴിക്കുന്നതിനും പാകം ചെയ്യുന്നതിനും ഉപയോഗിക്കുന്ന പാത്രങ്ങൾ വെടിപ്പായി ശുദ്ധജലത്തിൽ കഴുകേണ്ടതാണു്. പാചകൻ എപ്പോഴും ശ്രദ്ധയോടുകൂടി വേണം തീയിൽ പെരുമാറാൻ.

നവജീവപ്രസ്ഥാനത്തിൻെറ ഈ വിധമുള്ള നവീനാദർശങ്ങൾ രാഷ്ട്രം മുഴുവനും ശീഘ്രതയിൽ വ്യാപിച്ചു. ജനങ്ങൾ അവ സ്വീകരിക്കാൻ അതീവ താല്പര്യം പ്രദർശിപ്പിച്ചു. നവജീവപ്രസ്ഥാനത്തിൻെറ അനുയായികൾ, ആത്മാർത്ഥതയും, വിനയവും, പൌരബോധവുമുള്ളവരായി പരിണമിച്ചു. സ്ത്രീകളുൾപ്പെടെ ആബാലവൃദ്ധം ഈ പുതിയ പ്രസ്ഥാനത്തിൻെറ വിജയത്തിൽ വിശ്വസിക്കുന്നവരാണു്. ഡാക്ടർ സൻയാതു് സെന്നിന്ന രാഷ്ട്രീയമായ ഒരു വിപ്ലവംകൊണ്ടു ജനതയെ സ്വാതന്ത്ര്യത്തിലേക്കു നയിക്കാൻ സാധിച്ചു എങ്കിൽ അദ്ദേഹത്തിൻെറ പിൻഗാമിയും ശിഷ്യനുമായ ജനറാലിസിമോ ച്യാങ്ങ് കൈഷക്കിന്ന

സാമൂഹ്യമായും ഒരു വിപ്ലവമുണ്ടാക്കി ഒരു നവജീവപ്ര സ്ഥാനത്തിലേക്കു ജനങ്ങളെ ആനയിക്കാൻ കഴിഞ്ഞു.

ആധുനികചൈനയിലെ ഏററവും മഹനീയപടമല ങ്കരിക്കുന്ന രണ്ടു വ്യക്തികളാണു് ജനറാലിസിമോ ച്യാങ്ങ് കയ്ഷയ്ക്കും, അദ്ദേഹത്തിൻെറ പത്നി മാഡംച്യാങ്ങ് കയ്ഷക്കും. ഡാക്ടർ സൻയാത് സെന്നിൻെറ ശിഷ്യപ്ര ധാനനായ ച്യാങ്ങ്, ചൈനയുടെ ഉത്കർഷത്തിനുവേണ്ടി ജീവിതാർപ്പണം ചെയ്തിരിക്കുന്ന മഹാനുഭാവനാണു്. മഹാത്മജി ഇന്ത്യയുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവോ അതുപോലെയാണു് ചൈനയുമായി അവിടത്തെ ഇന്നത്തെ ഭരണമേധാവിയായ കയ്ഷക്കും. ച്യാങ്ങ്കയ് ഷക്കിൻെറ ജീവചരിതം ആധുനികചൈനയുടെ ചരിത്ര മാണെന്നു പറയുന്നതിൽ തെററില്ല.

ചെക്കിയാംഗ് പ്രവിശ്യയിലെ ചീക്യനഗരിയിൽ 1887 ഒക്ടോബർ 31-ാം തീയതിയാണു് ആ മഹാൻെറ ജനനം. വലിയ ധനസ്ഥിതിയും, പ്രതാപവുമൊന്നുമി ല്ലാത്ത ഒരു വ്യവസായിയായിരുന്നു പിതാവു്. ച്യാങ്ങിൻെറ ഒൻപതാമത്തെ വയസ്സിൽ പിതാവു ചരമമടഞ്ഞു. മാതാ വിൻെറയും പിതാമഹൻെറയും സംരക്ഷണയിലാണു് ആ ബാലൻ പിന്നീടു വളർന്നതു്. ബാല്യത്തിലേ ഒരു യോദ്ധാവിൻെറ സാമർത്ഥ്യം ച്യാങ്ങിൽ പ്രത്യക്ഷപ്പെട്ടി രുന്നു. ബുദ്ധമതത്തിൽ ദൃഢവിശ്വാസിയായിരുന്ന മാതാ വു് പുത്രൻെറ സ്വഭാവരൂപവൽകരണത്തിലും, സാംസ്കാ രികമായ വളർച്ചയിലും പ്രത്യേകം ശ്രദ്ധിച്ചു. മാതാവിനെ ഗൃഹകൃത്യങ്ങളിൽ സഹായിക്കുന്നതിനു് ആ ബാലൻ ജാഗരൂകനായിരുന്നു. ഒരു പുത്രനു് സ്വ മാതാപിതാ ക്കളോടു മാത്രമല്ല, സ്വരാജ്യത്തോടും ചില കടപ്പാടുകൾ

അനുഷ്ഠിക്കേണ്ടതുണ്ടെന്നു് മാതാവിൽനിന്നു വ്യക്തമായി പഠിച്ചു. പഠനവിഷയത്തിൽ പ്രത്യേകം ആസക്തനായിരുന്നതിനാൽ, ചീനസാഹിത്യത്തിലെ പൗരാണികഗ്രന്ഥങ്ങളും രാഷ്ട്രീയഗ്രന്ഥങ്ങളും ആരംഭത്തിൽതന്നെ ഹൃദിസ്ഥമാക്കി. പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞു് ച്യാങ് സൈനികാഭ്യസനത്തിനു മുതിന്നു. ആദ്യം ചൈനയിലെ പയോററിങ്ങ് സൈനിക വിദ്യാലയത്തിലും അനന്തരം ടോക്കിയോയിലെ 'മിലററി അക്കാഡമിയിലും' അഭ്യസനം നടത്തി. ആയിടെയാണു് ഡാക്ടർ സൻയാതു് സെന്നിൻെറ നേതൃത്വത്തിലുള്ള വിപ്ലവാരംഭം. അദ്ദേഹത്തിൻെറ ആദശങ്ങളാൽ ആകൃഷ്ടനായി മാതൃഭൂമിയ്ക്കുവേണ്ടി സേവനമനുഷ്ഠിക്കാൻ ച്യാങ് വെമ്പി. സൈനികവിദ്യാലയം വെടിഞ്ഞു് അദ്ദേഹം ചൈനയിലെത്തി വിപ്ലവകക്ഷികളോടു ചേന്നു. അഞ്ചുകൊല്ലം ആ ചെറുവിപ്ലവകാരി ആഭ്യന്തരയുദ്ധത്തിൽ സജീവമായി പങ്കെടുത്തു. ഒരിക്കൽ അദ്ദേഹത്തിനു് സൻയാതു് സെന്നിനെ മൃത്യുവക്ത്രത്തിൽ നിന്നു വീണ്ടെടുക്കാൻ സന്ദർഭം ലഭിച്ചു. അന്നുമുതൽ അദ്ദേഹത്തിൻെറ പ്രീതിവാത്സല്യങ്ങൾക്കു പാത്രനായി. ഡാ. സന്നിനു് മൂന്നു ജനകീയാദശങ്ങളിൽ പ്രജായത്തഭരണം പ്രതിഷ്ഠിക്കുന്നതിനു പല വൈഷമ്യങ്ങളും അഭിമുഖീകരിക്കേണ്ടിയിരുന്നു. റഷ്യയിലെ പ്രവത്തനങ്ങൾ കണ്ടറിയുന്നതിനു് ഡാക്ടർ സൻ ച്യാങ്ങിനെ അവിടേയ്ക്കു നിയോഗിച്ചു. മാസ്കോയിലെത്തി അദ്ദേഹം ടാട്സ്കിയുമായി പല സന്ദർശനങ്ങളും നടത്തി. സഹനതയും ഉത്സാഹവുമാണു് ഒരു വിപ്ലവകാരിക്കു ആവശ്യമായ ഉപാധികൾ, എന്ന സിദ്ധാന്തം നേരിട്ടു ഗ്രഹിച്ചു. ഒരു കരാറനുസരിച്ചു റഷ്യയിലെ ചില രാഷ്ട്രീയോപദേഷ്ടാക്കൾ ചൈനയിൽ എത്തി. അവർ ചൈനയിലെ വിപ്ലവകക്ഷിയിൽ ചില സ്വാധീനങ്ങൾ ചെലുത്തി

കമ്മ്യൂണിസ്ററുസംഘടനയുടെ ശക്തി വർദ്ധിപ്പിച്ചു. ചൈന ഒരു റഷ്യയായി രൂപാന്തരപ്പെടുത്തണമെന്ന അവരുടെ മോഹം ച്യാങ്ങിനു ബോദ്ധ്യപ്പെട്ടപ്പോൾ അദ്ദേഹത്തിനു കമ്മ്യൂണിസ്ററുകാരോടു തീവ്രമായ അവജ്ഞ തോന്നി.

1925-ൽ ഡാക്ടർ സന്നിൻെറ മരണാനന്തരം, ക്കുമിൻറാങ്ങിലെ സ്ററാൻറിങ്ങ്കമ്മററി അദ്ധ്യക്ഷനായി ച്യാങ്ങിനെ തെരഞ്ഞെടുത്തു. അദ്ദേഹത്തെ സൈനികമേധാവിയായി അവരോധിക്കണമെന്ന അഭിലാഷമാണ് സന്നിനുണ്ടായിരുന്നതു്. ഡാ സന്നിനുശേഷം ദേശീയകക്ഷിയിൽ ചില പിളപ്പുകൾ സംഭവിച്ചു. കാൻറനിൽ ക്കുമിൻറാങ്ങിൻെറയും ഹാൻകൗവിൽ കമ്മ്യൂണിസ്റ്റിൻെറയും മദ്ധ്യപ്രവിശ്യകളിൽ 'വു പി ഫു' വിൻെറ നേതൃത്വത്തിലും, മൂന്നു ഗവൺമെൻറുകൾ അന്നു പ്രവർത്തനത്തിലിരുന്നു. വിദേശശക്തികളിൽ നിന്നു ചൈനക്കു മോചനം നേടാനുള്ള ഏക ഉപാധി ഉത്തരവാദമുള്ളതും സുശക്തവുമായ ഒരു ഗവൺമെൻറിനേ സാധിക്കു എന്നുഗ്രഹിച്ചു്, യുദ്ധപ്രധാനരെയും, അവരുടെ ഭരണകൂടത്തെയും അടിച്ചമർത്താൻ ച്യാങ്ങ് യത്നിച്ചു. പല യുദ്ധപ്രധാനികളും അദ്ദേഹത്തിൻെറ പാശ്ചവർത്തികളായി. ച്യാങ്ങിൻെറ പ്രസ്തുതപരിപാടിയിൽ 'നിപ്പൻ' ഭീതിപൂണ്ടു. ഏറെ താമസിയാതെ ജപ്പാൻ മഞ്ചൂറിയ ആക്രമിച്ചുകീഴടക്കി. ച്യാങ്ങ പ്രതിരോധനത്തിനൊരുമ്പെടാതെ ആഭ്യന്തരകലഹങ്ങൾ അമർച്ചചെയ്യുന്നതിൽ ശ്രദ്ധാലുവായിക്കഴിഞ്ഞു. ജനങ്ങൾ അതിൽ ക്ഷുഭിതരാകാതിരുന്നില്ല. 'നിപ്പൻെറ' ദുർമ്മോഹത്തിനു് ഒരു അറുതിവരുത്താൻ ജനങ്ങൾ കാംക്ഷിച്ചു. രണ്ടു പ്രശ്നങ്ങളാണു് ച്യാങ്ങിനു് അഭിമുഖീകരിക്കേണ്ടിവന്നതു്. ജപ്പാനോടുയോജിച്ചു കമ്മ്യൂണിസ്ററുകാരെ ചൈനയിൽനിന്നു നിർമ്മാർജ്ജനംചെയ്യുക, അല്ലെ

ങ്കിൽ കമ്മ്യൂണിസ്ററുകാരോട്ട യോജിച്ച് ജപ്പാനെ പ്രതിരോധിക്കുക. രണ്ടാമത്തേത് അദ്ദേഹം പ്രവൎത്തനപരിപാടിയാക്കി. 1927 മുതൽ 1937 വരെ കമ്മ്യൂണിസ്ററുകാരുമായി പോരാടേണ്ടിവന്നു. ആ പത്തുകൊല്ലത്തെ കലഹം സിയാനിലെ സംഭവത്തോടുകൂടി സമാപിച്ചു. വിദേശീയാക്രമണം കൊണ്ട് സ്വരാജ്യത്തുണ്ടാകുന്ന കലാപങ്ങൾ ആത്മാൎത്ഥതയുള്ളവരും സ്വരാജ്യ സ്നേഹികളുമായ ചില നേതാക്കന്മാൎക്ക സഹിച്ചില്ല. ജപ്പാനോടെതിരിടാൻ അവർ സന്നദ്ധത പ്രകടിപ്പിച്ചു. ച്യാങ്ങ് കമ്മ്യൂണിസ്ററുകാരുടെ ആത്മാൎത്ഥതയിൽ സന്തുഷ്ടനായി. അവരെ അമൎച്ച ചെയ്യുന്നതിന്ന് നിയോഗിച്ചിരുന്ന അദ്ദേഹത്തിന്റെ പ്രധാന സേനാനിയായ ചാംങ്ങിനെ സന്ദൎശിക്കുന്നതിനും സന്ധി വ്യവസ്ഥപ്പെടുത്തുന്നതിനും ആഭ്യന്തരസമരകേന്ദ്രമായ സിയാനിലേക്കു പുറപ്പെട്ടു. എന്നാൽ സിയാനിൽ എത്തിയ ച്യാങ്ങിനെ, ചാംങ്ങിന്റെ സൈന്യം 1936 ഡിസംബർ 10-ാംതീയതി ബന്ധനസ്ഥനാക്കി. സൈന്യങ്ങളാൽ ചുററപ്പെട്ടിരുന്ന അദ്ദേഹം അപ്രതീക്ഷിതമായ ഈ സംഭവത്താൽ അല്പവും പരിഭ്രമിച്ചില്ല. സ്വതസിദ്ധമായ അധികാരസ്വരത്തിൽ അദ്ദേഹം സൈന്യങ്ങളോടുപറഞ്ഞു. "ഞാനാണ് ജനറാലിസിമോ. നിങ്ങൾക്കെന്നെ വധിക്കാം; പക്ഷെ ഭേസിക്കരുതെന്നു ഞാനാവശ്യപ്പെടുന്നു" "ഞങ്ങൾക്കങ്ങയെ വധിക്കണമെന്നില്ല" അടുത്തുനിന്നഒരുസൈനികോദ്യോഗസ്ഥൻപ്രതിവചിച്ചു. "ജപ്പാനോടെതിരിടാൻ ഞങ്ങളെ നയിക്കണമെന്നുമാത്രമേ ആഗ്രഹിക്കുന്നുള്ളു." വിപ്ലവകാരികൾ ജനറാലിസിമോയുടെ വാക്കുകൾ ശ്രവിച്ച് ഭീതരായി. അവർ 'ജനറാലിസിമോ' എന്നുച്ചരിച്ചുകൊണ്ട് പിരിഞ്ഞുപോകാൻ ഒരുമ്പെട്ടു.

ച്യാങ് തടങ്കലിലായി എന്ന വിവരം ഡിസംബർ 12ാംതീയതി നാടെങ്ങും പ്രചരിച്ചു. ചാംങ്, ച്യാങ്ങിനെ സന്ദർശിക്കാനും കാര്യങ്ങൾ വിശദീകരിക്കാനും എത്തി. എന്നാൽ കാര്യങ്ങൾക്കു പുരോഗമനമൊന്നുമില്ലാതെ ചാംങ് മടങ്ങേണ്ടിവന്നു. ച്യാങ് ഭക്ഷണംകഴിക്കുന്നതിനും സൗകര്യപ്രദമായ മറെറാരു സ്ഥലത്തേക്കു താമസം മാററുന്നതിനും അദ്ദേഹത്തിൻെറ ഒരു സുഹൃത്തായ ഡൊനാൾസ് ഇടപെടുന്നതുവരെ വിമുഖനായി കാണപ്പെട്ടു. നാൻകിങ്ഗവമ്മെൻറിനെ പുനസ്സംഘടിപ്പിച്ച് ഒരു സംയുക്തഭരണം ഏപ്പെടുത്തുക, ആഭ്യന്തരസമരം അവസാനിപ്പിച്ച് ജപ്പാൻ പ്രതിരോധനത്തിനു ഒരുമ്പെടുക, എല്ലാ രാഷ്ട്രീയതടവുകാരെയും മോചിപ്പിക്കുക, ജനങ്ങൾക്കു ന്യായമായ രാഷ്ട്രീയസ്വാതന്ത്ര്യം നല്കുക എന്നു തുടങ്ങി എട്ടുവ്യവസ്ഥകൾ നടപ്പിൽവരുത്താൻ വിപ്ലവകാരികൾ ച്യാങ്ങിനോടാവശ്യപ്പെട്ടു. മരിക്കേണ്ടിവന്നാലും ച്യാങ് ഈ അത്ഥനകൾക്കു വശംവദനാകയില്ലെന്ന് ഖണ്ഡിതമായി മറുപടിനല്കി. അതിതീവ്രമായ ഒരു ജപ്പാൻ വിരുദ്ധസമരംകൊണ്ടേ ചൈനയെ രക്ഷിക്കുവാൻ സാധിക്കുകയുള്ളു എന്നും ച്യാങ്ങിനെ തടങ്കലിൽ വച്ചിരിക്കുന്നതു്, ജപ്പാൻ പ്രതിരോധനത്തിനു സന്നദ്ധനാകാൻ വിസമ്മതിക്കുന്നതുകൊണ്ടാണെന്നും, തങ്ങളുടെ സവ്വസഹായങ്ങളും അദ്ദേഹത്തിനു സമപ്പിക്കാമെന്നും ഒരു അവസാനതീരുമാനമുണ്ടായാൽ ബന്ധനവിമുക്തനാക്കാമെന്നുമുള്ള ഒരു പ്രസ്താവന ചാംങ് പുറപ്പെടുവിച്ചിരുന്നു.

ച്യാങ്ങിൻെറ സഹധമ്മിണിയായ മാഡംച്യാങ് കയ്ഷക്ക് സിയാനിൽ ഇങ്ങനെ ഒരു അന്തരീക്ഷം സൃഷ്ടിക്കാനുണ്ടായ സ്ഥിതിഗതികൾ ഗ്രഹിച്ച് ഒരു തീരുമാനത്തി

നയതിച്ചു. ഒരു ഒത്തുതീപ്പിലെത്തിച്ചേരാൻ അവരും എച്ച്. വി. സൂങ്ങും ഡൊനാൽഡുമായി 700മൈൽപറന്ന് ഡിസംബർ 21ാംതീയതി നാംകിങ്ങിലെത്തി അവരുടെ ദൗത്യം വിജയപ്രദമായി. ച്യാങ്ങ് ബന്ധനമുക്തനായി. 1936 ഡിസംബർ 25ാംതീയതി അദ്ദേഹം സിയാനിൽ നിന്നു പുറപ്പെട്ടപ്പോൾ സാമ്രാജ്യംമുഴവനും ആഹ്ലാദിച്ചു. ഷാംങ്, തൻെറ പ്രവൃത്തിയിൽ പശ്ചാത്താപം പ്രകടിപ്പിച്ചു. സൈനികകോടതി അദ്ദേഹത്തെ ശിക്ഷിച്ചു എങ്കിലും ച്യാങ്ങ് കുററങ്ങൾക്കു മാപ്പുനല്കി. ഷാങ്ങിൻെറ മോചനത്തിനും, സാമ്രാജ്യത്തിലെ ഒരു കലാപം അവസാനിപ്പിച്ചതിനും കാരണഭൂത മാഡംകയ്ഷക്കാണെന്നു നിസ്സംദേഹം പറയാം.

ച്യാങ്ങ്കയ്ഷക്ക് ജപ്പാനോടു പ്രതിരോധിക്കുന്നതിന് സൈന്യത്തെ അണിനിരത്തി. ഒരു ദീഘസമരത്തിനു അദ്ദേഹം സന്നാഹങ്ങൾചെയ്തു. വിപ്ലവകാരികൾ അദ്ദേഹത്തോടു യോജിച്ചു. ചൈനയുടെ ചരിത്രത്തിൽ അതൊരു സുവണ്ണാദ്ധ്യായം രേഖപ്പെടുത്തി. 1941-ൽ വാഷിങ്ടനിൽ ജപ്പാനുമായി സന്ധിസംഭാഷണങ്ങൾ നടന്നുകൊണ്ടിരിക്കുമ്പോഴാണ് ജപ്പാൻ പേൾഹാർബറും ബ്രിട്ടീഷുകാരുടെ മററു സങ്കേതങ്ങളും ആക്രമിച്ചതു്. ലോകസമാധാനത്തിനു ജപ്പാൻെറ പ്രവൃത്തികളെ സൂക്ഷിക്കേണ്ടതാണെന്നുള്ള ച്യാങ്ങിൻെറ ദീഘദർശനം ശ്രദ്ധിച്ചിരുന്നെങ്കിൽ ഒരുപക്ഷെ ഒരു ലോകമഹായുദ്ധം തന്നെ ഉണ്ടാകുകയില്ലായിരുന്നു. നവജീവപ്രസ്ഥാനം, ചീനാവ്യവസായപരസ്പരസഹായസംഘടനകൾ തുടങ്ങി പല സംഘടനകളും ച്യാങ്ങിൻെറയും പത്നിയുടെയും ആലോചനാഫലമായിട്ടുന്നു ചൈനയിൽ പ്രവത്തനത്തിലിരിക്കുന്നു. അതെല്ലാം ജനങ്ങൾക്കുവേണ്ട സംസ്കാരവും ജീവിതാവശ്യ

ങ്ങളും നിർവ്വഹിക്കുന്നതിനു പര്യാപ്തമാണ്. ഒരു സ്വേച്ഛാധികാരഭരണമായിരിക്കാം ച്യാങ്ങിന്റേത് എങ്കിലും ജനാധിപത്യമായ ഒരു ഭരണത്തിലേക്ക് ചൈനയെ അദ്ദേഹം അടുപ്പിക്കുകയാണ്. സിയാൻ സംഭവത്തിനു ശേഷം പല സ്വാതന്ത്ര്യങ്ങളും ജനങ്ങൾ അനുഭവിക്കുന്നുണ്ട്. ഡാക്ടർ കുങ്, ഹോയൻചിങ്, ററി. വി സൂങ് ലി:സുൻജെൻ, പെയ്ചുങ്സി, ജനറൽ ചൂറേറ, തുടങ്ങി പ്രസിദ്ധരായ പല രാഷ്ട്രീയനേതാക്കന്മാരും അദ്ദേഹത്തിന്റെ പാർശ്വവർത്തികളായ സഹപ്രവർത്തകരാണ്. ദേശീയ വിമോചിത സംഘടനയിലും, കമ്മ്യൂണിസ്ററു സംഘടനയിലുമുള്ള പല പ്രവർത്തകരും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായികഴിയുന്നു.

ആധുനികചൈനയുടെ ഭരണചക്രംതിരിക്കുന്ന ജനറാലിസിമോയുടെ, അഞ്ചടി ഒൻപതിഞ്ചുപൊക്കമുള്ള ബലിഷ്ഠഗാത്രവും, ബുദ്ധിയുടെ വിലാസരംഗമായ വിസ്താരമുള്ള നെററിത്തടവും, ആലോചനാനിർഭരമായ തീക്ഷ്ണനേത്രങ്ങളും ആരെയും ആകർഷിക്കുന്നതാണ്. അറുപതോളം വയസ്സുണ്ടെങ്കിലും ഒരു നേതാവിനനുയോജിച്ച ധൈര്യവും യുവസഹജമായ പ്രസരിപ്പും അദ്ദേഹത്തിന്റെ പ്രത്യേകതകളായിശേഷിക്കുന്നു. ലോകചരിത്രത്തിൽ അദ്ദേഹത്തിനോടുകിടനില്ക്കുന്ന അപൂർവം ചരിത്രപുരുഷന്മാരെ കാണുകയുള്ളൂ.

മാഡം ച്യാങ്കൈഷെക്ക്, കുടുംബകാര്യങ്ങളിലും രാഷ്ട്രീയപ്രവർത്തനങ്ങളിലും ഒരു നിഴൽപോലെ സ്വഭർത്താവിനെ പിന്തുടരുന്നു. മാഡം സൺയാത്സെനിന്റെ കനിഷ്ഠസഹോദരിയാണ് മാഡം ച്യാങ്ങ് അഥവാ സൂങ്മിങ്ലെങ്. ചൈനയിൽ പ്രശസ്തിനേടിയ സൂങ്

കുടുംബത്തിലെ ഒരംഗമാണ് അവർ. അമേരിക്കയിൽനിന്ന് ഉന്നതബിരുദംനേടിയ ആ മഹിള സ്വസഹോദരീഭർത്താവായ ഡാക്ടർ സൻയാത്സെന്നിന്റെ സ്വകാര്യസിക്രട്ടറിയായിട്ടാണ് രാഷ്ട്രീയജീവിതത്തിൽ പ്രവേശിച്ചത്. ആ സന്ദർഭത്തിലാണ് ച്യാങ്കയ്ഷക്കും സൂങ്മിങ്ങുമായി പരിചയത്തിനിടവന്നത്. ആ പരിചയം ദാമ്പത്യത്തിൽചെന്നവസാനിച്ചു, ച്യാങ് പുനർവിവാഹത്തിനൊരുമ്പെട്ടത് ചില പ്രതിജ്ഞകൾക്കുവിധേയനായിട്ടാണ്. ഒരു ദൃഢക്രിസ്തുമതാനുയായി ആയ സൂങ്മിങിന്, ബുദ്ധമതാനുയായി ആയിരുന്ന ച്യാങിനെ വിവാഹം ചെയ്യാൻപ്രതിബന്ധങ്ങളുണ്ടായിരുന്നു. എന്നാൽ വിവാഹശേഷം മതപരിവർത്തനം ചെയ്തുകൊള്ളാമെന്ന കരാറിൽ ആ മംഗളകർമ്മം നടക്കുകയുണ്ടായി.

അമേരിക്കയുമായി ബന്ധപ്പെട്ടതുകൊണ്ടു് മാഡം ച്യാങ്കയ്ഷക്ക് പാശ്ചാത്യസംസ്കാരങ്ങളോടും ആചാരങ്ങളോടും കൂടുതൽ അഭിരുചി പ്രദർശിപ്പിക്കുന്നു. ചൈനയിലെ വനിതാലോകത്തെ നയിക്കുന്നതിനുള്ള പ്രാപ്തി സിദ്ധിച്ചതും അതുകൊണ്ടാണ്. വനിതകളിൽ നവജീവപ്രസ്ഥാനം പ്രായോഗികമാക്കാൻ അവർ തീവ്രശ്രമംചെയ്യുന്നുണ്ടു്. ഒരു തനിച്ചൈനാക്കാരനായി കഴിയാനാണ് ജനറാലിസിമോ ആഗ്രഹിക്കുന്നത്. പരാജയം എന്തെന്നറിഞ്ഞിട്ടില്ലാത്ത ഭർത്താവിനോടൊത്തുനിന്ന് മാഡം കായ്ഷക്ക് സാമ്രാജ്യത്തിന്റെ ഉന്നമനത്തിന് തീവ്രയത്നം ചെയ്യുന്നു. ചൈനയിലെ പ്രക്ഷേപണകേന്ദ്രങ്ങളിൽനിന്നു പ്രക്ഷേപണംചെയ്യുന്ന പ്രസംഗങ്ങളിലും, അവർ എഴുതുന്ന ലേഖനങ്ങളിലും ആ മഹതിയുടെ അജയ്യമായ വ്യക്തിവിലാസം സ്ഫുരിച്ചുകാണാം. പാശ്ചാത്യരെയും പൌരസ്ത്യരെയും ഒന്നുപോലെ സ്നേഹാദരബഹുമാനങ്ങ

ളാൽ അവർ പ്രചലിപ്പിക്കുന്നു. രാഷ്ട്രീയകാര്യങ്ങളിൽ ഒരു ഉപദേഷ്ടാവായും മന്ത്രിയായും, വിദേശരാജ്യ പ്രതിനി ധിയായും, സ്വഭർത്താവിനു് ഒരു ഉത്തമപത്നിയായും അ വർ കഴിയുന്നു.

ഏററവും ലളിതമായ ഒരു ജീവിതമാണു് ച്യാങ്ക്കു ടുംബം അഭിലഷിക്കുന്നതു്. തെരുവുകളിലും, മററു പൊതു സ്ഥലങ്ങളിലും അവർ കാൽനടയായിസഞ്ചരിക്കുന്നതു സാ ധാരണമാണു്. ലളിതജീവിതം ആ ദമ്പതികളിൽ രൂഢ മൂലമായിത്തീർന്നിരിക്കുന്നു. അതിൽനിന്നും പൊങ്ങിവന്നി ട്ടുള്ളതാണു് അവരിൽകാണുന്ന ആത്മാൎത്ഥതയും സ്നേഹ വും. സ്വജനങ്ങളുമായിഐക്യകീകരിച്ചു സമത്വത്തിൽ വത്തി ക്കണമെന്നുള്ളതാണു അവരുടെ ലക്ഷ്യം. “ഞങ്ങൾക്കുമാത്ര മായിട്ടല്ല ഞങ്ങൾ യുദ്ധംചെയ്യുന്നതു്. നിങ്ങൾക്കും സ്വാത ന്ത്ര്യം കാംക്ഷിക്കുന്ന എല്ലാ രാഷ്ട്രങ്ങൾക്കും വേണ്ടി ഞങ്ങൾ പൊരുതും” എന്നാണു് ആ മഹതി ഒരവസര ത്തിൽ പ്രസ്താവിച്ചിട്ടുള്ളതു്.

XII

## ജപ്പാനാക്രമണങ്ങളും അനന്തരഫലങ്ങളും

**ചൈ**നയും ജപ്പാനും ഏഷ്യാഭൂഖണ്ഡത്തിൽ സ്ഥിതിചെയ്യുന്ന തുല്യപ്രധാനങ്ങളായ രണ്ടുസമീപസ്ഥ സാമ്രാജ്യങ്ങളാണു്. ജപ്പാൻ ദ്വീപസമൂഹങ്ങൾ ശാന്തസമുദ്രത്തിൽ ചൈനയുടെ പൂർവ്വഭാഗത്തു് സ്ഥിതിചെയ്യുന്നു. കഴിഞ്ഞ ലോകമഹായുദ്ധംവരെ ഒരു വൻപിച്ച പൗരസ്ത്യശക്തിയായിരുന്നു ജപ്പാൻ. സംസ്കാരത്തിലും, നിറത്തിലും തരത്തിലും രണ്ടു സാമ്രാജ്യങ്ങളിലെയും ജനങ്ങൾ തമ്മിൽ പല സാമ്യങ്ങളുമുണ്ടു്. ആരംഭകാലം മുതല്ക്കു് ചൈനയും ജപ്പാനും പരസ്പരം വിദ്വേഷികളായിരുന്നു. ക്രിസ്ത്വബ്ദം 7-ാം ശതവർഷംമുതൽ ജപ്പാനും ചൈനയുമായി അണിനിരന്നിട്ടുണ്ടു്. ക്രിസ്ത്വബ്ദം 645-ൽ വടക്കെ കൊറിയയിലെ ഒരു രാജാവും ചീനചക്രവർത്തിയുമായുണ്ടായ യുദ്ധത്തിൽ ജപ്പാൻ കൊറിയ രാജാവിന്റെ സഹായത്തിനെത്തി. പതിനെട്ടുകൊല്ലത്തെ കലാപങ്ങൾക്കുശേഷം ചീനചക്രവർത്തി ശത്രുക്കളെ പരാജയപ്പെടുത്തി. 1275-ൽ കുബ്ലൈഖാൻ ഒരു സാമ്രാജ്യവിപുലീകരണത്തിനു ജപ്പാനിലേക്കു പുറപ്പെട്ടു. അദ്ദേഹത്തിന്റെ നാവികപ്പടയെ ജപ്പാൻ നിശ്ശേഷം നശിപ്പിച്ചുകളഞ്ഞു. 1281-ൽ വിപുലമായ സജ്ജീകരണങ്ങളോടുകൂടി മറെറാരു നാവികപ്പട ജപ്പാൻ തീരത്തെത്തി. കൊടുങ്കാററിലകപ്പെട്ടു് ആ കപ്പൽപ്പടയും നശിച്ചു. ചക്രവർത്തി പിന്നീടു് ആക്രമണത്തിനു തുനിഞ്ഞില്ല.

1591നം 1597നം മദ്ധ്യെ നടന്ന യുദ്ധമാണു് അതിനുശേഷം പ്രധാന്യമർഹിക്കുന്നതു്. ഒരു ലക്ഷത്തിമപ്പതിനായിരം വരുന്ന സൈന്യം ഒരു ജപ്പാൻ സേനാധിപൻെറ നേതൃത്വത്തിൽ കൊറിയയുടെ തലസ്ഥാനമായ സീയോളിൽ വന്നിറങ്ങി. കൊറിയ, ചീന ചക്രവത്തിയോടു സഹായമഭ്യത്ഥിച്ചു. ചീന സഹായത്തിനെത്തി. മററു കലാപങ്ങൾക്കിടവരാതെ ജപ്പാൻ സേനാനിയുടെ മരണം ആ യുദ്ധത്തിനവസാനമുണ്ടാക്കി. 1894-ൽ കൊറിയയുടെ അവകാശം അടിസ്ഥാനമാക്കി ഒരു സംഘട്ടനം നടന്നു. ചൈന പരാജയപ്പെട്ടു. ഉടമ്പടി പ്രകാരം ഫർമോസാദ്വീപും മപ്പതു ലക്ഷം ററയിൽസും യുദ്ധപരിഹാരമായി ചൈന ജപ്പാനു കൊടുത്തു. ചീനക്കു ഫർമോസാ വിട്ടുകൊടുക്കുന്നതു വലിയ വിഷമമായിരുന്നു. അതു് അവരുടെ ആത്മാഭിമാനത്തെയും സ്വരാജ്യ സ്നേഹത്തെയും ക്ഷതപ്പെടുത്തി. ജപ്പാൻെറ സാമ്രാജ്യ ദുർമ്മോഹത്തിനും ചൈനയ്ക്കു് ജപ്പാനോടുള്ള വിദ്വേഷം വദ്ധിക്കുന്നതിനും പ്രസ്തുത സംഭവം കാരണമാക്കി.

1960-ൽ നടന്ന ബാക്സാർയുദ്ധം ഇതര രാഷ്ട്രങ്ങൾക്കു ചില അവകാശങ്ങൾ ചൈനയിൽ സ്ഥാപിക്കാൻ കഴിഞ്ഞു. ആയിടെയാണു് ചീനാവിപ്ലവസംഘത്തിൻെറ ആവിർഭാവം. ചൈനയും റഷ്യയുമായി ഒരുരഹസ്യഉടമ്പടി ചെയ്തിരുന്നു. എങ്കിലും 1895-ൽ മഞ്ചൂറിയക്കു വേണ്ടി ജപ്പാനും റഷ്യയുമായി നടന്ന യുദ്ധത്തിൽ ചൈന നിഷ്പക്ഷത അവലംബിക്കുകയുണ്ടായി.യുദ്ധം സമാപിച്ചപ്പോൾ മഞ്ചൂറിയയിലെ ചില ഭാഗങ്ങൾ കഴിച്ചു് ശേഷിച്ചവ ചൈനയ്ക്കുനല്കി.1905മുതൽ 1915വരെ ഇരുരാജ്യങ്ങളും സമാധാനം പുലത്തി. ഡാക്ടർ സൻയാതു് സെൻ, ച്യാങ്കയ്ഷെക്കു് തുടങ്ങി ചീനയിലെ പല രാഷ്ട്രീയവിപ്ലവ

പ്രവർത്തകരും ജപ്പാനിൽ വന്ന് റിപ്പബ്ളിക്കിന്റെ പ്രവർത്തനത്തിന്ന യത്നിക്കുകയുംചെയ്തു. ജപ്പാൻ സൗഹാർദ്ദത പ്രത്യക്ഷപ്പെടുത്തി. 1911-ൽ ചീനാറിപ്പബ്ളിക്കു പ്രതിഷ്ഠിച്ചു. റിപ്പബ്ളിക്കിന്റെ അദ്ധ്യക്ഷനായിരുന്ന യുവാൻ ഷികയ് ചക്രവർത്തി പദം കാംക്ഷിച്ച് സാമ്രാജ്യത്തെ അടിമപ്പെടുത്തുന്ന ജപ്പാന്റെ 21 അഭ്യർത്ഥനകൾക്കു ഒപ്പുവയ്ക്കാൻ മുതിർന്നു. എന്നാൽ അതിനിടവരാതെ ആ സാമ്രാജ്യ ദുർമോഹി ചരമമടഞ്ഞു. ജപ്പാന്റെ പ്രവൃത്തിയിൽ പലരാഷ്ട്രങ്ങളും പ്രതിഷേധിച്ചു. വാഷിങ്ടനിൽ വച്ചുചേർന്ന നവശക്തി സമ്മേളനത്തിൽ ചൈനയുടെ താല്പര്യങ്ങൾ പരിരക്ഷിച്ചുകൊണ്ട് എല്ലാ രാഷ്ട്രങ്ങളും ഒരു ഉടമ്പടിക്കു ഒപ്പുവച്ചു. ജപ്പാന് അതിൽ പ്രതിഷേധമാണുണ്ടായിരുന്നതു്.

മഞ്ചൂറിയൻ സംഭവമാണ് വീണ്ടും ഒരുയുദ്ധത്തിന് ഇരു കക്ഷികളെയും അണിനിരത്തിയതു്. ഒരു ജപ്പാൻ സൈനികോദ്യോഗസ്ഥനെ മഞ്ചൂറിയയിൽ വച്ചു ചീനർ വധിച്ചു. അതിനെ അനുബന്ധിച്ചു പല അനിഷ്ടസംഭവങ്ങളും ഉണ്ടായി. മഞ്ചൂറിയ കമ്മ്യൂണിസ്ററു രാജ്യമായി മാറിയേയ്ക്കുമെന്നും അതിന്നു കാരണക്കാർ ചൈനാക്കാരാണെന്നും ജപ്പാൻ ആവലാതിപ്പെട്ടു. ജപ്പാന്റെ ഉപദ്രവങ്ങൾ സഹിക്കാൻ നിവൃത്തിയില്ലാതെ മഞ്ചൂറിയയിലെ ഭരണാധികാരി രാജ്യം ച്യാംങിനെ ഏല്പിച്ചു. ഭരണാധികാരിയായ ചാംങ്ങിനെ അദ്ദേഹം ആഭ്യന്തര കലഹങ്ങൾ അമർച്ചചെയ്യുന്നതിന്ന വടക്കു കിഴക്കേ അതിർത്തിയിലെ സൈനിക നിരയുടെ സർവ്വാധിപതിയായി നിയോഗിച്ചു. മഞ്ചൂറിയയ്ക്കു വേണ്ടിനടന്ന യുദ്ധത്തിൽ ചൈനയെ പരാജയപ്പെടുത്തി ജപ്പാൻ 1931-ൽ ആധിപത്യമുറപ്പിച്ചു. അടുത്ത വർഷം ഷാങ് ഹായ് യുദ്ധം പൊട്ടി പുറപ്പെട്ടു.

ചൈനയിലെ ബ്രിട്ടിഷുമന്ത്രിയായിരുന്ന സർ മൈത്സി ൻെറ മദ്ധ്യസ്ഥതയിൽ അതു് അവസാനിപ്പിച്ചു. ചീനയിലെ അവസാനചക്രവത്തിയായിരുന്ന ഹെൻറി പൊയിയെ മഞ്ചൂറിയ ഒരു റിപ്പബ്ളിക്കായി രൂപാന്തരപ്പെട്ടത്തി ചക്രവത്തിയായി അവരോധിച്ചു. അതുകൊണ്ടും തൃപ്തിയടയാതെ ജപ്പാൻ, ജഹോം, ജാഹർ എന്ന രണ്ടു പ്രവിശ്യകൾ സ്വാധീനമാക്കി മഞ്ചൂറിയ, ജഹോം, ജാഹർ എന്നിവ ചേത്തു് മഞ്ചൂക്കോ സാമ്രാജ്യം സൃഷ്ടിച്ചു ചക്രവത്തിഭരണത്തിലാക്കി. പലകലാപങ്ങളും തുടൎന്നുകൊണ്ടിരുന്നു. 1935-ൽ ജപ്പാനിലെ വിദേശകാര്യമന്ത്രി സൈനോ ജപ്പാൻ കാര്യങ്ങൾ ഒരു തീരുമാനത്തിലെത്തിക്കുന്നതിനു് മൂന്നു വ്യവസ്ഥകൾ സമപ്പിച്ചു. മഞ്ചൂക്കോ സാമ്രാജ്യത്തിനു് അംഗീകരണം നല്കുക, ഒരു കമ്മ്യൂണിസററു വിരുദ്ധസാമ്പത്തിക നില സൃഷ്ടിക്കുക, ചൈന വിദേശീയക്കൂട്ടുകെട്ടു് വെടിയുക എന്നിവയായിരുന്നു ആ വ്യവസ്ഥകൾ. ആ ദൗത്യം പരാജയമടഞ്ഞു എങ്കിലും തുടൎന്നുണ്ടായ പലഅനിഷ്ടസംഭവങ്ങളെയും ച്യാങ്ങ് കയ്ഷെക്ക് സൗഹാർദ്ദ പരമായി പറഞ്ഞവസാനിപ്പിച്ചു. ചൈനയിലെ അഭ്യന്തരകലഹത്തിനു ആയിടെ ഒരു വ്യതിയാനം സംഭവിച്ചു. സിയാനിൽ വച്ചു് കമ്മ്യൂണിസ്ററുകാർ ച്യാങ്ങിനെ ബന്ധനസ്ഥനാക്കി. അദ്ദേഹത്തെ മോചിതനാക്കിയശേഷം ചൈന ജപ്പാനോടു ഒരു ദീഘകാല സമരത്തിനു് തയ്യാറായി.

1937-ൽ പ്രിൻസു് കോണായി ജപ്പാൻ പ്രധാനമന്ത്രിയായി. ആ കൊല്ലം പീപ്പിങ്ങിനു സമീപംവച്ചുനടന്ന ലൂകോയിയോ അഥവാ മാർക്കോപോളോ ബ്രിഡ്ജ്സംഭവമാണു് പ്രധാന്യം. അതിനോടു ബന്ധിച്ചു് രണ്ടാമത്തെ ഷാങ്ങ് ഹായ് യുദ്ധം സമാരംഭിച്ചു. പലനാശങ്ങളും

അയുവരുത്തിക്കൂട്ടി. 1938-ൽ "ചൈന" ഒരിക്കലും കീഴടക്കാൻ അനുവദിക്കുന്നതല്ല എന്നു ച്യാങ്ങ് പ്രഖ്യാപനം ചെയ്തു. യുദ്ധസാമഗ്രികളും ഭക്ഷണസാധനങ്ങളും മററുസഹായങ്ങളും കിട്ടിക്കൊണ്ടിരുന്ന തുറമുഖങ്ങൾ എല്ലാം ജപ്പാൻകാരുടെ കൈവശത്തിലിരുന്നതിനാൽ ഇന്ത്യയും ഇതര രാജ്യങ്ങളുമായി സമ്പക്കത്തിനു ബർമ്മാറേഡ് വെട്ടി യുദ്ധം ഒരു പുതിയ രൂപം പ്രാപിച്ചു. 1938-ൽ ആദ്യമായി ചീനാ വ്യോമവ്യൂഹം ജപ്പാൻ നഗരങ്ങളിൽ നിർദ്ദേശപത്രികകൾ വിതരണം ചെയ്തു. ഡിസംബർ മാസത്തിൽ ചൈനയുടെ തലസ്ഥാനം ആക്രമിച്ചു കീഴടക്കി. ചീനയുടെ തലസ്ഥാനം കലായങ്ങിലേക്കും, അതിനുശേഷം ഹാൻകൗവിലേക്കും മാററി. ജപ്പാനധീനമായിരുന്ന ടെയിർഷ്വാങ്ങ് ചീനർ വീണ്ടെടുത്തതു് ഒരു വലിയ വിജയമായിരുന്നു. വീണ്ടും ജപ്പാൻപട ഹാങ്ങ്ചൗങ്ങിൽ കൂടി കാൻറനിലേക്കു പുറപ്പെട്ടു് ഹാൻകൗ, ഇചാങ്ങ് എന്നിവ പിടിച്ചടക്കി.

1939 സെപ്റ്റംബർ 1-ാംതീയതി ജമ്മനി, ഒരു സാമ്രാജ്യവിപുലീകരണപദ്ധതിയുമായി പോളണ്ടു് ആക്രമിച്ചു. ബ്രിട്ടനും, ഫ്രാൻസും യുദ്ധം പ്രഖ്യാപനം ചെയ്തു. ഒരു ലോകമഹായുദ്ധത്തിൻെറ വിത്തു് പോളണ്ടിൽ ഹിററ്ലർ വിതച്ചു. ജപ്പാനും ജമ്മനിയുമായി ചില രഹസ്യകരാറുകൾ ചെയ്തിട്ടുണ്ടായിരുന്നു. 1940-ൽ ചൈനയിലെ നാന്നിങ്ങ്—പിങ്ങ് യാങ്ങ് സമരം അതിഭയങ്കരമായി നടന്നു. ചൈനയിലെ തലസ്ഥാനം ചുംകിങ്ങിലേക്കു മാററി. തുടരെത്തുടരെ ആ നഗരത്തിൽ ജപ്പാൻ ബാംബുകൾ വഷിച്ചു. യുദ്ധം ഒന്നിനൊന്നു് തീവ്രത പ്രാപിച്ചു. രാജ്യമാസകലം ദാരിദ്ര്യവും മരണവും രോഗവുംകൊണ്ടു നിറഞ്ഞു. ബ്രിട്ടൻ ചൈനയ്ക്കു് ധനപരമായ സഹായം

നല്കി. ജവഹരിലാൽജി ചൈനയുടെ സമരത്തിൽ വിജയമാശംസിക്കാൻ 1939-ൽ ചുംകിങ്ങിലേക്കു പറന്നു. ലോകമഹായുദ്ധം പ്രഖ്യാപനം ചെയ്തുകഴിഞ്ഞതിനാൽ അദ്ദേഹത്തിൻെറ സൌഹാർദ്ദദൌത്യം പൂർത്തിയാക്കാൻ സാധിക്കാതെ ഇന്ത്യയിലേക്കു മടങ്ങേണ്ടി വന്നു. ച്യാങ്ങ് കയ്ഷക്കിന് ചീനജനതയുടെ ആകമാനം സഹകരണം ലഭിച്ചു. കമ്മ്യൂണിസ്ററു നേതാക്കന്മാരായ ജനറൽ ചൂറേറ ജനറൽ ചൗഎൻലായ്, നെെർമാപ്, മുതലായ വീരന്മാരുടെ സഹകരണം ലഭിച്ചു. റഷ്യ ജർമ്മനിയോട്ട് ആക്രമണത്തിനു പുറപ്പെട്ടു. ഈ സമയം ജപ്പാനു പെസഫിക്കിൽ യുദ്ധത്തിൽ മറെറാരു സമരനിര സൃഷ്ടിക്കേണ്ടതായി വന്നുകൂടി. 1941 ഡിസംബർ 7-ാം തീയതി, ജപ്പാൻ അമേരിക്കരുടെ പേൾ തുറമുഖം ബോംബു വർഷിച്ചുനശിപ്പിച്ചു. ജപ്പാൻ ജർമ്മനി ഇററലി എന്നീ രാജ്യങ്ങളോട്ട് അമേരിക്ക യുദ്ധപ്രഖ്യാപനം ചെയ്തു. യുദ്ധപ്രഖ്യാപനത്തെ തുടർന്നു ബ്രിട്ടൺ, അമേരിക്ക, റഷ്യ, ഫ്റാൻസ്, ചൈന എന്നീ ഐക്യരാഷ്ട്രകക്ഷികളുടെ ഒരു സമ്മേളനം നടന്നു. അതനുസരിച്ചു യുദ്ധം ഒരു നവരൂപം കൈക്കൊണ്ടു. റഷ്യ ചൈനയ്ക്കാവശ്യമുള്ള യുദ്ധവിഭവങ്ങൾ സംഭാവനചെയ്തുകൊള്ളാമെന്ന് കരാർചെയ്തു. ജപ്പാനു ബർമ്മാ റോഡ് ആക്രമിച്ചു. ചൈനയ്ക്കു ലഭിച്ചുകൊണ്ടിരുന്ന സഹായമാർഗ്ഗങ്ങൾ അടച്ചുകളഞ്ഞു.

പല പ്രാവശ്യം ജപ്പാൻ സമാധാനദൌത്യങ്ങളുമായി ചൈനയെ സമീപിക്കാതിരുന്നില്ല. എന്നാൽ ജപ്പാൻെറ കുതന്ത്രത്തിൽ ഭീതിപൂണ്ട് ചൈന സന്ധിവ്യവസ്ഥകൾക്കു വഴിപ്പെട്ടില്ല. വിദേശരാഷ്ട്രങ്ങൾക്കും അതിൽ അനുഭാവമില്ലായിരുന്നു. ഭാരതീയരുടെ സഹകരണം ലഭിക്കുവാൻ

ജനറാലിസിമോയും, മാഡംകയ്ഷക്കും 1942-ൽ ഇന്ത്യ സന്ദർശിച്ചു മഹാത്മജിയേയും മററു രാഷ്ട്രപ്രമുഖന്മാരെയും അവർ സന്ദർശിച്ചു. മഹാത്മജിയുമായുണ്ടായ അഭിമുഖസന്ദർശനത്തിൽ അവർ ആഹ്ളാദം പ്രകടിപ്പിച്ചു. മഹാത്മജി സമ്മാനിച്ച ചക്ക ഒരു അമൂല്യനിധിയായി അവർ മാതൃഭൂമിയിലേക്കു കൊണ്ടുപോയി ഇന്ത്യാസന്ദർശനവേളയിൽ ഇന്ത്യയ്ക്കു പരിപൂർണ്ണസ്വാതന്ത്ര്യം കൊടുക്കേണ്ടതാണെന്നു ബ്രിട്ടനോടു് അവർ അഭ്യർത്ഥിക്കുകയുണ്ടായി.

ജപ്പാനാക്രമണഫലമായി 12000,000 ചതുരശ്രമൈൽ വിസ്തീർണ്ണഭൂമിയും 170,000,000 മനുഷ്യജീവനും ചൈനയ്ക്കു് അന്നു നഷ്ടപ്പെടേണ്ടിവന്നു. ഇത്രയും വിപുലമായ നഷ്ടമുണ്ടായതിനുശേഷവും "അവസാനജയം നമ്മുടേതാണു്" എന്ന ആശാവഹമായ വചനങ്ങളിൽ തൃപ്തിയടഞ്ഞുകൊണ്ടു് ചീന പ്രതിരോധിച്ചുനിന്നു. 1945 ആയപ്പോഴേയ്ക്കും ജപ്പാൻ പരാജയമില്ലാതിരിക്കാൻ തരമില്ലെന്നുള്ള സ്ഥിതിയിലെത്തിക്കഴിഞ്ഞു. 1942-ൽ പിടിച്ചടക്കിയ സിംഗപ്പൂർ ഇംഗ്ലീഷുകാർ വീണ്ടെടുത്തു. സ്വതന്ത്രഇന്ത്യയുടെ ഒന്നാമത്തെ ഗവർണർ ജനറലായിരുന്ന ലൂയിസ് മൗണ്ട് ബാററൻ പ്രഭുവിൻെറ പ്രത്യേകനേതൃത്വത്തിലായിരുന്നു ബർമ്മാ സമരനിര. ഇന്ത്യയിലേക്കു കടക്കാനുദ്യമിച്ച ജപ്പാൻ സൈന്യത്തെ ബർമ്മാ അതിർത്തിയിൽ വച്ചു് പിന്തിരിപ്പിച്ചതു് ചരിത്രപ്രസിദ്ധമായ ഒരു സംഭവമാണു് പസഫിക്ക് സമരത്തിൽ പൊരുതിനിന്ന സങ്കലിത സേനയുടെ സർവ്വസൈന്യാധിപതിയായ മെക്കാർതറുടെ നേതൃത്വം വിജയം വരിച്ചു. 1945 മേയിൽ സുശക്തവും പരിഷ്കൃതവുമായ അമേരിക്കൻ വ്യോമവ്യൂഹം ജപ്പാനിലേക്കു പറന്നു് നാഗസകി ഹിരോഷിമാ എന്ന രണ്ടു ദ്വീപുകളിൽ ആററംബോംബുകൾ

വർഷിച്ചു. അതിൻെറ പരിണതഫലം അതിദയനീയമായിരുന്നു. അസംഖ്യം ജീവജാലങ്ങൾക്കും വസ്തുവകകൾക്കും നാശം ഭവിച്ചു. 78838 ഭവനങ്ങളുണ്ടായിരുന്ന ഹിറോഷിമായിൽ ബോംബു പതനത്തിനുശേഷം 12345 ഗൃഹങ്ങൾ മാത്രമാണു് അവശേഷിച്ചതു്. ആ രണ്ടു ദ്വീപുകളുടേയും പതനശേഷം ജപ്പാൻ കീഴടങ്ങി. ആയുധങ്ങൾ വച്ചു് മേയ് 7-ാം തീയതി ജർമ്മനിയും നിരുപാധികം കീഴടങ്ങി. അങ്ങനെ രണ്ടാംലോകമഹായുദ്ധം അവസാനിച്ചു. ചൈനയ്ക്കു നഷ്ടപ്പെട്ട രാജ്യങ്ങൾ വിജയവൈജയന്തിയോടുകൂടി തിരിച്ചെടുത്തു.

ലോകമഹായുദ്ധം അവസാനിച്ചു എങ്കിലും ചൈനയിലെ ആഭ്യന്തരകലഹം അവസാനിച്ചില്ല. കലഹങ്ങൾ അങ്ങിങ്ങു ആവിർഭവിച്ചു. ച്യാങ്കയ്ഷക്ക് സ്വേച്ഛാധികാരം പുലത്തുന്നു എന്ന മറെറാരു പ്രബലസംഘടനയായ കമ്മ്യൂണിസ്ററുകാരുടെ ആരോപണം ചൈനയെ വീണ്ടും ഒരു സമരഭൂമിയാക്കിത്തീത്തു. ഏകകക്ഷി ഭരണം അവസാനിപ്പിച്ചു് ദേശീയാടിസ്ഥാനത്തിന്മേൽ ഭരണഘടന നിർമ്മിക്കണമെന്നാണു് കമ്മ്യൂണിസ്ററുകാരുടെ വാദം. കമ്മ്യൂണിസ്ററു നേതാവായ മാവ്ടസ്ടുങ്ങും, ചൗ എൻലായ് തുടങ്ങിയ പ്രമുഖപ്രവത്തകരും ച്യാങ്കയ്ഷക്കുമായി പല സംഭാഷണങ്ങളും നടത്തി എങ്കിലും ഒരു യോജിപ്പിൽ എത്തുന്നതിനു സാദ്ധ്യമായില്ല. 1946-ൽ ച്യാങ്ങ് ഏകകക്ഷിഭരണം അവസാനിപ്പിച്ചു് ഒരു സംയോഗഗവണ്മെൻറു രൂപവൽക്കരിക്കുന്നതാണെന്നു പ്രഖ്യാപനം ചെയ്തു. ആ പ്രസ്താവനയുടെ ആദർശത്തിൽ കമ്മ്യൂണിസ്ററുകാർ തൃപ്തി പ്രകടിപ്പിച്ചില്ല. ചീനാ ഗവണ്മെൻറും കമ്മ്യൂണിസ്ററും തമ്മിൽ ആക്രമണങ്ങൾ ആരംഭിച്ചു. തകന്ന സമാധാനാലോചനകൾ പുനരാരം

ടിക്കുന്നതിനു വലിയസാധ്യതകളില്ലാതെയാണു ഇപ്പോൾ കാണുന്നതു്. എങ്കിലും ഇരുകക്ഷികളും തമ്മിൽ ഒരു സമാധാനാന്തരീക്ഷം ഏതു നിമിഷത്തിലും സൃഷ്ടിച്ചു എന്നു വരാം.

അനേകം വർഷത്തെ വിപ്ലവങ്ങൾക്കും പരിവർത്തനങ്ങൾക്കും ശേഷം, നമ്മുടെ അയൽ രാഷ്ട്രമായ ചൈന ഇതരപരിഷ്കൃതരാജ്യങ്ങളോടൊപ്പം എത്തിച്ചേർന്നിരിക്കുന്നു. സത്യത്തിന്റെയും, സാഹോദര്യത്തിന്റെയും അടിസ്ഥാനത്തിന്മേൽ ഒരു ഐക്യം ചൈന പ്രതിഷ്ഠിച്ചു് സ്വാതന്ത്ര്യവും, സമത്വവും, സമാധാനവുമുള്ള ഒരു നവീനസാമ്രാജ്യസൃഷ്ടിക്കു് മാർഗ്ഗദർശകത്വം നല്കുമെന്നു് നമുക്കു അനുമാനിക്കാം.

10603

Printed at the Reddiar Press, Trivandrum. C- 1500. 1948.

PRESENTED BY:
SRI M. K. VASUDEVAN NAIR
... VEEDU

## ഗ്രന്ഥകർത്താവിൻെറ മററു കൃതികൾ

... SOM GRANDHASALA ...

ശാന്തിനികേതനം

കഥാചന്ദ്രിക

കൗൺടു ലിയോ ടാൾസ്റ്റായി

മഹച്ചരിതമാല്യം

വിശ്വദീപം

# ആധുനികചൈന

261

10603
H 698

എം. സാമുവൽ

PRESENTED BY:
SRI M.K. VASUDEVAN NAIR
MANGARA VEEDU
MALAYINKIL

വില ക. 1$\frac{3}{4}$

Indic Digital Archive Foundation
gpura.org